28
സെപ്തംബർ 2018 വെള്ളി
1194 കന്നി 12
തിരുവനന്തപുരം

# കേരളകൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

107 വർഷങ്ങൾ
4 തലമുറകൾ

14 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU www.keralakaumudi.com www.facebook.com/keralakaumudi

## സുപ്രീംകോടതിയുടെ ചരിത്രവിധി

# വിവാഹം തടസമല്ല, ഇഷ്ട ബന്ധമാകാം

- 158 വർഷം പഴക്കമുള്ള നിയമം നീക്കി സുപ്രീംകോടതിയുടെ ഏകകണ്ഠമായ വിധി
- പരസ്പര സമ്മതത്തോടെയുള്ള വിവാഹേതര ബന്ധം കുറ്റകരമല്ല
- വിവാഹേതര ബന്ധം വിവാഹമോചനം ആവശ്യപ്പെടാനുള്ള കാരണമായി തുടരും

അനിൽ വി. ആനന്ദ്

ന്യൂഡൽഹി: വിവാഹേതര ലൈംഗിക ബന്ധം ക്രിമിനൽ കുറ്റമല്ലെന്ന് സുപ്രീംകോടതി അഞ്ചംഗ ഭരണഘടനാബെഞ്ച് ഏകകണ്ഠമായി വിധിച്ചു. വിവാഹേതരബന്ധത്തിൽ പുരുഷനെ മാത്രം കുറ്റക്കാരനാക്കുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിലെ 497, ക്രിമിനൽ നടപടി ക്രമത്തിലെ 198 (2) എന്നീ വകുപ്പുകൾ ഭരണഘടനാവിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടി റദ്ദാക്കിയാണ് ചരിത്രവിധി.

പരസ്പര സമ്മതത്തോടെയുള്ള വിവാഹേതര ബന്ധം കുറ്റകരമല്ല. വിവാഹേതര ബന്ധം കുറ്റകൃത്യമായി കണ്ടാൽ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാകും. ഒരേ പ്രവൃത്തി ചെയ്തതിന് ഒരാളെ മാത്രം കുറ്റക്കാരനാക്കുന്നത് വിവേചനമാണ്. പുരുഷൻ സ്ത്രീയുടെ അധികാരിയല്ല. സ്ത്രീക്കും പുരുഷനും തുല്യപ്രാധാന്യമാണുള്ളത് -158 വർഷം പഴക്കമുള്ള നിയമം നീക്കി ചീഫ് ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനും ജസ്റ്റിസുമാരായ എ.എം. ഖാൻവിൽക്കർ, രോഹിന്റൺ നരിമാൻ, ഡി.വൈ. ചന്ദ്രചൂഡ്, ഇന്ദുമൽഹോത്ര എന്നിവർ അംഗങ്ങളുമായ ബെഞ്ച് വ്യക്തമാക്കി. നാലു വിധിന്യായങ്ങളാണുണ്ടായത്. അതേസമയം, വിവാഹേതരബന്ധം വിവാഹമോചനം ആവശ്യപ്പെടാനുള്ള കാരണമായി തുടരും. വിവാഹേതരബന്ധത്തിൽ മനംനൊന്ത് പങ്കാളി ആത്മഹത്യ ചെയ്താൽ പ്രേരണക്കുറ്റത്തിന് നടപടി നേരിടേണ്ടിയും വരും.

ഭാര്യയുമായി ബന്ധപ്പെട്ട പുരുഷനെതിരെ ക്രിമിനൽ കേസ് നൽകാൻ ഭർത്താവിന് പ്രത്യേക അധികാരം നൽകുന്നതാണ് 497-ാം വകുപ്പ്. കുറ്റക്കാരനെന്ന് തെളിഞ്ഞാൽ അയാൾക്ക് അഞ്ചുവർഷം വരെ തടവ് ശിക്ഷയോ പിഴയോ രണ്ടും കൂടിയോ ലഭിക്കാം. എന്നാൽ വിവാഹേതര ബന്ധത്തിന് ഭർത്താവിനെതിരെയോ അയാളുമായി ബന്ധപ്പെട്ട സ്ത്രീക്കെതിരെയോ കേസുകൊടുക്കാൻ ഈ വകുപ്പ് പ്രകാരം ഭാര്യക്ക് അവകാശമില്ല. ആ സ്ത്രീയുടെ ഭർത്താവിന്റെ സമ്മതത്തോടെയാണ് ലൈംഗിക ബന്ധമെങ്കിൽ അത് കുറ്റകരവുമല്ല. അതുപോലെ ഭർത്താവ് അവിവാഹിതയായ സ്ത്രീയുമായി ലൈംഗിക ബന്ധം പുലർത്തുന്നതും കണക്കിലെടുക്കുന്നില്ല. ഇക്കാരണങ്ങളാൽ ഈ വകുപ്പ് പ്രകടമായും ഏകപക്ഷീയവും ഭരണഘടനാവിരുദ്ധവുമാണെന്ന് കോടതി വ്യക്തമാക്കി.

497-ാം വകുപ്പ് ഭരണഘടനാവിരുദ്ധമായി പ്രഖ്യാപിക്കാൻ പ്രവാസി മലയാളിയായ ജോസഫ് ഷൈൻ നൽകിയ ഹർജിയിലാണ് കോടതിയുടെ ചരിത്രവിധി. ജോസഫ് ഷൈന് വേണ്ടി അഡ്വ. കാളീശ്വരം രാജ് ഹാജരായി.

വിവാഹത്തിന്റെ പരിശുദ്ധി നിലനിറുത്താനും പൊതുനന്മയ്ക്കും ഈ വകുപ്പ് നിലനിറുത്തണമെന്നായിരുന്നു കേന്ദ്രസർക്കാരിന്റെ നിലപാട്.

വിവാഹേതരബന്ധം മറ്റു രാജ്യങ്ങളിൽ പേജ് 11



### ഇറ്റലി മലയാളിയുടെ നിയമയുദ്ധ വിജയം

ആർ. അഭിലാഷ്

കൊച്ചി: വിവാഹേതര ബന്ധം കുറ്റകരമല്ലെന്ന സുപ്രീംകോടതിയുടെ ചരിത്രപരമായ വിധി പൊതുതാത്പര്യ വിഷയങ്ങളിൽ വേറിട്ട് നിയമ യുദ്ധം നടത്തുന്ന പ്രവാസി മലയാളിയായ ജോസഫ് ഷൈനിന്റെ വിജയം കൂടിയാണ്. കഴിഞ്ഞ 18 വർഷമായി ഇറ്റലിയിലെ ട്രെന്റോയിൽ ബിസിനസുകാരനാണ് ജോസഫ് ഷൈൻ. കോഴിക്കോട് കൂടത്തായ് ബസാറിൽ തേവടിയിൽ വീട്ടിൽ ജോസഫ് ഷൈൻ എന്നാണ് ഈ പൊതു താത്പര്യ ഹർജിയിലെ വ്യവഹാരിയുടെ കേരളത്തിലെ വിലാസം. വിവാഹേതര ബന്ധം മോശമാണെന്ന് പറയുമ്പോഴും ഇത്തരമൊരു കാര്യത്തിന്റെ പേരിൽ വ്യക്തികളെ ജയിലിലടയ്ക്കാൻ സർക്കാരിനോ പൊലീസിനോ കഴിയുമോ എന്നതാണ് ഈ ഹർജിയിലൂടെ ജോസഫ് ഷൈൻ ചോദ്യം ചെയ്തത്. സുപ്രീംകോടതി അഭിഭാഷകനായ കാളീശ്വരം രാജ് ജോസഫ് ഷൈനിനു വേണ്ടി ഹാജരായി.

കഴിഞ്ഞ വർഷം പെമ്പിള ഒരുമൈ സമരത്തിനെതിരെ മന്ത്രി എം.എം. മണി ചില പരാമർശങ്ങൾ നടത്തിയതിനെത്തുടർന്ന് മന്ത്രിമാർക്ക് പെരുമാറ്റച്ചട്ടം ഏർപ്പെടുത്താൻ മുഖ്യമന്ത്രിക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് ജോസഫ് ഷൈൻ ഹൈക്കോടതിയെ സമീപിച്ചിരുന്നു. ജോസഫ് ഷൈൻ നൽകിയ ഹർജി സുപ്രീംകോടതി ഭരണഘടനാബെഞ്ചിന്റെ പരിഗണനയിലാണ്.

### അച്ഛന്റെ വിധി തിരുത്തി മകൻ

വിവാഹേതര ബന്ധം കുറ്റകരമാക്കുന്ന 497-ാം വകുപ്പ് റദ്ദാക്കിയതിലൂടെ അച്ഛന്റെ വിധിയാണ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് തിരുത്തിയത്. 1985ൽ സൗമിത്രി വിഷ്ണുവും കേന്ദ്ര സർക്കാരും തമ്മിലുള്ള കേസിൽ ജസ്റ്റിസ് ഡി.വി. ചന്ദ്രചൂഡിന്റെ പിതാവ് ജസ്റ്റിസ് വൈ.വി. ചന്ദ്രചൂഡ് ഈ വകുപ്പിന്റെ സാധുത സ്ഥിരീകരിച്ചിരുന്നു. നേരത്തേ സ്വകാര്യതയുമായി ബന്ധപ്പെട്ട കേസിലും വൈ.വി. ചന്ദ്രചൂഡിന്റെ വിധി മകൻ തിരുത്തിയിരുന്നു. സ്വകാര്യത മൗലികാവകാശമാണെന്നായിരുന്നു ഡി.വൈ. ചന്ദ്രചൂഡ് അടങ്ങിയ ബെഞ്ച് വിധിച്ചത്.


വൈ.വി. ചന്ദ്രചൂഡ്




"വ്യക്തിയുടെ അന്തസിനെയും തുല്യതയെയും ബാധിക്കുന്ന നിയമം ഭരണഘടനാവിരുദ്ധമാണ്. സ്ത്രീയുടെ അന്തസിനുള്ള അവകാശം ലംഘിക്കുന്ന 497-ാം വകുപ്പ് ഭരണഘടന ഉറപ്പ് നൽകുന്ന വ്യക്തിസ്വാതന്ത്ര്യം നിഷേധിക്കുന്നു. ഭാര്യയുടെ അധികാരിയല്ല ഭർത്താവ്.

-ചീഫ് ജസ്റ്റിസ് ദീപക് മിശ്ര, ജസ്റ്റിസ് എ.എം. ഖാൻവിൽക്കർ



വിവാഹേതര ബന്ധത്തിൽ പുരുഷനെ കുറ്റവാളിയായും സ്ത്രീയെ ഇരയായും കാണുന്ന യുക്തിരഹിതമായ പുരാതന നിയമമാണിത്. സ്ത്രീയെ പുരുഷന്റെ ജംഗമസ്വത്തായും കാണുന്ന പുരുഷാധിപത്യ നിയമം.

ജസ്റ്റിസ് രോഹിന്റൺ നരിമാൻ



497-ാം വകുപ്പ് സ്ത്രീയുടെ അന്തസ് തകർക്കുന്നതാണ്. പുരുഷാധിപത്യത്തിന്റെ നിയമമാണിത്. തിരഞ്ഞെടുക്കാനുള്ള സ്ത്രീയുടെ അവകാശത്തെ ഇല്ലാതാക്കുന്നു. വിവാഹത്തിലും സ്ത്രീക്ക് ലൈംഗിക സ്വാതന്ത്ര്യമുണ്ട്. വിവാഹത്തിൽ ഒരാളുടെ സ്വാതന്ത്ര്യം മറ്റൊരാൾക്ക് അടിയറ വയ്ക്കുന്നില്ല.

ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്



സ്ഥാപനവത്കരിക്കപ്പെട്ട വിവേചനം

ജസ്റ്റിസ് ഇന്ദു മൽഹോത്ര



മാതാ അമൃതാനന്ദമയിയുടെ അറുപത്തിയഞ്ചാം ജന്മദിനാഘോഷത്തോട് അനുബന്ധിച്ച് കൊല്ലം അമൃതപുരിയിൽ നടന്ന പാദപൂജയ്ക്ക് മഠം വൈസ് ചെയർമാൻ സ്വാമി അമൃതസ്വരൂപാനന്ദപുരി കാർമ്മികത്വം വഹിക്കുന്നു (റിപ്പോർട്ട് പേജ് 14)

ഫോട്ടോ: ശ്രീധർലാൽ.എം.എസ്

## ശബരിമല സ്ത്രീപ്രവേശനം: സുപ്രീംകോടതി വിധി ഇന്ന്

സ്വന്തം ലേഖകൻ

ന്യൂഡൽഹി: സ്ത്രീകൾക്ക് ശബരിമല ക്ഷേത്രത്തിൽ പ്രവേശനം അനുവദിക്കണമെന്ന ഹർജിയിൽ സുപ്രീംകോടതി ഇന്ന് വിധി പറയും. ചീഫ് ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനും ജസ്റ്റിസുമാരായ രോഹിന്റൺ നരിമാൻ, എ.എം. ഖാൻവിൽക്കർ, ഡി.വൈ ചന്ദ്രചൂഡ്, ഇന്ദു മൽഹോത്ര എന്നിവരുമടങ്ങിയ ഭരണഘടനാ ബെഞ്ച് രാവിലെ 10.30നാണ് സുപ്രധാന വിധി പറയുക. ജസ്റ്റിസ് ഖാൻവിൽക്കർ ഒഴികെയുള്ളവർ പ്രത്യേകം വിധിന്യായമെഴുതും.

പൊതു ആരാധനാ സ്ഥലത്ത് അവന് പോകാമെങ്കിൽ അവൾക്കും പോകാമെന്ന് വാദത്തിനിടെ കോടതി നിരീക്ഷിച്ചിരുന്നു. ക്ഷേത്രപ്രവേശനത്തിനും പ്രാർത്ഥനയ്ക്കും സ്ത്രീക്കും പുരുഷനും തുല്യ അവകാശമാണുള്ളതെന്നും ആർത്തവത്തിന്റെ പേരിലുള്ള വിലക്ക് ഭരണഘടനാ ധാർമ്മികതയുടെ ലംഘനമാണെന്നും കോടതി വാക്കാൽ പറഞ്ഞിരുന്നു.

സ്ത്രീപ്രവേശന നിയന്ത്രണം നീക്കണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ യങ്ങ് ലായേഴ്സ് അസോസിയേഷനാണ് ഹർജി നൽകിയത്.


ശ്രീശങ്കർ റെക്കാഡിലേക്ക്

## ചരിത്രം കുറിച്ച് ശ്രീശങ്കർ

- ഭുവനേശ്വറിൽ നടന്ന നാഷണൽ ഓപ്പൺ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ലോംഗ്ജമ്പിൽ മലയാളിതാരം എം. ശ്രീശങ്കർ ദേശീയ റെക്കാഡോടെ സ്വർണം നേടി.
- 8.20 മീറ്റർ ചാടിയ ശ്രീശങ്കർ 2016ൽ അങ്കിത് ശർമ്മ അൽമാട്ടിയിൽ സ്ഥാപിച്ചിരുന്ന 8.19 മീറ്ററിന്റെ റെക്കാഡാണ് മറികടന്നത്.
- 19-ാം വയസിലാണ് ശ്രീശങ്കർ റെക്കാഡു കുറിച്ചത്

(വിശദവാർത്ത പേജ് 12)



പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കേരളം സന്ദർശിച്ച രാജ്യത്തെ പ്രമുഖ പത്രപ്രവർത്തകൻ പി. സായ്നാഥ് എഴുതുന്ന ലേഖനം: പ്രളയത്തിന് മീതേ പറക്കാൻ കുടുംബശ്രീ സംഘക്കൃഷി

പേജ് 6ൽ



**ഒപ്പിടാൻ ഇതാ ബെസ്റ്റ് ...** കെ.പി.സി.സി പ്രസിഡന്റായി സ്ഥാനമേറ്റ മുല്ലപ്പള്ളി രാമചന്ദ്രന് മിനിട്ട്സ് ബുക്കിൽ ഒപ്പിടുന്നതിനായി പേന നൽകുന്ന രമേശ് ചെന്നിത്തല. എ.കെ ആന്റണി, കെ. മുരളീധരൻ എം.എൽ.എ, നെയ്യാറ്റിൻകര സനൽ, ലാലി വിൻസെന്റ് തുടങ്ങിയവർ സമീപം (റിപ്പോർട്ട് പേജ് 8)

ഫോട്ടോ: ബി.സുമേഷ്

## സബ്സിഡി പഞ്ചസാര പകുതിയായി വെട്ടിച്ചുരുക്കി

കോവളം സതീഷ്‌കുമാർ

തിരുവനന്തപുരം: സപ്ലൈകോയുടെ മാവേലി സ്റ്റോറുകൾ ഉൾപ്പെടെ എല്ലാ ഔട്ട്‌ലെറ്റുകളിലും സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവന്ന പഞ്ചസാരയുടെ അളവ് ഒറ്റയടിക്ക് പകുതിയായി കുറച്ചു. റേഷൻ കാർഡ് ഉടമയ്ക്ക് മാസത്തിൽ ഒരു കിലോഗ്രാം പഞ്ചസാരയാണ് സബ്സിഡി നിരക്കായ 22 രൂപയ്ക്ക് കിട്ടിയിരുന്നത്. അത് അടുത്ത മാസം ഒന്നു മുതൽ അരക്കിലോഗ്രാം വീതം നൽകിയാൽ മതിയെന്നാണ് തീരുമാനം.

പഞ്ചസാരയുടെ അളവ് കുറച്ചുകൊണ്ടുള്ള സർക്കുലർ ജില്ലാ മേഖലാ മാനേജർ, ഡിപ്പോ മാനേജർ, ഔട്ട്‌ലെറ്റ് മാനേജർ എന്നിവർക്ക് സപ്ലൈകോ അഡീഷണൽ ജനറൽ മാനേജർ (മാർക്കറ്റിംഗ്) അയച്ചു കഴിഞ്ഞു.

വി.എസ് സർക്കാരിന്റെ കാലത്താണ് 13 അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകിത്തുടങ്ങിയത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇവയിൽ ചില സാധനങ്ങൾക്ക് വില നേരിയ തോതിൽ വർദ്ധിപ്പിച്ചപ്പോൾ വലിയ ഒച്ചപ്പാടാണ് അന്ന് പ്രതിപക്ഷം ഉയർത്തിയത്. ഈ സർക്കാർ വന്നപ്പോൾ അഞ്ച് വർഷത്തേക്ക് വില വർദ്ധനയേ ഉണ്ടാകില്ലെന്നായിരുന്നു വാഗ്ദാനം.

## പൂവച്ചലിൽ ഫർണിച്ചർ കടയ്ക്ക് തീപിടിച്ച് വൃദ്ധൻ വെന്തു മരിച്ചു

പേജ് 9

### തലവര

ഡിസ്പോസിബിൾ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുമെന്ന ഉറപ്പിന് മോദിക്ക് അന്താരാഷ്ട്ര പരിസ്ഥിതി പുരസ്കാരം



പ്ലാസ്റ്റിക് മണിയുടെ ഉപയോഗം കൂട്ടാൻ നോട്ടുകൾ ഡിസ്പോസിബിൾ ആക്കിയതിന് അവാർഡുണ്ടോ?

## ഇസ്മായിൽ ഫാറൂഖി കേസ്

# മുസ്ലിം പള്ളി പരാമർശം പുനഃപരിശോധിക്കേണ്ട

### അയോദ്ധ്യകേസിൽ ഒക്ടോബർ 29 മുതൽ വാദം

സ്വന്തം ലേഖകൻ

ന്യൂഡൽഹി: പള്ളി ഇസ്ലാം മതവിശ്വാസത്തിലെ അവിഭാജ്യ ഘടകമല്ലെന്ന 1994ലെ ഇസ്മായിൽ ഫാറൂഖി കേസിന്റെ വിധിയിലെ പരാമർശം പുനഃപരിശോധിക്കാൻ വിശാലബെഞ്ചിന് വിടേണ്ടതില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കി. ഈ പരാമർശത്തിന് അയോദ്ധ്യ തർക്കവുമായി ബന്ധപ്പെട്ട പ്രധാന കേസിൽ പ്രസക്തിയില്ലെന്നും മൂന്നംഗ ബെഞ്ച് ഭൂരിപക്ഷ വിധിയിൽ ചൂണ്ടിക്കാട്ടി.

ചീഫ് ജസ്റ്റിസ് ദീപക് മിശ്രയ്ക്ക് കൂടി വേണ്ടി ജസ്റ്റിസ് അശോക് ഭൂഷണാണ് വിധി പറഞ്ഞത്. അതേസമയം, വിഷയം വിശാല ബെഞ്ച് പരിഗണിക്കണമെന്ന് ബെഞ്ചിലെ ജസ്റ്റിസ് എസ്. അബ്ദുൾ നസീർ വിയോജിച്ചു.

അയോദ്ധ്യയിലെ തർക്ക ഭൂമി മൂന്നായി വീതിച്ചു നൽകാനുള്ള അലഹബാദ് ഹൈക്കോടതി വിധിക്കെതിരെയുള്ള അപ്പീൽ ഹർജികളിൽ ഒക്ടോബർ 29 മുതൽ ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ മൂന്നംഗ ബെഞ്ച് വാദം കേൾക്കുമെന്നും സുപ്രീംകോടതി പറഞ്ഞു.

1993ലെ അയോദ്ധ്യ ഭൂമി ഏറ്റെടുക്കൽ നിയമം അനുസരിച്ച് തർക്കഭൂമിയും പരിസരവുമടക്കം




കേന്ദ്ര സർക്കാർ ഏറ്റെടുത്തതിനെ ചോദ്യം ചെയ്താണ് ഡോ. ഇസ്മായിൽ ഫാറൂഖി സുപ്രീംകോടതിയെ സമീപിച്ചത്. ഭൂമി ഏറ്റെടുത്തത് അഞ്ചംഗ ബെഞ്ചിലെ ഭൂരിപക്ഷ അംഗങ്ങളും ശരിവച്ചു. 1994 ലെ ഈ വിധിയിലാണ് ഒരു പ്രാർത്ഥനാസ്ഥലം എന്ന നിലയിൽ പള്ളി ഇസ്ലാമിലെ അവിഭാജ്യ ഘടകമല്ലെന്നും വിശ്വാസികൾക്ക് തുറന്ന പ്രദേശമുൾപ്പെടെ എവിടെയും നിസ്കരിക്കാമെന്നുമുള്ള പരാമർശമുള്ളത്.

പള്ളിക്ക് ഇസ്ലാമിലുള്ള പദവിയെ ഈ പരാമർശം ബാധിച്ചതായി മുസ്ലിം സംഘടനകൾക്കായി ഹാജരായ മുതിർന്ന അഭിഭാഷകൻ രാജീവ് ധവാൻ ചൂണ്ടിക്കാട്ടി. അയോദ്ധ്യ തർക്കഭൂമി സംബന്ധിച്ച പ്രധാന കേസ് പരിഗണിക്കുന്നതിന് മുൻപ് പള്ളി ഇസ്ലാമിലെ അവിഭാജ്യഘടകമാണോയെന്ന ചോദ്യം പരിശോധിക്കണമെന്നായിരുന്നു ചില മുസ്ലിം സംഘടനകളുടെ ആവശ്യം.

ഇത് ഭൂമി ഏറ്റെടുക്കൽ പ്രക്രിയയുടെ പശ്ചാത്തലത്തിലുള്ള പരാമർശമാണെന്നും അയോദ്ധ്യ തർക്കവുമായി ബന്ധപ്പെട്ട കേസിൽ ഇതിന് പ്രസക്തിയില്ലെന്നും ഇന്നലെ സുപ്രീംകോടതി വ്യക്തമാക്കുകയായിരുന്നു. ഭൂമി ഏറ്റെടുക്കുന്നത് ഭരണഘടനാവിരുദ്ധമല്ല. ഭൂമി ഏറ്റെടുക്കാൻ ഗവൺമെന്റിന് അധികാരമുണ്ട്. ആരാധനാലയങ്ങൾക്ക് പ്രത്യേക പരിരക്ഷയില്ല. അതുകൊണ്ടുതന്നെ പരാമർശം പുനഃപരിശോധിക്കേണ്ടതില്ലെന്ന് കോടതി പറഞ്ഞു.

തർക്കഭൂമി മൂന്നായി വീതിച്ചുള്ള അലഹബാദ് ഹൈക്കോടതി വിധി ചോദ്യംചെയ്യുന്ന ഒരു കൂട്ടം ഹർജികളാണ് ഇപ്പോൾ സുപ്രീംകോടതിയുടെ മുന്നിലുള്ളത്. ചീഫ്ജസ്റ്റിസ് ദീപക് മിശ്ര ഒക്ടോബർ രണ്ടിന് വിരമിക്കുന്നതിനാൽ പുതിയ മൂന്നംഗ ബെഞ്ചാകും അയോദ്ധ്യ കേസ് പരിഗണിക്കുക.

ഒന്നാം ചരമവാർഷികം
(28.09.2018)



വി. രത്നാകരൻ വൈദ്യർ
കേരള ആയുർവേദ ഫാർമസി
പുത്തൻ വീട്, കുശവൂർ, പാലോട്.
ഭാര്യ: ഉഷ,
മക്കൾ: ആർ. ദീപ, ആർ. ഷീബ,
മരുമക്കൾ: വിജയകുമാർ, ഷാജി,
ചെറുമക്കൾ: വിഷ്ണു, രാജി, ജ്യോതിഷ്, ജിതേഷ്, ജയേഷ്.

# വട്ടപ്പാറ - കുറ്റിയാണി - അയിരൂപ്പാറ റോഡ് പുനർനിർമ്മാണം അനിശ്ചിതത്വത്തിൽ

**സംഗീത് ഉള്ളൂർ**

ഉള്ളൂർ: വട്ടപ്പാറ - കുറ്റിയാണി - അയിരൂപ്പാറ റോഡിന്റെ പുനർനിർമ്മാണം അനന്തമായി നീളുന്നതിൽ പ്രതിഷേധം ശക്തമാകുന്നു. ആറുമാസം കരാർ കാലാവധിയുള്ള റോഡിന്റെ പുനർനിർമ്മാണം കരാർ കാലാവധി കഴിഞ്ഞ് മാസങ്ങൾ പിന്നിട്ടിട്ടും എങ്ങുമെത്തിയില്ല. സംസ്ഥാന സർക്കാരിന്റെ 2017-18 കാലയളവിലെ ബഡ്ജറ്റിൽ സ്പെഷ്യൽ പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി 5.67 കോടി രൂപ വകയിരുത്തിയാണ് നിർമ്മാണം തുടങ്ങിയത്.6 കിലോ മീറ്ററോളം ദൈർഘ്യമുള്ള റോഡിന്റെ ഇരുവശങ്ങളിലും 5 മീറ്ററോളം സ്ഥലം ഏറ്റെടുത്താണ് നിർമ്മാണം ആരംഭിച്ചത്. കുറ്റിയാണി എൽ. പി. എസ് ജംഗ്ഷൻ വരെ റോഡിന്റെ ഇരുവശത്തുമുള്ള ഓട നിർമ്മാണവും കോൺക്രീറ്റ് പണിയും എത്തിയെങ്കിലും ബാക്കി ഉപേക്ഷിച്ച നിലയിലാണ്. വട്ടപ്പാറ പള്ളിവിള ജംഗ്ഷനിൽനിന്നു 2.5 കി. മീറ്റർ റോഡ് പൊട്ടിപ്പൊളിഞ്ഞ് സഞ്ചാരയോഗ്യമല്ല. ഇവിടത്തെ റീ ടാറിംഗ് ജോലികളും ആരംഭിച്ചിട്ടില്ല.

പലയിടത്തും പണി പാതി വഴിക്ക് നിലച്ചിരിക്കയാണ്. പന്തലക്കോടിന് സമീപം റോഡിന്റെ വശങ്ങളിലായി ചല്ലികളും മറ്റ് നിർമ്മാണ വസ്തുക്കളും കൂട്ടിയിട്ടിരിക്കുന്നത് കാൽനടയാത്രക്കാരെ ഉൾപ്പെടെ ദുരിതത്തിലാക്കിയിരിക്കുകയാണ്. അയിരൂപ്പാറ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിന് സമീപം റോഡിന് കുറുകെ നിർമ്മിക്കുന്ന ഓട പാതി വഴിക്ക് ഉപേക്ഷിച്ചു. ഇവിടെ ദിവസവും ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെ അപകടത്തിൽപ്പെടുന്നത് പതിവായിട്ടുണ്ട്. പുലകം ജംഗ്ഷനിലെ റോഡിന്റെ വശങ്ങളിലായി സ്ഥാപിച്ചിട്ടുള്ള കോൺക്രീറ്റ് പാളികൾക്ക് ബലക്ഷയം സംഭവിച്ചു തുടങ്ങി. ഇവിടെയും അപകടം നിത്യസംഭവമാണ്. റോഡിന്റെ ഇരുവശങ്ങളിലുമായി എടുത്തിട്ടുള്ള വൻ കുഴികൾ കോൺക്രീറ്റ് ചെയ്തിട്ടില്ല. സുരക്ഷാ മാനദണ്ഡങ്ങൾ കാറ്റിൽ പറത്തിയുള്ള നിർമ്മാണ പ്രവർത്തനം അപകടംവരുത്തിവയ്ക്കുന്നതായി നാട്ടുകാർ പറയുന്നു.



*അയിരൂപ്പാറ റോഡിന് കുറുകെയുള്ള ഓട നിർമ്മാണം പാതിവഴിയിൽ*

### കണക്കുകൾ ഇങ്ങനെ



ചെലവ് - **5.67** കോടി രൂപ

റോഡിന്റെ ദൂരം - **6** കിലോ മീറ്റർ

കരാർ കാലാവധി - **6** മാസം

### ഉദ്യോഗസ്ഥർക്ക് മൗനം

**റോ**ഡ് പണി നിലച്ചതിനെ ചൊല്ലി നിരവധി പരാതികൾ നൽകിയിട്ടും നെടുമങ്ങാട്, വെഞ്ഞാറമൂട് ഡിവിഷനുകളിലെ പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ മൗനം പാലിക്കുകയാണ്. പ്രശ്ന പരിഹാരത്തിന് നടപടിയെടുക്കാത്തത് ജനങ്ങളെ പ്രതിഷേധത്തിലേക്ക് നയിച്ചു. കരാർ കാലാവധി കഴിഞ്ഞിട്ടും നിർമ്മാണപ്രവർത്തനങ്ങൾ വൈകിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ മൗനാനുമതി ഉണ്ടെന്നാണ് നാട്ടുകാരുടെ ആരോപണം. നിലവിലെ കരാറുകാരനെ മാറ്റി പുതിയ ആളെ കണ്ടെത്തണമെന്ന ആവശ്യവും ശക്തമാണ്.

### പ്രതിഷേധം ശക്തമാവുന്നു

**വെ**മ്പായം കരകുളം പഞ്ചായത്തുകളിലൂടെയും തിരുവനന്തപുരം നഗരസഭാ പ്രദേശങ്ങളിലൂടെയുമാണ് കടന്നുപോകുന്ന ഈ റോഡിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കണമെന്നാവശ്യപ്പെട്ട് ബി.ജെ.പി അയിരൂപ്പാറയിൽ സമരം ആരംഭിക്കും.

> **അ**ടിയന്തരമായി പൂർത്തിയാക്കേണ്ട റോഡ് പണി നിശ്ചലാവസ്ഥയിലായത് ജനങ്ങളോടുള്ള വെല്ലുവിളിയാണ്.
>
> **- പി.അശോകൻ,**
> *വെമ്പായം പഞ്ചായത്ത് കുറ്റിയാണി വാർഡ് മെമ്പർ*

# അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

## ഹൃദയ ദിനാചരണത്തോടനുബന്ധിച്ച് കൂട്ടയോട്ടം

തിരുവനന്തപുരം: ലോക ഹൃദയ ദിനാചരണത്തോടനുബന്ധിച്ച് 'ഹൃദ്രോഗ വിമുക്ത കേരളം' എന്ന് മുദ്രാവാക്യം ഉയർത്തി 29ന് പട്ടം എസ്.യു.ടി ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ യുവാക്കളുടെ 5 കിലോമീറ്റർ കൂട്ടയോട്ടം സംഘടിപ്പിക്കും. എസ്.യു.ടി ആശുപത്രിക്ക് മുന്നിൽ ശശി തരൂർ എം.പി ഫ്ലാഗ് ഓഫ് ചെയ്യും. ഓട്ടത്തിൽ പങ്കെടുക്കുന്നവർക്കും കുടുംബത്തിൽ ഒരാൾക്കും വിശദമായ ഹൃദയ പരിശോധന നടത്താം. എസ്.യു.ടിയിലെ വിദഗ്ദ്ധരായ ഇന്റർവെൻഷൻ കാർഡിയോളജിസ്റ്റുകൾ, കാർഡിയോ തൊറാസിക്, കാർഡിയോ വാസ്കുലാർ സർജൻസ് എന്നിവർ പരിശോധനയ്ക്കും ആവശ്യമെങ്കിൽ തുടർ ചികിത്സയ്ക്കും നേതൃത്വം നൽകും.

## സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ്

തിരുവനന്തപുരം: കേരളകൗമുദി, കേരള സ്റ്റേറ്റ് ഗവ. ആയുർവേദമെഡിക്കൽഓഫീസേഴ്സ്അസോസിയേഷൻ,റോട്ടറി ക്ലബ് ഒഫ് ട്രിവാൻഡ്രം സബർബൻ, ഫ്രാറ്റ് ശ്രീകാര്യം കോ-ഓർഡിനേഷൻ, ശ്രീഭദ്രാ റസിഡന്റ്സ് അസോസിയേഷൻ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് 30ന് രാവിലെ 9ന് കരിയം അജിത് ലെയിൻ 'റാംസി' യിൽ നടക്കും. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും 9946103773 നമ്പരിൽ ബന്ധപ്പെടുക.

## പാലം ഗതാഗത യോഗ്യമാക്കണം

കോവളം: വേങ്ങപ്പൊറ്റ ജംഗ്ഷനിൽ അടച്ചിട്ടിരിക്കുന്ന പാലം ഗതാഗത യോഗ്യമാക്കി തുറന്ന് കൊടുക്കണമെന്ന് കഴിവൂർ റസിഡന്റ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു. അസോസിയേഷൻ പ്രസിഡന്റ് കെ. രമണൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി എൻ. ബാബു, എം.എസ്. മനുകുമാർ, ശ്രീധരൻ, ജയകുമാർ, അമ്പിളി ജാക്വിലിൻ തുടങ്ങിയവർ സംസാരിച്ചു.

## സൗജന്യ ഹൃദ്രോഗ നിർണയ ക്യാമ്പ്

തിരുവനന്തപുരം : ലോക ഹൃദയ ദിനത്തിന്റെ ഭാഗമായി അനന്തപുരി ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നാളെ രാവിലെ 9 മുതൽ 12 വരെ സൗജന്യ ഹൃദ്രോഗ നിർണയ ക്യാമ്പും ബോധവത്കരണ ക്ലാസും സംഘടിപ്പിക്കും. ക്യാമ്പിൽ സൗജന്യമായി ലിപിഡ് പ്രൊഫൈൽ ടെസ്റ്റ്, ബ്ലഡ് ഷുഗർ ടെസ്റ്റ്, കാർഡിയോളജി, ഡൈറ്റീഷൻ കൺസൾട്ടേഷൻ കൂടാതെ ഇ.സി.ജി, എക്കോ, ടി.എം.ടി ടെസ്റ്റുകൾക്ക് നിരക്കിൽ ഗണ്യമായ ഇളവുകൾ ലഭിക്കുന്നതാണ്. ഫോൺ: 9020690207, 9809962762.

## അനുശോചിച്ചു

തിരുവനന്തപുരം: പേട്ട വാർഡ് മുൻ കൗൺസിലറും സാമൂഹ്യ പ്രവർത്തകയുമായ പി. മല്ലികയുടെ നിര്യാണത്തിൽ പേട്ട റസിഡൻസ് വെൽഫെയർ അസോസിയേഷൻ യോഗം അനുശോചിച്ചു. ഗാന്ധി ജയന്തിയോടനുബന്ധിച്ച് ഒക്ടോബർ 3ന് പേട്ടയിൽ പരിസരശുചീകരണം നടത്തുന്നതിനും പ്രസിഡന്റ് ശ്രീവത്സന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു.

## വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: അറ്റകുറ്റപ്പണി നടക്കുന്നതിനാൽ മണക്കാട് വൈദ്യുതി സെക്ഷനിലെ മണക്കാട്, ചിറമുക്ക്, മേടമുക്ക് എന്നീ പ്രദേശങ്ങളിലും പേരൂർക്കട സെക്ഷനിലെ ഹാരി ഫോർഡ്, വയലിക്കട എന്നീ പ്രദേശങ്ങളിലും കേശവദാസപുരം സെക്ഷനിലെ മാടൻകോവിൽ, സമൃദ്ധി ഫ്ലാറ്റ്, മുട്ടട എന്നിവിടങ്ങളിലും ഇന്ന് രാവിലെ 8.30 മുതൽ വൈകിട്ട് 5.30 വരെ വൈദ്യുതി മുടങ്ങും.

## ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

തിരുവനന്തപുരം: കഴക്കൂട്ടം ഗവ. ഐ.ടി.ഐയിൽ (വനിത) ഡ്രസ്സ് മേക്കിംഗ് (രണ്ട്), ഹോസ്പിറ്റൽ ഹൗസ് കീപ്പിംഗ് (ഒന്ന്), ഡെസ്ക്ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ (രണ്ട്) ട്രേഡുകളിൽ താത്കാലിക ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ ഒഴിവുണ്ട്.

സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം ലഭിക്കും. ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളും അവയുടെ ശരിപ്പകർപ്പുകളും സഹിതം ഇന്ന് രാവിലെ 10ന് സ്ഥാപനത്തിൽ ഹാജരാകണം. ഫോൺ: 0471-2418317



*കേരളകൗമുദി ബോധപൗർണമിയും എക്സൈസ് വകുപ്പും നിംസ് ഹരിതകവും സംയുക്തമായി നടത്തിയ ലഹരി വിരുദ്ധ ബോധവത്കരണ സെമിനാർ കെ. ആൻസലൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു. കേരളകൗമുദി യൂണിറ്റ് ചീഫ് കെ. അജിത്കുമാർ, സർക്കുലേഷൻ മാനേജർ എസ്. വിക്രമൻ തുടങ്ങിയവർ സമീപം*

## ഉള്ളൂരിൽ കുടിവെള്ളമില്ലെന്ന് പരാതി

തിരുവനന്തപുരം: ഉള്ളൂർ വാർഡിൽ കഴിഞ്ഞ രണ്ട് മാസമായി പൈപ്പ് പൊട്ടി കടുത്ത കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതായി പരാതി. ഉള്ളൂർ ഗാർഡൻസ്, നീരാഴി, വയലരികം മുതലായ സ്ഥലങ്ങളിൽ കുടിവെള്ളമെത്തുന്നില്ല. വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഉള്ളൂർ വാർഡ് കൗൺസിലർ ജോൺസൺ ജോസഫ് ആവശ്യപ്പെട്ടു.

## ട്രെയിനിൽ നിന്ന് രണ്ടര കിലോ ചന്ദനം പിടികൂടി

കുന്നത്തുകാൽ : തമിഴ്നാട്ടിൽ നിന്ന് ട്രെയിനിൽ കടത്തിക്കൊണ്ടുവന്ന രണ്ടര കിലോ ചന്ദനം പാറശാല പൊലീസ് പിടികൂടി. ഇന്നലെ രാവിലെ വന്ന മധുര - പുനലൂർ പാസഞ്ചർ എക്സ്പ്രസിൽ സീറ്റിനടിയിൽ നിന്നാണ് രണ്ട് ബാഗുകളിൽ പൊതിഞ്ഞ് സൂക്ഷിച്ചിരുന്ന ചന്ദനം കണ്ടെത്തിയത്. പൊലീസിനെ കണ്ടതോടെ ഉടമ ഓടി രക്ഷപ്പെട്ടു.

ഉടമയ്ക്കായി തെരച്ചിൽ തുടങ്ങിയതായി പൊലീസ് പറഞ്ഞു. ചന്ദനം ഇന്ന് വനം വകുപ്പിനു കൈമാറും. എസ്.ഐ ഷിജി, ഇൻസ്പെക്ടർ ശ്രീകുമാർ, സി.പി.ഒ പ്രഭാകരൻ തുടങ്ങിയവരാണ് ചന്ദനം കണ്ടെത്തിയത്.


*ജില്ലാ അത്‌ലറ്റിക് മീറ്റ് ജൂനിയർ വിഭാഗം ജാവലിൻ ത്രോയിൽ സ്വർണം നേടിയ ഗംഗ രാജേഷ്.എ (മിസ്റ്റിക്കൽ റോസ് സി.ബി.എസ്.ഇ സ്കൂൾ, വെട്ടുകാട്). വെട്ടുകാട് കാർത്തികയിൽ രാജേഷ് കുമാറിന്റെയും അജിതാ രാജേഷിന്റെയും മകളാണ്*

## സംയുക്ത അദ്ധ്യാപക സമിതി കൂട്ട ഉപവാസം നടത്തി

തിരുവനന്തപുരം: വിദ്യാഭ്യാസ മേഖലയിലെ അനിശ്ചിതാവസ്ഥയ്ക്കെതിരെസംയുക്തഅദ്ധ്യാപക സമിതി സെക്രട്ടേറിയറ്റിനു മുന്നിൽ കൂട്ട ഉപവാസം നടത്തി. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. ചെയർമാൻ പി. ഹരിഗോവിന്ദൻ അദ്ധ്യക്ഷത വഹിച്ചു. സമിതി സെക്രട്ടറി കെ.എൻ.എ. ഖാദർ, ആർ.എസ്.പി സംസ്ഥാന സെക്രട്ടറി എ.എ. അസീസ്, ടി.വി. ഇബ്രാഹിം എം.എൽ.എ, കെ.പി.സി.സി സെക്രട്ടറി ശരത്ചന്ദ്ര പ്രസാദ്, അഡ്വ. എൻ. രവികുമാർ, ഇ.എൻ. ഹർഷകുമാർ, എ.കെ. അബ്ദുൾസമദ്, എം. സലാഹുദീൻ, വി.കെ. മൂസ, കെ. മുഹമ്മദ് ഇസ്മാലിൻ, മനോജ്.എ.എച്ച്, രാധാകൃഷ്ണൻ, ഇബ്രാഹിംകുഞ്ഞ്, ഡോ. സുധീഷ്, എ.പി. സുനിൽ, സി. പ്രദീപ് എന്നിവർ സംസാരിച്ചു. എ.കെ. സൈനുദ്ദീൻ സ്വാഗതവും എ.വി. ഇന്ദുലാൽ നന്ദിയും പറഞ്ഞു.



*മുക്കോലയ്ക്കൽ സെന്റ് തോമസ് സെൻട്രൽ സ്കൂളിലെ വാർഷിക കായികമത്സരങ്ങൾ ഡി.ഐ.ജി ഷെഫിൻ അഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. രാജൻ വർഗീസ്, ചെറിയാൻ വർഗീസ്, വിനീത് മാത്യു, പ്രിൻസിപ്പൽ വിനീത് സാമുവേൽ എന്നിവർ സമീപം*


*കാരുണ്യഹസ്തം ചാരിറ്റബിൾ സൊസൈറ്റിയുടെ കർമ്മരത്ന അവാർഡ് ബി.എസ്.എൻ.എൽ ജനറൽ മാനേജർ ഡോ. ജ്യോതിശങ്കർ മന്ത്രി കടകംപള്ളി സുരേന്ദ്രനിൽ നിന്ന് സ്വീകരിക്കുന്നു. സൊസൈറ്റി പ്രസിഡന്റ് എലിസബത്ത് ജോർജ് സമീപം*



*ജീവനക്കാരുടെ അവകാശ സംരക്ഷണം ഉറപ്പ് വരുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട് സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിയ രാപ്പകൽ സമരത്തിന് മുന്നോടിയായി നടത്തിയ മാർച്ച്*

## വെടിയുണ്ടകളുമായി പട്ടാളക്കാരൻ പിടിയിൽ

തിരുവനന്തപുരം: പട്ടാളക്കാരനെ വെടിയുണ്ടകളുമായി വിമാനത്താവളത്തിൽ നിന്ന് പിടികൂടി. ഇന്നലെ ഉച്ചയ്ക്ക് തിരുവനന്തപുരത്തു നിന്നു ഡൽഹിയിലേക്കുള്ള ഇൻഡിഗോ വിമാനത്തിലെ യാത്രക്കാരനായ പട്ടാളക്കരന്റെ പോക്കറ്റിൽ നിന്നാണ് സുരക്ഷാ ഉദ്യോഗസ്ഥർക്ക് വെടിയുണ്ടകൾ ലഭിച്ചത്. മദ്രാസ് റെജിമെന്റിലെ ഉദ്യോഗസ്ഥനായ പത്തനാപുരം സ്വദേശി സതീഷ് സൂസൈ മക്കിളിൽ നിന്നാണ് വെടിയുണ്ടകൾ കണ്ടെടുത്തത്.

ഇയാളെ വലിയതുറ പൊലീസിന് കൈമാറി. പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.


*കടകംപള്ളി മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട യു. പ്രവീൺ*

**കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് : 3, 10**

## ഫാർമസിസ്റ്റ് ദിനം ആചരിച്ചു

തിരുവനന്തപുരം: ആശ്വാസ് ലൈഫ് കെയറിന്റെ ആഭിമുഖ്യത്തിൽ ഫാർമസിസ്റ്റ് ദിനം ആചരിച്ചു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒമ്പതാം വാർഡിലേക്കുള്ള സാധന സാമഗ്രികൾ വിതരണം ചെയ്തു. ആശ്വാസിന്റെ വിവിധ സ്ഥാപനങ്ങളിൽ നിന്ന് സ്വരൂപിച്ച് വാങ്ങിയ പാലിയേറ്റീവ് ഉപകരണങ്ങൾ സംസ്ഥാന ഡ്രഗ്സ് കൺട്രോളർ രവി എസ്. മേനോൻ ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. സരിത കുമാരിക്ക് കൈമാറി.

ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. എസ്.എ. ഹനീഫ്, ഫാർമസി സ്റ്റോർ സൂപ്രണ്ട് ജി. അബ്ദുൾ റഹ്മാൻ എന്നിവർ സംസാരിച്ചു. ആശ്വാസ് ലൈഫ് കെയർ ചെയർമാൻ വൈ. എസ്. ബിജു അദ്ധ്യക്ഷത വഹിച്ചു.

ആശ്വാസ് ലൈഫ് കെയർ ഡയറക്ടർ എസ്.എസ്. രജനീഷ് കുമാർ സ്വാഗതവും വൈസ് ചെയർമാൻ എം. വി. ജയദേവ് നന്ദിയും പറഞ്ഞു.


*ആശ്വാസ് ലൈഫ് കെയറിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഫാർമസിസ്റ്റ് ദിനാചരണത്തിന്റെ ഭാഗമായി ജനറൽ ആശുപത്രിയിലെ ഒമ്പതാം വാർഡിലേക്ക് പാലിയേറ്റീവ് ഉപകരണങ്ങൾ കൈമാറുന്നു*

### കിള്ളിയാർ ശുചീകരണം വേഗത്തിലാക്കാൻ നഗരസഭ

# പുഴയാത്ര ഒക്ടോബറിൽ

തിരുവനന്തപുരം : പ്രളയത്തെ തുടർന്ന് താത്കാലികമായി നിറുത്തിവച്ച നഗരസഭയുടെ കിള്ളിയാർ ശുചീകരണ പ്രവർത്തങ്ങൾ പുനരാരംഭിക്കാൻ ഇന്നലെ ചേർന്ന സംഘാടകസമിതി സമയക്രമം നിശ്ചയിച്ചു. ശുചീകരണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനുള്ള ശാസ്ത്രീയമായ പരിശോധനയ്ക്കായി അടുത്തമാസം 10ന് വിദഗ്ദ്ധ സമിതി വഞ്ചിയിലൂടെ പുഴയാത്ര നടത്തും. കിള്ളിയാർ ശുചീകരണത്തിലെ നിർണായക ഘട്ടമാണിത്. കരയിൽ നിന്നുള്ള പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

എന്നാൽ പുഴയാത്രയിലെ സാങ്കേതിക പഠനത്തിലൂടെ കണ്ടെത്തുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയാണ് പ്രധാനം. ജനപങ്കാളിത്തം ഉറപ്പാക്കാൻ ലോക പുഴദിനമായ നാളെ നഗരസഭ പ്രചാരണ പരിപാടികൾ ആരംഭിക്കും. ഡിസംബറിൽ ബഹുജന പങ്കാളിത്തത്തോടെ കിള്ളിയാർ ശുചീകരണം നടക്കും. ഇതിനുശേഷം കിള്ളിയാറിന്റെ കരയും പരിസരവും സംരക്ഷിക്കുന്നതിനായി പ്രകൃതിസൗഹൃദ സംവിധാനങ്ങൾ ഒരുക്കും. യോഗത്തിൽ മേയർ വി.കെ. പ്രശാന്ത് അദ്ധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി മേയർ രാഖി രവികുമാർ, സ്ഥിരം സമിതി അദ്ധ്യക്ഷൻമാരായ കെ. ശ്രീകുമാർ, സി. സുദർശനൻ, പാളയം രാജൻ, എസ്. പുഷ്പലത, കിള്ളിയാർ സിറ്റി മിഷൻ ജനറൽ കൺവീനർ വഞ്ചിയൂർ പി. ബാബു, നഗരസഭ സെക്രട്ടറി എൽ.എസ്. ദീപ, സാങ്കേതിക സമിതിയംഗങ്ങൾ, കിള്ളിയാർ സിറ്റിമിഷൻ സംഘാടക സമിതി ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. കിള്ളിയാർ സിറ്റി മിഷനുവേണ്ടി മടവൂർ കെ. രാജൻ രചിച്ച് കല്ലറ ഗോപൻ സംഗീതം നൽകി ആലപിച്ച പുഴയറിവ് കവിതയുടെ സി.ഡി പ്രകാശനവും നടന്നു.



### പ്രചാരണ പരിപാടികൾ

**ശനിയാഴ്ച രാവിലെ മരുതംകുഴി ജംഗ്ഷന് സമീപം പാലത്തിൽ ബാനർ ചിത്രരചന.**

**ഒക്ടോബർ 6 മുതൽ 9 വരെ വിവിധ കേന്ദ്രങ്ങളിൽ ഓട്ടൻതുള്ളലും സംഗീത പരിപാടികളും.**

**13ന് കള്ളിയറിനെ അറിയാൻ പുഴയറിവ് നടത്തം.**

## തോട്ടം ശ്രീനാരായണ സ്മാരക ഗ്രന്ഥശാലാ വർഷികം

തിരുവനന്തപുരം: മണക്കാട് തോട്ടം ശ്രീനാരായണ സ്മാരക ഗ്രന്ഥശാലാ വർഷികവും ശ്രീനാരായണ ഗുരു സമാധി ആചരണവും നടന്നു. സ്കൂൾ ഒഫ് ഭഗവത്ഗീതയുടെ ഡയറക്ടർ സ്വാമി സന്ദീപാനന്ദഗിരി ഉദ്ഘാടനം ചെയ്തു. ഈശ്വരൻമാരെ കുറിച്ചുള്ള തെറ്റായ ധാരണകൾ തിരുത്തിക്കൊണ്ട് ഈശ്വരൻമാരെപ്പോലും ഗുരു സ്വതന്ത്രനാക്കിയെന്ന് അദ്ദേഹം പറഞ്ഞു. ഡോ. ജോർജ് ഓണക്കൂർ മുഖ്യപ്രഭാഷണം നടത്തി. ഗ്രന്ഥശാല പ്രസിഡന്റ് സി.ഇ. ഹസൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി എസ്. മോഹനകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ഡോ. എം.എസ്. വിനയചന്ദ്രൻ സ്വാഗതവും വൈസ് പ്രസിഡന്റ് വി. രാജഗോപാൽ നന്ദിയും പറഞ്ഞു. ചടങ്ങിൽ കലാ-കായിക മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു, തുടർന്ന് വിദ്യാർത്ഥികളുടെ കലാപരിപാടികളും അരങ്ങേറി.



*തോട്ടം ശ്രീനാരായണ സ്മാരക ഗ്രന്ഥശാലാ വർഷികവും ശ്രീനാരായണ ഗുരു സമാധി ആചരണവും സ്വാമി സന്ദീപാനന്ദഗിരി ഉദ്ഘാടനം ചെയ്യുന്നു*

## നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ സംഘർഷം

# ഡോക്ടർമാർ ഒ.പി ബഹിഷ്കരിച്ചു

▸ സ്വന്തംലേഖകൻ

നെടുമങ്ങാട്: ജില്ലാ ആശുപത്രി സൂപ്രണ്ടിനെ കൈയേറ്റം ചെയ്യുകയും ഡ്യൂട്ടി തടസപ്പെടുത്തുകയും ചെയ്തെന്ന പരാതിയിൽ കണ്ടാലറിയാവുന്ന 30 പേർക്കെതിരെ ജാമ്യമില്ലാ വകുപ്പനുസരിച്ച് പൊലീസ് കേസെടുത്തു. അന്വേഷണം ഊർജിതമാണെന്നും സൂപ്രണ്ട് ഡോ. വി.എസ്. സജീവിൽ നിന്ന് വിശദ മൊഴിയെടുക്കുമെന്നും നെടുമങ്ങാട് സി.ഐ അനിൽകുമാർ പറഞ്ഞു. പ്രതികളെ ഉടൻ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് രണ്ടുദിവസമായി ഇവിടത്തെ ഡോക്ടർമാരും ജീവനക്കാരും പ്രതിഷേധത്തിലാണ്.

ഇന്നലെ ഒ.പി ബഹിഷ്കരിച്ച് കാഷ്വാലിറ്റിയിലാണ് രോഗികളെ പരിശോധിച്ചത്. ഒ.പി ബഹിഷ്കരണത്തിൽ രോഗികൾ വലഞ്ഞു. രണ്ടായിരത്തോളം പേർ തടിച്ചുകൂടിയതോടെ കാഷ്വാലിറ്റിയിൽ നിന്ന് തിരിയാൻ ഇടമില്ലാതായി. കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ, കെ.ജി.എസ്.ഡി എന്നീ സംഘടനകളാണ് ഒ.പി ബഹിഷ്കരിച്ചത്. നിയമനടപടികൾ താമസിച്ചാൽ സമരം ജില്ലാ തലത്തിലേക്ക് വ്യാപിപ്പിക്കുമെന്ന് കെ.ജി.എം.ഒ.എ ജില്ലാ പ്രസിഡന്റ് ഡോ. എൽ.ടി. സനൽകുമാർ, സെക്രട്ടറി ഡോ. ജി.എസ്. വിജയകൃഷ്ണൻ, കെ.ജി.എസ്.ഡി.എ ജില്ലാ പ്രസിഡന്റ് ഡോ. ജിജു നൃമാൻ എന്നിവർ പറഞ്ഞു.

### കേസ് വ്യാജം: സി.പി.എം

സൂപ്രണ്ടിനെ മർദ്ദിച്ചെന്ന് വ്യാജക്കേസുണ്ടാക്കി നിരപരാധികളെ കുടുക്കാൻ നെടുമങ്ങാട് എ.എസ്.പി ശ്രമിക്കുകയാണെന്ന് സി.പി.എം ഏരിയാ സെക്രട്ടറി അഡ്വ. ആർ. ജയദേവൻ പറഞ്ഞു. യൂണിയൻ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നെടുമങ്ങാട് ഗവ. കോളേജിൽ ചുവരെഴുത്തിലേർപ്പെട്ടിരുന്ന എസ്.എഫ്.ഐ പ്രവർത്തകരെ പുറത്തുനിന്നെത്തിയ യൂത്ത് കോൺഗ്രസുകാർ മർദ്ദിച്ചിരുന്നു. പരിക്കേറ്റ എസ്.എഫ്.ഐ പ്രവർത്തകരെ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനിടെ വാളിക്കോട് വച്ച് ഒരുസംഘം വാഹനം തടഞ്ഞ് വീണ്ടും ആക്രമിച്ചു. സംഭവത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന അഭിജിത്ത്, ലിജിൻ എന്നിവരെ ഡിസ്ചാർജ് ചെയ്ത് അറസ്റ്റ് ചെയ്യാൻ പൊലീസെത്തിയപ്പോഴാണ് സംഘർഷമുണ്ടായത്. സൂപ്രണ്ടും എ.എസ്.പിയും കെ.ജി.എം.ഒ.എയെ തെറ്റിദ്ധരിപ്പിച്ചെന്നും ജയദേവൻ പറഞ്ഞു.

### പ്രതികളെ അറസ്റ്റ് ചെയ്യണം: കോൺഗ്രസ്

സൂപ്രണ്ടിനെ മർദ്ദിച്ചവരെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് ഡി.സി.സി ജനറൽ സെക്രട്ടറിയും ജില്ലാപഞ്ചായത്ത് അംഗവുമായ ആനാട് ജയൻ ആവശ്യപ്പെട്ടു. ബലാത്കാരമായി അഡ്മിറ്റ് ചെയ്യിച്ച പ്രതികളെ പൊലീസ് നടപടികളിൽ നിന്ന് രക്ഷിക്കാൻ രഹസ്യമായി കടത്തിക്കൊണ്ടുപോയെന്നും അദ്ദേഹം ആരോപിച്ചു. സൂപ്രണ്ടിന് സുരക്ഷ ഒരുക്കേണ്ട ജീവനക്കാർ സി.പി.എം പ്രവർത്തകരായി മാറിയെന്ന് നഗരസഭ പ്രതിപക്ഷ നേതാവും കോൺഗ്രസ് മണ്ഡലം പ്രസിഡന്റുമായ ടി. അർജ്ജുനൻ പറഞ്ഞു.



ഡോക്ടർമാരുടെ ഒ.പി ബഹിഷ്കരണത്തെ തുടർന്ന് നെടുമങ്ങാട് ജില്ലാ ആശുപത്രിക്ക് മുന്നിൽ തിങ്ങിക്കൂടിയ രോഗികൾ

## വിദേശത്തേക്ക് കടത്താൻ ശ്രമിച്ച 16 ലക്ഷത്തിന്റെ കറൻസി പിടിച്ചു

തിരുവനന്തപുരം: വിദേശത്തേക്ക് കടത്താൻ ശ്രമിച്ച 16 ലക്ഷത്തിന്റെ വിദേശ കറൻസിയും ഇന്ത്യൻ രൂപയും വിമാനത്താവളത്തിൽ പിടികൂടി. തിരുവനന്തപുരം സ്വദേശി ഷമീറിൽ നിന്നാണ് റിയാൽ, ദിർഹം, ഡോളർ ഉൾപ്പെടെയുള്ള കറൻസികൾ പിടിച്ചത്. ഇന്നലെ രാവിലെ തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് ദുബായിലേക്ക് ഫ്ലൈദുബായ് വിമാനത്തിൽ യാത്രയ്ക്കെത്തിയ ഷമീർ എമിഗ്രേഷൻ പരിശോധന കഴിഞ്ഞ് സി.ഐ.എസ്.എഫിന്റെ സുരക്ഷാപരിശോധനയ്ക്ക് എത്തിയപ്പോഴാണ് പാന്റ്സിന്റെ പോക്കറ്റിൽ ഒളിപ്പിച്ചിരുന്ന കറൻസികൾ പിടിച്ചത്. എയർകസ്റ്റംസ് അധികൃതർ കൂടുതൽ പരിശോധന നടത്തി അറസ്റ്റ് രേഖപ്പെടുത്തി.


### ജി.എഫ്.സി. അദ്ധ്യാപക തസ്തിക ഒഴിവ്

വൊക്കേഷണൽ ഹയർ സെക്കന്ററി എയ്ഡഡ് സ്കൂളിൽ ജനറൽ ഫൗണ്ടേഷൻ കോഴ്സ് (നോൺ വൊക്കേഷണൽ) ജൂനിയർ അദ്ധ്യാപക തസ്തികയിലേക്ക് സ്ഥിരനിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ 22/10/2018 തീയതിക്കുള്ളിൽ സ്കൂൾ മാനേജർ മുൻപാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

| | |
|---|---|
| ഒഴിവ് | : ഒന്ന്. |
| കുറഞ്ഞ യോഗ്യത | : M.Com - II Class (Regular), B.Ed (COMMERCE), SET (COMMERCE) അല്ലെങ്കിൽ തത്തുല്യ യോഗ്യത |
| സ്കെയിൽ | : ₹32,300 – ₹68,700. |
| പ്രായം | : 01/01/2018 ൽ 23 വയസ്സു മുതൽ 39 വയസ്സു വരെ. |

വേലായുധവിലാസം വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ
അയത്തിൽ, കൊല്ലം – 691 021.
Email: manager@vv.school; Tel: 7907725029



നാലാം ചരമവാർഷികം (28.09.2018)



കെ.സുന്ദരേശൻ
[Rtd. Supt., PWD]
“ശ്രീദർശൻ”,
ഗവ. ഹൈസ്കൂളിന് സമീപം,
വർക്കല.
‘ദൈവമേ, നിന്റെ സായൂജ്യം പരേതാത്മാവിനേകണേ.’
ഭാര്യ : N. രാധാമണി
(Rtd. Teacher)
മക്കൾ, മരുമക്കൾ, ചെറുമക്കൾ.

വേർപാടിന്റെ 5-ാം വർഷം (28.09.2018)



കെ. രാമദാസൻ
“കളഭം” H.No.110, എം.പി. അപ്പൻ റോഡ്, വഴുതക്കാട്, തിരുവനന്തപുരം
“മായാത്ത ഓർമ്മകളുമായി”
ഭാര്യ : ശൈലജ രാമദാസൻ, മക്കൾ അമിത്, അമിത, മരുമക്കൾ അഞ്ജു, മനു,
ചെറുമക്കൾ : റോഹൻ അമിത്, ജൂഹി അമിത്, റെയാ മനു

മൂന്നാം ചരമവാർഷികം (28.09.2018)



ബി. ബാബു
റോജിഷ ഭവൻ, ഒരുവാതിൽകോണം റോഡ്,
മണ്ണന്തല പി.ഒ., തിരുവനന്തപുരം.
പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
സന്തപ്തകുടുംബാംഗങ്ങൾ -
ഭാര്യ : തങ്കച്ചി ബാബു,
മക്കൾ : റോജേഷ് ബാബു, റോജിഷ ബാബു.

വേർപാടിന്റെ 6-ാം വർഷം (05.11.2000-28.09.2012)



ആകാശ്. എസ്.എസ് (ചന്തു)
എസ്.എസ്. ഭവൻ, കരുമരം, ഊരമ്പ്.
നിനക്കായ് കരുതിവച്ച സ്നേഹവും വാത്സല്യവും ഞങ്ങളിൽ നിന്ന് വിധി തട്ടിപ്പറിച്ചു. കരയുകയല്ല ഞങ്ങൾ ഉരുകി തീരുകയാണ്. ഓമനത്തമുള്ള നിൻ സ്മരണയിൽ....
സ്മരണകളോടെ........
പിതാവ് : ശശി. എസ്, മാതാവ് : ശ്രീജ. എസ്,
സഹോദരി : ആദിത്യ എസ്.എസ്.



ഇന്ന് ഉദ്ഘാടനം
HOME FURNITURE
& LIFESTYLE EXPO
28 സെപ്റ്റംബർ – 3 ഒക്ടോബർ 2018, ശ്രീമൂലം ക്ലബ് (Fully A/C), തിരുവനന്തപുരം



INAUGURATION
BY
MR.NANDU-ACTOR

Timing:
10.30a.m. to 9.00p.m



UPTO
*50%
OFF

RENOVATE..
REDECORATE..
REFURNISH..!
★ EXCHANGE ★
YOUR OLD FURNITURE
WITH NEW ONE..!
*Conditions apply



Living | Bedroom | Dining | Wardrobe | Appliances | Garments | Fashion Jewellry | Home Products

ENTRY ₹20/- (ശനി, ഞായർ പൊതു അവധി ദിവസം ഒഴികെ) ഈ പത്രക്കട്ടിങ്ങുമായി വരുന്ന ഒരാൾക്ക് പ്രവേശനം സൗജന്യം (4 മണിവരെ)
BAJAJ FINSERV HDFC BANK
UP TO 15 LAKHS* LOAN ON FURNITURE
· FAST APPROVAL · NO PROCESSING FEES
· NO DOWN PAYMENT · EMI-UP TO 24 MONTHS
TURNKEY EVENTS Key to success
Event by
i deal Ads & Events Ideas for Life
72000 15149
80156 77889

| ഓഹരി വിപണി | | | |
|---|---|---|---|
| 218.1 ↓ | സെൻസെക്സ് | 36324.17 | |
| 76.25 ↓ | നിഫ്റ്റി | 10977.55 | |

| സ്വർണം | |
|---|---|
| പവൻ (8ഗ്രാം) | 22,880 |
| ഒരു ഗ്രാം | 2860 |

■ കാഷ് ഡെപ്പോസിറ്റ് നിയമം പുതുക്കി എസ്.ബി.ഐ

# പണം നിക്ഷേപിക്കാൻ ഇനി 'സമ്മതം' വാങ്ങണം

■ ഒരാളുടെ അക്കൗണ്ടിൽ പണം നിക്ഷേപിക്കാൻ, ഇനി അദ്ദേഹത്തിന്റെ സമ്മതപത്രം വേണം

▸ സുവർണപ്രസാദ്

കോഴിക്കോട്: അനധികൃത പണം കൈമാറ്റത്തിനായി ബാങ്ക് അക്കൗണ്ട് ഉപയോഗിക്കുന്നതിന് തടയിട്ട് എസ്.ബി.ഐയുടെ പുതിയ ചട്ടം. എസ്.ബി.ഐ ഉപഭോക്താവായ ഒരാളുടെ അക്കൗണ്ടിലേക്ക്, ഇനി അദ്ദേഹത്തിന്റെ സമ്മതപത്രമില്ലാതെ പണം നിക്ഷേപിക്കാനാവില്ല. ഏതൊരാൾക്കും രേഖകളൊന്നുമില്ലാതെ, എത്ര തുക വേണമെങ്കിലും മറ്റൊരാളുടെ അക്കൗണ്ടിൽ നിക്ഷേപിക്കാവുന്ന സ്ഥിതിയാണ് പുതിയ ചട്ടത്തിലൂടെ ഇല്ലാതായത്.

അക്കൗണ്ട് ഉടമയുടെ അടുത്ത ബന്ധു ആയാലും, ഇനി സമ്മതപത്രം ഉണ്ടെങ്കിലേ നിക്ഷേപം നടക്കൂ. ഉപഭോക്താക്കൾ അറിയാതെ അക്കൗണ്ടിലേക്ക് നിക്ഷേപം എത്തുന്നതായി പരാതികളുണ്ടായിരുന്നു. നോട്ട് അസാധുവാക്കൽ വേളയിലും ഇത്തരത്തിൽ നിരവധി തട്ടിപ്പ് നിക്ഷേപങ്ങൾ കണ്ടെത്തിയിരുന്നു. ഇടപാടുകൾ സുതാര്യമാക്കാനാണ് പുതിയ ചട്ടമെന്ന് എസ്.ബി.ഐ പ്രതികരിച്ചു. ബാങ്ക് ശാഖയിലെത്തി നിക്ഷേപം നടത്തുന്നവരെ മാത്രമേ പുതിയ ചട്ടം ബാധിക്കുന്നുള്ളൂ. ഓൺലൈനായോ കാഷ് ഡെപ്പോസിറ്റ് മെഷീനിലൂടെയോ (സി.ഡി.എം) പണം നിക്ഷേപിക്കുന്നതിന് തടസമില്ല.

### ദുരിതാശ്വാസത്തിനും സർക്കാർ ഫീസിനും പ്രശ്നമില്ല

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം നിക്ഷേപിക്കാനോ സർവകലാശാലാ ഫീസുകൾ, മറ്റു ഫീസുകൾ, വിവിധ യൂട്ടിലിറ്റി ബില്ലുകൾ തുടങ്ങിയവ ചലാൻ വഴിയും മറ്റും അടയ്ക്കാനോ പുതിയ ചട്ടം തടസമല്ല.

### ചട്ടമറിയാതെ വലഞ്ഞ് ഉപഭോക്താക്കൾ



അനധികൃത പണം കൈമാറ്റം, കള്ളപ്പണ ഇടപാട്, അഴിമതി എന്നിവ തടയുകയാണ് ലക്ഷ്യമെങ്കിലും എസ്.ബി.ഐയുടെ ലക്ഷക്കണക്കിന് ഉപഭോക്താക്കളെ ബാധിക്കുന്നതാണ് പുതിയ നിക്ഷേപ ചട്ടം. മാറിയ ചട്ടമറിയാതെ നിരവധി പേരാണ് ബാങ്ക് ശാഖകളിലെത്തി മടങ്ങുന്നത്. വ്യക്തികൾ തമ്മിലുള്ള പണം കൈമാറ്റത്തിനാണ് പുതിയ ചട്ടം പ്രധാനമായും ബാധകമാകുന്നത്.



യു.എന്നിന്റെ ഉന്നത പരിസ്ഥിതി പുരസ്കാരമായ ചാമ്പ്യൻ ഒഫ് എർത്ത്-2018, ന്യൂയോർക്കിൽ നടന്ന ചടങ്ങിൽ യു.എൻ.ഇ.പി.അസിസ്റ്റന്റ് സെക്രട്ടറി സത്യപാൽ ത്രിപാഠിയിൽ നിന്ന് സിയാൽ മാനേജിംഗ് ഡയറക്ടർ വി.ജെ. കുര്യൻ ഏറ്റുവാങ്ങുന്നു.

## യു.എൻ ഉന്നത പുരസ്കാരം സിയാൽ ഏറ്റുവാങ്ങി

നെടുമ്പാശേരി: കൊച്ചി രാജ്യാന്തര വിമാനത്താവളത്തിന് (സിയാൽ) ലഭിച്ച യു.എന്നിന്റെ ഉന്നത പരിസ്ഥിതി പുരസ്കാരമായ 'ചാമ്പ്യൻ ഒഫ് എർത്ത് - 2018' മാനേജിംഗ് ഡയറക്ടർ വി.ജെ. കുര്യൻ ഏറ്റുവാങ്ങി. ന്യൂയോർക്കിൽ നടന്ന യു.എന്നിന്റെ 73-ാം പൊതുസമ്മേളനത്തിൽ വച്ച് യു.എൻ.ഇ.പി അസിസ്റ്റന്റ് സെക്രട്ടറി സത്യപാൽ ത്രിപാഠിയാണ് പുരസ്കാരം സമ്മാനിച്ചത്. ലോകത്തെ ആദ്യ സമ്പൂർണ സൗരോർജ വിമാനത്താവളം എന്ന ആശയം വിജയകരമാക്കിയതിനാണ് പുരസ്കാരം.

അന്താരാഷ്ട്ര സൗരോർജ അലയൻസിന് നേതൃത്വം കൊടുക്കുന്നതിന് പ്രധാനമന്ത്രി നരേന്ദ്ര മോദി, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോൺ, ഫിലിപ്പീൻസ് പരിസ്ഥിതി പ്രവർത്തക ജുവാൻ കാർലിംഗ് എന്നിവരും ചാമ്പ്യൻ ഒഫ് എർത്ത് അവാർഡ് നേടി. പ്രളയക്കെടുതിയെ അസാധാരണ മാംവിധം നേരിട്ട കേരള ജനതയ്ക്കും മുന്നിൽ നിന്ന് നയിച്ച മുഖ്യമന്ത്രി പിണറായി വിജയനും ഈ പുരസ്കാരം സമർപ്പിക്കുന്നുവെന്ന് വി.ജെ. കുര്യൻ പറഞ്ഞു. ജോസ് തോമസ്, സതീഷ് പൈ, പി.എസ്. ജയൻ, ജെറിൻ ജോൺ, സഫീർ മുഹമ്മദ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

## സോമതീരം ആയുർവേദ ഗ്രൂപ്പിന് വീണ്ടും ദേശീയ ടൂറിസം അവാർഡ്

തിരുവനന്തപുരം: കേന്ദ്ര സർക്കാരിന്റെ ഈ വർഷത്തെ മികച്ച ആയുർവേദ വെൽനെസ് സെന്ററിനുള്ള പുരസ്കാരവും ഹാൾ ഒഫ് ഫെയിം പുരസ്കാരവും സോമതീരം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് ആയുർവേദ ഹോസ്പിറ്റലിന് ലഭിച്ചു. നാലാം തവണയാണ് സോമതീരം ആയുർവേദ ഗ്രൂപ്പ് ഈ ദേശീയ പുരസ്കാരം നേടുന്നത്. അവാർഡ് തുടർച്ചയായി മൂന്നുവട്ടം നേടിയതാണ് ഹാൾ ഒഫ് ഫെയിം പുരസ്കാരവും ലഭ്യമാക്കിയത്.

രാജ്യത്തെ ആയുർവേദ മേഖലയിൽ നിന്നൊരു സ്ഥാപനം ആദ്യമായാണ് ഈ പുരസ്കാരം സ്വന്തമാക്കുന്നത്. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനത്തിൽ നിന്ന് സോമതീരം ആയുർവേദ ഗ്രൂപ്പ് ഡയറക്ടർ സാറ ബേബി മാത്യു പുരസ്കാരം ഏറ്റുവാങ്ങി.



മികച്ച ആയുർവേദ വെൽനെസ് സെന്ററിനുള്ള ഈ വർഷത്തെ ദേശീയ ടൂറിസം പുരസ്കാരവും ഹാൾ ഒഫ് ഫെയിം അവാർഡും സോമതീരം ആയുർവേദ ഗ്രൂപ്പ് ഡയറക്ടർ സാറ ബേബി മാത്യു കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനത്തിൽ നിന്ന് സ്വീകരിക്കുന്നു.

### എൻ.ബി.എഫ്.സി ഓഹരിത്തകർച്ച സെബി അന്വേഷിക്കും

ന്യൂഡൽഹി: ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളായ (എൻ.ബി.എഫ്.സി) ഡി.എച്ച്.എഫ്.എൽ., ഇന്ത്യ ബുൾസ് തുടങ്ങിയവ നേരിട്ട ഓഹരിത്തകർച്ചയെ കുറിച്ച് സെബി അന്വേഷിക്കും. എൻ.ബി.എഫ്.സികൾ വായ്പാത്തിരിച്ചവ് മുടക്കിയെന്നും ഇത് മൂലധന പ്രതിസന്ധി മൂലമാണെന്നുമുള്ള കിംവദന്തികളെ തുടർന്ന് ഇവയുടെ ഓഹരിമൂല്യം കഴിഞ്ഞവാരം കുത്തനെ ഇടിഞ്ഞിരുന്നു.

## കടപ്പത്രവുമായി കെ.എൽ.എം ആക്സിവ ഫിൻവെസ്റ്റ്

■ പൊതുവിപണിയിൽ നിന്ന് ₹100 കോടി സമാഹരിക്കും

കൊച്ചി: പ്രമുഖ ധനകാര്യ സ്ഥാപനമായ കെ.എൽ.എം ആക്സീവ ഫിൻവെസ്റ്റ് ലിമിറ്റഡ് കടപ്പത്രങ്ങളിറക്കി പൊതുവിപണിയിൽ നിന്ന് 100 കോടി രൂപ സമാഹരിക്കും. ആയിരം രൂപ മുഖവിലയുള്ള കടപ്പത്രങ്ങൾക്കായി ഒക്ടോബർ 26 വരെ പൊതുജനങ്ങൾക്ക് അപേക്ഷിക്കാം.

പ്രതിമാസവും വർഷവും പലിശ കിട്ടുന്നവിധം ഒമ്പത് നിക്ഷേപ പദ്ധതികളാണുള്ളത്. 72 മാസംകൊണ്ട് നിക്ഷേപത്തുക ഇരട്ടിയാകും. 11.25 ശതമാനം മുതൽ 12.25 ശതമാനം വരെ പലിശ കിട്ടുന്ന നിക്ഷേപ പദ്ധതികളുമുണ്ടെന്ന് ചെയർമാൻ ഡോ.ജെ. അലക്സാണ്ടർ പറഞ്ഞു.

രണ്ടു വർഷത്തിനകം കമ്പനി പ്രാരംഭ ഓഹരി വില്പന (ഐ.പി.ഒ) നടത്തും. ഗോൾഡ് ലോണിന്റെ സാദ്ധ്യതകൾ മുൻനിറുത്തിയാണിത്. ധനകാര്യ സേവനങ്ങൾ സാധാരണക്കാർക്കും ലഭ്യമാക്കാനായി മൈക്രോ ഫിനാൻസ് പ്രവർത്തനം രാജ്യവ്യാപകമാക്കും. രണ്ടുവർഷത്തിനകം 300 ശാഖകൾ തുറക്കും. മൈക്രോഫിനാൻസിനായി ആയിരം കോടി രൂപ മാറ്റിവയ്ക്കും. അതിനായി, എൻ.ബി.എഫ്.സി ആരംഭിക്കും.

കഴിഞ്ഞ സാമ്പത്തിക വർഷം കമ്പനിയുടെ ലാഭം 160 ശതമാനം ഉയർന്നിരുന്നു. അഞ്ചുവർഷത്തിനകം സ്വർണവായ്പ 5,000 കോടി രൂപയിലെത്തിക്കുമെന്നും ശാഖകൾ ആയിരമായി ഉയർത്തുമെന്നും ഡയറക്ടർ ജോസ്കുട്ടി സേവ്യർ പറഞ്ഞു. കെ.എൽ.എം ഒരുവർഷം നീളുന്ന രജത ജൂബിലി ആഘോഷങ്ങളിലേക്ക് കടക്കുകയാണ്.

പത്രസമ്മേളനത്തിൽ കെ.എൽ.എം ഗ്രൂപ്പ് ചെയർമാൻ ഷിബു തെക്കുംപുറം, ആക്സിവ ഡയറക്ടർ ജോർജ് കുര്യപ്പ്, മർച്ചന്റ് ബാങ്കർ വിവറോ ഫിനാൻഷ്യൽ സർവീസ് അസിസ്റ്റന്റ് വൈസ് പ്രസിഡന്റ് ആർ. ശിവകുമാർ തുടങ്ങിയവരും പങ്കെടുത്തു.

## മൃത്യുഞ്ജയ് മഹാപാത്ര സിൻഡിക്കേറ്റ് ബാങ്ക് എം.ഡി

കൊച്ചി: സിൻഡിക്കേറ്റ് ബാങ്കിന്റെ മാനേജിംഗ് ഡയറക്ടറും സി.ഇ.ഒയുമായി മൃത്യുഞ്ജയ് മഹാപാത്ര ചുമതലയേറ്റു. എസ്.ബി.ഐയിൽ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടറും സി.എ.ഒയുമായി സേവനം അനുഷ്ഠിച്ചിട്ടുള്ള മഹാപാത്രയ്ക്ക് ബാങ്കിംഗ് രംഗത്ത് 32 വർഷത്തെ അനുഭവ സമ്പത്തുണ്ട്.



മൃത്യുഞ്ജയ് മഹാപാത്ര

| SCRIP | BSE | NSE |
|---|---|---|
| ABB | 1419.900 | 1423.350 |
| ACC | 1560.400 | 1561.250 |
| AMARAJA | 761.150 | 755.250 |
| ANDHARA BANK | 28.000 | 27.800 |
| APPOLOHOS | 1070.650 | 1067.550 |
| ARVINDMILL | 337.700 | 337.000 |
| ASHOKLEY | 120.350 | 120.400 |
| ASIANPNT | 1286.600 | 1287.500 |
| AXISBANK | 598.700 | 600.150 |
| BAJAJAUTO | 2782.500 | 2783.550 |
| BALAJITELE | 101.400 | 101.000 |
| BANKOFBARODA | 104.550 | 104.350 |
| BATAIND | 979.900 | 983.550 |
| BEML | 628.150 | 626.200 |
| BFLSOFT | 1160.250 | 1160.000 |
| BHARTI | 356.100 | 356.800 |
| BIOCON | 707.300 | 708.400 |
| BOMBDYE | 176.900 | 176.550 |
| BPCL | 372.350 | 372.200 |
| BRITANNIA | 5691.300 | 5699.800 |
| BSES | 304.550 | 303.750 |
| CANARABANK | 227.350 | 227.650 |
| CEAT | 1175.100 | 1173.500 |
| CENTURY TEXT | 850.800 | 850.350 |
| CHENNAIPETRO | 281.600 | 283.000 |
| CIPLA | 659.450 | 659.350 |
| COLGATE | 1101.350 | 1103.200 |
| CORPBNK | 25.500 | 25.800 |
| DABUR | 437.550 | 437.300 |
| DENABANK | 16.000 | 15.950 |
| DIVIS LAB | 1364.700 | 1365.900 |
| DRREDDY | 2539.400 | 2541.000 |
| EIHOTEL | 149.550 | 149.900 |
| ENGGINDIA | 121.950 | 122.300 |
| ESCORTS | 647.200 | 645.700 |
| FINLXCABLE | 542.600 | 544.100 |
| GAIL | 376.950 | 377.700 |
| GESHIPP | 286.250 | 284.500 |
| GLAXO | 1490.450 | 1497.900 |
| GLENMARK | 644.200 | 644.400 |
| Globus Spirits Ltd | 153.950 | 154.400 |
| GNFC | 362.850 | 362.750 |
| GODREJS | 781.900 | 783.450 |
| GRASIM | 1029.150 | 1025.500 |
| GUJAMBCEM | 227.050 | 227.250 |
| HDFC | 1729.700 | 1729.000 |
| HDFCBNK | 1977.950 | 1976.150 |
| HEROHONDA | 3091.600 | 3088.100 |
| HINDALCO | 244.250 | 243.900 |
| HINDLEVER | 1618.850 | 1620.100 |
| HINDUJAFUN | 542.550 | 539.300 |
| HPCL | 248.850 | 249.350 |
| I-FLEX | 3975.800 | 3983.900 |
| ICICIBANK | 306.650 | 306.650 |
| IDBI | 49.800 | 48.850 |
| INDHOTEL | 128.650 | 128.150 |
| INDIACEM | 105.400 | 104.500 |
| INFOSYS | 724.150 | 724.800 |
| INFOTECH ENT | 729.800 | 735.300 |
| IOC | 152.650 | 152.650 |
| ITC | 293.250 | 293.300 |
| KALECONSULT | 1029.650 | 1021.600 |
| KARUR VYSYA BANK | 81.200 | 81.050 |
| KOTAKM | 1144.450 | 1142.450 |
| L&T | 1308.650 | 1309.900 |
| LICHSGFIN | 421.500 | 420.900 |
| LUPINCHEM | 896.850 | 896.350 |
| M&M | 876.150 | 877.450 |
| Mahindra Holidays | 225.000 | 224.100 |
| MARUTI | 7556.050 | 7553.050 |
| MAXIND | 419.800 | 419.050 |
| MCDOWEL | 514.600 | 514.850 |
| MRF | 64478.750 | 64202.850 |
| NAICHOLAS | 2368.300 | 2366.050 |
| NTPC | 167.600 | 167.950 |
| PFIZER | 2954.200 | 2961.900 |
| Pipavav Shipyard | 12.650 | 12.700 |
| PRYACEM | 171.600 | 171.200 |
| PTC | 68.150 | 68.150 |
| RAMCOSYS | 328.050 | 325.650 |
| RELCAP | 293.450 | 292.900 |
| RELIANCE | 1252.900 | 1253.750 |
| ROLTA | 14.850 | 14.800 |
| SAB | 6.150 | 6.200 |
| SAIL | 74.150 | 74.200 |
| SARIGAMA | 542.450 | 540.950 |
| SBI | 265.000 | 265.350 |
| SCI | 44.400 | 44.300 |
| SHYAMTELE | 0.000 | 9.500 |
| SIEMENS | 948.150 | 950.550 |
| SKFBEAR | 1688.300 | 1690.650 |
| SMITHKLC | 7043.100 | 7018.700 |
| SSI | 3.660 | 3.600 |
| STROPTICAL | 318.300 | 318.200 |
| SUNPHARMA | 629.700 | 631.250 |
| SYNDIBANK | 32.050 | 32.050 |
| Tata Communications | 504.650 | 504.800 |
| TATACHEM | 683.450 | 681.850 |
| TATAELXSI | 1173.950 | 1175.900 |
| TATAPOWER | 68.900 | 68.600 |
| TATATEA | 232.100 | 233.250 |
| TCS | 2187.800 | 2188.850 |
| TELCO | 225.550 | 225.250 |
| THERMAX | 970.650 | 966.100 |
| THMCOOK | 227.500 | 228.050 |
| TIPSINDIA | 75.250 | 74.550 |
| TISCO | 609.900 | 611.550 |
| TITANIND | 820.000 | 821.450 |
| TRIGYNTECH | 81.700 | 81.550 |
| UCOBANK | 17.600 | 17.700 |
| UNICHEMLAB | 200.000 | 199.350 |
| VESUVIUS | 1133.850 | 1122.100 |
| VOLTAS | 536.700 | 536.150 |
| WIPRO | 320.600 | 318.950 |
| ZEETELE | 445.800 | 445.300 |
| **KERALA BASED** | | |
| APOLLOTYRE | 221.750 | 222.050 |
| AVTNPL | 28.550 | 28.700 |
| Cochin minerals | 158.150 | 0.000 |
| COCHINSHIP | 399.400 | 399.600 |
| Dhan bank | 11.700 | 11.600 |
| Eastern Treads | 51.000 | 0.000 |
| Fact | 39.250 | 39.350 |
| FEDERALBNK | 70.450 | 70.400 |
| GEOJIT | 51.700 | 51.550 |
| Gtn textiles | 10.260 | 10.250 |
| HARMALA | 88.600 | 88.250 |
| INDITRADE | 54.250 | 0.000 |
| Kera ayu | 62.400 | 0.000 |
| Kitex | 110.850 | 111.000 |
| Kse ltd. | 2510.450 | 0.000 |
| Manapuram | 75.550 | 75.550 |
| Muthoot capital | 853.250 | 852.950 |
| Muthootfin | 412.950 | 416.000 |
| Nitta gelatin | 156.000 | 0.000 |
| Patspin india | 10.900 | 10.400 |
| RUBFILA INTL [BSE] | 49.000 | 0.000 |
| SIB | 13.600 | 13.550 |
| Sree sakthi paper | 6.990 | 0.000 |
| Vertex | 2.000 | 0.000 |
| Vguard | 178.650 | 178.700 |
| WONDERLA | 283.900 | 283.150 |

## വിനിമയനിരക്ക്



| കറൻസി | സെൽ | ബയിംഗ് |
|---|---|---|
| ഡോളർ | 72.65 | 72.56 |
| യൂറോ | 85.02 | 84.94 |
| പൗണ്ട് | 95.36 | 95.27 |
| സ്വിസ് ഫ്രാങ്ക് | 74.78 | 74.65 |
| സിംഗപ്പൂർ ഡോളർ | 53.22 | 53.15 |
| ആസ്ട്രേലിയ ഡോളർ | 52.51 | 52.47 |
| കനേഡിയൻ | 55.62 | 55.54 |
| ബഹ്റിൻ ദിനാർ | 192.54 | |
| കുവൈറ്റ് ദിനാർ | 239.55 | |
| ഒമാനി റിയാൽ | 188.56 | |
| സൗദി റിയാൽ | 19.35 | |
| യു. എ. ഇ. ദിർഹം | 19.76 | |
| ഖത്തർ റിയാൽ | 19.93 | |

## കമ്പോളനിലവാരം

**കൊച്ചി**

| | |
|---|---|
| വെളിച്ചെണ്ണ മില്ലിംഗ് | 15,900 |
| വെളിച്ചെണ്ണ | 15,000 |
| കൊപ്ര | 10,010-10,200 |
| പിണ്ണാക്ക് എക്സ്പെല്ലർ | 2200 |
| പിണ്ണാക്ക് റോട്ടറി | 2900 |
| കുരുമുളക് | |
| ചേറ്റാത്തത് | 38,200 |
| കുരുമുളക് പുതിയത് | 36,700 |
| കുരുമുളക് ചേറ്റിയത് | 40,200 |
| ചുക്ക് മീഡിയം | 17,000 |
| ചുക്ക് ബെസ്റ്റ് | 18,000 |
| മഞ്ഞൾ | 11,500 |
| സേലം-ഈറോഡ് | 8500-9000 |
| കാഞ്ഞിരക്കുരു | 1850 |
| അടയ്ക്ക | |
| പുതിയത് | 18,000-19,000 |
| അടയ്ക്ക പഴയത് | ഇല്ല |
| പഞ്ചസാര | 3600 |
| വറ്റൽമുളക് | 10,500-14,800 |
| ഉഴുന്ന് | 6500-7100 |
| ചെറുപയർ | 6700-7200 |
| കടല | 4500-5200 |
| മുതിര | 4500 |
| എള്ള് | 11,000 |
| മല്ലി | 5,300-9,500 |
| പച്ചരി നമ്പർ-2 | 2900 |
| പുഴുക്കലരി (ജയ) | 3200 |
| ജാതിക്കതൊണ്ടൻ | 200-225 |
| തൊണ്ടില്ലാത്തത് | 400-425 |
| ജാതിപത്രി | 550-650 |
| ഗ്രാമ്പു | 740 |
| പാംഓയിൽ | 6970 |
| **പൈനാപ്പിൾ** | |
| പച്ച | 30.00 |
| പച്ച (സ്പെഷ്യൽ) | 31.00 |
| പഴം | 38.00 |
| **റബർ** | |
| ആർഎസ്എസ്4 | 12,800 |
| ആർഎസ്എസ്-5 | 12,000-12,500 |
| ഒട്ടുപാൽ | 8600 |
| ലാറ്റക്സ് | 9900 |

**കോട്ടയം**
കമ്പോളനിലവാരം
വ്യാപാരി വില

| | |
|---|---|
| ആർ.എസ്.എസ്4 | 125.00 |
| ആർ.എസ്.എസ്5 | 121.00 |
| തരംതിരിക്കാത്തത് | 108.00 |
| | 108.50 |
| ഒട്ടുപാൽ | 75.00 |
| **റബർ ബോർഡ്** | |
| ആർ.എസ്.എസ്4 | 12850 |
| ആർ.എസ്.എസ്5 | 12450 |
| തരംതിരിക്കാത്തത് | 11600 |
| ഒട്ടുപാൽ | 10145 |
| **ബാങ്കോക്ക്** | |
| ആർ.എസ്.എസ്1 | 10788 |
| ആർ.എസ്.എസ്2 | 10654 |
| ആർ.എസ്.എസ്3 | 10531 |
| ആർ.എസ്.എസ്4 | 10464 |
| ആർ.എസ്.എസ്5 | 10363 |
| **കോലാലമ്പൂർ** (ബ്രായ്ക്കറ്റിൽ ഡോളർ വില) | |
| എസ്.എം.ആർ 20 | 9742 (133.90) |
| 60% ലാറ്റക്സ് | 7369 (101.30) |
| വെളിച്ചെണ്ണ | 186.00 |
| കൊപ്ര | 130.00 |
| ശർക്കര (മറയൂർ) | 70.00 |
| ശർക്കര (പാണ്ടി) | 50.00 |
| കാപ്പി | 127.00 |

**കണ്ണൂർ**

| | |
|---|---|
| കൊപ്ര ക്വിന്റൽ | 9000 |
| വെളിച്ചെണ്ണ | |
| ടിൻ | 2700 |
| കിലോ | 183 |
| ലിറ്റർ | 169 |
| പിണ്ണാക്ക് ക്വിന്റൽ | 2100 |
| തേങ്ങ ക്വിന്റൽ | 2700 |

**ആലപ്പുഴ** മാർക്കറ്റ്

| | |
|---|---|
| വെളിച്ചെണ്ണ മില്ലിംഗ് | 16,000 |
| വെളിച്ചെണ്ണ | 15,100 |
| കൊപ്ര | 10,100 |
| ,, | 10,150 |
| ,, | 10,200 |

**തൃശ്ശൂർ** മാർക്കറ്റ്

| | |
|---|---|
| വെളിച്ചെണ്ണ | 15800 |
| കൊപ്ര | 14800 |
| തേങ്ങപിണ്ണാക്ക് | 10000 |
| നല്ലെണ്ണ | 3000 |
| കടലെണ്ണ | 2350 |
| എള്ളിൻപിണ്ണാക്ക് | 3200 |
| **കാംകോ** | |
| പുതിയത് | 4000-4900 |
| പഴയത് | 3800-4500 |
| രണ്ടാംതരം | 1000-2000 |
| **അമല** | |
| പുതിയത് | 4900-5115 |
| പഴയത് | 4850-4950 |
| രണ്ടാംതരം | 3200-3750 |
| **അടയ്ക്ക പഴഞ്ഞി** | |
| പുതിയത് | 4800-5100 |
| പഴയത് | 3500-4000 |
| രണ്ടാംതരം | 3500-4000 |

**നെടുമങ്ങാട്** കമ്പോള നിലവാരം

| | |
|---|---|
| കുരുമുളക് | 300 (കിലോ) |
| കൊട്ടപ്പാക്ക് | 170 (,,) |
| റബ്ബർ | 110 (,,) |
| ഒട്ടുപാൽ | 75 (,,) |
| ജാതിക്ക | 120 (,,) |
| ജാതി പരിപ്പ് | 250 (,,) |
| ജാതി പത്രി | 500 (,,) |
| ഗ്രാമ്പു | 500 (,,) |
| കാപ്പി പരിപ്പ് | 95 (,,) |
| കൊക്കോ | 12 (,,) |
| തേങ്ങ | 38 (,,) |
| കശുവണ്ടി | 50 (,,) |
| **സ്വർണം** | |
| കൊച്ചി (8 ഗ്രാം) | 22,880 |
| ഒരുഗ്രാം | 2860 |
| **വെള്ളി** | |
| തിരുവനന്തപുരം | 44,440 |
| കൊച്ചി | 44,440 |

## ശാസ്ത്രകൗമുദി

# കഴിക്കണം; പല്ലിന് വേണ്ടിയും



ശരീരത്തിന്റെ ആരോഗ്യത്തിനെന്നപോലെ പല്ലുകളുടെ ആരോഗ്യത്തിനും പരമപ്രധാനമാണ് പോഷകങ്ങളടങ്ങിയ ഭക്ഷണം. ഇവ പല്ലുകളെയും മോണകളെയും ശക്തിപ്പെടുത്തും. പല്ലിനും മോണയ്ക്കും ഉണ്ടാകുന്ന രോഗങ്ങളെ പ്രതിരോധിക്കാനും ഇത് സഹായിക്കും. തൈര് കഴിക്കുക. ഇതിൽ അടങ്ങിയിട്ടുള്ള പ്രോബയോട്ടിക്, നല്ല ബാക്ടീരിയകൾ വളരാൻ സഹായിക്കും. ഒപ്പം ഉപദ്രവകാരികളായ ബാക്ടീരിയകളെ ഇല്ലാതാക്കും.

പ്രോട്ടീൻ അടങ്ങിയ ഭക്ഷണം പല്ലിന്റെ ആരോഗ്യം മെച്ചപ്പെടുത്തും. കൊഴുപ്പ് കുറഞ്ഞ ഇറച്ചി, മുട്ട, ബീഫ് എന്നിവയിൽ ധാരാളം പ്രോട്ടീനുകളുണ്ട്. പല്ലിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നവയാണ് പച്ചക്കറികൾ. ബ്ലൂബെറി, കാബേജ്, റാസ്ബെറി, ആപ്പിൾ എന്നിവയും പല്ലിന്റെ ആരോഗ്യത്തിന് സഹായിക്കും. ആന്റി ഓക്സിഡന്റ്സ് അടങ്ങിയ ഗ്രീൻ ടീ പല്ലിന്റെ മിത്രമാണ്. ഇത് ചീത്ത ബാക്ടീരിയകളെ നശിപ്പിച്ച് നല്ല ബാക്ടീരിയകളെ ഉത്പാദിപ്പിക്കും. കാത്സ്യം അടങ്ങിയ ഭക്ഷണം നിർബന്ധമായും കഴിക്കുക. ഇത് പല്ലിന്റെ ആരോഗ്യം മെച്ചപ്പെടുത്തും.

### കൗമുദി ടിവി

| | |
|---|---|
| 6.00 ഡിവോഷണൽസോംഗ് | 12.35 സാൾട്ട് ആൻഡ് പെപ്പർ |
| 6.26 am, pm ദൈവദശകം | 1.35 സീക്രട്ട് ഫയൽസ് |
| 7.00 ജീസസ് ഈസ് എലൈവ് | 2.35 ലേഡീസ് അവർ |
| 7.30 പ്രണവം | 4.00 ഒരുമയോടെ കേരളം |
| 8.00 ഡ്രീം ഡ്രൈവ് | 5.35 ഡ്രീം ഡ്രൈവ് |
| 8.30 ന്യൂസ് ട്രാക്ക് | 6.35 ദേവാമൃതം |
| 9.00 ബിസിനസ് ന്യൂസ് | 7.00 നാം മുന്നോട്ട് |
| 10.35 സ്വയംവരം | 8.00 ഫിലിം ബോക്സ് |
| 11.35 ഹാസ്യരസം | 9.35 താരപ്പകിട്ട് |




**ഡിഡി മലയാളം**
7.00 കൃഷിദർശൻ
8.00 മേഘരാഗം

**ഡിഡി കേരളം**
11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാന ശ്യാമ സന്ധ്യ

**ഏഷ്യാനെറ്റ്**
6.15 സിനിമാ ഡയറി
6.45 പാഥേയം
7.00 ആയുഷ്മാൻഭവഃ
7.30 സീരിയൽ പരസ്പരം
8.00 നീലക്കുയിൽ

**ന്യൂസ്**
8.00 വാർത്താ പ്രഭാതം
8.30 ചുറ്റുവട്ടം
12.30 നേർക്കുനേർ
2.30 ഡോ. ലൈവ്

**ഏഷ്യാനെറ്റ് പ്ലസ്**
7.30 ചിരിക്കും തളിക
8.00 ചിരിക്കും തളിക
8.30 ലേബർ റൂം
9.00 നാട്ടിലെ താരം
9.30 കുങ്കുമപ്പൂവ്
10.00 മൗനം സമ്മതം

**ANIMAL PLANET**
07:00am Too Cute
08:00 Animal Cops Phoenix
10:00 My Cat from Hell
11:00 The Vet life
1:00 Pit bulls & Parolees
2:00 Pit bulls & Parolees
3:00 Tree house Masters
4:00 Tree house Masters
5:00 Tree house Masters
9:00 Tree house Masters
10:00 Tree house Masters

### സിനിമ

**ഏഷ്യാനെറ്റ് hd:** 9.00 കുടുംബശ്രീ ട്രാവൽസ്
**ഏഷ്യാനെറ്റ് മൂവീസ്:** 7.00 പ്രാദേശിക വാർത്തകൾ 9.00 വിയറ്റ്നാം കോളനി 11.00 സുകൃതം 4.00 റെഡ് വൈൻ 7.00 മൈ ബോസ്
**ഏഷ്യാനെറ്റ്:** 9.00 അയാൾ കഥയെഴുതുകയാണ്
**ഏഷ്യാനെറ്റ് പ്ലസ്:** 12.00 സൗണ്ട് തോമാ
**എസിവി:** 9.00 സ്വന്തമെവിടെ ബന്ധമെവിടെ? 2.00 ചെപ്പ് 9.30 അനുരാഗക്കൊട്ടാരം
**റോസ്ബൗൾ:** 6.00 ആകാശഗംഗ
**ജൂക്ക്ബോക്സ്:** 6.30 മാജ
**കൈരളി:** 9.00 36 വയതിനിലെ 11.30 ഗില്ലി 3.00 ചേസ് 6.00 ഈ പറക്കും തളിക
**വി:** 12.30 പത്തേമാരി 9.00 നിനിരുന്നിൽ
**സൂര്യ:** 9.00 ആകാശഗംഗ 2.30 ഒരു സിനിമാക്കാരൻ
**അമൃത:** 2.30 കേരളാ കഫേ

### നിങ്ങളുടെ ഇന്ന്

*കൂറുകളുടെ അടിസ്ഥാനത്തിൽ (2018 സെപ്തംബർ 28 വെള്ളി)*

**മേടം:** *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)* ആരോപണങ്ങളെ അതിജീവിക്കും. സുതാര്യതയുള്ള സമീപനം. സംരംഭങ്ങളിൽ നിന്നു പിന്മാറും.

**ഇടവം:** *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)* സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കും. ആചാരമര്യാദകൾ പാലിക്കും. ആത്മാഭിമാനം വർദ്ധിക്കും.

**മിഥുനം:** *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)* അനുമോദനങ്ങൾ ഉണ്ടാകും. അപര്യാപ്തകൾ മനസിലാക്കും. അഭിപ്രായങ്ങൾ വ്യക്തമാക്കും.

**കർക്കടകം:** *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)* പ്രതിസന്ധികൾ തരണം ചെയ്യും. പദ്ധതികൾ പ്രാവർത്തികമാക്കും. പുതിയ ഭരണ സംവിധാനം.

**ചിങ്ങം:** *(മകം, പൂരം, ഉത്രം കാൽ ഭാഗം)* നിരവധി കാര്യങ്ങൾ ചെയ്തു തീർക്കും. അനുകൂല വിജയം. വ്യക്തിസ്വാതന്ത്ര്യം അനുഭവപ്പെടും.

**കന്നി:** *(ഉത്രം അവസാന മുക്കാൽ ഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)* അനുഭവ ഫലമുണ്ടാകും. സാമ്പത്തിക നേട്ടം. ജീവിത നിലവാരം വർദ്ധിക്കും.

**തുലാം:** *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)* പ്രതീക്ഷിച്ചതിലുപരി പുരോഗതി. ആത്മവിശ്വാസം വർദ്ധിക്കും. പുതിയ തൊഴിൽ മേഖല.

**വൃശ്ചികം:** *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)* സ്ഥാനമാനങ്ങൾ ലഭിക്കും. ആവശ്യങ്ങൾ അംഗീകരിക്കും. ധർമ്മ പ്രവൃത്തികൾ.

**ധനു:** (മൂലം, പൂരാടം, ഉത്രാടം 15 നാഴിക) ജീവിത പുരോഗതി. പാരമ്പര്യ വിജ്ഞാനം നേടും. ആത്മസംതൃപ്തിയുണ്ടാകും.

**മകരം:** *(ഉത്രാടം അവസാന മുക്കാൽഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).* സുപ്രധാന തീരുമാനങ്ങൾ. ജീവിതത്തിൽ വഴിത്തിരിവ്. നിരവധി കാര്യങ്ങൾ ചെയ്യും.

**കുംഭം:** *( അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)* ജ്ഞാനം പകർന്നു നൽകും. സഹപ്രവർത്തകരുടെ സഹകരണം. പുതിയ പദ്ധതികൾ.

**മീനം:** *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).* വിശ്വസ്ത സേവനം. പുതിയ കണ്ടെത്തലുകൾ. ലക്ഷ്യപ്രാപ്തി നേടും.

- ഗോപകുമാർ ശർമ്മ

## എന്തുകൊണ്ട് റിസർവ് കണ്ടക്ടർമാരെ നിയമിച്ചില്ല

തിരുവനന്തപുരം: ഒന്നേമുക്കാൽ വർഷംമുമ്പ് പി.എസ്.സിയിൽനിന്നാ അഡ്വൈസ് മെമ്മോ ലഭിച്ച റിസർവ് കണ്ടക്ടർമാരെ നിയമിക്കാത്തത് എന്തുകൊണ്ടാണെന്ന് കെ.എസ്.ആർ.ടി.സി.മാനേജിംഗ് ഡയറക്ടർ അടിയന്തരമായി വിശദീകരണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ആന്റണി ഡൊമിനിക് ആവശ്യപ്പെട്ടു. ഒക്ടോബർ 23ന് തിരുവനന്തപുരത്ത് നടക്കുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും. ഉദ്യോഗാർത്ഥികൾ കെ.എസ്.ആർ.ടി.സിയെ സമീപിച്ചപ്പോൾ കോർപ്പറേഷന്റെ പുനരുദ്ധാരണം പൂർത്തിയായാലുടൻ നിയമിക്കാമെന്ന് എം.ഡി അറിയിച്ചിരുന്നു. പുനരുദ്ധാരണം പൂർത്തിയായെങ്കിലും നിയമന നടപടികൾ തുടങ്ങിയിട്ടില്ല. ഉദ്യോഗാർത്ഥികളിൽ ഭൂരിപക്ഷവും 40 വയസ് കഴിഞ്ഞവരാണ്. ഇവർക്ക് ഇനി പി.എസ്.സി പരീക്ഷ എഴുതാനാവില്ല. ഉദ്യോഗാർത്ഥികളിൽ ഭർത്താവ് മരിച്ചവരും നിർദ്ധനരുമുണ്ട്. 2016 ഡിസംബർ 31 നാണ് അഡ്വൈസ് മെമ്മോ ലഭിച്ചത്.

www.keralakaumudi.com | www.facebook.com/keralakaumudi

# സാലറി ചലഞ്ചിന് വിസമ്മതിച്ച അദ്ധ്യാപികയുടെ യു.ജി.സി ഗവേഷണം തടയാൻ നീക്കം

പ്രത്യേക ലേഖകൻ



തിരുവനന്തപുരം: കേരള സർവകലാശാലയിൽ സാലറി ചലഞ്ചിന് വിസമ്മതിച്ച അദ്ധ്യാപികയുടെ യു.ജി.സി ഗവേഷണ പദ്ധതിക്ക് തടയിടാൻ ശ്രമമെന്ന് പരാതി. ലിംഗ്വിസ്റ്റിക് വിഭാഗത്തിലെ അസി. പ്രൊഫസർ ഡോ. പ്രേമയ്ക്ക് യു.ജി.സി അനുവദിച്ച 65 ലക്ഷം രൂപയുടെ ഭാഷാഗവേഷണ പദ്ധതിക്കായി കാര്യവട്ടത്തെ പുതിയ കെട്ടിടത്തിൽ ലാംഗ്വേജ് ലാബിന് വൈസ്ചാൻസലർ സ്ഥലം അനുവദിച്ചിരുന്നു. എന്നാൽ സാലറി ചലഞ്ചിന് വിസമ്മതിച്ചതോടെ ലാംഗ്വേജ് ലാബിന് രണ്ട് മുറികൾ നൽകാനാവില്ലെന്ന് സർവകലാശാല എൻജിനിയറിംഗ് വിഭാഗം നിലപാടെടുത്തു. മാർച്ച് 31 നകം പണം വിനിയോഗിച്ചില്ലെങ്കിൽ ഗവേഷണ ഫണ്ട് ലാപ്സാവും.

ആദിവാസികളടക്കം കേരളത്തിലെ ഭീഷണി നേരിടുന്ന ഭാഷകളെക്കുറിച്ചുള്ള പഠനത്തിനാണ് യു.ജി.സി 65 ലക്ഷം രൂപയുടെ ഗവേഷണ പദ്ധതി അനുവദിച്ചത്. ഗോത്രവിഭാഗങ്ങളുടെ ശബ്ദം, സംസാരം, വാക്കുകൾ എന്നിവ റിക്കാർഡ് ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി ലാബിൽ സൂക്ഷിക്കേണ്ടതുണ്ട്. ഇതിനായാണ് കാര്യവട്ടത്ത് ലാംഗ്വേജ് ലാബിന് രണ്ട് മുറികൾ തേടിയത്. ഇന്നലെ ലാബിന്റെ പണി തുടങ്ങാൻ ടെക്നീഷ്യൻമാർ എത്തിയപ്പോഴാണ് മുറികൾ നൽകില്ലെന്ന് എൻജിനിയറും അസി. എൻജിനിയറും അറിയിച്ചത്. സാലറി ചലഞ്ചിന് വിസമ്മതിച്ചതിനാലാണ് ഈ നടപടിയെന്നാണ് പരാതി. ഇതേക്കുറിച്ച് വൈസ് ചാൻസലർക്ക് പരാതി നൽകിയിട്ടുണ്ടെന്ന് ഡോ.പ്രേമ.

പ്രൊഫസർമാർ 1.80 ലക്ഷം, അസോസിയേറ്റ് പ്രൊഫസർമാർ 1.10 ലക്ഷം, അസി. പ്രൊഫസർമാർ 60,000 രൂപ വീതമാണ് സാലറി ചലഞ്ചിലേക്ക് നൽകേണ്ടത്. സർക്കാരിന്റെ സാലറി ചലഞ്ച് ഏറ്റെടുക്കാമെന്നും 15 ഗഡുക്കളായി ശമ്പളം നൽകാമെന്നും നേരത്തെ പ്രതിപക്ഷ സംഘടനകൾ അറിയിച്ചിരുന്നു. ഇതിന് പിന്നാലെ 10 ഗഡുക്കളായി നൽകണമെന്ന് സർവകലാശാല ഉത്തരവിറക്കി. ഇതിൽ പ്രതിഷേധിച്ച് ദുരിതാശ്വാസ നിധിയിലേക്ക് നേരിട്ട് സംഭാവന നൽകാമെന്ന് അദ്ധ്യാപകർ നിലപാടെടുത്തു. 1400 അദ്ധ്യാപകരിൽ 690 പേരും സാലറി ചലഞ്ചിന് വിസമ്മതിച്ചിട്ടുണ്ട്. ഇതോടെ കരിയർ അഡ്വാൻസ്‌മെന്റ് പ്രമോഷനെ ബാധിക്കുമെന്ന് അദ്ധ്യാപകരെ വിരട്ടുന്നതായും പരാതിയുണ്ട്. ഇതേക്കുറിച്ച് വൈസ്ചാൻസലർക്ക് പരാതി നൽകിയിട്ടുണ്ടെന്ന് പ്രോ വൈസ്ചാൻസലർ സംഘടനാ നേതാക്കൾ അറിയിച്ചു.

# സാലറി ചലഞ്ചിന് വിസമ്മതിച്ച 9 പൊലീസുകാരെ സ്ഥലംമാറ്റി

തിരുവനന്തപുരം: ഒരുമാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകാനുള്ള സാലറി ചലഞ്ച് ഏറ്റെടുക്കാത്ത തിരുവനന്തപുരം പേരൂർക്കട എസ്.എ.പി ക്യാമ്പിലെ പൊലീസുകാരെ മലപ്പുറത്തെ ദ്രുതകർമ്മ സേനയിലേക്ക് സ്ഥലംമാറ്റി. ഒൻപത് ഹവിൽദാർമാരെയാണ് മലപ്പുറത്തെ റാപ്പിഡ് റെസ്പോൺസ് ആൻഡ് റെസ്ക്യൂ ഫോഴ്സിലേക്ക് മാറ്റിയത്. എസ്.എ.പി ക്യാമ്പിലെ ഏറ്റവും ജൂനിയർമാരെയാണ് സാധാരണ ആർ.ആർ.ആർ.എഫിലേക്ക് മാറ്റാറുള്ളത്. വിസമ്മത പത്രം നൽകിയതിന്റെ പ്രതികാരമാണ് സീനിയർ ആളുകളുടെ സ്ഥലംമാറ്റത്തിന് പിന്നിലെന്ന് പ്രതിപക്ഷസംഘടനകൾ ആരോപിച്ചു.

സാലറി ചലഞ്ച് അവസാനിച്ച കഴിഞ്ഞ 22ന് ഈ 9 പേരും വിസമ്മതപത്രം നൽകിയിരുന്നു. ഓഫീസേഴ്സ് അസോസിയേഷൻ നേതാവ് നൽകിയ പട്ടിക പ്രകാരം സായുധബറ്റാലിയൻ ഡി.ഐ.ജി ഷെഫീൻ അഹമ്മദ് ഇവരെ സ്ഥലംമാറ്റാൻ നിർദ്ദേശിക്കുകയായിരുന്നു. ഇന്നലെ എസ്.എ.പി കമാൻഡന്റ് ഉത്തരവിറക്കി. സ്ഥലംമാറ്റപ്പെട്ടവർ ഇന്നലെ ഡി.ജി.പി ലോക്‌നാഥ് ബെഹ്റയെ കണ്ട് പരാതി പറഞ്ഞു. തിരുവനന്തപുരത്തുള്ള ആർ.ആർ.ആർ.എഫ് വിഭാഗത്തിലേക്ക് ഇവരെ മാറ്റാമെന്നായിരുന്നു മറുപടി. എന്നാൽ ഇവർക്ക് ജോയിനിംഗ് സമയം പോലും നൽകാതെ ഉടനടി വിടുതൽ നൽകി. പേരൂർക്കട എസ്.എ.പി ക്യാമ്പിൽ 40 പേരെയാണ് ഇന്നലെ മലപ്പുറത്തെ ദ്രുതകർമ്മ സേനയിലേക്ക് സ്ഥലംമാറ്റിയത്. എസ്.എ.പി ക്യാമ്പിൽ സർക്കാർ പ്രതീക്ഷിച്ച തോതിൽ അനുകൂല പ്രതികരണം സാലറി ചലഞ്ചിനോട് ഉണ്ടായില്ല. ഇവിടത്തെ എഴുന്നൂറ് പൊലീസുകാരിൽ മുന്നൂറു പേരോളം സാലറി ചലഞ്ച് ഏറ്റെടുത്തില്ല. വിസമ്മതപത്രം നൽകിയതിന് തൊട്ടുപിന്നാലെ ഹവിൽദാർമാരെ സ്ഥലം മാറ്റിയത്ഇതിന്റെ പ്രതികാരമാണെന്നാണ് ആക്ഷേപം. എന്നാൽ മലപ്പുറത്തെ ക്യാമ്പിലേക്ക് ജീവനക്കാരെ ആവശ്യമുള്ള സമയമായതിനെന്നാണ് പതിവ് സ്ഥലംമാറ്റമാണെന്നും ഏറ്റവും ജൂനിയറായവരെയാണ് സ്ഥലംമാറ്റിയതെന്നും പരിശീലനം തെന്നാണ് എസ്.എ.പി അധികൃതരുടെ വിശദീകരണം.

അതേസമയം, സ്ഥലംമാറ്റിയ ഒൻപതു ഹവിൽദാർമാരേക്കാൾ ജൂനിയറായവർ ഇപ്പോഴും പേരൂർക്കട എസ്.എ.പി ക്യാമ്പിലുണ്ടെന്നും സ്ഥലംമാറ്റം കാട്ടി ഹവിൽദാർമാരെ വിരട്ടുന്നതായും ആരോപണമുണ്ട്.

## ഇന്ന്

**തൈ**ക്കാട് പി.എൻ.പണിക്കർ കമ്മ്യൂണിറ്റി ഹാൾ : പി.എൻ.പണിക്കർ ഫൗണ്ടേഷന്റെ ആഴ്ചക്കൂട്ടം പ്രതിവാര പരിപാടി മുഖ്യാഥിതി എൻ.ജി.ഒ യൂണിയൻ ജനറൽ സെക്രട്ടറി ടി.സി.മാത്തുക്കുട്ടി - 4ന്

**വെ**ള്ളയമ്പലം ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയം : ഏഷ്യൻ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പ്

**കു**ന്നുകുഴി ചിന്ത പബ്ലിക്കേഷൻസ്: വാർഷികപുസ്തകോത്സവത്തിന്റെ ഭാഗമായി കവിയരങ്ങ് 5.30ന്

**കോ**ട്ടയ്ക്കകം അഭേദാശ്രമം : നൊച്ചൂർ വെങ്കിട്ടരാമന്റെ ഭാഗവത പ്രഭാഷണം - രാവിലെ 7ന്

**തൈ**ക്കാട് ഗണേശം : സൂര്യഫെസ്റ്റിവലിന്റെ ഭാഗമായുള്ള ചലച്ചിത്രോത്സവം - 4.30ന്

**നെ**യ്യാറ്റിൻകര മുൻസിപ്പൽ മൈതാനം : ഗാന്ധി ഗ്ലോബൽ ഫൗണ്ടേഷന്റെ ഏകാങ്ക നാടക മത്സരം, നാടകം പണഭയം - 6ന്

**മം**ഗലത്തുകോണം കാട്ടുനട ശ്രീഭദ്രകാളിദേവീക്ഷേത്രം: ചുറ്റുവിളക്ക് തെളിക്കൽ -6ന്

**പ**ദ്മനാഭസ്വാമിക്ഷേത്രം കിഴക്കേനട : സ്വാമിദുർഗാനന്ദ സരസ്വതിയുടെ രമണവിദ്യാസത്സംഗം - വൈകിട്ട് 6.15ന്

**പ**ട്ടം മുണ്ടശേരി ഹാൾ : സംഘചിത്രയുടെ ചലച്ചിത്ര പ്രദർശനം - 6ന്

## സിനിമ

■ന്യൂ (2323244) :: ■SCREEN 1 - ചെക്ക ചിവന്ത വാനം (T- 11.15, 7.00pm, 10.15pm) JHONNY ENGLISH STRIKES AGAIN (E- 2.00pm, 4.45pm)
■SCREEN 2 - വരത്തൻ (M- 11.15, 2.30, 6.30, 9.30)
■SCREEN 3 - തീവണ്ടി (M- 11.15, 2.30, 6.30, 9.30)
■ശ്രീകുമാർ (2331222) :: ചെക്ക ചിവന്ത വാനം (T- 11.15, 2.30, 6.15, 9.30)
■ശ്രീവിശാഖ് (2331222) :: വരത്തൻ (M- 11.30, 2.30, 6.30, 9.30)
■ശ്രീപത്മനാഭ (2473999) :: ചെക്ക ചിവന്ത വാനം (T- 11.00, 2.30, 6.00, 9.30)
■ദേവിപ്രിയ (2473999) :: സാമി-2 (T- 11.00, 2.30, 9.30) പടയോട്ടം (M- 6.00)
■അജന്ത (2472825) :: No Shows
■കൃപ :: ലില്ലി (M- 11.00, 7.00pm) ചെക്ക ചിവന്ത വാനം (T- 1.00, 4.00, 7.30pm, 1030pm) ചാലക്കുടിക്കാരൻ ചങ്ങാതി (M- 1.10pm) JHONNY ENGLISH STRIKES AGAIN (E-4.40pm) SUI DAAGA MADE IN INDIA (H-9.30pm)
■കലാഭവൻ :: ലില്ലി (M- 11.30, 9.30) പടയോട്ടം (M- 2.30, 6.15)
■സെൻട്രൽ (2462865) :: BARBARIAN (E - 11.30, 2.30, 6.30, 9.30)
■കൈരളി (2332747) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.15, 2.30, 6.15, 9.30)
■ശ്രീ (2332747) :: വരത്തൻ (M - 11.30, 2.30, 6.30, 9.30)
■നിള (2332747) :: മംഗല്യം തന്തുനാനേന (M- 11.15, 2.30) ചെക്ക ചിവന്ത വാനം (T- 6.30, 9.30)
■ധന്യ (2476773) :: സാമി -2 (T- 11.15, 2.30, 6.15, 9.30)
■രമ്യ (2476773) :: ലില്ലി (M- 11.15, 2.30, 6.15, 9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi 1- സാമി-2 (T- 11.15, 2.45, 6.30, 10.15)
■Audi 2- തീവണ്ടി (M - 11.30, 3.00, 6.30, 10.00)
■Audi 3- MANMARZIYAAN (H- 10.30am) BATTIGUL METER CHALU (H-1.45pm) THE NUN (E- 5.00pm, 10.15pm) THE EQUALIZER (E-7.15pm),
■Audi 4 - പടയോട്ടം (M- 11.30am, 3.00pm, 6.45pm, 10.00pm)
■Audi 5 - THE NUN (E- 10.00am) വരത്തൻ (M-12.00pm, 3.00pm, 6.45pm, 10.00pm) THE
■Audi 6 - ഇമൈക്കനൊടികൾ (E- 11.15am) മംഗല്യം തന്തുനാനേന (M- 3.00pm, 6.45pm, 10.15pm)
■കാർണിവൽ സിനിമാസ് (മാൾ ഒഫ് ട്രാവൻകൂർ) ചാലക്കുടിക്കാരൻ ചങ്ങാതി (M- 10.00, 3.00, 9.45pm) ചെക്ക ചിവന്ത വാനം (T- 10.30, 1.30, 4.30, 7.30, 10.30pm) ദേവദാസു (Telugu- 4.45pm) JHONNY ENGLISH STRIKES AGAIN (E- 10.35, 2.45, 6.30, 10.30pm) ലില്ലി (12.45, 8.30pm, 10.30pm) മംഗല്യം തന്തുനാനേന (M- 1.30) പടയോട്ടം (9.45am, 1.00pm, 4.40pm, 7.00pm, 10.00pm) സാമി -2 (T- 10.15am, 4.00pm) SUI DHAAGA (H- 12.30pm, 8.00pm) തീവണ്ടി (M- 10.00am, 1.15pm, 4.40pm, 7.00pm, 10.45pm) വരത്തൻ (M- 10.00am, 12.45pm, 3.30pm, 6.15pm, 7.45pm, 9.00pm, 11.35pm)
■കഴക്കൂട്ടം കൃഷ്ണ (2418144) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.15, 6.15, 9.30) പടയോട്ടം (M- 2.30)
■വെട്ടുറോഡ് ഹരിശ്രീ (04712755666) :: ചെക്ക ചിവന്ത വാനം (T- 11.15, 2.30, 9.30) വരത്തൻ (M- 6.15)
■കഠിനംകുളം ജി ട്രാക്സ് (2757771) :: ■screen 1 : തീവണ്ടി (M- 11.15, 2.30, 6.15, 9.30)
■screen 2 : IMAIKKA NODIGAL (T- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ ഡ്രീംസ് (628997) :: സാമി -2 (T- 11.15) ഒരു കുട്ടനാടൻ ബ്ലോഗ് (M - 2.30) തീവണ്ടി (M- 6.15, 9.30)
■ആറ്റിങ്ങൽ ഗംഗ (2629973) :: ഷോ ഇല്ല
■ആറ്റിങ്ങൽ യമുന (2629973) :: കിനാവള്ളി (M- 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: JUNGA (T- 11.00, 2.30, 6.30, 9.30)
■ആറ്റിങ്ങൽ വൈശാഖ് (2622244) :: പടയോട്ടം (M- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ തപസ്യ (3291113) :: സാമി-2 (T- 11.00, 2.45, 6.30, 9.45)
■ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920) :: ലില്ലി (M- 11.15, 3.00, 6.30, 9.45)
■വർക്കല എസ്.ആർ (0470 2602339) :: ഒരു കുട്ടനാടൻ ബ്ലോഗ് (M- 11.00) സാമി-2 (T- 2.30, 6.15, 9.30)
■വർക്കല വിമല (9895233785) :: ചെക്ക ചിവന്ത വാനം (T- 11.00, 3.00, 6.30, 9.45)
■വർക്കല സ്റ്റാർ സിനിമ (2602344) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.00, 2.30, 9.30) തീവണ്ടി (M- 6.15)
■ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M- 3.00, 6.30, 9.30)
■നെടുമങ്ങാട് സൂര്യ (2802223) :: തീവണ്ടി (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: ചെക്ക ചിവന്ത വാനം (T- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് റാണി :: ■screen 1 : സാമി -2 (T- 11.00, 2.15, 6.00, 9.15)
■screen 2 : പടയോട്ടം (M- 11.15, 2.30, 6.15) വരത്തൻ (M-9.30)
■പെരിങ്ങമ്മല അശ്വതി (2400394) :: മറഡോണ (T- 2.30, 6.30, 9.30)
■കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174) ::
■Audi 1- ഗജനീകാന്ത് (M- 11.30, 2.30, 6.15, 9.30)
■Audi 2- ഇബിലീസ് (M-11.00, 2.30, 6.15, 9.30)
■Audi 3- KARWAAN (H-11.00, 2.30, 6.15, 9.30)
■Audi 4- കൂടെ (M- 11.00, 2.30, 6.15, 9.30)
■Audi 5- JUNGA (T- 11.00, 2.30) ഒരു പഴയ ബോംബ് കഥ (M- 6.15, 9.30)
■കളിയിക്കാവിള തമീൻസ് മാക്സ് :: പുലിമുരുകൻ (M-2.30, 6.15) അച്ചം എമ്പത് മടമൈയെട (T-11.00, 9.15)
■നെയ്യാറ്റിൻകര ശുഭ :: പഞ്ചവർണതത്ത (M- 2.30, 6.30, 9.30)
■പോത്തൻകോട് MT CINEPLEX (2419515) :: ■Tela 1- ചെക്ക ചിവന്ത വാനം (T- 11.15, 2.30, 6.15, 9.30)
■Tela 2- ലില്ലി (M- 11.00, 6.00, 8.00) തീവണ്ടി (M- 2.15, 10.00)
■പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555, 9447060600) :: വരത്തൻ (M - 11.15, 2.30, 9.30) പടയോട്ടം (M- 6.15)
■വെഞ്ഞാറമൂട് സിന്ധു (9746159088) :: വരത്തൻ (M- 11.30, 2.30, 6.30, 9.30)
■കാട്ടാക്കട ജയവിനായക (2290867) :: ■screen 1 - ആട് -2 (M-11.00, 2.15, 6.15, 9.15) ■screen 2 - വേലൈക്കാരൻ (T- 11.15, 2.30, 6.30, 9.30)
■കള്ളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M- 6.30, 9.30)
■കാട്ടാക്കട ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എൻ :: Nowshow
■പനച്ചമൂട് യമുനലക്ഷ്മി :: കെട്ടു (T -10.30, 2.30, 6.15, 9.00)
■പേയാട് എസ്.പി സിനിമ (0471-2289053) :: വരത്തൻ (M- 11.00, 2.00pm, 6.30pm, 10.30pm) തീവണ്ടി (M- 8.10pm)
■കല്ലറ ARS (9526906021) :: കമ്മാരസംഭവം (M- 2.30, 6.30)
■പടന്തലുമൂട് IMP :: പടയോട്ടം (M- 11.00, 2.30, 6.30, 9.30)
■കാട്ടാക്കട സ്വരലയ: (9188628546) :: ■സ്വരം - വരത്തൻ (M - 11.15, 2.15, 6.15, 9.15)
■ലയ - മംഗല്യം തന്തുനാനേന (M- 11.30, 6.30) പടയോട്ടം (M- 2.30, 9.30)

# നെതർലൻഡിന്റെ സാങ്കേതിക സഹായം: കേന്ദ്രം അനുമതി നൽകി

ന്യൂഡൽഹി: പ്രളയാനന്തരമുള്ള പുനർനിർമ്മിതിക്കായി സംസ്ഥാനത്തിന് നെതർലൻഡിന്റെ സാങ്കേതിക സഹായം തേടാൻ കേന്ദ്ര സർക്കാർ അനുമതി നൽകി. ഇതുസംബന്ധിച്ച സംസ്ഥാനത്തിന്റെ അപേക്ഷ കേന്ദ്ര വിദേശകാര്യമന്ത്രാലയം അംഗീകരിച്ചു. ഉടൻ നെതർലൻഡിൽ നിന്നുള്ള വിദഗ്ദ്ധ സംഘം സംസ്ഥാനത്ത് എത്തും. ഇവർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാകും സഹായം ലഭിക്കുക.

സമുദ്രനിരപ്പിൽ നിന്ന് താഴെ സ്ഥിതി ചെയ്യുന്ന നെതർലൻഡ് പ്രളയം നേരിടാൻ വികസിപ്പിച്ച സാങ്കേതിക വിദ്യകൾ സംസ്ഥാനത്ത് കുട്ടനാട് അടക്കമുള്ള പ്രദേശങ്ങളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

സംസ്ഥാനത്തിന്റെ അപേക്ഷയ്ക്ക് അനുമതി നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കഴിഞ്ഞ ദിവസം ഡൽഹിയിൽ പ്രധാനമന്ത്രിയെ കണ്ടപ്പോൾ ആവശ്യപ്പെട്ടിരുന്നു. സാമ്പത്തികം അല്ലാത്തതിനാൽ നെതർലൻഡിന്റെ സഹായം തേടാമെന്നാണ് കേന്ദ്ര സർക്കാർ നിലപാട്.

# മൃതദേഹം നാട്ടിലെത്തിക്കാനുള്ള ഫീസ് എയർ ഇന്ത്യ കുത്തനെ കൂട്ടി

**ഇരട്ടിയാക്കി ഉയർത്തിയത് യു.എ.ഇയിൽ നിന്നുള്ള ഫീസ്**

കൊച്ചി: യു.എ.ഇയിൽ നിന്ന് ഇന്ത്യക്കാരുടെ മൃതദേഹം നാട്ടിലെത്തിക്കാനുള്ള ഫീസ് എയർ ഇന്ത്യ കുത്തനെ കൂട്ടി.

പുതുക്കിയ നിരക്ക് പ്രകാരം ഒരു മൃതദേഹം നാട്ടിലെത്തിക്കാൻ ശരാശരി 4,000 ദിർഹം (ഏകദേശം 79,000 രൂപ) നൽകണം. കൈകാര്യ ചാർജ്ജായി കിലോയ്ക്ക് രണ്ടു ദിർഹം വീതം വേറെയും നൽകണം.

മൃതദേഹം തൂക്കി നോക്കിയാണ് എയർ ഇന്ത്യ നാട്ടിലെത്തിക്കുന്നത്. കോഴിക്കോട്, കൊച്ചി എന്നിവിടങ്ങളിലേക്കുള്ള പുതുക്കിയ നിരക്ക് 30 ദിർഹമാണ് (ഏകദേശം 600 രൂപ). നേരത്തേയിത് 15 ദിർഹം ആയിരുന്നു.

KPH&CC LTD , THIRUVANANTHAPURAM - 695033
No.KPHCC/9- Plan Scheme/18-19 Dtd: 27/09/2018
Proposed Construction works are in Ernakulam, Thrissur (2 works)
Bid Submission Closing date: 08.10.2018 at 5.00pm
For full details visit www.kphccltd.kerala.gov.in www.etenders.kerala.gov.in

# അഭിലാഷ് ടോമിയെ ഒരാഴ്ചയ്ക്കകം ഇന്ത്യയിലെത്തിക്കും: നാവികസേന

കൊച്ചി: ലോകം ചുറ്റിയുള്ള പായ്‌വഞ്ചി മത്സരത്തിനിടെ പരിക്കേറ്റ മലയാളി കമാൻഡർ അഭിലാഷ് ടോമിയെ അടുത്തയാഴ്ച അവസാനം ഇന്ത്യയിലെത്തിക്കുമെന്ന് നാവികസേന അറിയിച്ചു. ഇപ്പോൾ ഫ്രഞ്ച് അധീനതയിലുള്ള ആംസ്റ്റർഡാം ദ്വീപിൽ ചികിത്സയിലാണ് അഭിലാഷ്.

ഇന്ത്യൻ നാവികസേന കപ്പലായ ഐ.എൻ.എസ് സത്പുര ഇന്ന് രാത്രിയോടെ ദ്വീപിലെത്തും. രാത്രി വൈകി അഭിലാഷുമായി മടങ്ങാനാണ് തീരുമാനം. അപകടത്തിൽപ്പെട്ട പായ്‌വഞ്ചി തുരിയയുടെ അറ്റകുറ്റപ്പണികൾ നടത്താനുള്ള തയ്യാറെടുപ്പുകൾ തുടങ്ങിയെന്നും നാവികസേന അറിയിച്ചു. ഒറ്റയ്ക്ക് ലോകം ചുറ്റുന്ന ഗോൾഡൻ ഗ്ലോബ് മത്സരത്തിനിടെയാണ് തുരിയ എന്ന പായ്‌വഞ്ചിയുടെ പായ്മരം ഒടിഞ്ഞ് മുതുകിൽ വീണ് അഭിലാഷിന്റെ നട്ടെല്ലിന് പരിക്കേറ്റത്. ഗുരുതരമായ പരുക്കുകളില്ലെന്ന് കണ്ടെത്തിയതോടെയാണ് വേഗത്തിൽ ഇന്ത്യയിലെത്തിച്ച് ചികിത്സ നൽകാനുള്ള തീരുമാനം.

# ടൂറിസം പൊലീസിന് കാക്കി ഷർട്ട്, കറുത്ത കോട്ട്

തിരുവനന്തപുരം: ടൂറിസം പൊലീസ് ഉദ്യോഗസ്ഥർക്ക് പുതിയ യൂണിഫോം നിശ്ചയിച്ച് ഡി.ജി.പി ലോക്‌നാഥ് ബെഹ്റ നിർദ്ദേശം പുറപ്പെടുവിച്ചു. നിലവിലുള്ള നീല നിറത്തിലുള്ള ഷർട്ടിനു പകരം ഇനി മുതൽ കാക്കി ഷർട്ട് ധരിക്കണം.

ഷർട്ടിന്റെ ഇടതു കൈയിൽ കേരള പൊലീസ് എന്നും വലതുകൈയിൽ ടൂറിസം പൊലീസ് എന്നും രേഖപ്പെടുത്തിയ ബാഡ്ജ് തുന്നിച്ചേർക്കും. ഷർട്ടിനുപുറമെ കറുത്ത നിറത്തിലുള്ള സ്ലീവ്‌ലെസ് ഓവർകോട്ട് ധരിക്കണം. ഇതിൽ മുന്നിൽ ഇടതുവശത്തും പിന്നിലും വെള്ള ഫ്ളൂറസെന്റ് നിറത്തിൽ ടൂറിസം പൊലീസ് എന്ന് ഇംഗ്ലീഷിൽ എഴുതിയിരിക്കും. ഒക്ടോബർ 15 മുതൽ പുതിയ യൂണിഫോം നിലവിൽ വരും.

**MUTTATHARA SERVICE CO-OPERATIVE BANK LTD.T-413**
VALLAKADAVU, THIRUVANANTHAPURAM-8, PHONE : 0471 - 2501519
E-mail : muttatharascb@gmail.com
**SHORT TENDER NOTICE**
Name of Work : Construction of Second Floor and rennovation work of existing building and Interior work and beautification of front view.
Sealed tenders are invited from Registered contractors for the above work so as to reach the undersigned on or before 4 p.m on 15.10.2018. Tender form can be had from this office on Payment of Rs. 500/- during office hours upto 2 p.m on 10.10.2018. For more details contact Secretary, No. 9447890071.
The period of completion of work will be 3 months from the date of awarding the work.
Sd/- Secretary, Muttathara Service Co-Operative Bank Ltd.

**കേരള സർവകലാശാല**
തിരുവനന്തപുരം
No.18651/Advt-175/2018/PR
No.CA.Admn/05/430/2018
**ദർഘാസ്**
സർവകലാശാലയുടെ കാര്യവട്ടം കാമ്പസിൽ കഫെറ്റീരിയ നടത്തുവാൻ യോഗ്യരായ അപേക്ഷകരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. കോൺട്രാക്റ്റ് കാലാവധി ഒരു വർഷം. താല്പര്യമുള്ള അപേക്ഷകർ നിശ്ചിത മാതൃകയിൽ ക്വട്ടേഷനുകൾ ഡെപ്യൂട്ടി രജിസ്ട്രാർ, കാമ്പസ് ഭരണവിഭാഗം, കാര്യവട്ടം എന്ന പേരിലെടുത്ത പതിനായിരം രൂപ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം ജോയിന്റ് രജിസ്ട്രാർ, കാമ്പസ് ഭരണവിഭാഗം, കേരള സർവകലാശാല കാമ്പസ്, കാര്യവട്ടം 695581 എന്ന വിലാസത്തിൽ 08.10.2018 വൈകിട്ട് 4.00 മണിക്ക് മുമ്പായി സമർപ്പിക്കേതാണ്. വിശദവിവരങ്ങൾ www.keralauniversity.ac.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കും.
തിരുവനന്തപുരം 24.09.2018 — Sd/- രജിസ്ട്രാർ

**ദക്ഷിണ റെയിൽവേ**
**ടെൻഡർ നോട്ടീസ് നമ്പർ: V/C.210/TH/P/Vol.IV/2013 തീയതി 21.09.2018**
**അഞ്ചു വർഷക്കാലത്തേക്ക്** കാഞ്ഞിരമറ്റം, വയലാർ, കാപ്പിൽ, ഇടവ, ചെറിയനാട് ആൻഡ് കുമാരനല്ലൂർ റെയിൽവേ സ്റ്റേഷനുകളിൽ കമ്മിഷൻ വ്യവസ്ഥയിൽ ഹാൾട്ട് ഏജന്റ് നിയമനത്തിന് **ഡിവിഷണൽ റെയിൽവേ മാനേജർ (കൊമേഴ്സ്യൽ) ദക്ഷിണ റെയിൽവേ, തിരുവനന്തപുരം - 14** അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ കുറഞ്ഞത് 10-ാം ക്ലാസ്സ് ജയിച്ചവരും സ്റ്റേഷൻ സ്ഥിതിചെയ്യുന്ന സ്ഥലത്ത് സ്ഥിരം താമസക്കാരുമായിരിക്കണം.
അപേക്ഷാഫോറം **സീനിയർ ഡിവിഷണൽ കൊമേഴ്സ്യൽ മാനേജർ, ദക്ഷിണ റെയിൽവേ, തിരുവനന്തപുരം - 14** - ന്റെ ഓഫീസിൽ നിന്ന് **21.09.2018 മുതൽ 25.10.2018** വരെ പ്രവൃത്തിദിവസങ്ങളിൽ **10.00 - 17.00 മണിക്ക്** ലഭിക്കുന്നതാണ്. അപേക്ഷാ ഫോറം ആവശ്യമായ നിശ്ചിത ഡോക്യുമെന്റുകൾ സഹിതം 11" x 5" വലിപ്പമുള്ള കവറിൽ "Application for Appointment as Halt Agent at ........................" എന്ന് എഴുതി 25.10.2018-ന് മുൻപ് ലഭിക്കത്തക്കവിധം **സീനിയർ ഡിവിഷണൽ കൊമേഴ്സ്യൽ മാനേജർ, ദക്ഷിണ റെയിൽവേ, തൈക്കാട് പി.ഒ, തിരുവനന്തപുരം - 14** എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ www.sr.indianrailways.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതുമാണ്.
25.10.2018-നു ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു സാഹചര്യത്തിലും പരിഗണിക്കുന്നതല്ല.
**സീനിയർ ഡിവിഷണൽ കൊമേഴ്സ്യൽ മാനേജർ, തിരുവനന്തപുരം - 14.**

**SBI ഭാരതീയ സ്റ്റേറ്റ് ബാങ്ക്**
RACPC, ചൈൽഡ് വെൽഫയർ കോംപ്ലക്സ്, LMS കോമ്പൗണ്ട്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-695 033
**സ്ഥാവരസ്വത്ത് കൈവശപ്പെടുത്തൽ നോട്ടീസ്**
[(Rule 8 (1) For immovable property)]
സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 പ്രകാരം അധികാരം കിട്ടിയിട്ടുള്ള **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ** എന്ന നിലയിൽ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) ആക്ട് 2002 സെക്ഷൻ 13 (2) & റൂൾ 3 പ്രകാരം **വായ്പക്കാരിയായ ശ്രീമതി.പ്രേമലത.വി**, പ്രിൻസ് ഭവൻ, വി.പി. 7/1509, പരുത്തിവിള, തോപ്പുമുക്ക്, വട്ടിയൂർക്കാവ് പി.ഒ., തിരുവനന്തപുരം-695013 എന്നയാൾ **27/07/2018**-ാം തീയതി പ്രകാരം **45,04,592.00 (രൂപ നാൽപ്പത്തി അഞ്ച് നാലായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി രണ്ട്)** രൂപയും ഭാവി പലിശയും മറ്റു ചിലവുകളും 60 ദിവസത്തിനകം തിരിച്ചടയ്ക്കുന്നതിന് ഒരു ഡിമാന്റ് നോട്ടീസ് **27.07.2018**-ൽ അയച്ചിരുന്നു.
**ശ്രീമതി.പ്രേമലത.വി** പ്രസ്തുത സമയത്തിനകം തുക അടയ്ക്കുവാൻ വീഴ്ച വരുത്തിയതിനെ തുടർന്ന് മേൽപ്പറഞ്ഞ ആക്ടിലെ സെക്ഷൻ 13 (4) & റൂൾ 8 പ്രകാരമുള്ള അധികാരമുപയോഗിച്ച് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തു **27.09.2018** ൽ കരസ്ഥപ്പെടുത്തിയിരിക്കുന്നതായി **ശ്രീമതി.പ്രേമലത.വി** എന്നയാളെയും പ്രത്യേകിച്ചും ജനങ്ങളെയും പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.
ഈ വസ്തുവിൽ യാതൊരുവിധ ഇടപാടും നടത്തരുതെന്ന് **ശ്രീമതി.പ്രേമലത.വി** എന്നയാളെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ മുന്നറിയിപ്പ് നൽകുന്നു. ഈ വസ്തുവിലുള്ള ഏതൊരു ഇടപാടും **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്ക് 27.09.2018**-ാം തീയതി പ്രകാരം കിട്ടാനുള്ള **45,55,351/- (രൂപ നാൽപ്പത്തി അഞ്ച് ലക്ഷത്തി അൻപത്തി അയ്യായിരത്തി മുന്നൂറ്റി അൻപത്തി ഒന്ന്)** രൂപയ്ക്കും ഭാവി പലിശയ്ക്കും മറ്റു ചിലവുകൾക്കും വിധേയമായിരിക്കും.
ടി ബാദ്ധ്യതയിൽ നിന്നും സെക്യൂർഡ് അസറ്റ്സ് ഒഴിപ്പിച്ചെടുക്കുന്നതിനുള്ള കാലാവധിയെ സംബന്ധിച്ച് സർഫെയിസി നിയമത്തിന്റെ വകുപ്പ് 13 (8) ൽ നിഷ്കർഷിച്ചിട്ടുള്ള വസ്തുതകളിലേയ്ക്ക് കൂടി കടക്കാരുടെ ശ്രദ്ധക്ഷണിച്ചു കൊള്ളുന്നു.
**വസ്തു വിവരണം**
തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ **കരകുളം വില്ലേജിൽ** റീസർവ്വെ നം. 438/17-1-1 ൽ ഉൾപ്പെട്ടതും ശ്രീമതി. പ്രേമലത.വി പേരിൽ സിദ്ധിച്ച **2.03 ആർസ്** വസ്തുവും തന്നകത്തുള്ള സകലവകകളും. **അതിരുകൾ** : വടക്ക് : രാജൻ നാടാർ വക വസ്തു, തെക്ക് : രാജേന്ദ്രൻ വക വസ്തു, കിഴക്ക് : റോഡ്, പടിഞ്ഞാറ് : രാജൻ നാടാർ വക വസ്തു
തീയതി : 27.09.2018 സ്ഥലം : തിരുവനന്തപുരം — (ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് - ഇ-ടെൻഡർ പരസ്യങ്ങൾ**
ചീഫ് എൻജിനീയറുടെ കാര്യാലയം (സിവിൽ ഡാം സേഫ്റ്റി & ഡ്രിപ്), തിരുവനന്തപുരം.
ഇ-ടെൻഡർ ID : 2018_KSEB_230338_1. എനർജി മാനേജ്മെന്റ് സെന്ററിൽ ലൈറ്റിംഗ് ലാബ് നിർമ്മിക്കൽ. **അവസാന തീയതി** : 03.10.2018, 3 p.m. അടങ്കൽ തുക : 65,10,890 രൂപ.
ദർഘാസ് പ്രമാണങ്ങൾക്ക് www.etenders.kerala.gov.in-ഉം വിശദവിവരങ്ങൾക്ക് www.kseb.in-ഉം സന്ദർശിക്കുക.
പിആർ/എംസി1/C103/ഇ-ടെൻഡർ/2018

**നെല്ലിമൂട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ : 2639**
നെല്ലിമൂട് പി.ഒ, തിരുവനന്തപുരം, പിൻ - 695 524
ഹെഡ് ഓഫീസ്: നെല്ലിമൂട്, ഫോൺ : 0471 -2260036,
പോങ്ങിൽ ശാഖ, ഫോൺ : 0471 - 2262536,
പ്രഭാത സായാഹ്നശാഖ , നെല്ലിമൂട്: ഫോൺ : 0471 - 2265336
E-mail : nscb2639@gmail.com
**പൊതുയോഗ നോട്ടീസ്**
ബഹുമാന്യ സഹകാരി സുഹൃത്തേ,
നമ്മുടെ ബാങ്കിന്റെ 2018-19 വർഷത്തെ വാർഷിക പൊതുയോഗം 2018 ഒക്ടോബർ മാസം 14 ഞായറാഴ്ച രാവിലെ 10.30-ന് നെല്ലിമൂട് ന്യൂ ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് ബാങ്ക് പ്രസിഡന്റ് ശ്രീ. ജി.എൽ. രാജഗോപാൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുന്നതിന് തീരുമാനിച്ചിരിക്കുന്നു. പൊതുയോഗത്തിൽ എല്ലാ 'എ' ക്ലാസ്സ് അംഗങ്ങളും പങ്കെടുക്കണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു.
നെല്ലിമൂട്, 26.09.2018. — ആജ്ഞാനുസരണം, — എസ്. സജീവ്, സെക്രട്ടറി.
കാര്യപരിപാടി: 1) ഈശ്വര പ്രാർത്ഥന, 2) അനുസ്മരണം, 3) സ്വാഗതം, 4) പൊതുയോഗ നോട്ടീസ് വായിച്ച് അംഗീകരിക്കുക, 5) ഉപക്രമം, 6) അവാർഡ് വിതരണം, 7) മുൻ പൊതുയോഗ മിനിട്ട്സ് വായിച്ച് അംഗീകരിക്കുക, 8) 2017-18 വർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കുകളും, 9) 2017 - 18 വർഷം ബഡ്ജറ്റിൽ അധികം ചെലവായ തുകയ്ക്കുള്ള അംഗീകാരം, 10) 2018 - 19 വർഷത്തെ ബഡ്ജറ്റ്, 11) 2017-18 വർഷത്തെ ആഡിറ്റ് റിപ്പോർട്ട്, 12) 2017-18 വർഷത്തെ ലാഭവിഭജനം, 13) ചോദ്യങ്ങളും പ്രമേയങ്ങളും, 14) ഇതര വിഷയങ്ങൾ - പ്രസിഡന്റിന്റെ അനുമതിയോടെ, 15) ഉപസംഹാരം, 16) കൃതജ്ഞത.
NB : 1) വാർഷിക റിപ്പോർട്ടും കണക്കും 06.10.2018 ശനിയാഴ്ച മുതൽ ബാങ്ക് ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്. 2) പൊതുയോഗത്തിലേക്കുള്ള ചോദ്യങ്ങളും പ്രമേയങ്ങളും 12.10.2018 വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്ക് മുൻപായി സെക്രട്ടറി വശം ലഭിച്ചിരിക്കേണ്ടതാണ്. 3) പൊതുയോഗത്തിൽ ഹാജരാകുന്ന അംഗങ്ങൾ ബാങ്കിൽ നിന്ന് ലഭിച്ചിട്ടുള്ള തിരിച്ചറിയൽ കാർഡ് (ഐഡന്റിറ്റി കാർഡ്) കൂടികൊണ്ടുവരേണ്ടതാണ്. 4) 2017-18 അദ്ധ്യയനവർഷം നമ്മുടെ ബാങ്ക് അംഗങ്ങളുടെ കുട്ടികളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു, വി.എച്ച്.എസ്.ഇ പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ചിട്ടുള്ളവർക്കും ഡിഗ്രി, പോസ്റ്റ് ഗ്രാഡ്വേറ്റ് പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്കും ഡോക്ടറേറ്റ് ലഭിച്ചവർക്കും ക്യാഷ് അവാർഡുകളും പാരിതോഷികങ്ങളും നല്കി അനുമോദിക്കുന്നു. കൂടാതെ ബി.എസ്‌സി, 2017-18 വർഷത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ചവർക്കുവേണ്ടി ശ്രീ. ഡി. അജി ജോയിസിന്റെ പേരിൽ പിതാവ് ശ്രീ. ഡി.ജെ. ഡേവിഡ്സൺ ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റും നല്കുന്നു. സാക്ഷ്യപ്പെടുത്തിയ മാർക്ക് ഷീറ്റും സർട്ടിഫിക്കറ്റിന്റെ പകർപ്പും 12.10.2018 വൈകുന്നേരം 5 മണിക്ക് മുൻപായി സെക്രട്ടറി വശം ലഭിച്ചിരിക്കേണ്ടതും പൊതുയോഗത്തിൽ ഹാജരായി അവാർഡ് തുകകളും പാരിതോഷികങ്ങളും ഏറ്റുവാങ്ങേണ്ടതുമാണ്.

**അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയം**
എൽ.എസ്.ജി.ഡി സെക്ഷൻ, വെള്ളനാട്, വെള്ളനാട് പി.ഒ, തിരുവനന്തപുരം - 695 543.
Email : aelsgdvlnd@gmail.com
**ദർഘാസ് പരസ്യം**
No. D2-50(1)AE/lsgd/vlnd/2018-19 — 26.09.2018
വാർഷിക പദ്ധതി 2018-19 ഉൾപ്പെടുത്തി വെള്ളനാട് ഗ്രാമപഞ്ചായത്ത് താഴെ പറയുന്ന പ്രവൃത്തികൾക്കുവേണ്ടി തദ്ദേശ സ്വയംഭരണ പൊതുമരാമത്ത്, ജലസേചനം തുടങ്ങിയ വകുപ്പുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും (എ/ബി/സി/ഡി) ക്ലാസ്സ് പരിചയ സമ്പന്നരുമായിട്ടുള്ള കരാറുകാരിൽ നിന്ന് മത്സരാധിഷ്ഠിത ദർഘാസുകൾ ഇ-ടെൻഡർ മുഖേന (5 എണ്ണം) മാന്വൽ ടെൻഡർ (6 എണ്ണം) ഇലക്ട്രിക്കൽ ടെൻഡർ മുഖേന (3 എണ്ണം) ക്ഷണിക്കുന്നു.
ഇ-ടെൻഡർ ദർഘാസ്: ഫോറങ്ങൾ ലഭിക്കുന്ന തീയതി, സമയം : 03.10.2018, 9 എ.എം
ദർഘാസ് ഫോറങ്ങൾ ലഭിക്കുന്ന അവസാന സമയം, തീയതി : 12.10.2018, 2 പി.എം
ദർഘാസ് ഫോറങ്ങൾ ഓൺലൈൻ ആയി സമർപ്പിക്കേണ്ട തീയതി, സമയം : 17.10.2018, 3 പി.എം
ദർഘാസ് രജിസ്റ്റേർഡ് പോസ്റ്റ്/ സ്പീഡ് പോസ്റ്റായി ലഭിക്കേണ്ട അവസാന തീയതി, സമയം : 22.10.2018, 3 പി.എം
ദർഘാസ് തുറക്കുന്ന സമയം : 23.10.2018, 3 പി.എം
മാന്വൽ ടെൻഡർ ഇലക്ട്രിക് ദർഘാസ് പ്രവൃത്തി ഉൾപ്പെടെ
ഫോറങ്ങൾ ലഭിക്കുന്ന തീയതി, സമയം : 03.10.2018, 10 എ.എം
ദർഘാസ് ഫോറങ്ങൾ ലഭിക്കുന്ന അവസാന തീയതി, സമയം : 06.10.2018, 1 പി.എം
ദർഘാസ് രജിസ്റ്റേർഡ് പോസ്റ്റ്/ സ്പീഡ് പോസ്റ്റായി ലഭിക്കേണ്ട അവസാന തീയതി, സമയം : 09.10.2018, 1 പി.എം
ദർഘാസ് തുറക്കുന്ന സമയം : 11.10.2018, 11 എ.എം
ഇലക്ട്രിക് പ്രവൃത്തികൾ, മാന്വൽ ടെൻഡർ പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ പഞ്ചായത്ത് കാര്യാലയം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം എന്നിവിടങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.
വിവരങ്ങൾക്ക് tender.lsgkerala.gov.in എന്ന വെബ്സൈറ്റിൽ വിൻഡോ നമ്പർ G85450, G85448, G85446 എന്നിവ പരിശോധിക്കുക.
വെള്ളനാട്, തീയതി : 26.09.2018. — (ഒപ്പ്) അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി സെക്ഷൻ.

**KERALA STATE TRANSPORT PROJECT, PWD, GOVERNMENT OF KERALA**
**Notice Inviting Bid**
ICB No. KSTP II/PMT/UG VIIIC — Dated : 27.09.2018
NIT for "Upgrading Punalur to Ponkunnam Road (SH 8) (Km 0+000 to KM 82 + 173)
Package 8 C : Km 60 + 000 (Placherry) to KM 82 + 173 (Ponkunnam)
Government of Kerala through Kerala State Transport Project (KSTP) is engaged in the "Upgrading Punalur to Ponkunnam Road (SH 8) (Km 0+000 to KM 82 + 173) - Package 8 C :Km 60 +000 (Placherry) to Km 82 + 173 (Ponkunnam)" through an Engineering, Procurement and Construction (EPC) Contract with assistance from the World Bank and decided to carry out the bidding process for selection of a bidder to whom the project may be awarded. A brief description of the project may be seen in the Information Memorandum of the Project at the Kerala PWD website. Brief particulars of the project as follow:-

| State | NH No. | ICB No. | Name of Work | Estimated Cost in INR | Length Km | Completion Period | Maintenance Period |
|---|---|---|---|---|---|---|---|
| Kerala | SH 8 | KSTP II/PMT/UG VIIIC | Upgrading Punalur to Ponkunnam Road (SH 8) (Km 0 + 000 to Km 82 + 173) - Package 8C : Km 60 +000 (Placherry) to Km 82 + 173 (Ponkunnam) to Two lane with paved shoulders in the state of Kerala on EPC mode | 231.81 Crores | 22.173 | 18 Months | 5 Years |

The complete BID document can be viewed/ downloaded from e-procurement portal of government www.etendering.gov.in from 05.11.2018 to 19.12.2018 (up to 18:00 Hrs. IST). Bid must be submitted online only through the protal www.etendering.gov.in on or before 19.12.2018 (up to 17:00 hours IST). Bids received online shall be opened on 22.12.2018 (at 16.00 hours IST).
Bid through any other mode shall not be entertained. However, Bid Security, document fee, Power of Attorney, joint bidding agreement, etc. shall be submitted physically by the Bidder on or before 22.12.2018 (up to 16:00 hours IST). Please note that the Authority reserves the right to accept or reject all or any of the BIDs without assigning any reason whatsoever.
Name : Project Director,
Address : Kerala State Transport Project
(For and on behalf of the Governor of the State of Kerala),
Kerala State Transport Project (KSTP), Project Management Team,
T.C-11/339, SreeBala Building, Keston Road, Nanthancode,
Kowdiar P.O, Thiruvananthapuram - 695 003.
Tele Phone : 0471 - 2318985/ 2318946. Tele Fax : 0471 - 2318985/ 2318946.
e-mail : pdkstp@gmail.com,
Website : www.keralapwd.gov.in.

## കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471-2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

**കാരുണ്യ പ്ലസ് KN-232 നറുക്കെടുപ്പ് ഫലം 27/09/2018**
സ്ഥലം : ഗോർക്കി ഭവൻ, ബേക്കറി ജംഗ്ഷന് സമീപം, തിരുവനന്തപുരം

**ഒന്നാം സമ്മാനം 80 ലക്ഷം രൂപ** PG 710532 (ആലപ്പുഴ)

**സമാശ്വാസ സമ്മാനം 8000 രൂപ**
PA 710532 PB 710532 PC 710532 PD 710532 PE 710532 PH 710532 PJ 710532 PK 710532 PL 710532

**2-ാം സമ്മാനം 10 ലക്ഷം രൂപ** PG 194468 (കോട്ടയം)

**3-ാം സമ്മാനം 1 ലക്ഷം രൂപ**
PA 602424 (എറണാകുളം) PB 746174 (കണ്ണൂർ) PC 668015 (പത്തനംതിട്ട) PD 244079 (ഇടുക്കി)
PE 309254 (ഇടുക്കി) PG 729921 (തൃശൂർ) PH 660279 (തിരുവനന്തപുരം) PJ 692400 (കോട്ടയം)
PK 357232 (പാലക്കാട്) PL 749991 (എറണാകുളം)

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

**4-ാം സമ്മാനം 5000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0439 | 1095 | 2211 | 3894 | 4103 | 5564 | 6173 | 6867 | 7104 | 7295 |
| 8001 | 8436 | 8454 | 9692 | | | | | | |

**5-ാം സമ്മാനം 2000 രൂപ**

| | | | | | | | |
|---|---|---|---|---|---|---|---|
| 0377 | 1270 | 5351 | 5732 | 6071 | 6368 | 7962 | 8694 |

**6-ാം സമ്മാനം 1000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0314 | 0402 | 0406 | 1134 | 1285 | 1299 | 1813 | 1833 | 1864 | 2308 |
| 2453 | 2513 | 2563 | 2730 | 2861 | 2980 | 3654 | 3835 | 4116 | 4206 |
| 4293 | 4457 | 4995 | 5376 | 5566 | 5742 | 5982 | 6270 | 6393 | 6733 |
| 7479 | 7715 | 7794 | 8004 | 8065 | 8359 | 8630 | 8995 | 9469 | 9681 |

**7-ാം സമ്മാനം 500 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0409 | 0411 | 0421 | 0475 | 0501 | 0656 | 0721 | 0737 | 0818 | 0942 |
| 1046 | 1088 | 1489 | 1769 | 1859 | 2191 | 2206 | 2408 | 2718 | 2892 |
| 2934 | 3016 | 3090 | 3148 | 3316 | 3355 | 3367 | 3444 | 3543 | 3734 |
| 3758 | 3828 | 4097 | 4228 | 4495 | 4552 | 4555 | 4615 | 4760 | 5017 |
| 5103 | 5423 | 5876 | 6103 | 6107 | 6122 | 6237 | 6259 | 6307 | 6530 |
| 6621 | 6708 | 6761 | 6861 | 7304 | 7492 | 7650 | 7733 | 7777 | 7922 |
| 7941 | 8071 | 8166 | 8212 | 8405 | 8473 | 8505 | 8956 | 9072 | 9597 |
| 9760 | 9854 | | | | | | | | |

**8-ാം സമ്മാനം 100 രൂപ**


| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0260 | 0424 | 0455 | 0507 | 0805 | 1081 | 1152 | 1354 | 1618 | 1886 |
| 1895 | 1919 | 1944 | 1987 | 2226 | 2299 | 2319 | 2402 | 2448 | 2798 |
| 2978 | 3019 | 3079 | 3125 | 3239 | 3466 | 3470 | 3497 | 3618 | 3678 |
| 3699 | 3736 | 3912 | 3994 | 4048 | 4245 | 4337 | 4346 | 4348 | 4422 |
| 4484 | 4514 | 4529 | 4632 | 4727 | 4731 | 4758 | 4871 | 4909 | 5048 |
| 5207 | 5228 | 5237 | 5281 | 5295 | 5375 | 5441 | 5446 | 5597 | 5730 |
| 5768 | 5770 | 5791 | 5845 | 5922 | 5971 | 6075 | 6102 | 6264 | 6634 |
| 6683 | 6774 | 6886 | 6913 | 7044 | 7188 | 7201 | 7261 | 7338 | 7376 |
| 7527 | 7566 | 7580 | 7799 | 7851 | 7861 | 7883 | 7974 | 7975 | 8120 |
| 8131 | 8183 | 8201 | 8273 | 8302 | 8310 | 8812 | 8905 | 9015 | 9029 |
| 9199 | 9297 | 9405 | 9444 | 9502 | 9552 | 9557 | 9665 | 9673 | 9728 |
| 9770 | 9870 | | | | | | | | |

(ഒപ്പ്) ടി.എ.പത്മകുമാർ, ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക.

അടുത്ത KN-233 നറുക്കെടുപ്പ് 04/10/2018
ഗോർക്കി ഭവൻ, ബേക്കറി ജംഗ്ഷന് സമീപം, തിരുവനന്തപുരം

ഗുരുമാർഗം

ബ്രഹ്മാവിനം മഹാവിഷ്ണുവിനം പോലും പൂർണമായി തിട്ടപ്പെടുത്താൻ കഴിയാത്തതാണവിടുത്തെ മഹിമ എങ്കിലും മന്ദബുദ്ധിയായ ഇവൻ സർവജ്ഞനായ അങ്ങയുടെ മുന്നിൽ ചില ആഗ്രഹങ്ങൾ വെളിപ്പെടുത്തി. അത്രയേയുള്ളൂ.



www.keralakaumudi.com www.facebook.com/keralakaumudi

ഒരു ജാതി ഒരു മതം ഒരു ദൈവം

ഭരണി 50-30
തൃതീയ 06 - 13
1940 ആശ്വിനം 06
1439 മുഹറം 17
1194 കന്നി 12

# അവസാന ആശ്രയം കോടതിതന്നെ

വർദ്ധിച്ചു കൊണ്ടേയിരിക്കുന്ന റോഡപകടങ്ങളോട് നിസംഗത പുലർത്തുന്ന അധികാരികളുടെ കണ്ണുതുറപ്പിക്കാൻ പര്യാപ്തമാണ് തൃശ്ശൂർ മജിസ്ട്രേട്ട് കോടതിയുടെ നിർദ്ദേശപ്രകാരം പീച്ചി പൊലീസ് രജിസ്റ്റർ ചെയ്ത ഒരു കേസ്. ദേശീയപാതയിൽ പെട്ട മണ്ണുത്തി-വടക്കഞ്ചേരി ഭാഗത്ത് തുടർച്ചയായുണ്ടാകുന്ന വാഹനാപകടങ്ങൾക്ക് കാരണം റോഡ് നിർമ്മാണത്തിലെ അപാകതയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് കാണുന്ന അനാസ്ഥയുമാണെന്ന് ചൂണ്ടിക്കാട്ടി തൃശ്ശൂർ ഡി.സി.സി സെക്രട്ടറി അഡ്വ. ഷാജി ജെ. കോടങ്കണ്ടത്ത് സമർപ്പിച്ച ഹർജിയിന്മേലാണ് ദേശീയപാത അതോറിട്ടി ഉദ്യോഗസ്ഥർക്കെതിരെ പൊലീസ് കേസെടുത്തിരിക്കുന്നത്. അതോറിട്ടി ചെയർമാനടക്കം എട്ട് ഉദ്യോഗസ്ഥന്മാർക്കെതിരെ മനപൂർവമല്ലാത്ത നരഹത്യയ്ക്കാണ് കേസ്. റോഡ് പണി ഏറ്റെടുത്ത കരാർ കമ്പനിയുടെ ഉദ്യോഗസ്ഥരും ഇക്കൂട്ടത്തിൽപ്പെടും. കഴിഞ്ഞ ഒരു വർഷത്തിനിടെ റോഡിൽ ഈ ഭാഗത്ത് അനവധി അപകടങ്ങളുണ്ടായി. പതിനെട്ടുപേർ മരിക്കുകയും നിരവധിപേർക്ക് പരിക്കേൽക്കുകയും ചെയ്തു. പൊലീസ് കണക്കനുസരിച്ച് അഞ്ചുവർഷത്തിനിടെ ഇവിടെ അപകടങ്ങളിൽപ്പെട്ട് 54 പേരുടെ ജീവനാണ് പൊലിഞ്ഞത്. സ്ഥിരം അപകടക്കെണിയായിട്ടും നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കാനോ തകർന്ന ഭാഗങ്ങൾ നേരെയാക്കാനോ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരോ കരാർ കമ്പനിയോ തയ്യാറായില്ലെന്നാണ് ഹർജിയിൽ ഉന്നയിക്കപ്പെട്ട പരാതി. റോഡിന്റെ അപകടാവസ്ഥയാണ് തുടർച്ചയായ അപകടങ്ങൾക്ക് കാരണമാകുന്നതെന്ന് ബോദ്ധ്യമായിട്ടും പരിഹാര നടപടികൾ എടുക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാകുന്നില്ല. കേസിൽപെട്ട് പൊലീസ് സ്റ്റേഷനിലും കോടതിയിലും കയറേണ്ടി വരുമ്പോഴെങ്കിലും ചുമതലാബോധം ജനിക്കുമെന്ന് പ്രതീക്ഷിക്കാം. തൃശ്ശൂർ മജിസ്ട്രേട്ട് കോടതിയുടെ ഉത്തരവ് വളരെ മാതൃകാപരമെന്നുതന്നെ പറയാവുന്നതാണ്. കാരണം പൊതുപ്രാധാന്യമുള്ള ഇത്തരം വിഷയങ്ങളിൽ പൊതുജനങ്ങളുടേതിനെക്കാൾ നീതിപീഠങ്ങളുടെ ഇടപെടലുകളാണ് പലപ്പോഴും ഫലവത്താകുന്നത്.

**വാഹനപ്പെരുപ്പത്താൽ വല്ലാതെ ശ്വാസംമുട്ടുന്ന സംസ്ഥാനത്തിന് ഈ വകകാര്യങ്ങളിൽ സംഭവിക്കുന്ന പാകപ്പിഴകൾക്ക് അതിഭീമമായ വിലയാണ് നൽകേണ്ടി വരുന്നത്. പൊതുപ്രാധാന്യമുള്ള ഇത്തരം വിഷയങ്ങളിൽ ജനങ്ങൾ കൂടുതൽ അവകാശബോധം നേടുകയും കഷ്ടനഷ്ടങ്ങൾക്ക് നീതിപീഠം വഴി സങ്കടനിവൃത്തിക്ക് ശ്രമിക്കുകയും വേണം**

റോഡ് നിർമ്മാണത്തിലെ വൈകല്യങ്ങളും യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യാത്തതു മൂലമുണ്ടാകുന്ന തകരാറുകളും മണ്ണുത്തി-വടക്കഞ്ചേരി ഭാഗത്തുമാത്രം കാണുന്ന പ്രതിഭാസമല്ല. സംസ്ഥാനത്തുടനീളം ഇത്തരത്തിൽ അപകടക്കെണികൾ നിറഞ്ഞ റോഡുകൾ കാണാം. ബ്ലാക്ക് സ്പോട്ട് എന്ന് ഗതാഗത വകുപ്പുതന്നെ മാർക്ക് ചെയ്തിട്ടുള്ള റോഡുകൾ അനവധിയുണ്ട്. അപകടങ്ങൾ തുടരെ ഉണ്ടായിട്ടും ഈ ഗണത്തിൽപ്പെടുന്ന റോഡ് ഭാഗങ്ങൾ അപകടരഹിതമായ വിധത്തിൽ പുനർനിർമ്മിക്കാനോ വേണ്ടവിധം പരിപാലിക്കാനോ കഴിയാറില്ല. റോഡുകളിൽ വലിയ ഗർത്തങ്ങൾ രൂപപ്പെടുന്നതും അവയിൽ വാഹനങ്ങൾ ചാടി അപകടങ്ങൾ സംഭവിക്കുന്നതും വാർത്തയേ അല്ലാതായിട്ടുണ്ട്. വിവിധ വകുപ്പുകാർ വിവിധ ആവശ്യങ്ങൾക്കായി റോഡുകൾ കുഴിക്കുന്നത് പതിവാണ്. പണി തീർന്നാലും കുഴികൾ ശരിയായ വിധത്തിൽ മൂടുന്നത് അപൂർവമാണ്. മുന്നറിയിപ്പു സൂചന പോലും ഇല്ലാത്തതുകാരണം ഇത്തരം കുഴികളിൽ വീണ് എത്രയോ പേർ അകാലമൃത്യുവിന് ഇരയായിട്ടുണ്ട്. അപകടങ്ങളിൽപെട്ട് എത്രപേർ മരിച്ചാലും കൃത്യവിലോപത്തിന്റെ പേരിൽ ഒരുദ്യോഗസ്ഥനും കോടതി കയറേണ്ടിവരാറില്ല. പൊതുജനങ്ങൾക്ക് നിയമബോധമില്ലാത്തതാണ് അവർക്ക് രക്ഷയാകുന്നത്. പൊതുറോഡുകൾ സുഗമമായ വാഹനയാത്ര ഉറപ്പാക്കാൻ വേണ്ടിയുള്ളവയാണെന്ന വിദൂര ധാരണ പോലുമില്ലാതെയാണ് റോഡുകളുടെ മേൽ നടക്കുന്ന കൈയേറ്റങ്ങൾ. അപകടത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ ബന്ധുക്കളും പരിക്കേറ്റ് ജീവിതം വഴിമുട്ടുന്നവരും ഓരോ കേസിലും നഷ്ടപരിഹാരത്തിനായി നീതിപീഠത്തെ സമീപിക്കുന്ന അവസ്ഥ വന്നാലേ ഉദ്യോഗസ്ഥർക്ക് ചുമതലാബോധം ഉണ്ടാവുകയുള്ളൂ. ചുമതലകൾ മറക്കുന്നവരെ അതിന് പ്രേരിപ്പിക്കാൻ നിയമനടപടി തന്നെയാണ് വേണ്ടത്.

ഒരു വർഷം മുൻപ് സംസ്ഥാന പൊതുമരാമത്ത് മന്ത്രി നേരിട്ട് കഴക്കൂട്ടം പൊലീസ് സ്റ്റേഷനിലെത്തി റോഡ് പണി അനിശ്ചിതമായി നീട്ടിക്കൊണ്ടുപോയ കരാറുകാരനെതിരെ കേസ് കൊടുത്ത സംഭവം ആരും മറന്നുകാണില്ല. കഴക്കൂട്ടം മുതൽ കാര്യവട്ടംവരെയുള്ള ദേശീയപാതയുടെ ഭാഗം മാസങ്ങളായി തകർന്ന നിലയിലായിരുന്നു. അനവധി അപകടങ്ങളും ഇവിടെ നടന്നു. ഏതാനും പേർക്ക് ജീവനും നഷ്ടമായി. റോഡ് പണി ഏറ്റെടുത്ത കരാറുകാരൻ കരാർ കാലാവധി കഴിഞ്ഞിട്ടും പണി തുടങ്ങാതെ വന്നപ്പോഴാണ് മന്ത്രി കരാറുകാരന്റെ അറസ്റ്റ് ആവശ്യപ്പെട്ട് പൊലീസിനെ സമീപിച്ചത്. അതിന് ഫലവുമുണ്ടായി. പിറ്റേദിവസം രാവിലെതന്നെ കരാറുകാരൻ എത്തി റോഡ് പണി തുടങ്ങി.

സംസ്ഥാനത്തെ റോഡുകളുടെ പൊതുവായ അനാഥാവസ്ഥയ്ക്ക് ഉദ്യോഗസ്ഥ തലത്തിൽ സംഭവിക്കുന്ന അലംഭാവവും കെടുകാര്യസ്ഥതയും പ്രധാന കാരണമാണ്. സ്ഥിരം അപകട മേഖലകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിൽപോലും കാണാം മാപ്പർഹിക്കാത്ത അലസ സമീപനം. ഒരേ സ്ഥലത്ത് തുടർച്ചയായി അപകടങ്ങൾ ഉണ്ടാകുന്നുവെങ്കിൽ അതിന്റെ കാരണങ്ങൾ വിശകലനം ചെയ്ത് പരിഹാര നടപടി സ്വീകരിക്കുക തന്നെ വേണം. റോഡുകൾ സുരക്ഷിതമാക്കുന്നതിനൊപ്പം തന്നെ ഗതാഗത നിയന്ത്രണത്തിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്. വാഹനപ്പെരുപ്പത്താൽ വല്ലാതെ ശ്വാസംമുട്ടുന്ന സംസ്ഥാനത്തിന് ഈ വകകാര്യങ്ങളിൽ സംഭവിക്കുന്ന പാകപ്പിഴകൾക്ക് അതിഭീമമായ വിലയാണ് നൽകേണ്ടി വരുന്നത്. പൊതുപ്രാധാന്യമുള്ള ഇത്തരം വിഷയങ്ങളിൽ ജനങ്ങൾ കൂടുതൽ അവകാശബോധം നേടുകയും കഷ്ടനഷ്ടങ്ങൾക്ക് നീതിപീഠം വഴി സങ്കടനിവൃത്തിക്ക് ശ്രമിക്കുകയും വേണം. കടമകളെയും ചുമതലകളെയും കുറിച്ച് ഉദ്യോഗസ്ഥരെ ഓർമ്മിപ്പിക്കാൻ ഉതകുന്നതാണ് തൃശ്ശൂരിൽ ദേശീയ പാതയുമായി ബന്ധപ്പെട്ട് കോടതിയിലെത്തിയ ഹർജിയും തുടർന്നുണ്ടായ പൊലീസ് നടപടികളും.

## പ്രളയത്തിന് മീതേ പറക്കാൻ കുടുംബശ്രീ സംഘക്കൃഷി

# തളർന്നില്ല, എങ്കിലും താങ്ങ് വേണം



പി.സായ്നാഥ്



*വിവിധ സംഘകൃഷി ഗ്രൂപ്പുകളിൽ നിന്നുള്ള കുടുംബശ്രീ അംഗങ്ങൾ റാന്നി അങ്ങാടി പഞ്ചായത്ത് ഓഫീസിൽ യോഗം ചേർന്നപ്പോൾ*

**ബാങ്കുകളും മറ്റ് സ്ഥാപനങ്ങളും കുടുംബശ്രീയെ സഹായിക്കണം. നമ്മുടെയെല്ലാം ഐക്യദാർഢ്യവും അവർക്ക് വേണം. പാവപ്പെട്ട വനിതകൾ നയിക്കുന്ന മഹത്തായ ഈ കാർഷിക പ്രസ്ഥാനത്തിന് ഈ രാജ്യത്ത് സമാനതകളില്ല**

സർവനാശത്തിന്റെ പ്രതീകമാണ് ഈ പാടങ്ങൾ. ഒരിക്കൽ ലാഭമുണ്ടാക്കി നെല്ലും മരച്ചീനിയും വിളഞ്ഞ പാടങ്ങൾ നദിയുടെ അടിത്തട്ടിൽ നിന്ന് ഒഴുകി വന്ന ചെളിയും പ്രളയം അടിച്ചുകയറ്റിയ മാലിന്യങ്ങളും മൂടിക്കിടക്കുന്നു. ഏക്കറുകൾ കണക്കിന് കൃഷിഭൂമിയിൽ ചെളിയുടെയും മാലിന്യങ്ങളുടെയും ഈ മാരകമായ മിശ്രിതം സൂര്യന്റെ കത്തുന്ന ചൂടിൽ ഉണങ്ങി കട്ടിപിടിച്ച് മണ്ണിന് മുകളിൽ ഒരു കോൺക്രീറ്റ് പുതപ്പ് പോലെ മൂടിയിരിക്കുന്നു.

ഭൂമിയുടെ ജലാവരണം പാതാളത്തിലേക്ക് താഴ്ന്നു. ഭൂഗർഭജലത്തിന്റെ പുനരുജ്ജീവന സമൃദ്ധി സംഭവിക്കുന്നില്ല. കിണറുകൾ വറ്റുന്നു. ചൂട് കൂടുന്നു. ഇതെല്ലാം ഭൂമിയുടെ ഉപരിതലത്തിലെയും ഭൂഗർഭത്തിലെയും ജലസമവാക്യങ്ങൾ പാടേ തെറ്റിച്ചു. നദികളുടെ പരിസ്ഥിതി മാറിമറിഞ്ഞു. അടിയിലെ മണൽത്തട്ടും ചെളിയും നഷ്ടപ്പെട്ടതോടെ നദികൾക്കും അരുവികൾക്കും വെള്ളം പിടിച്ചു നിറുത്താനുള്ള ശേഷി നഷ്ടമായി. ഇനി കേരളം നേരിടുന്ന ദുരന്തം വരൾച്ചയായിരിക്കും. ഈ സാഹചര്യങ്ങളിൽ കൃഷി പുനരാരംഭിക്കുക ഉറച്ച മനസുള്ള കർഷകന്റെ പോലും ഹൃദയം തകർക്കുന്ന വെല്ലുവിളിയാണ്.

പക്ഷേ, കുടുംബശ്രീയിലെ വനിതാ കർഷകർക്ക് ഇതൊന്നും ഒരു പ്രശ്നമേ അല്ല. അവർ രണ്ടര ലക്ഷത്തിലേറെ വരും. കേരളത്തിലെമ്പാടും വ്യാപിച്ചു കിടക്കുന്ന അതിബൃഹത്തായ വനിതകളുടെ സാമൂഹ്യ ശൃംഖലയുടെ ഒരു ഭാഗം മാത്രമാണത്. കുടുംബത്തിന്റെ ഐശ്വര്യം എന്നർത്ഥം വരുന്ന കുടുംബശ്രീയിൽ മൊത്തം 45 ലക്ഷം അംഗങ്ങളുണ്ട്. പ്രായപൂർത്തിയായ സ്ത്രീകൾക്കാണ് അംഗത്വം. എങ്കിലും ഒരു കുടുംബത്തിലെ ഒരു സ്ത്രീക്കായി അംഗത്വം പരിമിതപ്പെടുത്തിയിരിക്കുന്നു. കേരളത്തിലെ 77ലക്ഷം കുടുംബങ്ങളിലെ 60 ശതമാനത്തിലെയും ഒരംഗം ഈ കൂട്ടായ്മയിൽ അംഗമാണ്.

കുടുംബശ്രീയുടെ ഹൃദയം 3.2 ലക്ഷം സ്ത്രീ കർഷകരാണ്. സംഘകൃഷി എന്ന ചെറിയ കൂട്ടുകൃഷി ഗ്രൂപ്പുകളായി തിരിഞ്ഞാണ് ഇവരുടെ പ്രവർത്തനം. 3.25 ലക്ഷം വനിതാ കർഷകരുൾപ്പെടെ മൊത്തം 45 ലക്ഷം അംഗങ്ങളുള്ള കുടുംബശ്രീ ലിംഗനീതിക്കും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വേണ്ടി നിലകൊള്ളുന്ന ലോകത്തെ ഏറ്റവും വലിയ പ്രസ്ഥാനമാണ്. ശരാശരി അഞ്ച് അംഗങ്ങൾ വീതമുള്ള 70,000 സംഘകൃഷി ഗ്രൂപ്പുകളാണുള്ളത്. ഓരോ ഗ്രൂപ്പും രണ്ടര ഏക്കറിൽ താഴെയുള്ള പാട്ടത്തിലെടുത്ത ഭൂമിയിലാണ് കൃഷി നടത്തുന്നത്. ചിലയിടങ്ങളിൽ ഒരേക്കറേ കാണൂ. ഭൂരിഭാഗവും ജൈവകൃഷിയാണ്. കൃഷി പാടേ തകർന്ന രാജ്യത്ത് ഈ വനിതകൾ പാട്ട ഭൂമിയിലെ കൃഷി ഫാമുകൾ ലാഭകരമായും ഭക്ഷ്യനീതി എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലും നടത്തുകയാണ്. ഗ്രൂപ്പിലെ എല്ലാ അംഗങ്ങളുടെയും ആവശ്യം കഴിഞ്ഞ് അധികം വരുന്ന ഉത്പന്നങ്ങൾ മാത്രം അവർ വിൽക്കുന്നു.

കാര്യക്ഷമതയുടെയും വിജയത്തിന്റെയും മറ്റൊരു വനിതാ മുന്നേറ്റം രാജ്യത്ത് മറ്റെങ്ങും കാണാൻ കഴിയില്ല. അതിന്റെ തെളിവാണ് ഇവിടെ ബാങ്കുകൾ അവരുടെ പിന്നാലെ ഓടുന്നത്. അവർക്ക് ബാങ്കുകളുടെ പടികൾ കയറി ഇറങ്ങേണ്ട കാര്യമില്ല. ഞങ്ങൾ ഇപ്പോൾ നിൽക്കുന്ന പത്തനംതിട്ട ജില്ലയിൽ കുടുംബ ശ്രീ വനിതകളുടെ വായ്പാ തിരിച്ചടവ് നിരക്ക് 98.5 ശതമാനമാണ്. ചില ഗ്രാമങ്ങളിൽ പ്രാദേശിക ബാങ്കുകളിലെ ഏറ്റവും വലിയ നിക്ഷേപകർ കുടുംബശ്രീയാണ്, പക്ഷേ പ്രളയം സംഘകൃഷിയെ തകർത്തുകളഞ്ഞു. 400 കോടി രൂപയുടെ നഷ്ടമാണ് അവർക്കുണ്ടായത്. അതിൽ 200 കോടിയും കാർഷിക വിളകൾക്കുണ്ടായ നാശമാണ്. മണ്ണിന്റെ ഫലഭൂയിഷ്ടി നഷ്ടപ്പെട്ടതും ഭൂമി വീണ്ടെടുക്കുന്നതിനുള്ള ചെലവും വായ്പ ഇനത്തിലുള്ള നഷ്ടവും മറ്റ് യാദൃച്ഛിക നഷ്ടങ്ങളുമാണ് ബാക്കി. മറ്റ് ചെലവുകൾ എല്ലാം കൂടി കൂട്ടുമ്പോൾ യഥാർത്ഥ നഷ്ടം ഇനിയും ഉയരും.

റാന്നി ബ്ലോക്കിലെ ഒൻപത് പഞ്ചായത്തുകളിലെ 92 ഏക്കർ പാട്ടഭൂമിയിൽ കൃഷി നടത്തിയിരുന്ന 71 സംഘകൃഷി ഗ്രൂപ്പുകൾ ഇക്കൊല്ലം 72 ലക്ഷം രൂപ ബാങ്ക് ലോൺ എടുത്തിരുന്നു. പ്രളയത്തിൽ അതെല്ലാം പോയെന്ന് പ്രമുഖ കുടുംബശ്രീ പ്രവർത്തകയും സംഘ കർഷകയുമായ ഓമന രാജൻ പറഞ്ഞു. ഓമനയുടെ സംഘമായ 'മന്നാ' (ദൈവത്തിന്റെസമ്മാനം) കഴിഞ്ഞ വർഷം വാഴക്കൃഷിയിൽ നിന്ന് മാത്രം രണ്ട് ലക്ഷം രൂപ ലാഭമുണ്ടാക്കിയിരുന്നു. ഗ്രൂപ്പിലെ അഞ്ച് അംഗങ്ങളും കഴിഞ്ഞ വർഷം 50,000 രൂപ വീതം ലാഭമുണ്ടാക്കി. "ജൈവകൃഷിയായതിനാൽ നല്ല വില കിട്ടിയിരുന്നു. പക്ഷേ ഇത്തവണ ഏറ്റവും മികച്ച വില കിട്ടേണ്ട ഓണം സീസൺ നഷ്ടമായി. പ്രളയം എല്ലാം നശിപ്പിച്ചു. പക്ഷേ എല്ലാം ഞങ്ങൾ വീണ്ടും കെട്ടിപ്പടുക്കും-" ഓമന രാജൻ പറഞ്ഞു.

റാന്നിയിലെ അങ്ങാടി ഗ്രാമത്തിൽ ആ നാശം ഞങ്ങൾ കണ്ടു. പഞ്ചായത്തിലെ 71 സംഘകൃഷികളിൽ പത്തിൽ താഴെ എണ്ണത്തിന് മാത്രമേ ഇൻഷ്വറൻസ് ഉള്ളൂ. പാട്ടഭൂമിക്ക് ഇൻഷ്വറൻസ് കിട്ടുക എളുമല്ല. ഇവിടെ എങ്ങോട്ട് നോക്കിയാലും നാശത്തിന്റെ ദൃശ്യങ്ങളാണ്. ഒരു നൂറ്റാണ്ടിൽ കേരളത്തിലുണ്ടാകുന്ന ഏറ്റവും ഭീകരമായ പ്രളയത്തിന്റെ കെടുതികൾ. പക്ഷേ അതിനെയെല്ലാം തോൽപ്പിക്കുന്ന ധൈര്യവും ഊർജ്ജവുമാണ് ഈ സ്ത്രീകൾക്ക്. റാന്നി അങ്ങാടി പഞ്ചായത്ത് ഓഫീസിൽ ഞങ്ങൾ ആദ്യം കണ്ടപ്പോൾ അവർ പൊട്ടിച്ചിരിച്ച് ഉല്ലാസവതികളായിരുന്നു. പഞ്ചായത്ത് പ്രസിഡന്റ് ബാബു അതേപ്പറ്റി തമാശ പറയുകയും ചെയ്തു. 'നമ്മൾ ഒരു വലിയ ദുരന്തത്തിന്റെ നടുവിലാണെന്ന് കരുതി അതേപ്പറ്റി എഴുതാൻ വന്നതാണ് ഈ മനുഷ്യൻ. നിങ്ങളാകട്ടെ പൊട്ടിച്ചിരിക്കുന്നു, അദ്ദേഹം എന്ത് കരുതും? നമുക്ക് അല്പം കൂടി ഗൗരവം വേണ്ടേ?'-അദ്ദേഹം ചോദിച്ചു. മുമ്പത്തെക്കാൾ വലിയ പൊട്ടിച്ചിരിയായിരുന്നു അതിന് മറുപടി. ഞാൻ മുംബയ്ക്കാരനായതിനാൽ ചില സ്ത്രീകൾ എന്നോട് ഹിന്ദിയിൽ തന്നെ സംസാരിക്കാൻ വാശി കാട്ടുകയും ചെയ്തു.

ഒരേക്കർ വാഴക്കൃഷിക്ക് മൂന്ന് ലക്ഷത്തിലേറെ രൂപ ചെലവുണ്ട് - കുടുംബശ്രീ പ്രവർത്തകയായ ബിജോയി വിശദീകരിച്ചു. ആയിരം വാഴയുണ്ടാകും. ഓരോ വാഴയ്ക്കും 300 രൂപ ചെലവാകും. ജൈവ കീടനാശിനിയാണ് ഉപയോഗിക്കുന്നത്. അതിന് കുറച്ച് പണം വേണം. ജോലിക്കൂലിയും കൂടുതലാണ്. പക്ഷേ ഒരേക്കറിൽ നിന്ന് 10-12 ടൺ വാഴക്കുല കിട്ടും. കിലോയ്ക്ക് 60 രൂപ വച്ച് വിൽക്കാം. ഒന്നര മുതൽ രണ്ട് ലക്ഷം രൂപ വരെ ലാഭം കിട്ടും. ഓണത്തിനാണെങ്കിൽ കിലോയ്ക്ക് 80-85 രൂപയ്ക്ക് വിൽക്കാം-'സംഗമം' സംഘക്കൃഷിയിലെ ഷൈനി ജോസഫ് പറഞ്ഞു.

കഴിഞ്ഞ വർഷം സംഗമത്തിലെ ആറ് അംഗങ്ങളും 50,000 രൂപ വീതം ലാഭമുണ്ടാക്കി. ഇത്തവണ എല്ലാം നഷ്ടമായി. മൂന്നേക്കറിലെ കൃഷിയാണ് നശിച്ചത്. ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യാൻ മാത്രം ഏക്കറിന് ഒരു ലക്ഷം രൂപയെങ്കിലും ചെലവാകും. കനാലുകളും വൃത്തിയാക്കണം. അതിന് മൂന്ന് മാസമെങ്കിലും എടുക്കും. പെട്ടെന്ന് തീർക്കാനാണ് ഞങ്ങൾ നോക്കുന്നത്. എല്ലാം ഉണങ്ങി ഇപ്പോൾ കടുത്ത വരൾച്ചയെയാണ് ഞങ്ങൾക്ക് നേരിടേണ്ടത്- ഷൈനി പറഞ്ഞു.


എല്ലാം പെട്ടെന്ന് കെട്ടിപ്പടുക്കുമെന്നാണ് ഞങ്ങൾ സംസാരിച്ച ഓരോ സ്ത്രീയും പറഞ്ഞത്. കാര്യങ്ങൾ എത്ര ഗുരുതരമാണെന്ന് അറിയാതെയല്ല ഈ പറച്ചിൽ. എല്ലാ തകർച്ചയെയും കടത്തിവെട്ടുന്ന ഇച്ഛാശക്തിയാണ് അവർക്ക്. "ഞങ്ങളുടേത് സംഘടിത ശക്തിയാണ്. ഐക്യത്തിൽ നിന്നാണ് ഈ ധൈര്യവും ആത്മവിശ്വാസവും ഞങ്ങൾ വലിച്ചെടുക്കുന്നത്.'

സംഘകൃഷി കർഷകർക്ക് മിക്കവാറും എല്ലാം നഷ്ടപ്പെട്ടു, എന്നിട്ടും അവർ ചെറിയ ചെറിയ സംഭാവനകൾ സ്വരുക്കൂട്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഏഴ്കോടി രൂപ സമാഹരിക്കാൻ കുടുംബശ്രീയെ സഹായിച്ചു. ഈ കഷ്ടതകൾക്കിടെ സെപ്തംബർ 11 കുടുംബശ്രീക്ക് ഒരു സുദിനമായി. അന്ന് ഡൽഹിയിൽ നടന്ന ചടങ്ങിൽ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം അവാർഡ് കുടുംബ ശ്രീ ഏറ്റുവാങ്ങി. 1998ൽ സർക്കാർ മുൻകൈയെടുത്ത് തുടങ്ങിയ സ്ത്രീ മുന്നേറ്റ പ്രസ്ഥാനമാണ് കുടുംബ ശ്രീ. അന്നുമുതൽ വനിതകൾ സംഘടിതമായി കെട്ടിപ്പടുത്ത സ്വാതന്ത്ര്യത്തെയും സ്വയംഭരണത്തെയും അവർ വളരെയേറെ വിലമതിക്കുന്നു. അവരുടെ എല്ലാ ധൈര്യവും സ്വാതന്ത്ര്യവും വിലമതിച്ചുകൊണ്ടു തന്നെ അവരെ സഹായിക്കാനുള്ള സമയമാണിത്. ബാങ്കുകളും മറ്റ് സ്ഥാപനങ്ങളും കുടുംബശ്രീയെ സഹായിക്കണം. നമ്മുടെയെല്ലാം ഐക്യദാർഢ്യവും അവർക്ക് വേണം. പാവപ്പെട്ട വനിതകൾ നയിക്കുന്ന മഹത്തായ ഈ കാർഷിക പ്രസ്ഥാനത്തിന് ഈ രാജ്യത്ത് സമാനതകളില്ല ഞങ്ങൾ മറ്റ് സംഘ കൃഷിക്കാരെ കാണാനായി നടന്നു തുടങ്ങുമ്പോൾ ഒരു സ്ത്രീ ഓടിവന്നു പറഞ്ഞു: "ഞങ്ങൾക്കൊരു തിരിച്ചടിയുണ്ടായി. പക്ഷേ ഞങ്ങൾ തിരിച്ചു വരും. ഒരു മാസത്തിനുള്ളിൽ ഞങ്ങൾ കൃഷി പുനരാരംഭിക്കും. നിങ്ങൾ നോക്കിക്കോ...'

*(ലേഖകൻ മഗ്സാസെ അവാർഡ് ജേതാവും രാജ്യത്തെ പ്രമുഖ പത്രപ്രവർത്തകനുമാണ്.)*

പരിഭാഷ : പി. സുരേഷ്ബാബു

# ആയുഷ്മാൻ ഭാരതും കേരളവും



ഡോ.ടി.എം.തോമസ് ഐസക്ക്

**കൊട്ടിഘോഷിക്കുന്ന ആയുഷ്മാൻ ഭാരതിന്റെ ഭാരം യഥാർത്ഥത്തിൽ സംസ്ഥാന സർക്കാരിന്റെ ചുമലിലാണ്. ഇങ്ങനെയാണ് ലോകത്തെ ഏറ്റവും വലിയ ആരോഗ്യ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പക്ഷെ തള്ളുന്നത് മോദി കെയറിന്റെ പേരിലും. ഇത് അല്ല സ്ഥിതിയെങ്കിൽ കേന്ദ്രസർക്കാർ കണക്കുകൾ വ്യക്തമാക്കട്ടെ**

ലോകത്തെ ഏറ്റവും വലിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായിട്ടാണ് ആയുഷ്മാൻ ഭാരത് പ്രചരിപ്പിക്കപ്പെടുന്നത്. 2008 ൽ യു.പി.എ സർക്കാർ ആർ.എസ്.ബി.വൈ പദ്ധതി ആരംഭിച്ചപ്പോഴും ഇതുതന്നെയായിരുന്നു പ്രചാരണം. പക്ഷേ, ആർ.എസ്.ബി.വൈ.യുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ദാരിദ്ര്യരേഖയ്ക്ക് കീഴിലുള്ള എല്ലാവർക്കും കിടത്തി ചികിത്സയ്ക്ക് 30,000 രൂപയുടെ ഇൻഷ്വറൻസ് എന്നായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പിന്നീട് 60 വയസിനു മുകളിൽ പ്രായമുള്ള കുടുംബാംഗങ്ങൾക്ക് 30000 രൂപ വീതം അധികം പ്രഖ്യാപിച്ചു. ഗുണഭോക്താവ് ഒന്നും നൽകേണ്ടതില്ല. ഇൻഷ്വറൻസ് പ്രീമിയം മുഴുവൻ സർക്കാർ അടച്ചുകൊള്ളും. 75 ശതമാനം കേന്ദ്ര സർക്കാരും 25 ശതമാനം സംസ്ഥാന സർക്കാരും. സംസ്ഥാന വിഹിതം 40 ശതമാനമാക്കി ഉയർത്തി ബി.ജെ.പി അനുപാതം പരിഷ്കരിച്ചു. 10 വർഷം കഴിയുമ്പോൾ നാല് കോടി ജനങ്ങളാണ് ഈ സൗജന്യ ഇൻഷ്വറൻസ് സ്കീമിൽ രജിസ്റ്റർ ചെയ്യപ്പെട്ടത്. അതായത്, ദാരിദ്ര്യരേഖയ്ക്ക് കീഴിലുള്ളവരുടെ 15 ശതമാനം മാത്രം. ശരാശരി ഒരു കുടുംബത്തിന് ലഭിക്കുന്നത് 600 - 700 രൂപയുടെ ആനുകൂല്യം. ഭൂരിപക്ഷം സംസ്ഥാനങ്ങളിലെയും ഗുണഭോക്താക്കൾക്ക് ഇത് ലഭിക്കുന്നുമില്ല. ഒരു ദശാബ്ദത്തിനുള്ളിൽ രാജ്യത്താകെ 120 കോടി ഇൻഷ്വറൻസ് ക്ലെയിമുകളാണ് ഉണ്ടായത്. അതിൽ 31 കോടി കേരളത്തിൽ നിന്നു മാത്രമായിരുന്നു. ജനസംഖ്യയുടെ കേവലം മൂന്ന് ശതമാനമുള്ള കേരളത്തിൽ നിന്നാണ് ക്ലെയിമുകളുടെ 42 ശതമാനം. അപ്പോൾ പദ്ധതി പ്രകാരം കേരളത്തിനു പുറത്തുള്ള ജനങ്ങൾക്ക് എന്തു നേട്ടമുണ്ടായിക്കാണും? പ്രത്യേകിച്ച് വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ.

ആർ.എസ്.ബി.വൈ.യുടെ വിപുലീകരിച്ച സ്കീം മാത്രമാണ് കൊട്ടിഘോഷിക്കപ്പെടുന്ന ആയുഷ്മാൻ ഭാരത്. ആർ.എസ്.ബി.വൈ ലക്ഷ്യമിട്ടത് ദാരിദ്ര്യരേഖയ്ക്ക് കീഴിലുള്ളവരെയാണെങ്കിൽ പിന്നാക്കം നിൽക്കുന്ന 50 കോടി ജനങ്ങളാണ് ആയുഷ്മാൻ ഭാരതിന്റെ ലക്ഷ്യം. ആനുകൂല്യമായി ആർ.എസ്.ബി.വൈ. നിശ്ചയിച്ച 30,000 രൂപയുടെ പരിധി പുതിയ സ്കീമിൽ 5,00,000 രൂപയായി ഉയർത്തി. ബി.ജെ.പി സർക്കാർ നാലു വർഷം സ്കീം നടപ്പിലാക്കിയിട്ടും ആർ.എസ്.ബി.വൈ യുടെ ഗതി മേൽപ്പറഞ്ഞതാണെങ്കിൽ ആയുഷ്മാൻ ഭാരതത്തിന്റെ ഗതി മറ്റൊന്നാകുമോ? മാത്രമല്ല, പൊതുആരോഗ്യ സൗകര്യങ്ങൾക്കു വേണ്ടിയുള്ള ഏറ്റവും വലിയ പദ്ധതിയായ നാഷണൽ ഹെൽത്ത് മിഷന്റെ അടങ്കൽ ഓരോ വർഷവും ബി.ജെ.പി സർക്കാർ വെട്ടിച്ചുരുക്കുകയാണ്. ആർ.എസ്.ബി.വൈക്കു വേണ്ടി കേന്ദ്രവും സംസ്ഥാനവും കൂടി മുടക്കിക്കൊണ്ടിരുന്നത് ഏതാണ്ട് 2500 കോടി രൂപയാണ്. കേരളം മാറ്റിനിറുത്തിയാൽ ഇതിന്റെ സിംഹപങ്കും ഒഴുകിയത് സ്വകാര്യ ആശുപത്രികളിലേക്കും. ആർ.എസ്.ബി.വൈ യിൽ അക്രെഡിറ്റ് ചെയ്ത 7226 ആശുപത്രികളിൽ 4291 എണ്ണവും സ്വകാര്യ ആശുപത്രികളായിരുന്നു. സ്വകാര്യ ആശുപത്രികൾക്കും ഇൻഷ്വറൻസ് കമ്പനികൾക്കും തടിച്ചു കൊഴുക്കാനുള്ള അവസരമൊരുക്കുകയായിരുന്നു ആർ.എസ്.ബി.വൈ യെക്കുറിച്ചും എൽ.ഡി.എഫിന് വിമർശനങ്ങളുണ്ടായിരുന്നു. നമ്മുടെ സവിശേഷ സാഹചര്യങ്ങൾക്ക് അനുസൃതമായ തരത്തിൽ പദ്ധതി നടപ്പാക്കാൻ കഴിയണമെന്ന് നാംശക്തമായി വാദിച്ചു. ആ അവകാശം സ്ഥാപിച്ചുകൊണ്ടു തന്നെ പദ്ധതിയിൽ കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് നാം ചേരുകയും ചെയ്തു. ഇന്ന് ഈ സ്കീം ഏറ്റവും നല്ല രീതിയിൽ നടപ്പാക്കുന്ന സംസ്ഥാനവും കേരളമാണ്. ആയുഷ്മാൻ ഭാരതും ഇപ്രകാരം നടപ്പാക്കണമെന്നാണ് കേരളം ആവശ്യപ്പെടുന്നത്. ആർ.എസ്.ബി.വൈ സ്കീം വിപുലപ്പെടുത്തണമെന്ന് കഴിഞ്ഞസംസ്ഥാന ബജറ്റ് നിർദ്ദേശിച്ചിരുന്നു. ജീവിതശൈലി രോഗങ്ങൾക്കടക്കം സമ്പൂർണ ചികിത്സ ഉറപ്പുവരുത്തുന്ന സമഗ്ര ആരോഗ്യ പദ്ധതിയെന്ന നിർദ്ദേശമാണ് മുന്നോട്ടു വച്ചത്. ലോട്ടറിയുടെ വരുമാനം പൂർണമായും ഇതിനായി നീക്കിവെയ്ക്കുമെന്നും പ്രഖ്യാപിച്ചു. എന്നാൽ, ആയുഷ്മാൻ ഭാരത് പ്രഖ്യാപിക്കപ്പെട്ടപ്പോൾഅതുകൂടി ഉൾക്കൊണ്ടു പദ്ധതി സമഗ്രമാക്കാൻ തീരുമാനിച്ചു. അതുകൊണ്ടാണ് ബജറ്റ് നിർദ്ദേശം നടപ്പാക്കാൻ കാലതാമസമുണ്ടായത്.

പുതിയ സമഗ്ര ആരോഗ്യ പദ്ധതിക്ക് അനുസരിച്ച് താലൂക്ക് – മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ ജീവിതശൈലി രോഗങ്ങൾക്കുള്ള ചികിത്സാസൗകര്യങ്ങൾ വിപുലപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിച്ചു. കേന്ദ്രസർക്കാരിന്റെ പുതിയ സ്കീമിൽ പറയുന്ന പ്രാഥമികാരോഗ്യ വെൽനസ് കേന്ദ്രങ്ങളാണ് നമ്മുടെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ. ആർ.എസ്.ബി.വൈ.യുടെ കാര്യത്തിലെന്നപോലെ കേരളത്തിന്റെ സവിശേഷതയ്ക്കനുസൃതമായി ആയുഷ്മാൻ ഭാരതിനെ ചിട്ടപ്പെടുത്താനുള്ള അവകാശം സംസ്ഥാനത്തിന് ഉണ്ടാകണം. ആദ്യത്തെ പ്രശ്നം പദ്ധതിയിലെ കേന്ദ്രവിഹിതമാണ്. ആർ.എസ്.ബി.വൈ പദ്ധതിയിൽ പ്രീമിയം പരിധി 1250 രൂപയാണ്. ഇതിന്റെ 60 ശതമാനമായ 750 രൂപ കേന്ദ്രം നൽകും. അങ്ങനെ 2017-18ൽ കേന്ദ്രസർക്കാർ 83 കോടി രൂപയാണ് നൽകിയത്. കേന്ദ്രസർക്കാർ വിഹിതം 20.4 ലക്ഷം കുടുംബങ്ങൾക്ക് അംഗത്വം ഉറപ്പുവരുത്തുമ്പോൾ അതിനു പുറമെ 19.6 ലക്ഷം കുടുംബങ്ങൾക്ക് സംസ്ഥാന ഖജനാവിൽ നിന്നു പ്രീമിയം അടച്ച് ഇൻഷ്വർ ചെയ്തിട്ടുണ്ട്. പുറമേ, പ്രത്യേക രോഗങ്ങൾക്ക് ചിസ് പ്ലസ് എന്ന പേരിൽ പൊതു ആശുപത്രിയിൽ നിന്നും 70,000 രൂപയുടെ വരെ ചികിത്സാ ആനുകൂല്യം ഉറപ്പുനൽകിയിട്ടുണ്ട്. ഇതിനുള്ള പണവും സംസ്ഥാന സർക്കാരാണ് മുടക്കുന്നത്. ആകെ 245 കോടി രൂപയാണ് സംസ്ഥാന ഖജനാവിൽ ഇതിനുള്ള വകയിരുത്തൽ. ആർ.എസ്.ബി.വൈ പദ്ധതിയിൽ കേന്ദ്രം നൽകുന്നത് 25 ശതമാനമാണ്. എന്നാൽ ആയുഷ്മാൻ ഭാരതിൽ കേന്ദ്രവിഹിതം അഞ്ച് ശതമാനത്തിൽ താഴെയാകാനാണ് സാധ്യത. ആയുഷ്മാൻ ഭാരതിന്റെ ഇൻഷ്വറൻസ് ആനുകൂല്യം അഞ്ച് ലക്ഷം രൂപ വരെയായി ഉയർത്തിയെന്നാണ് വീമ്പടിക്കുന്നത്. പക്ഷേ, പ്രീമിയം തുക 1100 രൂപ മാത്രമാണെന്നാണ് അനൗദ്യോഗിക വിവരം. ആർ.എസ്.ബി.വൈ യെക്കാൾ കുറവ്. ഇതിൽ 40 ശതമാനംസംസ്ഥാനം വഹിക്കണം. 19 ലക്ഷം കുടുംബങ്ങൾക്കാണ് കേന്ദ്രം പണം നൽകുക. ഇപ്പോഴുള്ള 41 ലക്ഷം കുടുംബങ്ങളിൽ 22 ലക്ഷം കുടുംബങ്ങളുടെ മുഴുവൻ ചെലവ് സംസ്ഥാനം വഹിക്കണം. തീർന്നില്ല, അഞ്ച് ലക്ഷം രൂപയുടെ ആനുകൂല്യം മുഴുവൻ ഇൻഷ്വറൻസ് വഴി നൽകാൻ തീരുമാനിച്ചാൽ കേരളത്തിൽ പ്രീമിയം തുക 5000- 7000 രൂപ വരുമെന്നാണ് കമ്പനികളുടെ അനൗപചാരിക കണക്ക്. 1100 രൂപയ്ക്കുമുകളിൽ വരുന്ന മുഴുവൻ ചെലവും സംസ്ഥാനം വഹിക്കേണ്ടി വരും.

കൊട്ടിഘോഷിക്കുന്ന ആയുഷ്മാൻ ഭാരതിന്റെ ഭാരം യഥാർത്ഥത്തിൽ സംസ്ഥാന സർക്കാരിന്റെ ചുമലിലാണ്. ഇങ്ങനെയാണ് ലോകത്തെ ഏറ്റവും വലിയ ആരോഗ്യ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പക്ഷേ തള്ളുന്നത് മോദി കെയറിന്റെ പേരിലും. ഇത് അല്ല സ്ഥിതിയെങ്കിൽ കേന്ദ്ര സർക്കാർ കണക്കുകൾ വ്യക്തമാക്കട്ടെ.അഞ്ച് ലക്ഷത്തിന്റെ പദ്ധതിയെന്ന് കൊട്ടിഘോഷിക്കുന്നുവെങ്കിലും ഗൈഡ് ലൈൻസ് പ്രകാരം ഭാഗികമായാണ് ഇൻഷ്വറൻസ്. ബാക്കി വേണമെങ്കിൽ അഷ്വറൻസാക്കാം. 30,000 രൂപ വരെ ആർ.എസ്.ബി.വൈയിൽ ഇൻഷ്വറൻസാണ്. ചിസ് പ്ലസിലെയും കാരുണ്യയിലെയും ആനുകൂല്യം അഷ്വറൻസാണ്. ഇൻഷ്വറൻസുപോലെ ഓട്ടോമാറ്റിക്കായി ഈ തുക ലഭിക്കില്ല. ഓരോ കേസും പരിശോധിച്ച് അനുവാദം കൊടുക്കുകയാണ് ചെയ്യുക. ഇതാണ് ഭൂരിപക്ഷം സംസ്ഥാനങ്ങളും ചെയ്യാൻ പോകുന്നത്. ആയുഷ്മാൻ ഭാരത് ഒരു സങ്കര ഇൻഷ്വറൻസ് – അഷ്വറൻസ് പദ്ധതിയാണ്. ഇങ്ങനെയല്ലാതെ 1100 രൂപ പ്രീമിയത്തിന് അഞ്ച് ലക്ഷം രൂപയുടെ ആനുകൂല്യം നടപ്പാക്കപ്പെടുന്നുണ്ടെങ്കിൽ ഇൻഷ്വർ ചെയ്താലും ആനുകൂല്യം അധികമൊന്നും കൊടുക്കേണ്ടി വരില്ലായെന്നാണ് ഇൻഷ്വറൻസ് കമ്പനികൾ കരുതുന്നതെന്ന് ധരിച്ചാൽ മതി. ചുരുക്കത്തിൽ മോദിയുടെ ആയുഷ്മാൻ ഭാരത് ഇലക്ഷനു വേണ്ടിയുള്ള ഒരു പ്രചാരണ തട്ടിപ്പ് മാത്രമാണ്. ഇത് തുറന്നു കാണിക്കുമ്പോൾ തന്നെ സംസ്ഥാന ആരോഗ്യ മേഖലയുടെ താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് എങ്ങനെ നടപ്പാക്കാമെന്ന് സംസ്ഥാന സർക്കാർ പരിഗണിക്കും.

ഒരു ലക്ഷം രൂപ വരെ കിടത്തി ചികിത്സയ്ക്കുള്ള ഇൻഷ്വറൻസും അതിനു മുകളിൽ നിലവിലുള്ള ചിസ് പ്ലസ്, കാരുണ്യ, തുടങ്ങിയ സമാന്തര സ്കീമുകളെല്ലാം സംയോജിപ്പിച്ചു കൊണ്ട് ഒരു അഷ്വറൻസ് പദ്ധതിയുമാണ് ആലോചിക്കുന്നത്. ഇതിന്റെ പരിധി അഞ്ച് ലക്ഷമാക്കാം. പക്ഷേ ചെലവിൽ ഒരു ഭാഗം കേന്ദ്രസർക്കാർ വഹിക്കണം. കേരളത്തിലെ പദ്ധതിയിൽ പ്രാമാണ്യം പൊതുആരോഗ്യ സംവിധാനത്തിന് ആയിരിക്കും. അതേസമയം, മാനദണ്ഡങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറുള്ള സ്വകാര്യ ആശുപത്രികളെയും ഉൾക്കൊള്ളിക്കും. ഇതാണ് 2018 - 19 ബഡ്ജറ്റിൽ പറഞ്ഞ സമഗ്ര ആരോഗ്യ പദ്ധതി.

*സംസ്ഥാന ധനകാര്യമന്ത്രിയാണ് ലേഖകൻ*



### ജസ്റ്റിസ് ഗോഗോയിക്ക് എതിരായ ഹർജി തള്ളി

ന്യൂഡൽഹി: ജസ്റ്റിസ് രഞ്ജൻ ഗോഗോയിയെ ചീഫ് ജസ്റ്റിസാക്കുന്നതിനെതിരെ നൽകിയ ഹർജി സുപ്രീംകോടതി തള്ളി. ഹർജിക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന് വ്യക്തമാക്കിയാണ് കോടതി നടപടി. ചീഫ് ജസ്റ്റിസ് ദീപക് മിശ്ര, ജസ്റ്റിസ്മാരായ എ.എം.ഖാൻവിൽക്കർ, ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ് എന്നിവരുടെ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. ചീഫ് ജസ്റ്റിസ് ദീപക്മിശ്രയ്ക്കെതിരെ വാർത്താസമ്മേളനം നടത്തി പ്രതിഷേധിച്ചത് ചൂണ്ടിക്കാട്ടിയാണ് അഭിഭാഷകനായ ആർ.പി.ലൂത്ര കോടതിയെ സമീപിച്ചത്.



## അംഗീകാരം നൽകാതെ നിയമസെക്രട്ടറി
# ദേവസ്വം ബോർഡിൽ സാമ്പത്തിക സംവരണ ഉത്തരവിന് രഹസ്യനീക്കം

▸എം.എച്ച്.വിഷ്ണു

തിരുവനന്തപുരം: ദേവസ്വം ബോർഡ് നിയമനങ്ങളിൽ മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10 ശതമാനം സംവരണം ഏർപ്പെടുത്തി ഉത്തരവിറക്കാൻ സർക്കാരിന്റെ രഹസ്യനീക്കം. സാമ്പത്തികസംവരണം നടപ്പാക്കാൻ കഴിഞ്ഞ നവംബർ 15ന് മന്ത്രിസഭയെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവിറക്കാൻ ഫയൽ നിയമവകുപ്പിന് കൈമാറി. എന്നാൽ മന്ത്രിസഭാ തീരുമാനം നിയമപരമായി നിലനിൽക്കുന്നതല്ലെന്നും സുപ്രീംകോടതി ഉത്തരവുകൾക്ക് വിരുദ്ധമാണെന്നും നേരത്തേ എതിർപ്പ് അറിയിച്ചിട്ടുള്ളതാണെന്നും ഇനി സർക്കാരിന് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കാമെന്നും

നിയമസെക്രട്ടറി ബി.ജി. ഹരീന്ദ്രനാഥ് ഫയലിലെഴുതി. സാമ്പത്തികസംവരണ തീരുമാനമടങ്ങിയ ഫയൽ ദേവസ്വംമന്ത്രിയുടെ ഓഫീസിലാണ് ഇപ്പോഴുള്ളത്.

ജാതിഅടിസ്ഥാനത്തിലുള്ള സംവരണത്തെ ചോദ്യംചെയ്ത് എൻ.എസ്.എസും വൈശ്യക്ഷേമസഭയും നൽകിയ ഹർജികൾ സുപ്രീംകോടതി പരിഗണനയ്ക്കെടുക്കാതെ തള്ളിയിരുന്നു. ഇതിനു പിന്നാലെയാണ് ഏതുവിധേനയും ഉത്തരവിറക്കാൻ സർക്കാർ നീക്കം തുടങ്ങിയത്. നിയമവകുപ്പ് തള്ളിയെങ്കിലും മന്ത്രിസഭാതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദേവസ്വം സെക്രട്ടറിയെക്കൊണ്ട് ഉത്തരവിറക്കാനാണ് നീക്കം. ഭരണഘടനാ വിരുദ്ധമായതിനാൽ ഉത്തരവിറക്കരുതെന്ന് നിയമസെക്രട്ടറി മന്ത്രിസഭാതീരുമാനമടങ്ങിയ ഫയലിൽ എഴുതിയതാണ് സർക്കാരിന് കുരുക്ക്. ഇത്




സ്പെഷ്യൽറൂൾ കള്ളക്കളി പൊളിച്ച കേരളകൗമുദി റിപ്പോർട്ട്

മറികടക്കാൻ സാമ്പത്തികസംവരണം ഉൾപ്പെടുത്തി സ്പെഷ്യൽ റൂളുണ്ടാക്കി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് സമർപ്പിക്കാൻ അഞ്ച് ദേവസ്വംബോർഡുകൾക്ക് സർക്കാർ നേരത്തേ നിർദ്ദേശം നൽകിയിരുന്നു. സർക്കാർ അംഗീകാരം നൽകാതെ സ്പെഷ്യൽ റൂളിന് നിയമപ്രാബല്യം ലഭിക്കില്ലെന്ന് നിയമവിദഗ്ദ്ധരെ ഉദ്ധരിച്ച് കേരളകൗമുദി റിപ്പോർട്ട് ചെയ്തതോടെ ഈ നീക്കം ഉപേക്ഷിച്ചു.

സാമ്പത്തികസംവരണം നിയമപരമായി നിലനിൽക്കുന്നതല്ലെന്നും വ്യഥാവ്യായാമമായി മാറുമെന്നും കോടതിയിൽ നിന്ന് തിരിച്ചടിയുണ്ടാവുമെന്നും നിയമസെക്രട്ടറി ബി.ജി. ഹരീന്ദ്രനാഥ് സർക്കാരിന് ഉപദേശം നൽകിയിട്ടുണ്ട്. സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്നവർക്ക് വേണ്ടിയാണ് സംവരണമെന്നും സാമ്പത്തിക സംവരണം ഇതിന്റെ പരിധിയിൽ വരില്ലെന്നും തീരുമാനം സർക്കാരിന് കൈക്കൊള്ളാമെന്നുമാണ് അഡ്വക്കേറ്റ് ജനറൽ സി.പി. സുധാകരപ്രസാദിന്റെ നിലപാട്.

### അടിക്കടി തിരിച്ചടി

- നിയമസെക്രട്ടറി എതിർത്തതോടെ ചീഫ്സെക്രട്ടറിയായിരുന്ന കെ.എം. എബ്രഹാം ഉത്തരവിറക്കാതെ പിന്മാറി
- കേരളകൗമുദി റിപ്പോർട്ടുകളെത്തുടർന്ന് ഗവർണർ പി. സദാശിവം സർക്കാരിന്റെ വിശദീകരണം തേടി
- 48 മണിക്കൂറിനകം ഉത്തരവാക്കേണ്ട മന്ത്രിസഭാതീരുമാനം 10 മാസം കഴിഞ്ഞിട്ടും പുറത്തിറക്കാനായിട്ടില്ല
- സ്പെഷ്യൽറൂളിലൂടെ സാമ്പത്തിക സംവരണം നടപ്പാക്കാനുള്ള രഹസ്യനീക്കവും നിയമക്കുരുക്കിലായി



### സാലറി ചലഞ്ചിൽ ഭേദഗതി വന്നേക്കും

തിരുവനന്തപുരം: സാലറി ചലഞ്ചിനെക്കുറിച്ചുള്ള സെപ്തംബർ 11ന്റെ സർക്കാർ ഉത്തരവിൽ ഭേദഗതി വന്നേക്കും. ഉത്തരവിലെ വിസമ്മത പത്രത്തിന് പകരം സമ്മത പത്രത്തിന് വ്യവസ്ഥ ചെയ്യുന്ന വിധത്തിൽ ഉത്തരവ് ഭേദഗതി ചെയ്യാനാണ് നീക്കം.

ഉത്തരവിലെ പത്താം ഖണ്ഡികയെക്കുറിച്ച ഹൈക്കോടതി പരാമർശത്തെത്തുടർന്നാണിത്. എല്ലാവർക്കും പങ്കെടുക്കാവുന്ന വിധത്തിൽ ഉത്തരവ് പരിഷ്കരിക്കണമെന്ന എൻ.ജി.ഒ സംഘിന്റെ ഹർജി ഇനി ഒക്ടോബർ 3നാണ് ഹൈക്കോടതി പരിഗണിക്കുന്നത്. അതിന് മുമ്പ് ഉത്തരവിലെ പത്താംഖണ്ഡിക ഭേദഗതിചെയ്തില്ലെങ്കിൽ ഉത്തരവ് കോടതി റദ്ദാക്കുമോ എന്നാണ് ആശങ്ക.

ഒരു മാസത്തെ ശമ്പളം നൽകാൻ വിമുഖതയുള്ളവർ അനുബന്ധമായി നൽകിയ പ്രസ്താവന ഡി.ഡി.ഒയ്ക്ക് നൽകണമെന്നാണ് ഇതിൽ പറയുന്നത്. ഇതിന് പകരം സമ്മത പ്രസ്താവന നൽകുകയും നൽകാനുള്ള തുക എത്രയെന്ന് തീരുമാനിക്കാനുള്ള അവകാശം ജീവനക്കാർക്ക് നൽകണമെന്നുമാണ് ഹർജിക്കാരൻ വാദിച്ചത്. വിമുഖതയുള്ളവർ എന്നതിന് പകരം കഴിയാത്തവർ എന്ന് ഉപയോഗിക്കേണ്ടിയിരുന്നുവെന്നാണ് അവർ വാദിച്ചത്. ഇതേ രീതിയിലുള്ള അഭിപ്രായമാണ് കോടതി പ്രകടിപ്പിച്ചതും.

### മെഡി. പ്രവേശനം: വിധി പറയാൻ മാറ്റി

ന്യൂഡൽഹി: കേരളത്തിലെ നാല് സ്വകാര്യ മെഡിക്കൽ കോളേജുകളിലെ പ്രവേശനത്തിനെതിരെ മെഡിക്കൽ കൗൺസിൽ ഒഫ് ഇന്ത്യ നൽകിയ ഹർജി സുപ്രീംകോടതി വിധി പറയാൻ മാറ്റി.

അൽ അസർ മെഡിക്കൽ കോളേജ് തൊടുപുഴ, ഡി.എം വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസ്, വയനാട്, പി.കെ.ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസസ്, വാണിയംകുളം, പാലക്കാട്, എസ്.ആർ മെഡിക്കൽ കോളേജ് വർക്കല എന്നീ കോളേജുകളിലെ പ്രവേശനം നേരത്തേ സ്റ്റേ ചെയ്തിരുന്നു. മാനദണ്ഡങ്ങൾ പ്രകാരമുള്ള സൗകര്യങ്ങളില്ലെന്ന് ചൂണ്ടിക്കാട്ടി ഈ കോളേജുകൾക്ക് പ്രവേശനാനുമതി നിഷേധിച്ചിരുന്നു. എന്നാൽ, മെഡിക്കൽ കോളേജുകൾ ഹൈക്കോടതിയെ സമീപിച്ച് പ്രവേശനാനുമതി നേടി. ഇതിനെതിരെയാണ് മെഡിക്കൽ കൗൺസിൽ സുപ്രീംകോടതിയെ സമീപിച്ചത്.

# ഡിസ്റ്റിലറി ആരോപണം ചൂടുപിടിക്കുന്നു

## രാഷ്ട്രീയപ്രേരിതം: മന്ത്രി ടി.പി.രാമകൃഷ്ണൻ

- ആരോപണം അന്യസംസ്ഥാന മദ്യലോബികളെ സഹായിക്കാൻ
- അപേക്ഷ കിട്ടിയാൽ ഇനിയും നൽകും



തിരുവനന്തപുരം: മൂന്ന് ബ്രൂവറികളും ഒരു ഡിസ്റ്റിലറിയും അനുവദിച്ചതിൽ കോടികളുടെ അഴിമതിയുണ്ടെന്ന പ്രതിപക്ഷ നേതാവിന്റെ ആരോപണം അടിസ്ഥാനരഹിതവും രാഷ്ട്രീയ പ്രേരിതവുമാണെന്ന് എക്സൈസ് മന്ത്രി ടി.പി.രാമകൃഷ്ണൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

തൊഴിലവസരവും വരുമാനവും വർദ്ധിപ്പിക്കുന്ന തീരുമാനത്തിനെതിരെ അഴിമതി ആരോപണവുമായി ഇറങ്ങിത്തിരിച്ചത് അന്യസംസ്ഥാന മദ്യലോബികളെ സഹായിക്കാനാണ്. മൂന്ന് ബിയർ ബ്രൂവറികളും ഒരു ബ്ലെൻഡിംഗ്, കോമ്പൗണ്ടിംഗ് ആൻഡ് ബോട്ട്ലിംഗ് യൂണിറ്റും അനുവദിച്ചത് നടപടികളും നിയമവും പാലിച്ചാണ്. ഇനി വരുന്ന അപേക്ഷകളിലും തീരുമാനമെടുക്കും. അനുമതി മാത്രമാണ് നൽകിയത്. ലൈസൻസിന് ഇരുപതോളം വകുപ്പുകളുടെ അനുമതി വേണം.

ഉത്തരവുകൾ സർക്കാരിന്റെ വെബ് ആൻഡ് ന്യൂ മീഡിയയിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഇതിൽ ഒന്നും ഒളിക്കാനില്ല. 2017 ജൂണിൽ പ്രഖ്യാപിച്ച മദ്യനയ പ്രകാരം സുതാര്യമായാണ് അപേക്ഷകളിൽ തീരുമാനമെടുത്തത്.

സംസ്ഥാനത്ത് മദ്യം ഉല്പാദിപ്പിക്കുന്ന ഒരു ഡിസ്റ്റിലറിയും ഇപ്പോഴില്ല. മൂന്ന് ബ്രൂവറികൾ മാത്രമാണുള്ളത്. മൂന്നും യു.ഡി.എഫ് കാലത്താണ് അനുവദിച്ചത്. സംസ്ഥാനത്ത് വിൽക്കുന്ന വിദേശമദ്യത്തിന്റെ എട്ട് ശതമാനവും ബിയറിന്റെ 40 ശതമാനവും ഇതരസംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. ഇത് കാരണം നികുതിവരുമാനത്തിലും തൊഴിൽ രംഗത്തും നഷ്ടമുണ്ട്. ഇത് ചൂണ്ടിക്കാട്ടി എക്സൈസ് കമ്മിഷണർ നൽകിയ ശുപാർശയിലാണ് കണ്ണൂർ, പാലക്കാട്, എറണാകുളം ജില്ലകളിലായി മൂന്ന് ബ്രൂവറികൾക്കും ബോട്ട്ലിംഗ് യൂണിറ്റിനും അനുമതി നൽകിയത്.

തൃശൂരിൽ ബോട്ട്ലിംഗ് യൂണിറ്റിന് ജൂലൈ 12നും തിരുവല്ല ട്രാവൻകൂർ ഷുഗേഴ്സിന് അഡിഷണൽ ബോട്ട്ലിംഗ് ലൈനിന് ജൂലായ് 24നും പാലക്കാട് ചിറ്റൂരിൽ മലബാർ ഡിസ്റ്റിലറീസിന് അഞ്ച് ലൈൻ ബോട്ട്ലിംഗ് യൂണിറ്റിന് ആഗസ്റ്റ് 31നുമാണ് അനുമതി നൽകിയത്. മാദ്ധ്യമങ്ങളിൽ പരസ്യം ചെയ്തല്ല ബ്രൂവറികളും ഡിസ്റ്റിലറികളും തുടങ്ങുന്നത്. കമ്മിഷണറാണ് ലൈസൻസിംഗ് അതോറിട്ടി. 1999ലെ ഉത്തരവ് അന്നത്തെ സാഹചര്യത്തിലെ ഒരു എക്സിക്യൂട്ടീവ് ഓർഡർ മാത്രമാണ്. അത് നിയമത്തിന്റെ ഭാഗമായിട്ടില്ലെന്നും മന്ത്രി പറഞ്ഞു.

### കാനത്തിന് ഇപ്പോൾ മറുപടിയില്ല

ബ്രൂവറികൾക്കും ഡിസ്റ്റിലറിക്കും അനുമതി നൽകിയത് അറിഞ്ഞില്ലെന്ന സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രന്റെ അഭിപ്രായത്തെക്കുറിച്ച് ചോദിച്ചപ്പോൾ, കാനം ആരോപണം ഉന്നയിച്ചിട്ടില്ലെന്നും ഇപ്പോൾ മറുപടി പറയുന്നില്ലെന്നുമായിരുന്നു മന്ത്രിയുടെ പ്രതികരണം.



## കുറ്റസമ്മതം: ചെന്നിത്തല



തിരുവനന്തപുരം: ബ്രൂവറികളും ഡിസ്റ്റിലറിയും അപേക്ഷ ക്ഷണിക്കാതെ ഇഷ്ടക്കാർക്ക് രഹസ്യമായി നൽകിയെന്ന തന്റെ ആരോപണം മന്ത്രി ടി.പി. രാമകൃഷ്ണൻ ശരിവച്ചിരിക്കുകയാണെന്ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല വാർത്താസമ്മേളനത്തിൽ പറഞ്ഞു.

പത്രത്തിൽ പരസ്യപ്പെടുത്തിയാണോ ഇതൊക്കെ ചെയ്യേണ്ടതെന്ന് ചോദിച്ച മന്ത്രി താൻ പറഞ്ഞത് സമ്മതിക്കുകയാണ്. പരസ്യമായി ചെയ്യാനാവുന്നതല്ല അഴിമതി. മുഖ്യമന്ത്രി അറിഞ്ഞുള്ള ഇടപാടിൽ ഒന്നാം പ്രതി അദ്ദേഹവും രണ്ടാം പ്രതി എക്സൈസ് മന്ത്രിയുമാണ്.

1996ലെ നായനാർ സർക്കാർ അപേക്ഷ ക്ഷണിച്ചതും അപേക്ഷകളുടെ എണ്ണം കൂടിയപ്പോൾ ഷോർട്ട് ലിസ്റ്റ് ചെയ്യാൻ സെക്രട്ടറിതല കമ്മിറ്റിയെ രൂപീകരിച്ചതും ഓർമ്മയില്ലേ? ഈ കമ്മിറ്റിയാണ് പുതിയ ഡിസ്റ്റിലറികൾ വേണ്ടെന്ന ഉത്തരവിറക്കിയത്. താൻ ചോദിച്ചതിനൊന്നും മറുപടി നൽകാതെ മന്ത്രി ഉരുണ്ടു കളിക്കുകയാണ്. 99 മുതലുള്ള നയം മാറ്റിയപ്പോൾ അതെന്തിന് രഹസ്യമാക്കി?

99ലേത് എക്സിക്യൂട്ടീവ് ഉത്തരവായതിനാൽ വ്യത്യസ്ത തീരുമാനമെടുക്കാൻ ചട്ട, നിയമ ഭേദഗതികൾ വേണ്ടെന്ന് മന്ത്രി പറയുന്നു. എങ്കിൽ എന്തുകൊണ്ട് 99ന് ശേഷം വന്ന സർക്കാരുകളൊന്നും പുതിയ ഡിസ്റ്റിലറികൾ അനുവദിച്ചില്ല? എന്തിനാണിപ്പോൾ ബ്രൂവറി അനുവദിച്ചുള്ള ഉത്തരവുകളിൽ 99ലെ ഉത്തരവ് പരാമർശിച്ചത്? ഇടതുമുന്നണിയിലോ മന്ത്രിസഭയിലോ ചർച്ചചെയ്യാത്തതെന്തെന്ന ചോദ്യത്തിന് അതിന്റെ ആവശ്യമില്ലെന്ന ഒഴുക്കൻ മറുപടിയാണ് മന്ത്രിയുടേത്. ഇത് സി.പി.ഐ അടക്കമുള്ള ഘടകകക്ഷികൾക്ക് സ്വീകാര്യമാണോ? സർക്കാരിന് കിട്ടിയ അപേക്ഷകളിലാണ് തീരുമാനമെടുത്തതെങ്കിൽ അനുവദിക്കുന്ന വിവരം നാല് പേർ മാത്രം എങ്ങനെ അറിഞ്ഞു?

ലൈസൻസ് നൽകൽ സാങ്കേതികത്വം മാത്രമാണ്. അതിന് ജലലഭ്യതയടക്കമുള്ള പ്രശ്നങ്ങൾ പരിഗണിച്ച് രണ്ട് വർഷമെടുക്കും. കേരളത്തിനാവശ്യമായ വിദേശ മദ്യം ഇവിടെ ഉല്പാദിപ്പിച്ചാൽ നികുതി വരുമാനവും തൊഴിലവസരങ്ങളും വർദ്ധിക്കുമെന്ന മന്ത്രിയുടെ വാദത്തിൽ തർക്കമില്ല. അത് പക്ഷേ രഹസ്യമായി വേണോ? പരസ്യമായി ചർച്ച ചെയ്ത് മന്ത്രിസഭയിൽ വച്ച് അനുവദിക്കാൻ എന്തായിരുന്നു തടസം? പുതിയ ബ്രൂവറികളും ഡിസ്റ്റിലറിയും അനുവദിക്കാമെന്ന് മദ്യനയത്തിൽ എവിടെയാണുള്ളത്? എങ്കിൽ ആ മദ്യനയം പരസ്യമാക്കാമോ? ഇടതുമുന്നണിയുടെ പ്രകടന പത്രികയിൽ എവിടെയാണുള്ളത്? എറണാകുളം കിൻഫ്ര പാർക്കിൽ ഡിസ്റ്റിലറിക്ക് പത്തേക്കർ വിട്ടുകൊടുത്തതിൽ വ്യവസായവകുപ്പിന്റെ ഇടപാടും സംശയാസ്പദമാണ്. എക്സൈസ് വകുപ്പ് സി.പി.എമ്മിന്റെ അഴിമതികളുള്ള കറവപ്പശുവായെന്നും ചെന്നിത്തല ആരോപിച്ചു.

### സാലറി ചലഞ്ച്; വിരട്ടൽ വിലപ്പോവില്ല: രമേശ് ചെന്നിത്തല

തിരുവനന്തപുരം: സാലറി ചലഞ്ചിന് വിധേയരായാൽ മുഖ്യമന്ത്രി വിരട്ടുമ്പോൾ നട്ടെല്ലുവളയ്ക്കുന്നവനാണോ അച്ഛൻ എന്ന് മക്കൾ ഭാവിയിൽ ചോദിക്കുമെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷന്റെ ആഭിമുഖ്യത്തിൽ നടന്ന എം.എസ്. റാവുത്തർ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാലറി ചലഞ്ചിന്റെ പേരിൽ സർക്കാർ നടത്തുന്ന വിരട്ടലിനുമുന്നിൽ ജീവനക്കാർ തെല്ലും ഭയപ്പെടേണ്ടതില്ല. വിസമ്മതപത്രം നൽകിയവരെ സ്ഥലംമാറ്റുമെന്നുള്ള ഭീഷണിയും വിലപ്പോവില്ല. എം.എം. ഹസൻ മുഖ്യപ്രഭാഷണം നടത്തി. പ്രളയബാധിതർക്കായി കെ.പി.സി.സി നിർമ്മിക്കുന്ന 1000 വീട് പദ്ധതിയിൽ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ നൽകിയ ആദ്യഗഡു സഹായം ചടങ്ങിൽ കോൺഫെഡറേഷൻ പ്രസിഡന്റ് കെ.പി. ധനപാലൻ ഹസന് കൈമാറി.

### ഫെസ്റ്റിവലുകൾക്ക് പണം കൈവിട്ട് ചെലവാക്കില്ല: മുഖ്യമന്ത്രി

തിരുവനന്തപുരം: പ്രളയത്തിന്റെ ദുരിതം പേറി നിൽക്കുന്ന സംസ്ഥാനം പുനർനിർമ്മാണത്തിന് പെടാപ്പാട് നടത്തുന്ന സമയത്ത് ഫെസ്റ്റിവലുകൾക്കും ആഘോഷങ്ങൾക്കും പാഴ്ചെലവ് നടത്തില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

ഫിലിംഫെസ്റ്റിവൽ നടത്തേണ്ടെന്ന് സർക്കാർ ഒരിക്കലും തീരുമാനിച്ചിട്ടില്ല. എന്നാൽ സർക്കാർ പണം ചെലവഴിക്കില്ലെന്നാണ് തീരുമാനം. ചെലവ് ചുരുക്കി സ്പോൺസർമാരെ കണ്ടെത്തി പരിപാടി നടത്തുന്നതിനോട് സർക്കാരിന് എതിർപ്പില്ല. കുട്ടികൾ കുടുക്കപൊട്ടിച്ച് പോലും നൽകുന്ന സംഭാവന ചെലവഴിക്കുമ്പോൾ ഏറെ സൂഷ്മത പുലർത്തും. അത് സർക്കാരിന്റെ ധർമ്മമാണ്. സാലറി ചലഞ്ചിൽ പണം തരണമെന്ന് ആരോടും നിർബന്ധിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രി ഇതുസംബന്ധിച്ച ചോദ്യത്തിന് മറുപടിയായി പറഞ്ഞു. സംസ്ഥാനം വീണ്ടും നിർമ്മിക്കാൻ ശ്രമിക്കുമ്പോൾ പങ്കാളിയാകേണ്ടത് ഓരോ പൗരന്റെയും കടമയാണ്. സെക്രട്ടറിമാരുടെ ഇന്റർനെറ്റ് ചെലവ് ഇരട്ടിയാക്കിയത് പാഴ്ചെലവായി കാണേണ്ടെന്നും അദ്ദേഹം പറഞ്ഞു. പ്രളയപുനരധിവാസം നടത്തുന്നത് ഓൺലൈനായാണ്. അതിന്റെ സമയം കൂട്ടുന്നത് ചെലവ് ചുരുക്കലിന്റെ പേരിൽ കുറയ്ക്കാനാവില്ല. ബ്രൂവറി ലൈസൻസ് അനുവദിച്ചതിനെതിരായ പ്രതിപക്ഷാരോപണം ശ്രദ്ധയിൽ പെടുത്തിയപ്പോൾ ഇതിനെല്ലാം അഴിമതി നടത്തുന്ന പാരമ്പര്യമുള്ളവരല്ല ഇപ്പോൾ ഭരിക്കുന്നതെന്ന് മുഖ്യമന്ത്രി പ്രതികരിച്ചു.

## ബ്രൂവറി, ഡിസ്റ്റിലറി വിവാദം ആയുധമാക്കാൻ യു.ഡി.എഫ്

▸രാഷ്ട്രീയ ലേഖകൻ

തിരുവനന്തപുരം: ബിയർ നിർമ്മാണത്തിനുള്ള മൂന്ന് ബ്രൂവറികൾക്കും ഇന്ത്യൻ നിർമ്മിത വിദേശ മദ്യം ഉത്പാദിപ്പിക്കാനുള്ള ഒരു ഡിസ്റ്റിലറിക്കും അനുമതി നൽകിയതിനെ ചൊല്ലിയുയർന്ന ആരോപണം സർക്കാരിനും എൽ.ഡി.എഫിനുമെതിരെ ആയുധമാക്കാൻ യു.ഡി.എഫ് തയ്യാറെടുക്കുന്നു. ലോക്സഭാ തിരഞ്ഞെടുപ്പ് അടുത്തിരിക്കെ, സർക്കാരിനെ പ്രതിരോധത്തിലാക്കുന്ന രാഷ്ട്രീയപ്രചാരണത്തിന് ഇത് ഉപയോഗിക്കാനാണ് ശ്രമം.

ഇടപാടിൽ കോടികളുടെ അഴിമതിയുണ്ടെന്ന ആരോപണത്തെക്കുറിച്ച് സമഗ്രാന്വേഷണം ആവശ്യപ്പെട്ട് ഒക്ടോബർ 11ന് 140 നിയോജക മണ്ഡലങ്ങളിലും സായാഹ്ന ധർണ നടത്തും. സാലറി ചലഞ്ച് ഭീഷണി, പെട്രോളിയം ഉത്പന്നങ്ങളുടെ നികുതി കുറയ്ക്കാത്ത കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ നടപടി, ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ സ്തംഭനം എന്നിവയും ഉയർത്തിക്കാട്ടിയാണ് ധർണയെന്ന് യു.ഡി.എഫ് ചെയർമാനായ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും കൺവീനർ ബെന്നി ബഹനാനും മുൻ കൺവീനർ പി.പി. തങ്കച്ചനും വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഇടതുസർക്കാരിന്റെ മദ്യനയത്തിലോ ഗവർണറുടെ നയപ്രഖ്യാപനത്തിലോ ബഡ്ജറ്റിലോ പ്രഖ്യാപിക്കാതെയും മന്ത്രിസഭാ യോഗത്തിൽ വയ്ക്കാതെയും പിൻവാതിലിലൂടെയാണ് ബ്രൂവറികൾക്കും ഡിസ്റ്റിലറിക്കും അനുമതി നൽകിയതെന്ന് യു.ഡി.എഫ് ഏകോപനസമിതി യോഗം പ്രമേയത്തിൽ ആരോപിച്ചു. ഈ അഴിമതിയിൽ ഒന്നാം പ്രതി മുഖ്യമന്ത്രിയും രണ്ടാം പ്രതി എക്സൈസ് മന്ത്രിയുമാണ്. 19 വർഷമായി സംസ്ഥാനം പിന്തുടരുന്ന പൊതുനയം മാറ്റിക്കൊണ്ടുള്ള തീരുമാനം ഭരണമുന്നണിയിൽ ചർച്ച ചെയ്യുകയോ ഘടകകക്ഷികളെ അറിയിക്കുകയോ ചെയ്തില്ല. താത്പര്യപത്രം ക്ഷണിക്കാതെ ഇഷ്ടക്കാരിൽ നിന്ന് കോടികൾ വാങ്ങി അനുമതി നൽകിയതിലൂടെ അഴിമതിക്കെതിരെ വാചകമടിക്കുന്ന ഇടതുമുന്നണി നേതൃത്വത്തിന്റെ മുഖംമൂടി അഴിഞ്ഞു വീണു. മദ്യാസക്തി കുറച്ചു കൊണ്ടുവരുമെന്ന് മദ്യനയത്തിൽ എഴുതി വച്ച ശേഷം മദ്യാസക്തി വർദ്ധിപ്പിച്ച് സംസ്ഥാനത്തെ മദ്യത്തിൽ മുക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്നും പ്രമേയം കുറ്റപ്പെടുത്തി.

### യു.ഡി.എഫ് ഇനി 20ന്

അടുത്ത യു.ഡി.എഫ് ഏകോപനസമിതി യോഗം ഒക്ടോബർ 20ന് ചേരും. ലോക്സഭാ മണ്ഡലം കൺവെൻഷനുകൾ ഒക്ടോബർ ആറിന് പൂർത്തിയാകും.

ഇന്നലത്തെ യോഗത്തിൽ പുതിയ കൺവീനർ ബെന്നി ബഹനാൻ പി.പി. തങ്കച്ചനിൽ നിന്ന് സ്ഥാനമേറ്റു. തങ്കച്ചനെ മുന്നണിയോഗങ്ങളിൽ സ്ഥിരം ക്ഷണിതാവാക്കും.

തിരഞ്ഞെടുപ്പിന് മുമ്പ് ബൂത്ത്തലം മുതൽ മുന്നണിസംവിധാനം ശക്തിപ്പെടുത്തുമെന്നും കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കെതിരായ ആരോപണങ്ങൾ ജനങ്ങളിൽ എത്തിക്കാൻ വിപുലമായ പരിപാടികൾ ഒരുക്കുമെന്നും ബെന്നി ബഹനാൻ പറഞ്ഞു. യു.ഡി.എഫ് കൂട്ടായ്മ ശക്തിപ്പെടുത്താൻ പരമാവധി ശ്രമിച്ചെന്നും അനാരോഗ്യം കാരണം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെന്നും തങ്കച്ചൻ പറഞ്ഞു. 13 വർഷം ഫലപ്രദമായ നേതൃത്വം നൽകാൻ തങ്കച്ചനായെന്ന് രമേശ് ചെന്നിത്തല പറഞ്ഞു.

### കടുത്ത ജനവഞ്ചന: സുധീരൻ

തിരുവനന്തപുരം: പുതിയ ബ്രൂവറികളും ഡിസ്റ്റിലറിയും തുടങ്ങാനും നിലവിലുള്ള ഡിസ്റ്റിലറിയുടെ ഉത്പാദനശേഷി കൂട്ടാനും അനുമതി നൽകിയ സർക്കാർ നടപടി കടുത്തജനവഞ്ചനയാണെന്ന് വി.എം. സുധീരൻ ആരോപിച്ചു. മദ്യലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകരമായ നയമായിരിക്കും ഇടതുമുന്നണി സർക്കാർ സ്വീകരിക്കുകയെന്ന പ്രകടനപത്രികയിലെ വാഗ്ദാനം തുടർച്ചയായി ലംഘിച്ചു വരുന്നതിന്റെ ഭാഗമാണിത്. ഇടതുമുന്നണിയിലെ ഘടകകക്ഷി നേതാക്കളോ മറ്റ് മന്ത്രിമാരോ പോലും അറിയാതെ അതീവ രഹസ്യമായി സ്വീകരിച്ച നടപടികളിൽ ദുരൂഹതയുണ്ട്. ഇക്കാര്യത്തിൽ ജുഡിഷ്യൽ അന്വേഷണം വേണം. ഇപ്പോഴത്തെ ഉത്തരവുകൾ റദ്ദാക്കണമെന്നും സുധീരൻ ആവശ്യപ്പെട്ടു.

## ഫ്രാങ്കോയ്ക്ക് ജാമ്യം: എതിർപ്പു കടുപ്പിച്ച് സർക്കാർ; ജാമ്യവിധി ബുധനാഴ്ച

കൊച്ചി: കന്യാസ്ത്രീയെ പീഡിപ്പിച്ച കേസിൽ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ നൽകിയ ജാമ്യാപേക്ഷ ഹൈക്കോടതി അടുത്ത ബുധനാഴ്ച വിധി പറയാൻ മാറ്റി. ഹർജി സിംഗിൾ ബെഞ്ചിന്റെ പരിഗണനയ്ക്കു വന്നപ്പോൾ ജാമ്യാപേക്ഷയെ സർക്കാർ ശക്തമായി എതിർത്തു. അന്വേഷണം നിർണായക ഘട്ടത്തിലാണെന്നും ഇപ്പോൾ പ്രതിക്ക് ജാമ്യം നൽകുന്നത് തെളിവു ശേഖരണത്തെയടക്കം പ്രതികൂലമായി ബാധിക്കുമെന്നും സർക്കാരിനുവേണ്ടി ഹാജരായ ഡയറക്ടർ ജനറൽ ഒഫ് പ്രോസിക്യൂഷൻ (ഡി.ജി.പി) ബോധിപ്പിച്ചു.

കേസ് ഡയറിയും അന്വേഷണ പുരോഗതി റിപ്പോർട്ടും മുദ്രവച്ച കവറിൽ സമർപ്പിച്ചു. ബിഷപ്പെന്ന നിലയിൽ തന്റെ കീഴിലുള്ള പുരോഹിത വൃന്ദത്തെ ഭീഷണിപ്പെടുത്തിയും സ്വാധീനിച്ചും ഒഷം നിറുത്താൻ അധികാരമുള്ള വ്യക്തിയാണ് പ്രതിയെന്നും സർക്കാർ വിശദീകരിച്ചു. എന്നാൽ പരാതി വ്യാജമാണെന്നും അന്വേഷണത്തോട് പൂർണമായും ബിഷപ്പ് സഹകരിച്ചെന്നും അദ്ദേഹത്തിന്റെ അഭിഭാഷകൻ വാദിച്ചു.

2014 മേയ് അഞ്ചിനാണ് ആദ്യം പീഡിപ്പിച്ചതെന്ന് പരാതിയിലുണ്ട്. അടുത്ത ദിവസം സഹോദരിയുടെ കുട്ടിയുടെ ആദ്യ കുർബാനയ്ക്ക് കന്യാസ്ത്രീ ബിഷപ്പിനൊപ്പമാണ് പങ്കെടുത്തതെന്നും അഭിഭാഷകൻ ചൂണ്ടിക്കാട്ടി. ചടങ്ങിന്റെ വീഡിയോയും ചിത്രങ്ങളും ഹാജരാക്കിയിട്ടുണ്ട്. ജലന്ധറിൽ ഒമ്പതു മണിക്കൂറും പിന്നീട് പൊലീസ് നോട്ടീസ് നൽകി മൂന്നു ദിവസവും ചോദ്യം ചെയ്തു. ഉന്നത പദവിയിലിരുന്ന പരാതിക്കാരിയെ അച്ചടക്ക നടപടിയുടെ ഭാഗമായി പദവിയിൽ നിന്ന് നീക്കിയതിലുള്ള പകയാണ് പരാതി നൽകാൻ കാരണം. പൊതുജന തൃപ്തിക്കു വേണ്ടിയാണോ അറസ്റ്റ് ചെയ്തതെന്ന് സംശയിക്കുന്നു. കന്യാസ്ത്രീ ജൂൺ അഞ്ചിനാണ് പരാതി നൽകിയത്. കേസിൽ നിന്ന് ഇതുവരെ രക്ഷപ്പെടാൻ ശ്രമിച്ചിട്ടില്ല. പാസ്പോർട്ട് പിടിച്ചെടുത്തിട്ടുമില്ല. ജാമ്യം ലഭിക്കാൻ അർഹതയുണ്ടെന്നും പ്രതിഭാഗം ചൂണ്ടിക്കാട്ടി.

പരാതിക്കാരി താനനുഭവിച്ച പീഡനങ്ങൾ വ്യക്തമാക്കി 120 പേജുള്ള രഹസ്യമൊഴിയാണ് നൽകിയതെന്ന് ഡി.ജി.പി വ്യക്തമാക്കി. ബിഷപ്പിനെ ഭയക്കുന്ന പുരോഹിതർ അദ്ദേഹത്തിന്റെ താളത്തിനൊത്ത് തുള്ളുന്നു. ആദ്യ സ്റ്റേറ്റ്മെന്റ് ചിലർ മാറ്റിപ്പറയുന്നത് അതുകൊണ്ടാണ്. ഇരയുടെ പരാതിയും സാക്ഷികളുടെ മൊഴികളും തെളിവുകളും പരിശോധിച്ച് നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് ബിഷപ്പിനെ അറസ്റ്റ് ചെയ്തത്.

അഞ്ച് കന്യാസ്ത്രീകളുടെയടക്കം അഞ്ച് പേരുടെ മൊഴികൾ രേഖപ്പെടുത്താനുണ്ട്. ബിഷപ്പിനെതിരെ ഇരയെ സ്വാധീനിക്കാനും ഭീഷണിപ്പെടുത്താനും ശ്രമിച്ചതിന് നാല് കേസുകൾ വേറെ രജിസ്റ്റർ ചെയ്തു. ഇവയുടെ അന്വേഷണം പ്രാരംഭഘട്ടത്തിലാണെന്നും ഡി.ജി.പി വ്യക്തമാക്കി. ഇരു വിഭാഗത്തിന്റെയും വാദം പൂർത്തിയായതോടെ സിംഗിൾ ബെഞ്ച് ഹർജി വിധി പറയാൻ മാറ്റി.

## കേസ് അട്ടിമറിക്കാൻ ശ്രമമെന്ന് കന്യാസ്ത്രീയുടെ സഹോദരി



ആലുവ: ജലന്ധർ ബിഷപ്പായിരുന്ന ഫ്രാങ്കോ മുളയ്ക്കൽ കന്യാസ്ത്രീയെ പീഡിപ്പിച്ച കേസിന്റെ അന്വേഷണം അട്ടിമറിക്കാൻ ശ്രമിക്കുന്നതായി സംശയിക്കേണ്ട സാഹചര്യമാണെന്ന് കന്യാസ്ത്രീയുടെ സഹോദരി മാദ്ധ്യമങ്ങളോട് പറഞ്ഞു. പൊലീസിന് മാത്രം നൽകിയ തന്റെ മകന്റെ ആദ്യ കുർബാനയുടെ വീഡിയോ ദൃശ്യം എങ്ങനെയാണ് പി.സി. ജോർജ് എം.എൽ.എയുടെ കൈവശം എത്തിയതെന്ന് അന്വേഷിക്കണമെന്നും സഹോദരി ആവശ്യപ്പെട്ടു.

കന്യാസ്ത്രീകൾ പണത്തിനുവേണ്ടി ക്രൈസ്തവ സഭയെ അപമാനിക്കാൻ ശ്രമിക്കുന്ന ഒരു സംഘത്തിന്റെ പിണിയാളുകളായി പ്രവർത്തിക്കുകയാണെന്നും തെളിവായി തന്റെ പക്കൽ ഫോട്ടോയും സിഡിയുമുണ്ടെന്നും കായംകുളം റസ്റ്റ് ഹൗസിൽ ഇന്നലെ നടന്ന വാർത്താസമ്മേളനത്തിൽ പി.സി ജോർജ് പറഞ്ഞിരുന്നു.

പി.സി. ജോർജ് കൈവശമുണ്ടെന്ന് പറയുന്ന വീഡിയോയുടെ ഉറവിടം അന്വേഷിക്കണമെന്ന് റൂറൽ ജില്ലാ പൊലീസ് മേധാവിക്ക് നൽകിയ നിവേദനത്തിൽ സഹോദരി ആവശ്യപ്പെട്ടു.

പരാതിയെത്തുടർന്ന് സ്റ്റുഡിയോ ഉടമ ആലുക്ക ഷാജോയെ എസ്.പി ചോദ്യം ചെയ്യാൻ ആലുവയിലേക്ക് വിളിപ്പിച്ചിരുന്നു. സി.ഡി പൊലീസിന് മാത്രമേ നൽകിയിട്ടുള്ളുവെന്നും പി.സി. ജോർജ് സി.ഡി ആവശ്യപ്പെട്ടെങ്കിലും നൽകിയിട്ടില്ലെന്നും ഷാജോ മാദ്ധ്യമങ്ങളോട് പറഞ്ഞു. പി.സി. ജോർജ് ഫോണിൽ ബന്ധപ്പെട്ട് കാണണമെന്ന് ആവശ്യപ്പെട്ടത് പ്രകാരം കോട്ടയത്ത് പോയെന്നും ഇയാൾ വെളിപ്പെടുത്തി.

### സി.പി.എം സെക്രട്ടേറിയറ്റ് യോഗം ഇന്ന്

തിരുവനന്തപുരം: സി.പി.എം സെക്രട്ടേറിയറ്റ് യോഗം ഇന്ന് ചേരും. പി.കെ. ശശി എം.എൽ.എക്കെതിരായ പീഡനാരോപണത്തെകുറിച്ചുള്ള അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് ഇന്ന് എത്തുമോയെന്നതാണ് ഏവരും ആകാംക്ഷയോടെ കാത്തിരിക്കുന്നത്. ഡി.വൈ.എഫ്.ഐ പാലക്കാട് സെക്രട്ടേറിയറ്റ് അംഗമായ യുവതിയുടെ ആരോപണത്തെ സാധൂകരിക്കുന്ന തെളിവുകളും ആരോപണം ഗൂഢാലോചനയാണെന്ന ശശിയുടെ വാദത്തെ പിന്തുണയ്ക്കുന്നമൊഴികളും കമ്മീഷന് ലഭിച്ചിട്ടുണ്ടെന്നാണ് വിവരം. കമ്മീഷൻ റിപ്പോർട്ട് ഇന്ന് എത്തുമോയെന്ന് വ്യക്തതയില്ല. ഞായർ, തിങ്കൾ ദിവസങ്ങളിൽ പാർട്ടി സംസ്ഥാനകമ്മിറ്റിയും ചേരുന്നുണ്ട്. ഇന്നത്തെ യോഗത്തിൽ റിപ്പോർട്ട് സമർപ്പിച്ചില്ലെങ്കിൽ സംസ്ഥാനകമ്മിറ്റിയ്ക്ക് മുന്നോടിയായി നേതൃത്വത്തിന് കൈമാറിയാലുംമതി.

### സംസ്ഥാനം 1500 കോടി വായ്പയെടുക്കുന്നു

തിരുവനന്തപുരം: സംസ്ഥാനം 1500 കോടിരൂപ കടമെടുക്കും. ഒക്ടോബർ ഒന്നിനാണ് നടപടികൾ പൂർത്തിയാക്കുക. അടുത്ത മാസത്തെ ശമ്പളവും മറ്റ് ചെലവുകളും നടത്തുന്നതിനാണ് വായ്പയെടുക്കുന്നത്. പ്രളയത്തിന്റെ കെടുതിമൂലം നികുതിവരുമാനത്തിലും മറ്റും കുത്തനെ ഇടിവുണ്ടായതാണ് ഓണത്തിന് ബോണസും മറ്റും കൊടുക്കുന്നതിനായി ആറായിരം കോടിവായ്പയെടുത്തതിന് പിന്നാലെ വീണ്ടും വായ്പയെടുക്കേണ്ടിവന്നത്.

## ദേവസ്വം രാപ്പകൽ സമരം അനാവശ്യം: പെൻഷണേഴ്സ് കോൺഫെഡറേഷൻ

തിരുവനന്തപുരം: ദേവസ്വം എംപ്ലോയീസ് ഫ്രണ്ട് സെക്രട്ടേറിയറ്റ് നടയിൽ നടത്തുന്ന രാപ്പകൽ സമരം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയാണെന്ന് കേരള സ്റ്റേറ്റ് ദേവസ്വം പെൻഷണേഴ്സ് കോൺഫെഡറേഷൻ. ദുരിതാശ്വാസ സഹായമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് 300 കോടി രൂപ സർക്കാർ നൽകണമെന്നാവശ്യപ്പെട്ടാണ് സമരം. നിലവിൽ പമ്പ പുനർനിർമ്മാണത്തിന് 200 കോടി രൂപയുടെ അടിയന്തര സഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. അതിനാൽ ഈ സമരത്തിന് പ്രസക്തിയില്ലെന്നും സംസ്ഥാന പ്രസിഡന്റ് ആർ.ഷാജി ശർമ്മയും ജനറൽ സെക്രട്ടറി ആനയറ ചന്ദ്രനും പ്രസ്താവിച്ചു.



# കെ.പി.സി.സി പ്രസിഡന്റായി മുല്ലപ്പള്ളി ചുമതലയേറ്റു

തിരുവനന്തപുരം: ഗ്രൂപ്പ് ഭേദം മറന്ന് ആവേശഭരിതരായി എത്തിയ നേതാക്കളുടെയും പ്രവർത്തകരുടെയും സാന്നിദ്ധ്യത്തിൽ മുല്ലപ്പള്ളി രാമചന്ദ്രൻ കെ.പി.സി.സി പ്രസിഡന്റായി ചുമതലയേറ്റു.

കെ. സുധാകരൻ, എം.ഐ. ഷാനവാസ്, കൊടിക്കുന്നിൽ സുരേഷ് എന്നിവർ വർക്കിംഗ് പ്രസിഡന്റുമാരായും കെ.പി.സി.സി പ്രചാരണവിഭാഗം ചെയർമാനായി കെ. മുരളീധരനും സ്ഥാനമേറ്റു.

ഇന്ദിരാഭവനിലെ രാജീവ് ഗാന്ധി ആഡിറ്റോറിയത്തിൽ ഇന്നലെ ഉച്ചയ്ക്ക് 12.30 ന് സ്ഥാനമൊഴിഞ്ഞ പ്രസിഡന്റ് എം.എം. ഹസനിൽ നിന്ന് മിനിട്ട്സ് ബുക്ക് ഏറ്റുവാങ്ങി മുല്ലപ്പള്ളി ചുമതലയേറ്റപ്പോൾ പ്രവർത്തകർ ഹർഷാരവം മുഴക്കി.

സി.പി.എമ്മും ബി.ജെ.പിയും ഒരു മനസും ഇരുമെയ്യുമായി നീങ്ങുമ്പോൾ നിതാന്തജാഗ്രത പുലർത്തണമെന്ന് മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു. ഒന്നും പ്രതീക്ഷിക്കാതെ പാർട്ടിക്കുവേണ്ടി നിലകൊള്ളുന്ന ലക്ഷക്കണക്കിന പ്രവർത്തകരോടൊപ്പമായിരിക്കും കോൺഗ്രസ്. തന്റെ വികാരവും ആവേശവും കോൺഗ്രസാണെന്നും മുല്ലപ്പള്ളി പറഞ്ഞു.

ഐക്യമാണ് പാർട്ടിയെ ജയിപ്പിക്കാനുള്ള മന്ത്രമെന്നും ഉൾപ്പാർട്ടി ജനാധിപത്യം നിലനിറുത്തണമെന്നും ചടങ്ങ് ഉദ്ഘാടനം ചെയ്ത എ.കെ. ആന്റണി പറഞ്ഞു. പാർട്ടിപ്രവർത്തകരുടെ ആവേശം കൊള്ളാമെങ്കിലും അമിതാവേശം നല്ലതാണോ എന്നും ചിന്തിക്കണം. ചെങ്ങന്നൂരിൽ നിന്നുള്ള പാഠം ഉൾക്കൊണ്ടുവേണം പ്രവർത്തനം തുടങ്ങാൻ. പരമ്പരാഗതമായി കോൺഗ്രസിന് വോട്ടുചെയ്തിരുന്നവർ ഇത്തവണ വോട്ട് ചെയ്യാത്തതിന്റെ കാരണം കണ്ടെത്തണമെന്നും ആന്റണി പറഞ്ഞു.

പാർട്ടിയെ ഒറ്റക്കെട്ടായി 18 മാസം മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞത് എല്ലാ പ്രവർത്തകരുടെയും നേതാക്കന്മാരുടെയും സഹകരണം കൊണ്ടാണെന്നും അതിൽ നന്ദിയുണ്ടെന്നും സ്ഥാനമൊഴിഞ്ഞ എം.എം. ഹസൻ പറഞ്ഞു. പാർട്ടിയിൽ ഇന്ന് പ്രവർത്തിക്കുന്നവരുടെ ഗ്രൂപ്പും പ്രവർത്തിക്കാത്തവരുടെ ഗ്രൂപ്പുമാണുള്ളത്. പാർട്ടി നടത്തിയ ഹർത്താലിനെ അനുകൂലിക്കേണ്ടി വന്നത് മാനസിക സംഘർഷം ഉണ്ടാക്കിയെന്നും ഹസൻ പറഞ്ഞു.

ആത്മാർത്ഥതയും സത്യസന്ധതയും പുലർത്തുന്ന നേതാവാണ് മുല്ലപ്പള്ളി രാമചന്ദ്രനെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. രാഹുൽ ഗാന്ധിയുടെ തീരുമാനം കേരളത്തിലെ കോൺഗ്രസിന് പുതിയ ഉണർവ് ഉണ്ടാക്കുമെന്നും അദ്ദേഹം പറഞ്ഞു.

മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി, മുൻ കെ.പി.സി.സി പ്രസിഡന്റുമാരായ തെന്നല ബാലകൃഷ്ണപിള്ള, സി.വി. പത്മരാജൻ, വി.എം. സുധീരൻ, നേതാക്കളായ പി.സി. ചാക്കോ, കെ.സി. വേണുഗോപാൽ, കെ. ശങ്കരനാരായണൻ, ബെന്നി ബഹനാൻ, പി.ജെ. കുര്യൻ, വി.ഡി. സതീശൻ, ശശി തരൂർ, വി.എസ്. ശിവകുമാർ തുടങ്ങിയവർ പങ്കെടുത്തു. തമ്പാനൂർ രവി സ്വാഗതവും ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ നന്ദിയും പറഞ്ഞു.



കെ.പി.സി.സി പ്രസിഡന്റായി ചുമതലയേൽക്കാനെത്തിയ മുല്ലപ്പള്ളി രാമചന്ദ്രനെ അഭിനന്ദിക്കുന്ന എ.കെ. ആന്റണിയും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും

ഫോട്ടോ: ബി.സുമേഷ്

## വരുന്നത് ചരിത്രത്തിലെ നിർണായക തിരഞ്ഞെടുപ്പ്: എ.കെ. ആന്റണി

■ സി.പി.എമ്മും ബി.ജെ.പിയും മിത്രങ്ങൾ

തിരുവനന്തപുരം: ബി.ജെ.പിയെ ഒരിക്കൽക്കൂടി ഭരണം കൈയാളാൻ അനുവദിച്ചാൽ രാജ്യത്തിന്റെ എല്ലാമൂല്യങ്ങളും മതേതരമുഖവും അടിത്തറയും തകരുമെന്നും അതുകൊണ്ട തന്നെ രാജ്യത്തിന്റെ ചരിത്രത്തിൽ ഏറ്റവും പ്രാധാന്യമുള്ള ലോക്സഭാ തിരഞ്ഞെടുപ്പായിരിക്കും 2019ൽ നടക്കുന്നതെന്നും കോൺഗ്രസ് പ്രവർത്തക സമിതി അംഗം എ.കെ. ആന്റണി പറഞ്ഞു. യു.ഡി.എഫ് തിരുവനന്തപുരം പാർലമെന്റ് കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം.

രാജ്യത്ത് സംഘപരിവാർ അജൻഡകൾ നടപ്പിലാക്കുന്ന ബി.ജെ.പി സർക്കാരിനെ ഉന്മൂലനം ചെയ്യുകയാണ് കോൺഗ്രസിന്റെ ഇനിയുള്ള പ്രധാന അജൻഡ. കേരളത്തിൽ സി.പി.എമ്മും ബി.ജെ.പിയും പരസ്പരം കൊലപാതകങ്ങൾ നടത്തുന്നുണ്ടെങ്കിലും അവർ ശത്രുക്കളല്ല. സി.പി.എമ്മിനെ ചെറുക്കാനുള്ള കരബലം ബി.ജെ.പിക്ക് മാത്രമേയുള്ളൂവെന്ന് വരുത്തിത്തീർത്ത് പരമാവധി സി.പി.എം വിരുദ്ധരെ ആർ.എസ്.എസ്- ബി.ജെ.പി പാളയത്തിൽ എത്തിക്കാനാണ് സി.പി.എം ശ്രമിക്കുന്നത്. കേരളത്തിൽ ചോരക്കളി നടക്കുമ്പോൾ നരേന്ദ്രമോദിയും പിണറായി വിജയനും ഒരേ ദിശയിലാണ് സഞ്ചരിക്കുന്നത്. ചെങ്ങന്നൂർ ഉപതിരഞ്ഞെടുപ്പിൽ സംഭവിച്ചതുപോലെ സി.പി.എമ്മും ബി.ജെ.പിയും ലോക്സഭാ തിരഞ്ഞെടുപ്പിലും വോട്ട് പങ്കിടാൻ സാദ്ധ്യത ഏറെയാണെന്നും ആന്റണി പറഞ്ഞു.

യു.ഡി.എഫ് ജില്ലാ ചെയർമാൻ സോളമൻ അലക്സ് അദ്ധ്യക്ഷത വഹിച്ചു. കോൺഗ്രസ് പ്രവർത്തക സമിതി അംഗം ഉമ്മൻചാണ്ടി, മുസ്ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, പ്രതിപക്ഷ ഉപനേതാവ് ഡോ. എം.കെ. മുനീർ, പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ, കെ.എം. മാണി, യു.ഡി.എഫ് കൺവീനർ ബെന്നി ബഹനാൻ, ശശി തരൂർ എം.പി, എം.എൽ.എമാരായ കെ. മുരളീധരൻ, അനൂപ് ജേക്കബ്, വി.എസ്. ശിവകുമാർ, കേരള കോൺഗ്രസ് ജേക്കബ് ജനറൽ സെക്രട്ടറി ജോണി നെല്ലൂർ, എം.എം. ഹസൻ, ആർ.എസ്.പി സംസ്ഥാന സെക്രട്ടറി എ.എ. അസീസ്, ഫോർവേഡ് ബ്ലോക്ക് ദേശീയ സെക്രട്ടറി ജി. ദേവരാജൻ, മുസ്ലിംലീഗ് സംസ്ഥാന സെക്രട്ടറി ബീമാപള്ളി റഷീദ് തുടങ്ങിയവർ സംസാരിച്ചു.



## ഡോ. രാധാകൃഷ്ണന് പുരസ്കാരം

തിരുവനന്തപുരം: ഈ വർഷത്തെ മീഡിയ കൺടിവൈഡ് പി.ടി.ബി പ്രതിഭാ പുരസ്കാരം ഗാന്ധിഗ്രാം സർവകലാശാലാ മുൻ വൈസ് ചാൻസലറും കേരള ഗാന്ധി സ്മാരകനിധി ചെയർമാനുമായ ഡോ. എൻ. രാധാകൃഷ്ണന് നൽകുമെന്ന് മീഡിയ കൺടിവൈഡ് ചെയർമാൻ എ. പ്രഭാകരനും സെക്രട്ടറി കെ. ബാലചന്ദ്രനും അറിയിച്ചു. ദേശീയ, അന്തർദ്ദേശീയതലങ്ങളിൽ ഗാന്ധിയൻ ആശയങ്ങൾക്ക് ഊന്നൽ നൽകി പ്രവർത്തിക്കുന്ന ഡോ. രാധാകൃഷ്ണൻ മലയാളത്തിലും ഇംഗ്ലീഷിലും ഹിന്ദിയിലുമായി 75 ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഒക്ടോബർ 15ന് പ്രസ്ക്ലബ്ബിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരം സമർപ്പിക്കും.

## യൂത്ത് വോളണ്ടിയർ ഫോഴ്സ് രൂപീകരിക്കും

തിരുവനന്തപുരം: മൂന്ന് മാസം കൊണ്ട് ഒരു ലക്ഷം യുവതീ-യുവാക്കളെ അംഗങ്ങളാക്കി സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരള യൂത്ത് വോളണ്ടിയർ ഫോഴ്സ് രൂപീകരിക്കും. ഔപചാരിക ഉദ്ഘാടനം രാവിലെ 10ന് തിരുവനന്തപുരം മോഡൽ ബോയ്സ് സ്കൂളിൽ നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ നിർവഹിക്കും.

## ദുരിതാശ്വാസ നിധിയിലേക്ക് സഹായം

തിരുവനന്തപുരം: ദുരിതാശ്വാസ നിധിയിലേക്ക് ഹൈദരാബാദ് ഹൈക്കോടതി ചീഫ് ജസ്റ്റിസ്, ജഡ്ജിമാർ, സ്റ്റാഫ് അംഗങ്ങൾ എന്നിവർ സമാഹരിച്ച 1.45 കോടി രൂപ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി. രജിസ്ട്രാർ ജനറൽ സി.എച്ച്. മാനവേന്ദ്ര നാഥ് റോയ്, രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ) ഡി. നാഗാർജുന, നിയമ സെക്രട്ടറി വി.ജി. ഹരീന്ദ്രനാഥ് എന്നിവർ മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്തിയാണ് തുക നൽകിയത്.

## സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം: പുനലൂരിലെ കേരള അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിസ്റ്റ്യൂട്ടിൽ നടത്തുന്ന കെ.ജി.സി.ഇ കോഴ്സായ ഓപറേഷൻ ആൻഡ് മെയിന്റനൻസ് ഒഫ് അഗ്രികൾച്ചറൽ മിഷനറീസ് 2018-20 ബാച്ചിൽ സീറ്റുകൾ ഒഴിവുണ്ട്. താത്പര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ഇന്ന് ഇൻസ്റ്റിറ്റ്യൂട്ടിൽ ഹാജരാകണം. വെബ്സൈറ്റ്: www.keralaagro.com

## പുനർമൂല്യനിർണയ ഫലം പ്രസിദ്ധീകരിച്ചു

ഹയർ സെക്കൻഡറി 2018 ജൂണിൽ നടത്തിയ രണ്ടാംവർഷ ഹയർ സെക്കൻഡറി സേ/ഇംപ്രൂവ്മെന്റ് പരീക്ഷയുടെ പുനർമൂല്യനിർണയം, സൂക്ഷ്മപരിശോധന എന്നിവയുടെ ഫലം പ്രസിദ്ധീകരിച്ചു. ഫലം www.dhsekerala.gov.inൽ.

## പി. സുരേഷ് സംസ്ഥാന ബാലാവകാശ കമ്മിഷൻ ചെയർമാൻ



തിരുവനന്തപുരം: സംസ്ഥാന ബാലാവകാശ കമ്മിഷൻ ചെയർമാനായി മുൻ വിജിലൻസ് ട്രൈബ്യൂണലായ പി. സുരേഷിനെ നിയമിച്ചു. ഇന്നലെ മന്ത്രിസഭയാണ് തീരുമാനമെടുത്തത്. തലശേരി സ്വദേശിയായ പി. സുരേഷ് തലശേരി കോടതിയിൽ പബ്ലിക് പ്രോസിക്യൂട്ടറായാണ് ഔദ്യോഗിക ജീവിതം തുടങ്ങിയത്. പിന്നീട് 2000 ൽ ബാർ കൗൺസിൽ സംസ്ഥാന ഭരണസമിതി അംഗമായി. 2005 ൽ ബാർ കൗൺസിൽ സംസ്ഥാന വെൽഫെയർ കമ്മിറ്റി ചെയർമാനായിരുന്നു. ഹൈക്കോടതിയിൽ ഗവൺമെന്റ് പ്ലീഡറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2006 മുതൽ 2017 വരെ കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണൽ ജഡ്ജിയായിരുന്നു.

## ജനാന്ദോളൻ പദയാത്ര: കേരളത്തിൽ നിന്ന് 200പേർ

തിരുവനന്തപുരം: അന്തിയുറങ്ങാൻ വീടില്ലാത്തവരുടെയും ചവിട്ടിനിൽക്കാൻ മണ്ണില്ലാത്തവരുടെയും അവകാശങ്ങൾക്കായി ഏകത പരിഷത് ഗാന്ധിജിയുടെ 150-ാമത് ജന്മദിനത്തിൽ 25000 സത്യഗ്രഹികളുമായി ഗ്വാളിയോറിൽ നിന്നും ഡൽഹിയിലേക്ക് സംഘടിപ്പിക്കുന്ന പദയാത്രയിൽ കേരളത്തിൽ നിന്നും 200 പേർ പങ്കെടുക്കും. പങ്കെടുക്കുന്നവരുടെ ആദ്യ സംഘം ഇന്ന് തിരുവനന്തപുരത്തുനിന്നും യാത്ര തിരിക്കും. ദേശീയ പാർപ്പിടാവകാശ നിയമം നടപ്പിലാക്കുക, ദേശീയ ഭൂപരിഷ്കരണ നയം രൂപീകരിക്കുക, വനിതാ കർഷക അവകാശ നിയമം നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് പദയാത്ര.

ഏകത പരിഷത് സ്ഥാപകൻ രാജഗോപാൽ പി.വി പദയാത്ര നയിക്കുമെന്ന് സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് വടകോട് മോനച്ചൻ അറിയിച്ചു.

## ചലച്ചിത്രമേള 7 ദിവസം; ഏഷ്യൻ ചിത്രങ്ങൾക്ക് പ്രാധാന്യം

### അടുത്തയാഴ്ച മുതൽ സെലക്ഷൻ ജൂറി സിനിമകൾ കണ്ടുതുടങ്ങും

▶ എൻ.പി. മുരളീകൃഷ്ണൻ

തിരുവനന്തപുരം: കേരള രാജ്യാന്തര ചലച്ചിത്ര മേള ഇത്തവണ ഒരു ദിവസം ചുരുക്കി ഏഴ് ദിവസമാക്കി ഡിസംബർ 7 മുതൽ 13 വരെ നടത്തും. മൂന്നരക്കോടി അടിസ്ഥാന ബജറ്റിൽ ചെലവുകൾ ഒതുക്കാനാണ് ധാരണ. ഇതിൽ രണ്ട് കോടി ഡെലിഗേറ്റ് പാസ് കളക്ഷനിലൂടെയും ഒന്നരക്കോടി സ്പോൺസർമാരിലൂടെയും കണ്ടെത്തും. ചലച്ചിത്ര അക്കാഡമി ചെയർമാനും സെക്രട്ടറിയും ഇന്നലെ മന്ത്രി എ.കെ. ബാലനെ സന്ദർശിച്ച് ചർച്ച നടത്തി.

അടുത്തയാഴ്ച മുതൽ സെലക്ഷൻ ജൂറി സിനിമകൾ കണ്ടു തുടങ്ങും. ഇത്തവണ ഏഷ്യൻ സിനിമകൾക്കായിരിക്കും പ്രാധാന്യം. സിനിമയും അണിയറപ്രവർത്തകരെയും എത്തിക്കുന്നതിനുള്ള ചെലവ് കുറയ്ക്കാനാണിത്.




- ■ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം ഇത്തവണ ഇല്ല. 10 ലക്ഷമാണ് ഇതിന്റെ തുക. ജേതാവിന്റെ യാത്ര, താമസ, അനുബന്ധ ചെലവുകൾ ഉൾപ്പെടെ 20 ലക്ഷത്തോളം രൂപ ലാഭിക്കാം.
- ■ ലോക സിനിമ, കോംപറ്റീഷൻ, ഇന്ത്യൻ സിനിമ, മലയാള സിനിമ എന്നീ പാക്കേജുകൾ മാത്രം
- ■ വിദേശ ചലച്ചിത്രപ്രവർത്തകർ ഉൾപ്പെടെ അതിഥികളെ കുറയ്ക്കും
- ■ ഉദ്ഘാടന, സമാപന ചടങ്ങുകളിലെ ആഘോഷം ഇല്ല
- ■ പുരസ്കാരം പ്രധാന കാറ്റഗറികൾക്കു മാത്രം



ജി. ദേവരാജൻ ശക്തിഗാഥ പുരസ്കാരം തിരുവനന്തപുരം വി.ജെ.ടി ഹാളിൽ നടന്ന ചടങ്ങിൽ മന്ത്രി ഇ. ചന്ദ്രശേഖരൻ പൂവച്ചൽ ഖാദറിന് സമ്മാനിക്കുന്നു. പെരുമ്പടവം ശ്രീധരൻ, പെരുമ്പുഴ ഗോപാലകൃഷ്ണൻ, ഡെപ്യൂട്ടി മേയർ രാഖി രവികുമാർ എന്നിവർ സമീപം

## പ്രളയ സെസ്: ജി.എസ്.ടി കൗൺസിൽ ഇന്ന് ചേരും

തിരുവനന്തപുരം: കേരള പുനർനിർമ്മാണത്തിന് പണം കണ്ടെത്താൻ തിരഞ്ഞെടുത്ത ഉത്പന്നങ്ങൾക്ക് നിശ്ചിത കാലത്തേക്ക് സെസ് ഏർപ്പെടുത്താനുള്ള നിർദ്ദേശം ചർച്ച ചെയ്യാൻ ജി.എസ്.ടി. കൗൺസിലിന്റെ 30-ാമത് യോഗം ഇന്ന് ഡൽഹിയിൽ ചേരും. യോഗത്തിനായി ധനമന്ത്രി തോമസ് ഐസക്ക് ഇന്നലെ ഡൽഹിയിൽ എത്തി.

ജി.എസ്.ടി നടപ്പാക്കിയ ശേഷം ആദ്യമായാണ് അടിസ്ഥാന നയം മാറ്റം ചർച്ച ചെയ്യാൻ കൗൺസിൽ ചേരുന്നത്. ജി.എസ്.ടി നിയമം സെസിന് അനുകൂലമല്ലെങ്കിലും കേരളമടക്കമുള്ള സംസ്ഥാനങ്ങളെ പ്രളയക്കെടുതിയിൽ നിന്ന് കരകയറ്റാൻ ഇത് അനിവാര്യമാണ്.

പ്രളയ പുനർനിർമ്മാണത്തിന് സംസ്ഥാന ജി.എസ്.ടിയിൽ പത്ത് ശതമാനം സെസിന് അനുവാദം തേടിയാണ് ധനമന്ത്രി തോമസ് ഐസക് കേന്ദ്രത്തെ സമീപിച്ചത്. അതിന് നിയമഭേദഗതിയും ജി.എസ്.ടി സോഫ്ട്‌വെയറിൽ മാറ്റവും വരുത്തണം. ഇത് കണക്കിലെടുത്താണ് ചില ഉത്പന്നങ്ങൾക്ക് ദേശീയ സെസ് ഏർപ്പെടുത്തി പണം കണ്ടെത്താൻ തീരുമാനിച്ചത്. ഈ പണം കേന്ദ്ര സഹായത്തിൽ ഉൾപ്പെടുത്തരുതെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്രം അംഗീകരിച്ചിട്ടുണ്ട്. ജി.എസ്.ടി നിയമത്തിലെ 279-ാം വകുപ്പിലെ ഭേദഗതി അനുസരിച്ച് പ്രകൃതിദുരന്തങ്ങളെ നേരിടുന്നതിന് പണം കണ്ടെത്താൻ സെസ് ഏർപ്പെടുത്താം. ഇതുപയോഗിച്ചാണ് കേരളത്തിനുള്ള പണം കണ്ടെത്തുക. ടൂറിസം സേവനങ്ങളുടെയും ഉൽപന്നങ്ങളുടെയും ജി.എസ്.ടി. കുറയ്ക്കണമെന്ന കേരളത്തിന്റെ ആവശ്യവും കൗൺസിൽ ഇന്ന് പരിഗണിക്കും.

## നമ്പിനാരായണന് 50 ലക്ഷം നൽകും



നമ്പി നാരായണൻ

തിരുവനന്തപുരം: ഐ.എസ്.ആർ.ഒ ചാരക്കേസിൽ സുപ്രീം കോടതി വിധിയനുസരിച്ച് മുൻ ശാസ്ത്രജ്ഞൻ നമ്പി നാരായണന് 50 ലക്ഷം നൽകാൻ ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. ഈ തുക അന്വേഷണത്തിൽ വീഴ്ച വരുത്തിയ പൊലീസ് ഉദ്യോഗസ്ഥരിൽ നിന്ന് വസൂലാക്കും. ഇതിന്റെ നടപടിക്രമങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിയമവകുപ്പിനെ ചുമതലപ്പെടുത്തിയതായി മുഖ്യമന്ത്രി പറഞ്ഞു. ഐ.എസ്.ആർ.ഒ. ചാരക്കേസിന്റെ വസ്തുതാന്വേഷണത്തിന് സുപ്രീംകോടതി നിയോഗിച്ച ജസ്റ്റിസ് ജയിൻ കമ്മിഷനിലേക്ക് സംസ്ഥാന സർക്കാർ പ്രതിനിധിയായി മുൻ അഡീഷണൽ ചീഫ് സെക്രട്ടറി വി.എസ്. സെന്തിലിനെ നിയോഗിക്കാനും സർക്കാർ തീരുമാനിച്ചു.

1994 ൽ ഐ.എസ്.ആർ.ഒ.യുടെ ക്രയോജനിക് നിർമ്മാണ രഹസ്യം ശത്രുരാജ്യത്തിന് ചോർത്തിക്കൊടുക്കാൻ ശ്രമിച്ചുവെന്നാരോപിച്ചാണ് ഐ.എസ്.ആർ.ഒ.യിലെ ശാസ്ത്രജ്ഞരായ നമ്പിനാരായണൻ, ചന്ദ്രശേഖരൻ, ശശികുമാർ തുടങ്ങി ആറ് പേർക്കെതിരെ പൊലീസ് കേസെടുത്തത്. ഇതിനെതിരെ നമ്പി നാരായണൻ 24 വർഷമായി നടത്തിയ നിയമപോരാട്ടത്തിന് ഒടുവിലാണ് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ മൂന്നംഗ ബെഞ്ച് 50 ലക്ഷം നഷ്ടപരിഹാരം നൽകാൻ വിധിച്ചത്.

## കേരളത്തിന് 9 ദേശീയ ടൂറിസം പുരസ്കാരങ്ങൾ

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ നാല് ഔദ്യോഗിക എൻട്രികൾ ഉൾപ്പെടെ കേരളത്തിന് 9 ദേശീയ പുരസ്കാരങ്ങൾ. ഡൽഹി വിഗ്യാൻ ഭവനിൽ നടന്ന ചടങ്ങിൽ മന്ത്രി അൽഫോൺസ് കണ്ണന്താനം പുരസ്കാര ദാനം നടത്തി. സംസ്ഥാന സർക്കാരിനു വേണ്ടി കേരള ടൂറിസം ഡയറക്ടർ പി.ബാലകിരൺ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. മികച്ച ടൂറിസം ഫിലിം, രാജ്യത്തെ സമഗ്ര ടൂറിസം വികസനത്തിലെ രണ്ടാം സ്ഥാനം, വിദേശഭാഷാ പ്രസിദ്ധീകരണങ്ങളിലെ മികവ്, ഉത്തരവാദിത്ത ടൂറിസം പദ്ധതി എന്നിവയിൽ ഹാൾ ഒഫ് ഫെയിം എന്നീ നാല് പുരസ്കാരങ്ങളാണ് കേരള ടൂറിസം കരസ്ഥമാക്കിയത്.

ഇതുകൂടാതെ സംസ്ഥാനത്തെ സ്വകാര്യ ടൂറിസം മേഖല അഞ്ച് പുരസ്കാരങ്ങളും കരസ്ഥമാക്കി. മികച്ച ആഭ്യന്തര ടൂർ ഓപ്പറേറ്റർ, ഇൻക്രഡിബിൾ ഇന്ത്യ ബെഡ് ആൻഡ് ബ്രേക്ക് ഫാസ്റ്റ്, ബെസ്റ്റ് സ്റ്റാൻഡ് എലോൺ കൺവെൻഷൻ സെന്റർ എന്നീ വിഭാഗങ്ങളിലെ പുരസ്കാരങ്ങളാണ് സ്വകാര്യ സംരംഭകർ നേടിയത്.

# വിളംബരം

## വനഗവേഷണ സ്ഥാപനത്തിൽ പ്രോജക്ട് ഫെലോ

തിരുവനന്തപുരം: കേരള വന ഗവേഷണ സ്ഥാപനത്തിൽ സമയബന്ധിത ഗവേഷണ പദ്ധതിയായ മാപ്പിംഗ്, ബയോഡൈവേഴ്സിറ്റി ഇൻവെന്ററി & ട്രീ ഹെൽത്ത് അസ്സസ്മെന്റ് ഒഫ് കെ.എഫ്.ആർ.ഐ കാമ്പസിൽ പ്രോജക്ട് ഫെലോയുടെ താത്കാലിക ഒഴിവിലേക്ക് നിയമിക്കുന്നതിന് ഒക്ടോബർ നാലിന് രാവിലെ 10ന് തൃശ്ശൂർ പീച്ചിയിലെ ഓഫീസിൽ വാക്-ഇൻ-ഇന്റർവ്യൂ നടത്തും. വിശദ വിവരങ്ങൾക്ക് www.kfri.res.in.

## കോഷൻ ഡെപ്പോസിറ്റ് വിതരണം

തിരുവനന്തപുരം: സെൻട്രൽ പോളിടെക്നിക്കിൽ റഗുലർ/പാർട്ട്ടൈം (ഈവനിംഗ്) കോഴ്സിന് 2002-03 മുതൽ 2012-13 വരെ പഠിച്ചിരുന്നവരുടെ കോഷൻ ഡെപ്പോസിറ്റ് വിതരണം ചെയ്യുമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. ഈ കാലയളവിൽ പഠിച്ച വിദ്യാർത്ഥികളിൽ തുക വാങ്ങിയിട്ടില്ലാത്തവർ 25നകം ഓഫീസിൽ നിന്ന് തുക കൈപ്പറ്റണം.

## സർവകലാശാല വാർത്തകൾ

### കേരള
www.keralauniversity.ac.in

### ■ പുതുക്കിയ പരീക്ഷാ തീയതി

ഒക്ടോബർ 1 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.സി.എ (2015 സ്കീം) (കമ്പ്യൂട്ടർ ഓർഗനൈസേഷൻ), രണ്ടാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്കീം) (ബി 2.5 - ബെയ്സിക് ഇലക്ട്രോണിക്സ് റിലേറ്റഡ് ടു സ്പീച്ച് ആൻഡ് ഹിയറിംഗ്), ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 3 ലേക്കും, മൂന്നാം സെമസ്റ്റർ എം.ബി.എ (2014 സ്കീം - ഫുൾടൈം (യു.ഐ.എം ഉൾപ്പെടെ/റഗുലർ (ഈവനിംഗ്)/ട്രാവൽ ആൻഡ് ടൂറിസം) (സപ്ലൈ ചെയിൻ ആൻഡ് ലോജിസ്റ്റിക്സ് മാനേജ്മെന്റ്), രണ്ടാം സെമസ്റ്റർ യൂണിറ്ററി എൽ എൽ.ബി (മൂന്ന് വർഷം) (പേപ്പർ III ഫാമിലി ലോ - I) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 11 ലേക്കും മാറ്റി.

വിദൂര വിദ്യാഭ്യാസ വിഭാഗം സെപ്റ്റംബർ 5 മുതൽ 14 വരെ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം വർഷ ബി.എസ് സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പുതിയ സ്കീം/പഴയ സ്കീം ഡിഗ്രി പരീക്ഷകൾ യഥാക്രമം ഒക്ടോബർ 3 (ടെക്നിക്കൽ കമ്മ്യൂണിക്കേഷൻ), ഒക്ടോബർ 5 (ഡിസ്ക്രീറ്റ് മാത്തമാറ്റിക്സ്/മാത്തമാറ്റിക്സ്), ഒക്ടോബർ 10 (ഡിജിറ്റൽ ഇലക്ട്രോണിക്സ്/ബെയിസിക് ഇലക്ട്രോണിക്സ് & ഫണ്ടമെന്റൽസ് ഒഫ് കമ്പ്യൂട്ടേഴ്സ്), ഒക്ടോബർ 12 (പ്രോഗ്രാമിംഗ് ഇൻ സി പ്രോഗ്രാമിംഗ് പ്രിൻസിപ്പിൾസ്), ഒക്ടോബർ 15 (കമ്പ്യൂട്ടർ ഓർഗനൈസേഷൻ/പ്രിൻസിപ്പിൾസ് ഒഫ് അക്കൗണ്ടൻസി & മാനേജ്മെന്റ്) തീയതികളിൽ നടത്തും.

വിദൂര വിദ്യാഭ്യാസ വിഭാഗം 2018 സെപ്റ്റംബറിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെ പുതുക്കിയ പരീക്ഷാ തീയതികൾ വെബ്സൈറ്റിൽ.

### ■ ടൈംടേബിൾ

നാലാം സെമസ്റ്റർ ബി.പി.എ വീണ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 9 മുതൽ 11 വരെ ശ്രീസ്വാതിതിരുനാൾ സംഗീത കോളേജിൽ നടത്തുന്നതാണ്.

### ■ സീറ്റ് ഒഴിവ്

കാര്യവട്ടത്തുള്ള ബിരുദാനന്തര ബിരുദ പഠന വകുപ്പുകളിൽ എസ്.സി വിഭാഗത്തിലുള്ളവർക്ക് കംപ്യൂട്ടർ സയൻസ്, കംപ്യൂട്ടേഷണൽ ബയോളജി, ഹിസ്റ്ററി, സോഷ്യോളജി, ഇസ്ലാമിക് സ്റ്റഡീസ്, ഫിലോസഫി, സംസ്കൃതം, സൈക്കോളജി, തമിഴ്, പൊളിറ്റിക്കൽ സയൻസ്, മ്യൂസിക്, മലയാളം, ഹിന്ദി, അറബിക്, ഡെമോഗ്രഫി, ആക്ച്വറിയൽ സയൻസ്, ലിംഗ്വിസ്റ്റിക്സ് കോഴ്സുകളിലേക്കും, എസ്.ടി വിഭാഗത്തിലുള്ളവർക്ക് കെമിസ്ട്രി, ലിംഗ്വിസ്റ്റിക്സ്, മാത്തമാറ്റിക്സ്, ഫിസിക്സ്, ഇംഗ്ലീഷ്, എം.സി.ജെ, ബോട്ടണി, ബയോകെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, കംപ്യൂട്ടർ സയൻസ്, ഫിലോസഫി, സംസ്കൃതം, സൈക്കോളജി, തമിഴ്, പൊളിറ്റിക്കൽ സയൻസ്, മലയാളം, ഹിന്ദി, അറബിക് കോഴ്സുകളിലേക്കും സീറ്റ് ഒഴിവുണ്ട്. താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 3 ന് 11 മണിക്ക് അതത് പഠന വകുപ്പുകളിൽ ഹാജരാകണം.

### ■ സൂക്ഷ്മപരിശോധന

ബി.ടെക് (2013 സ്കീം) അഞ്ചാം സെമസ്റ്റർ പരീക്ഷയുടെയും ബി.ടെക് (2013 സ്കീം) ആറും എട്ടും സെമസ്റ്റർ പരീക്ഷകളുടെയും സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ളവർ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി ബി.ടെക് റീവാല്യുവേഷൻ സെക്ഷനിൽ 28 മുതൽ ഒക്ടോബർ 6 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകണം.

### ■ പരീക്ഷാഫലം

പത്താം സെമസ്റ്റർ ബി. ആർക് (2008 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ.

### എം.ജി
www.mgu.ac.in

### ■ പരീക്ഷാ തീയതി

നാലാം സെമസ്റ്റർ എം.എസ്‌സി. ഫിഷറി ബയോളജി ആൻഡ് അക്വാകൾച്ചർ (2016 അഡ്മിഷൻ റഗുലർ/2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 23ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ എട്ടുവരെയും 50 രൂപ പിഴയോടെ വരെയും 500 രൂപ സൂപ്പർഫൈനോടെ 11 വരെയും സ്വീകരിക്കും.

### ■ പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് കോർ/കോംപ്ലിമെന്ററി മോഡൽ പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ മൂന്നുമുതൽ അതത് കോളേജുകളിൽ നടത്തും.

### ■ പരീക്ഷാഫലം

നാലാം സെമസ്റ്റർ എം.എസ്‌സി ഫുഡ് ടെക്നോളജി ആൻഡ് ക്വാളിറ്റി അഷ്വറൻസ് (പി.ജി. സി.എസ്.എസ്.) റഗുലർ, സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 11 വരെ അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ എം.എസ്‌സി മൈക്രോബയോളജി (ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 11 വരെ അപേക്ഷിക്കാം. നാലാം സെമസ്റ്റർ എം.കോം (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 11 വരെ അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എം.എ സോഷ്യോളജി (സി.എസ്.എസ്. ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി), എം.എ. അറബിക് (ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി), എം.എ. ഹിന്ദി (സി.എസ്.എസ്. റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 10 വരെ അപേക്ഷിക്കാം.

നാലാം സെമസ്റ്റർ മാസ്റ്റർ ഒഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് (2016 അഡ്മിഷൻ റഗുലർ/2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ ഒൻപതു വരെ അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എം.എ മലയാളം (സി.എസ്.എസ്. റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 11 വരെ അപേക്ഷിക്കാം.

## ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം കൺസൾട്ടന്റ് ഒഴിവ്

തിരുവനന്തപുരം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിൽ ഇ-എഫ്.എം.എസ്. (ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം) കൺസൾട്ടന്റ് (ഒന്ന്) തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: ബി.ടെക്/ബി.ഇ (കമ്പ്യൂട്ടർ സയൻസിലോ, ഇൻഫർമേഷൻ ടെക്നോളജിയിലോ ബി.ടെക്/ബി.ഇ ബിരുദം). ഡാറ്റാ ബേസ് മാനേജ്മെന്റ്/കമ്പ്യൂട്ടർ അക്കൗണ്ടിംഗിൽ 3 വർഷത്തെ പ്രവൃത്തി പരിചയവും ഇംഗ്ലീഷ് വിനിമയ ശേഷിയും ഉണ്ടായിരിക്കണം. ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. 50000 രൂപ വേതനം ലഭിക്കും. അപേക്ഷകൾ ബയോഡാറ്റ സഹിതം ഒക്ടോബർ 15 ന് അഞ്ചിന് മുമ്പ് സമർപ്പിക്കണം. വിലാസം- മിഷൻ ഡയറക്ടർ, മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ, 5-ാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ., തിരുവനന്തപുരം, പിൻ-695003

### വാക് ഇൻ ഇന്റർവ്യൂ മൂന്നിന്

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ വിവിധ പദ്ധതികളിലെ ഒഴിവുകളിലേക്ക് കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ വാക് ഇൻ ഇന്റർവ്യൂ മുഖേന തിരഞ്ഞെടുക്കുന്നു. കോച്ച് (ഹാൻഡ്ബാൾ, ബാസ്കറ്റ് ബാൾ, റെസ്‌ലിംഗ്, കനോയിംഗ് ആൻഡ് കയാക്കിംഗ്, കബഡി, സൈക്ലിംഗ്, വോളിബോൾ, ഫുട്ബോൾ. യോഗ്യത: എൻ.ഐ.എസ് ഡിപ്ലോമ ഇൻ കോച്ചിംഗ് കായിക മേഖലയിൽ അന്താരാഷ്ട്ര നേട്ടങ്ങൾ നേടിയവർക്ക് മുൻഗണന. വിവിധ ഹോസ്റ്റലുകളിൽ ഹോസ്റ്റൽ വാർഡൻ (ആൺ, പെൺ) (ദിവസവേതനാടിസ്ഥാനത്തിൽ) - യോഗ്യത: എസ്.എസ്.എൽ.സി, 40 വയസിനു മുകളിൽ പ്രായം. മുൻ കായികതാരങ്ങൾക്കും വിമുക്തഭടന്മാർക്കും മുൻഗണന.



## വിമാനത്താവളം വന്നിരുന്നെങ്കിൽ ചെങ്ങന്നൂർ ഇല്ലാതായേനെ: കുമ്മനം

ആലപ്പുഴ: ആറന്മുള വിമാനത്താവളം നിർമ്മിച്ചിരുന്നെങ്കിൽ ചെങ്ങന്നൂരും ഇടനാടും പാണ്ടനാടുമുൾപ്പെടെയുള്ള പല ഗ്രാമങ്ങളും പ്രളയത്തോടെ ഇല്ലാതായേനെയെന്ന് മിസോറാം ഗവർണർ കുമ്മനം രാജശേഖരൻ പറഞ്ഞു. ആയുർ രക്ഷാമിഷന്റെ നൈമിഷാരണ്യം രണ്ടാം വാർഷികാഘോഷവും സേവാ പ്രതിഷ്ഠാൻ ഉദ്ഘാടനവും ചന്ദനക്കാവ് പിള്ളയാർകോവിൽ സപ്താഹ മണ്ഡപത്തിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. പ്രകൃതി ഒരിക്കലും ഒരു ദുരന്തവുമുണ്ടാക്കില്ല. ദുരന്തങ്ങൾ മനുഷ്യർ ചോദിച്ചുവാങ്ങുകയാണ്. വെള്ളത്തിനായുള്ള യുദ്ധവും ഭക്ഷ്യ ക്ഷാമവുമാണ് നമ്മൾ ഇനി നേരിടാൻ പോകുന്നത്-കുമ്മനം പറഞ്ഞു.

www.keralakaumudi.com www.facebook.com/keralakaumudi

## റിപ്പോർട്ട് കിട്ടിയാലുടൻ കൂടുതൽ സഹായം: രാജ്നാഥ് സിംഗ്

കൊല്ലം: പ്രളയ ദുരന്തം വിലയിരുത്തിയ കേന്ദ്ര സംഘത്തിന്റെ റിപ്പോർട്ട് കിട്ടിയാലുടൻ കേരളത്തിന് കൂടുതൽ സഹായം നൽകുന്നത് പരിഗണിക്കുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു.

ജന്മഭൂമി ദിനപത്രത്തിന്റെ കൊല്ലം എഡിഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാംസ്കാരിക പൈതൃക മേഖലകളിൽ പ്രളയമുണ്ടാക്കിയ നഷ്ടങ്ങൾ മറികടക്കണം. പ്രളയക്കെടുതികളെ അതിജീവിക്കാൻ കേന്ദ്രസർക്കാർ എല്ലാ സഹായവും നൽകും.

വിപുലമായ സാംസ്കാരിക പാരമ്പര്യമുള്ള കേരളം കല, ആരോഗ്യ പരിപാലനം തുടങ്ങിയ വയിലെല്ലാം മുന്നിലാണ്. രാജ്യത്ത് സാക്ഷരതയിലും വിദ്യാഭ്യാസത്തിലും കേരളം മുന്നിലാണെങ്കിലും രാഷ്ട്രീയ അക്രമങ്ങളും നിലനിൽക്കുന്നു. ജനാധിപത്യത്തിൽ അക്രമങ്ങൾക്ക് സ്ഥാനമില്ലെന്നും രാജ്നാഥ് സിംഗ് പറഞ്ഞു.

ഡോ. ചമോലിൽ അനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു. ജന്മഭൂമി മാനേജിംഗ് ഡയറക്ടർ എം.രാധാകൃഷ്ണൻ, ഒ.രാജഗോപാൽ എം.എൽ.എ, ആർ.എസ്.എസ് പ്രാന്ത സംഘചാലക് പി.ഇ.ബി. മേനോൻ, ബി.ജെ.പി ദേശീയ കൗൺസിൽ അംഗം പി.കെ. കൃഷ്ണദാസ്, ബി.ജെ.പി ജില്ലാ പ്രസിഡന്റ് ജി. ഗോപിനാഥ്, ജന്മഭൂമി മാനേജിംഗ് എഡിറ്റർ കെ.ആർ. ഉമാകാന്തൻ, സി.കെ. ചന്ദ്രബാബു, വി. മുരളീധരൻ തുടങ്ങിയവർ പ്രസംഗിച്ചു.

# പൂവച്ചലിൽ ഫർണിച്ചർ കടയ്ക്ക് തീപിടിച്ച് വൃദ്ധൻ വെന്തു മരിച്ചു

കാട്ടാക്കട: പൂവച്ചൽ പേഴുംമൂടിൽ ഫർണിച്ചർ കടയ്ക്ക് തീപിടിച്ച് ഉടമയുടെ ബന്ധുവായ വൃദ്ധൻ വെന്തു മരിച്ചു. ബുധനാഴ്ച രാത്രി ഒരു മണിയോടെയാണ് സംഭവം. പൂവച്ചൽ കാപ്പിക്കാട് ചിത്തിര ഭവനിൽ സുരേന്ദ്രൻ നായരാണ് (75) മരിച്ചത്. കാട്ടാക്കട - കോട്ടൂർ റോഡിൽ പേഴുംമൂടിന് സമീപം സീറോ ജംഗ്ഷനിൽ കാപ്പിക്കാട് സ്വദേശി രാജീവിന്റെ ഉടമസ്ഥതയിലുള്ള പൂരം ഹോം അപ്ലയൻസസ് ആന്റ് ഫർണിച്ചർ മാർട്ടാണ് അഗ്നിക്കിരയായത്.

രാജീവിന്റെ പിതൃസഹോദരനാണ് സുരേന്ദ്രൻ നായർ. കടയിൽ സുരേന്ദ്രൻനായർക്കൊപ്പമുണ്ടായിരുന്ന രാജീവിന്റെ സഹോദരൻ സജീവ്, ജോലിക്കാരൻ കണ്ണൻ എന്നിവർ അത്ഭുതകരമായി രക്ഷപ്പെട്ടു.

രണ്ടു നിലകളുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ആണ് തീ പിടിച്ചത്. താഴത്തെ നിലയിൽ ഗോഡൗണിൽ കിടന്നുറങ്ങുകയായിരുന്ന സുരേന്ദ്രൻ നായർക്ക് തീ പടർന്നപ്പോൾ പുറത്ത് കടക്കാനാകാതെ വരികയായിരുന്നു.

തീപടരുന്നത് കണ്ട് സുരേന്ദ്രൻ നായർ അലറിവിളിച്ചത് കേട്ട് സമീപത്തെ വീട്ടിലുള്ളവർ ഓടിയെത്തിയെങ്കിലും അകത്ത് കടക്കനാകാത്ത സ്ഥിതിയായിരുന്നു. ഇതിനിടയിൽ മുകളിലത്തെ നിലയിൽ ഉണ്ടായിരുന്ന കണ്ണൻ, സജിവ് എന്നിവരെ നാട്ടുകാർ വിളിച്ചുണർത്തി രക്ഷപ്പെടുത്തി.

കാട്ടാക്കട, നെയ്യാറ്റിൻകര, നെടുമങ്ങാട്, നെയ്യാർ ഡാം, വിതുര എന്നിവിടങ്ങളിൽ നിന്ന് ഏഴോളം അഗ്നിശമന സേന യൂണിറ്റും കാട്ടാക്കട, ആര്യനാട്, മാറനല്ലൂർ പൊലീസും സ്ഥലത്തെത്തി മണിക്കൂറുകൾ നീണ്ട പരിശ്രമത്തിനൊടുവിലാണ് തീ കെടുത്തിയത്.

തീ നിയന്ത്രണ വിധേയമാക്കിയ ശേഷം പുലർച്ചെ ഗോഡൗണിലെ ബാത്ത്റൂമിൽ നിന്നാണ് കത്തിക്കരിഞ്ഞ നിലയിൽ സുരേന്ദ്രൻ നായരുടെ മൃതദേഹം കണ്ടെത്തിയത്.

പൊലീസെത്തി മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. താഴത്തെ നിലയിലുണ്ടായിരുന്ന സെറ്റികൾ, ദിവാൻകോട്ടുകൾ, ഡൈനിംഗ് ടേബിളുകൾ, കസേരകൾ, കട്ടിലുകൾ, വാഷിംഗ് മെഷീനുകൾ, റഫ്രിജറേറ്ററുകൾ, മെത്തകൾ എന്നിവയെല്ലാം കത്തി നശിച്ചു. രണ്ടാം നിലയിൽ ഉണ്ടായിരുന്ന ഹോം അപ്ലൈൻസസ് ഉപകരണങ്ങളും ചൂടിൽ ഉരുകി നശിച്ചു. കെട്ടിടത്തിന് വിള്ളലുമുണ്ട്. സമീപത്തെ വീടിന്റെ ജനൽ ചില്ലുകൾ പൊട്ടുകയും പൈപ്പുകൾ ഉരുകിപ്പോവുകയും ചെയ്തു.

ഓണക്കച്ചവടത്തിനായി ഗൃഹോപകരണങ്ങൾ, ഫർണിച്ചറുകൾ തുടങ്ങിയവ വൻതോതിൽ സ്റ്റോക്ക് ചെയ്തിരുന്നെങ്കിലും കച്ചവടം കുറവായിരുന്നു. മോഷണം ഭയന്നാണ് സുരേന്ദ്രൻ നായരുൾപ്പെടെയുള്ളവർ കടയ്ക്കുള്ളിൽ രാത്രി തങ്ങിയിരുന്നത്. കടയിൽ സി.സി.ടി.വി കാമറകളും സ്ഥാപിച്ചിരുന്നു. കടയുടെ പിൻവശത്ത് നിന്നാണ് തീപിടിത്തതിന്റെ തുടക്കം. ഷോർട്ട് സർക്യൂട്ടാകാം കാരണമെന്നാണ് സൂചന. കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ സ്ഥലത്തെത്തി പരിശോധന നടത്തി. കൂടുതൽ പരശോധനയ്ക്കായി ഇലക്ടിക്കൽ ഇൻസ്പക്ടറേറ്റിന് കത്ത് കൊടുത്തിട്ടുണ്ട്. ഫോറൻസിക് വിദഗ്ദ്ധരും ഫയർഫോഴ്സ് ഉദ്യോഗസ്ഥരും കടയിലെത്തി തെളിവെടുപ്പും നഷ്ടത്തിന്റെ കണക്കും എടുത്തു. നഷ്ടം കൃത്യമായി കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. ലളിതയാണ് സുരേന്ദ്രൻ നായരുടെ ഭാര്യ. മക്കൾ: ചിത്ര, മഞ്ജു.



കത്തിനശിച്ച കട്ടിലുകളും സോഫാസെറ്റുകളും. ഇൻസെറ്റിൽ അപകടത്തിൽ വെന്തുമരിച്ച സുരേന്ദ്രൻ നായർ



നിയമസഭാ മാദ്ധ്യമ അവാർഡ് നേടിയ കേരളകൗമുദി ഡെപ്യൂട്ടി എഡിറ്റർ വി.എസ്. രാജേഷിന് ശിഹാബ് തങ്ങൾ ഫോറത്തിന്റെ ഉപഹാരം മുസ്ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലികുട്ടി എം.പി നൽകുന്നു. പന്ന്യൻ രവീന്ദ്രൻ, മേയർ വി.കെ. പ്രശാന്ത്, ദേവരാജൻ, ബീമാപള്ളി റഷീദ് എന്നിവർ സമീപം

## ശിഹാബ് തങ്ങൾ മതേതരത്വത്തിന്റെ മുഖം: പന്ന്യൻ രവീന്ദ്രൻ

തിരുവനന്തപുരം: ആത്മീയാചാര്യനും മുസ്ലിംലീഗ് സംസ്ഥാന അദ്ധ്യക്ഷനുമായിരുന്ന പാണക്കാട് സയ്യദ് മുഹമ്മദലി ശിഹാബ് തങ്ങൾ മതേതരത്വത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും പ്രതീകമായിരുന്നുവെന്ന് സി.പി.ഐ ദേശീയ കൺട്രോൾ കമ്മിഷൻ ചെയർമാൻ പന്ന്യൻ രവീന്ദ്രൻ പറഞ്ഞു.

ശിഹാബ് തങ്ങൾ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നിയമസഭ മാദ്ധ്യമ അവാർഡ് ജേതാക്കളെ ആദരിച്ച ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രസ്ക്ലബിൽ നടന്ന പരിപാടിയിൽ ഫോറം പ്രസിഡന്റ് ബീമാപള്ളി റഷീദ് അദ്ധ്യക്ഷത വഹിച്ചു.

കേരളകൗമുദി ഡെപ്യൂട്ടി എഡിറ്റർ വി.എസ്. രാജേഷ് അടക്കമുള്ള അവാർഡ് ജേതാക്കൾക്ക് പി.കെ. കുഞ്ഞാലിക്കുട്ടി ഉപഹാരം നൽകി. മേയർ വി.കെ. പ്രശാന്ത്, ദേവരാജൻ തുടങ്ങിയവർ പ്രസംഗിച്ചു. നിംസ് മെഡിസിറ്റി ഉടമ എം.എസ്. ഫൈസൽഖാനെയും ചടങ്ങിൽ ആദരിച്ചു. കരമന മാഹീൻ സ്വാഗതം പറഞ്ഞു.

## ബാലഭാസ്കറിന്റെ നില ഗുരുതരം; ലക്ഷ്മിയുടെ നിലയിൽ പുരോഗതി

### മകൾ തേജസ്വിനിയുടെ മൃതദേഹം സംസ്കരിച്ചു

തിരുവനന്തപുരം: കാറപകടത്തിൽ പരിക്കേറ്റ് അനന്തപുരി ആശുപത്രിയിൽ കഴിയുന്ന സംഗീത സംവിധായകനും വയലിനിസ്റ്റുമായ ബാലഭാസ്കറിന്റെ നില ഗുരുതരമായി തുടരുന്നു. അബോധാവസ്ഥയിൽ വെന്റിലേറ്ററിലാണ് ബാലഭാസ്കറും ഭാര്യ ലക്ഷ്മിയും. ലക്ഷ്മി ഗുരുതരാവസ്ഥ തരണം ചെയ്തു. ഇവരുടെ മകൾ തേജസ്വിനിയുടെ മൃതദേഹം തിട്ടമംഗലത്തെ ലക്ഷ്മിയുടെ വീട്ടിൽ ഇന്നലെ വൈകിട്ട് 5 ന് സംസ്കരിച്ചു.

ബാലഭാസ്കറിനെയും ഭാര്യയെയും കുട്ടിയുടെ മൃതദേഹം കാണിച്ചശേഷം സംസ്കരിക്കാനായിരുന്നു ആദ്യതീരുമാനമെങ്കിലും ബാലഭാസ്കറിന്റെ ആരോഗ്യനില ഗുരുതരമായതിനാൽ തീരുമാനം മാറ്റുകയായിരുന്നു. ബാലഭാസ്കർ അപകടാവസ്ഥ തരണം ചെയ്താൽ മാത്രമേ തുടർശസ്ത്രക്രിയയും മറ്റും തീരുമാനിക്കൂ. ഇതിന് മൂന്നു ദിവസമെങ്കിലും വേണ്ടി വരും. തലച്ചോറിനും ശ്വാസകോശത്തിനും നട്ടെല്ലിനും സാരമായ ക്ഷതമുണ്ട്. കഴുത്തിലെ ശസ്ത്രക്രിയ വിജയകരമായിരുന്നു. കാലുകൾക്കും ശസ്ത്രക്രിയ വേണം.

ലക്ഷ്മിയെയും അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയയാക്കിയിരുന്നു. ഇവരുടെ തലച്ചോറിന് ചതവും എല്ലുകൾക്ക് പൊട്ടലുമുണ്ട്. ആന്തരിക രക്തസ്രാവമുണ്ടായെങ്കിലും നിയന്ത്രണവിധേയമായി. ഐ.സി.യുവിൽ കഴിയുന്ന ഡ്രൈവർ അർജ്ജുന്റെ നിലയിലും പുരോഗതിയുണ്ട്. ഇയാളുടെ കാലുകളുടെ എല്ലുകൾക്ക് ഗുരുതരമായ പൊട്ടലുണ്ട്.

# പാവപ്പെട്ടവരെ ഓർത്ത് ആയുഷ്മാൻ നടപ്പാക്കണം: രാജ്നാഥ് സിംഗ്

▶ പ്രത്യേക ലേഖകൻ

കൊച്ചി: പാവപ്പെട്ടവർക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്ന ആയുഷ്മാൻ ഭാരതിൽ നിന്ന് രാഷ്ട്രീയത്തിന്റെ പേരിൽ കേരളം മാറിനിൽക്കരുതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു.

ബി.ജെ.പി സംസ്ഥാന കൗൺസിൽ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

1350 രോഗങ്ങൾക്ക് പാവപ്പെട്ടവർക്ക് സൗജന്യ ചികിത്സ നൽകുന്ന ഇൻഷ്വറൻസ് പദ്ധതിയാണിത്. ചികിത്സാ ചെലവ് 5 ലക്ഷം വരെ ഒരു വർഷം ഒരു കുടുംബത്തിന് ലഭിക്കും. സ്വകാര്യ ആശുപത്രികളിലും ചികിത്സയാകാം. പദ്ധതി നടപ്പാക്കി രണ്ടു ദിവസം കൊണ്ട് അയ്യായിരം പേർക്ക് പ്രയോജനം ലഭിച്ചു.

പാവപ്പെട്ടവരെ ഓർത്തെങ്കിലും ആയുഷ്മാൻ ഭാരത് നടപ്പാക്കണമെന്ന് കൈകൂപ്പി അഭ്യർത്ഥിക്കുന്നു. നരേന്ദ്രമോദി നടപ്പാക്കിയെന്ന പേരിൽ എതിർക്കേണ്ടതില്ല. പ്രധാനമന്ത്രിയെന്നത് രാജ്യത്തിന്റെ പദവിയാണ്.



**ഉയരങ്ങളിലേക്ക്...** എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടന്ന ബി.ജെ.പി സംസ്ഥാന കൗൺസിൽ ഉദ്ഘാടനം ചെയ്യാനെത്തിയ കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗും ഒ.രാജഗോപാൽ എം.എൽ.എയും സംഭാഷണത്തിൽ. സംസ്ഥാന പ്രസിഡന്റ് പി.എസ്. ശ്രീധരൻ പിള്ള സമീപം ഫോട്ടോ: അനുഷ് ഭദ്രൻ

### പ്രളയത്തിൽ കേരളത്തിനൊപ്പം

ആശയപരമായ ഭിന്നതകൾ സംസ്ഥാന സർക്കാരിനോടുണ്ടെങ്കിലും ദുരിതാശ്വാസത്തിൽ പൂർണ പങ്ക് കേന്ദ്രം വഹിക്കും. എം.പിമാരുടെ ഫണ്ടിൽ നിന്ന് ഒരു കോടി രൂപ വീതവും ഒരുമാസത്തെ ശമ്പളവും നൽകും.

കേരളത്തിലെ രാഷ്ട്രീയ അക്രമങ്ങൾ അവസാനിപ്പിക്കണം. അതിന് മുഖ്യമന്ത്രി സ്വീകരിക്കുന്ന നടപടികൾക്ക് ബി.ജെ.പി പിന്തുണ നൽകും. രണ്ടു മുന്നണികൾക്കും ബദലായി കേരളത്തിൽ ബി.ജെ.പി മാറണം. അടുത്ത തിരഞ്ഞെടുപ്പിൽ 350 സീറ്റാണ് പാർട്ടിയുടെ ലക്ഷ്യം. അതിൽ കേരളത്തിൽ നിന്നു പ്രാതിനിധ്യമുണ്ടാകണമെന്ന് അദ്ദേഹം പറഞ്ഞു.

## റാഫേൽ അല്ല രാഫെയ്ൽ

റാഫേൽ ഇടപാടിനെക്കുറിച്ച് കോൺഗ്രസ് തെറ്റിദ്ധരിപ്പിച്ച് കള്ളക്കഥകൾ പ്രചരിപ്പിക്കുന്നു. 'രാ' എന്നാരംഭിക്കുന്ന പേരുകാരൻ (രാഹുൽ ഗാന്ധി) രാഷ്ട്രീയ പരാജയമായത് (ഫെയ്ൽ) സൂചിപ്പിക്കാനാണ് മുതിർന്ന കോൺഗ്രസ് നേതാക്കൾ രാഫെയ്ൽ എന്ന് പറയുന്നതെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാന പ്രസിഡന്റ് പി.എസ്. ശ്രീധരൻപിള്ള അദ്ധ്യക്ഷത വഹിച്ചു. ദേശീയ സെക്രട്ടറി എച്ച്. രാജ, എം.പിമാരായ വി. മുരളീധരൻ, റിച്ചാർഡ് ഹേ, ഒ. രാജഗോപാൽ എം.എൽ.എ, സി.കെ. പത്മനാഭൻ, ശോഭാ സുരേന്ദ്രൻ, കെ.വി. ശ്രീധരൻ, കെ. സുരേന്ദ്രൻ, എം.ടി. രമേശ്, എ.എൻ. രാധാകൃഷ്ണൻ, പി.കെ. കൃഷ്ണദാസ്, എൻ. ഗണേഷ് തുടങ്ങിയവർ പങ്കെടുത്തു.

## നിർബന്ധിത പ്രളയപ്പിരിവിൽ നിന്ന് സർക്കാർ പിന്മാറണം: ബി.ജെ.പി

▶ പ്രത്യേക ലേഖകൻ

കൊച്ചി: നവകേരള നിർമ്മാണത്തിന്റെ പേരിലെ നിർബന്ധിത പിരിവുകളിൽ നിന്ന് സർക്കാർ പിന്മാറണമെന്ന് ബി.ജെ.പി സംസ്ഥാന കൗൺസിൽ യോഗം പ്രമേയത്തിൽ ആവശ്യപ്പെട്ടു.

ആഗോളതലത്തിൽ പ്രശസ്തരായ മലയാളികളെയും ശാസ്ത്രസാങ്കേതിക വിദഗ്ദ്ധരെയും സന്നദ്ധ സംഘടനകളെയും ഉൾപ്പെടുത്തി കേരളത്തിന് പുതിയ വികസനമാതൃക തയ്യാറാക്കണമെന്നും പ്രമേയം പറയുന്നു.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സമാഹരിച്ച തുകയിൽ ക്രമക്കേടുകളുണ്ടെന്ന സംശയം വ്യാപകമാണ്. പ്രത്യേക അക്കൗണ്ട് തുറക്കാൻ തയ്യാറാകാത്തത് ദുരൂഹമാണ്. തുക വകമാറ്റി ചെലവഴിക്കാനാണ് ശ്രമം.

ആരുടെയും പ്രേരണയില്ലാതെ സംഭാവനകൾ നൽകിയവരെ വീണ്ടും നിർബന്ധിച്ച് പീഡിപ്പിക്കുന്നത് ന്യായീകരിക്കാനാവില്ല. ഒരു ഭാഗത്ത് നിർബന്ധിത പിരിവും മറുവശത്ത് ധൂർത്തും തുടരുകയാണ്. ദുരിതാശ്വാസനിധിയുടെ കണക്ക് വെളിപ്പെടുത്താത്തതും സംശയകരമാണ്.

പ്രളയക്കെടുതിക്ക് കാരണം സർക്കാരിന്റെ അനാസ്ഥയാണ്.

ആയുഷ്മാൻ ഭാരത് കേരളത്തിൽ നടപ്പാക്കാത്തത് പാവങ്ങളോടുള്ള വെല്ലുവിളിയാണ്. അവർക്ക് ലഭിക്കേണ്ട സൗജന്യ ചികിത്സ രാഷ്ട്രീയവിരോധം മൂലം നിഷേധിക്കുകയാണ്. എം.എൽ.എയുടെ പീഡനവിവരം മറച്ചുവച്ച സി.പി.എം നേതാക്കൾക്കെതിരെ ക്രിമിനൽ കേസെടുക്കണം.

പെട്രോളിയം ഉത്പന്നങ്ങളുടെ നികുതി കുറയ്ക്കാനും ജി.എസ്.ടിയിൽ ഉൾപ്പെടുത്താനും സംസ്ഥാന സർക്കാർ തയ്യാറാകണം. നിഷ്ക്രിയമായ ഭരണപക്ഷവും നിസംഗമായ പ്രതിപക്ഷവുമാണ് കേരളത്തിലുള്ളതെന്നും ജനകീയ പ്രക്ഷോഭങ്ങൾ പാർട്ടി ഏറ്റെടുക്കുമെന്നും പ്രമേയത്തിൽ പറയുന്നു.


KERALA KAUMUDI Classifieds
കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

3 അംഗ കുടുംബത്തിലേയ്ക്ക് ഹോംനഴ്സിനേയും വീട്ടുജോലിയ്ക്ക് സ്ത്രീ/പെൺകുട്ടി ആവശ്യമുണ്ട്. Salary Rs 13000/-.
Ph: 9946790686

**GAS PIPELINE INSTALLATION**
CHIMNEY & HOB SALES & INSTALLATION
RT TRADERS, KUNJALUMMOODU.
Mobile : 7012863350, 9447243681.

**ബാങ്ക് സ്വർണ്ണം**
കമ്മീഷനില്ലാതെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
97 46 81 11 96
98 47 30 11 58
രാധികാ ജ്വല്ലറി

**ആവശ്യമുണ്ട്**
സ്റ്റിച്ചിംഗ് സ്ഥാപനത്തിലേക്ക് (വർക്കല) കട്ടിംഗ് മാസ്റ്ററെയും രണ്ട് തയ്യൽക്കാരെയും (വനിതകൾ) ആവശ്യമുണ്ട്.
7907439387

**നഷ്ടപ്പെട്ടു**
N 4646143 പാസ്പോർട്ട് നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ 0471 - 2740621 നമ്പരിൽ അറിയിക്കുക. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ പരാതിയുള്ളവർ ഏഴ് ദിവസത്തിനകം പാസ്പോർട്ട് ഓഫീസുമായി ബന്ധപ്പെടുക.

**നഷ്ടപ്പെട്ടു**
എന്റെ 0837703-ാം നമ്പർ CBSE 10-ാം ക്ലാസ്സിലെ സർട്ടിഫിക്കറ്റ് 15.09.2018-ൽ യാത്രാമദ്ധ്യേ നഷ്ടപ്പെട്ടുപോയി. കണ്ടുകിട്ടുന്നവർ ദയവായി എന്നെ അറിയിക്കുവാൻ അഭ്യർത്ഥിക്കുന്നു.
ചന്ദന. എസ്. കുമാർ, സുനിൽ ഭവൻ, റസ്സൽപുരം, റസ്സൽപുരം പി.ഒ.

കേരളകൗമുദി കുട്ടികളുടെ വാരിക

**നഷ്ടപ്പെട്ടു**
എസ്. ബിജു പേർക്കുള്ള 2005-ലെ പുസ്തകം 1265 വാല്യം 383 മുതൽ 386 വരെ പേജുകളിൽ 2525 നമ്പർ (പട്ടയ നമ്പർ: 316/86, ബ്ലോക്ക് 18, റീ സർവേ 142/3) ധനനിശ്ചയാധാരത്തിന്റെ അസൽ ആധാരം വീണ്ടെടുക്കാൻ കഴിയാത്തവിധം നഷ്ടപ്പെട്ടു. ആയതിനാൽ ടി ആധാരത്തിന്റെ ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ 7 ദിവസത്തിനകം കഴക്കൂട്ടം സബ് രജിസ്ട്രാറെ അറിയിക്കേണ്ടതാണ്. എസ്. ബിജു, ഏഴുകോൽത്തലയ്ക്കൽ, കുളത്തൂർ പി.ഒ, തിരുവനന്തപുരം. ഫോൺ : 9947568110.

**ചികിത്സ**
ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone : 2321289, 2326569.

**പണയ സ്വർണ്ണം**
കമ്മീഷനില്ലാതെ ബാങ്കിലെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. എല്ലാജില്ലകളിലും എക്സിക്യൂട്ടീവുകൾ.
98 95 92 40 17
ശ്രീനാരായണ ജ്വല്ലറി

Member SAP Student Academy Program
SAP EME
**ACCOUNTING LOGISTICS**
JOB ORIENTED TRAINING IN WORLD'S NO. 1 BUSINESS SOFTWARE WITH PLACEMENT SUPPORT
ELIGIBILITY : DEGREE (Course Completed)
1) SAP FICO/LOGISTICS-MM (Materials Mgmt.)/SD (Sales & Distribution) : 45 Days
2) SAP FICO + Tally ACE with GST/VAT + Corporate Accounting : 3 Months
3) SAP FICO + Tally PRO + Peachtree + QB + MS Office, Word, Exel + Softskill + Spoken English + Interview Sessions : 6 months
4) SAP FICO + Tally GURU + MS Office, Word, Exel + Softskill + Spoken English + Interview Sessions : 8 months
5) SAP MM/SD + Diploma in Logistics & International Trade : 4 months
ADMISSION OPEN
SAP & Tally AUTHORIZED CERTIFICATION
NO.1 SAP EDUCATION CENTRE IN KERALA
9645012140 | 9809412140
Ulloor | Trivandrum-11 cokonetacademy.com
COKONET

**പാർക്കിൻസൺസ്**
(PARKINSON'S DISEASE)
ശരീരം മുഴുവനായോ കൈകാലുകളിലോ ഉണ്ടാകുന്ന വിറയൽ, മാനസിക സമ്മർദ്ദം അനുഭവപ്പെടുമ്പോൾ വിറയൽ കൂടുന്ന അവസ്ഥ, നടക്കുമ്പോൾ ബാലൻസ് ഇല്ലാതായി വേഗം കൂടുകയോ കുറയുകയോ ചെയ്യുന്ന അവസ്ഥ, ഉറക്കക്കുറവ്, അമിതമായ ദേഷ്യം, അകാരണമായ ഭയം, ഓർമ്മക്കുറവ് തുടങ്ങിയ ലക്ഷണങ്ങളോടു കൂടിയ പാർക്കിൻസൺസ് രോഗത്തിനും മറ്റ് അനുബന്ധ രോഗങ്ങൾക്കും ഫലപ്രദമായ ശാസ്ത്രീയ ആയുർവ്വേദ ചികിത്സ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ഇവിടെ ലഭ്യമാണ്.
VIAMS
DR. K.V. VIJAYAN INSTITUTE OF AYURVEDA MEDICAL SCIENCE
Mezhathur, Pattambi, Palakkad (Dt)
E mail:info@viams.in
Website:www.viams.in
Ph: 0466 2270142, 09846362442, 09446456442

**ITI/KCGE അഡ്മിഷൻ**
P.S.C./NCVT/KSELB/KERALA ഗവ. അംഗീകൃത കോഴ്സുകൾ
ഓട്ടോമൊബൈൽ + Driv. Licence
ഇലക്ട്രിക്കൽ
സിവിൽ
എക്സ്റേ - വെൽഡിംഗ്
കോഴ്സുകഴിഞ്ഞാൽ ശമ്പളത്തോടുകൂടി ഉടൻ ട്രെയിനിംഗ്
Since 1978
UBDACE INSTITUTIONS
കേന്ദ്ര - സംസ്ഥാന ഗവൺമെന്റ് അംഗീകൃതം
വിദേശത്ത് പോകുവാൻ* UEI ഡിപ്ലോമ സർട്ടിഫിക്കറ്റ്
സ്റ്റേഡിയം, കൊല്ലം
0474-2740503, 2764343
2794676, 9446787715
* Conditions apply

MODERN Manacaud TVM
**രോഗികൾ മാത്രം വായിക്കുക**
• കൊല്ലം - ബുധനാഴ്ച
• കൊച്ചി - വ്യാഴം, വെള്ളി
തിരുവനന്തപുരം ശനി മുതൽ ചൊവ്വ വരെ
കൺസൾട്ടിംഗ് ഉണ്ടായിരിക്കുന്നതാണ്
• പാർശ്വഫലങ്ങളില്ലാത്ത ഫലപ്രദമായ ചികിത്സ

ദാമ്പത്യ ജീവിത പരാജയത്തിന് കാരണമാകുന്ന ശക്തിക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, സ്വപ്ന സ്ഖലനം, സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക്, സ്തന വലിപ്പക്കുറവ്, മറ്റു മൂത്രാശയരോഗങ്ങൾ 100% ഉത്തരവാദിത്വത്തോടുകൂടി ചികിത്സിച്ചു ഭേദമാക്കുന്നു.
(CALL FOR APPOINTMENT)
9387816888
9946017861
Dr. ഹക്കീം ഷാക്കിർ അവർകളെ നേരിൽ കാണുക.
മോഡേൺ ഹെൽത്ത് സെന്റർ
2nd Floor, CDRC ബിൽഡിംഗ്, മണക്കാട് മാർക്കറ്റിന് എതിർവശം, തിരുവനന്തപുരം

**നീഗ്രോ പെന്നീസ് ലാവോ മസാജിംഗ് ഓയിൽ**
സ്ത്രീ സൗഹൃദങ്ങൾക്ക് താല്പര്യപ്പെടുന്നവർക്ക് ഫോട്ടോയും നമ്പരും അടങ്ങിയ ഡയറി സൗജന്യം
വിവാഹത്തിനു മുമ്പും വിവാഹത്തിനു ശേഷവും ഉണ്ടാകുന്ന സെക്സ് ബലഹീനതയ്ക്ക് 100% ആയുർവ്വേദ ചികിത്സ. ഇതിന്റെ ഉപയോഗത്താൽ ലിംഗത്തിന്റെ നീളം 6-8 ഇഞ്ചും, വണ്ണം 3-4½ ഇഞ്ചും വർദ്ധിക്കുന്നു. സമയം 30 മിനിട്ടും കിട്ടുന്നു. കൂടാതെ ശീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, നപുംസകത എന്നിവ മാറി ബീജാണുക്കളുടെ അളവും വർദ്ധിപ്പിക്കുന്നു. സെക്സിന്റെ പരമാനന്ദസുഖം അനുഭവിച്ചറിയൂ.

ചികിത്സയ്ക്കായി ഫോൺ ചെയ്യുക
8750336928, 9540376105

**PMEGP, MUDRA, NORKA**
സെക്യൂരിറ്റി ഇല്ലാതെ 10 ലക്ഷം രൂപ വരെ വ്യവസായ വായ്പ. നൂറിൽപരം ചെറുകിട വ്യവസായങ്ങളുടെ വിവരണങ്ങൾ. മറ്റ് ബാങ്ക് ലോണിന് ആവശ്യമായ പ്രൊജക്ട് റിപ്പോർട്ടിനും.
INDUSTRIAL AUTOMATION INDIA
9605696243, 8848185796

**DISTANCE EDUCATION**
UGC, PSC, UPSC അംഗീകരിച്ചതും, UGC നിബന്ധന പ്രകാരമുള്ള യൂണിവേഴ്സിറ്റി പരിധിക്കകത്തും
BA BCom BSc MA MSc MCom MBA
തുടങ്ങിയ ഡിഗ്രി/പി.ജി. കോഴ്സുകൾ
ഏറ്റവും കുറഞ്ഞ ഫീസോടെ രജിസ്റ്റർ ചെയ്യുന്നതിനും, പാതിവഴിയിൽ ഡിഗ്രി/പി.ജി. പഠനം നിർത്തിയവർക്ക് കോഴ്സുകൾ പുനരാരംഭിക്കുന്നതിനും ബന്ധപ്പെടുക.
SIMS DISTANCE EDUCATION
MALAPPURAM : 8893 673433
KOCHI : 8893 853433
PALAKKAD : 9072 204040
KANNUR : 8893 703433
CALICUT : 8893 753433

**കിടപ്പറയിലെ കുതിരശക്തിയ്ക്ക്**
♦ 40-50-60 വയസ്സ് കഴിഞ്ഞവർക്ക് കൂടുതൽ ദൃഢതയും ബലവുമുള്ള ഉദ്ധാരണം കിട്ടാൻ സഫല ക്യാപ്സൂളും പൗഡറും.
♦ പ്രമേഹരോഗികളുടെ ലൈംഗിക പ്രശ്നങ്ങൾക്ക് പരിഹാരം. കരുത്തോടെ കൂടുതൽ നേരം ലൈംഗിക ബന്ധം ആസ്വദിക്കാം.
♦ ശീഘ്രസ്ഖലനത്തിന് ഫലപ്രദമായ പരിഹാരമാണ്. കിടപ്പറയിലെ ക്ഷീണം, തളർച്ച, താല്പര്യക്കുറവ് ഇവ മാറും.
സഫല ക്യാപ്സൂളും, പൗഡറും കൊറിയർ/തപാൽ മുഖേനയും ലഭ്യമാണ്
സഫല ക്യാപ്സൂളിനേയും പൗഡറിനേയും പറ്റി കൂടുതൽ അറിയാൻ വിളിക്കുക : 85929 66222

## ഡ്രൈവർ, ആയ ഒഴിവ്

കടയ്ക്കാവൂർ: വക്കം ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ എം.പി ഫണ്ടിൽ ലഭിച്ച സ്കൂൾ ബസിലേക്ക് ഡ്രൈവറുടെയും ആയയുടെയും ഒഴിവുണ്ട്. ഇന്റർവ്യൂ 29ന് രാവിലെ 10ന് സ്കൂൾ ഓഫീസിൽ നടക്കും. അമ്പത് വയസിന് മുകളിലുള്ളവർക്ക് മുൻഗണന.



## സെമിനാറും വനിതാ കൂട്ടായ്മയും

വർക്കല: പനയറ കലാപോഷിണി ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ 29ന് വൈകിട്ട് 3.30ന് സമകാലികജീവിതവും സ്ത്രീയും എന്ന വിഷയത്തിൽ സെമിനാറും വനിതാകൂട്ടായ്മയും നടക്കും. അഡ്വ. വി. ജോയി എം.എൽ.എ സെമിനാർ ഉദ്ഘാടനം ചെയ്യും. സർക്കാർ സർവീസിൽ നിന്നും വിരമിച്ച ഗ്രന്ഥശാലാ പ്രസിഡന്റ് ജയചന്ദ്രൻ പനയറയെ ആദരിക്കും. വിദ്യാർത്ഥി പ്രതിഭകളെ അനുമോദിക്കും. ചെമ്മരുതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.എച്ച്.സലിം അദ്ധ്യക്ഷത വഹിക്കും. വർക്കല നഗരസഭ ചെയർപേഴ്സൺ ബിന്ദുഹരിദാസ് മുഖ്യപ്രഭാഷണം നടത്തും. കേരള സർവകലാശാലാ യൂണിയൻ ചെയർപേഴ്സൺ ശ്യാമിലി ശശികുമാർ സെമിനാറിൽ വിഷയം അവതരിപ്പിക്കും. താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി എസ്.കൃഷ്ണൻകുട്ടി, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കുമാരി അജി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അരുണ എസ് ലാൽ, കെ.ജയപ്രകാശ്, ചെമ്മരുതി സർവ്വീസ് സഹകരണബാങ്ക് പ്രസിഡന്റ് ടി.രാധാകൃഷ്ണൻ, എ.വി.ബാഹുലേയൻ, കോട്ടാമല ശ്രീധരൻ തുടങ്ങിയവർ സംസാരിക്കും.

## പരിശോധനാ ക്യാമ്പ്

വർക്കല: പേരേറ്റിൽ അമ്പലത്തുംവിള കുടുംബയോഗത്തിന്റെ (എ.എം.എൽ.എം.എഫ്) ആഭിമുഖ്യത്തിൽ 3ന് രാവിലെ 10 മുതൽ ഒരുമണിവരെ അമ്പലത്തുംവിള ഷോപ്പിംഗ് സെന്ററിൽ വച്ച് കാൻസർ പരിശോധനാ ക്യാമ്പ് നടത്തും. തിരുവനന്തപുരം ആർ.സി.സിയിലെ വിദഗ്ദ്ധ ഡോക്ടർമാർ പങ്കെടുക്കും. സ്തനാർബുദം, ഗർഭാശയ അർബുദം എന്നിവ പരിശോധന നടത്തി ചികിത്സ നിശ്ചയിക്കും. 35 വയസിനു മേലുള്ള പ്രസവിച്ച സ്ത്രീകൾ ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് ഭാരവാഹികൾ അറിയിച്ചു. ക്യാമ്പിലെ എല്ലാ പരിശോധനകളും സൗജന്യമായിരിക്കും. അന്നേ ദിവസം 9 മണിവരെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## ആയില്യം ഊട്ട്

വക്കം: കൊക്കിയിൽ നാഗർ ക്ഷേത്രത്തിലെ ആയില്യം ഊട്ട് ഒക്ടോബർ 5 ന് രാവിലെ 10 ന് നടക്കും.

## ആയില്യം ഊട്ട്

കല്ലമ്പലം: അയിരൂർ വലിയ വീട്ടിൽ ശ്രീ ഭദ്രകാളി ദേവീ ക്ഷേത്രത്തിലെ കന്നിമാസ ആയില്യം ഊട്ട് ഒക്ടോബർ 5 ന് രാവിലെ 10 ന് നടക്കും.

## വൈദ്യുതി മുടങ്ങും

കടയ്ക്കാവൂർ: വക്കം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന വക്കം പഞ്ചായത്ത് ട്രാൻഫോമർ പരിസരത്ത് അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ വക്കം പഞ്ചായത്ത് ഓഫീസ്, വക്കം മാക്കറ്റ്, പുളിവിളാകം, പുത്തൻനട, പണയിൽകടവ്, എസ്.എൻ. ജംഗ്ഷൻ, കണ്ണമംഗലം, കൊച്ചുപള്ളി എന്നീ ട്രാൻസ്ഫോമറിൽ നിന്നുള്ള വൈദ്യുതി വിതരണം ഇന്ന് രാവിലെ 8 .30 മുതൽ വൈകുന്നേരം 5.30 വരെ തടസപ്പെടുമെന്ന് എ. ഇ. അറിയിച്ചു

## ബി.ജെ.പി ധർണ

ആറ്റിങ്ങൽ: കേരളത്തെ പ്രളയത്തിൽ മുക്കിയ ഇടതു സർക്കാരിന്റെ പ്രവർത്തനങ്ങൾക്കെതിരെ ബി.ജെ.പിയുടെ നേതൃത്വത്തിൽ 29ന് രാവിലെ 10ന് ആറ്റിങ്ങൽ മുനിസിപ്പൽ കവാടത്തിൽ ധർണ നടത്തും. ബി. ജെ. പി പ്രമുഖ നേതാക്കൾ സംബന്ധിക്കുമെന്ന് ആറ്റിങ്ങൽ മുനിസിപ്പൽ കമ്മിറ്റി പ്രസിഡന്റ് അജിത് പ്രസാദ് അറിയിച്ചു.

## വക്കം ദുർഗാംബികാ ദേവീ ക്ഷേത്രം

കടയ്ക്കാവൂർ: വക്കം പുതുപ്പരയ്ക്കൽ നാഗർകാവ് ശ്രീ ദുർഗാംബികാ ദേവി ക്ഷേത്രത്തിലെ ആയില്യം ഊട്ട് ഒക്ടോബർ 5ന് രാവിലെ 10ന് നടക്കും.

## ജമാഅത്ത് കൂട്ടായ്മ

വർക്കല: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നടയറ മുസ്ലിം ജമാഅത്ത് കൂട്ടായ്മ സ്വരൂപിച്ച 3 ലക്ഷം രൂപയുടെ സമർപ്പണം 28 ന് ജുമാ നമസ്കാരത്തിനു ശേഷം പള്ളിയങ്കണത്തിൽ നടക്കും. ചീഫ് ഇമാം ഹമ്മാദ് ബാഖവി, അഡ്വ.വി.ജോയി എം.എ.എ, വർക്കല കഹാർ, കൂട്ടായ്മ ഭാരവാഹികളായ ടി.എം.സിനിമോൻ, ഹർഷാദ് കുമിളിയിൽ തുടങ്ങിയവർ സംബന്ധിക്കും.

## യുക്തിവാദി സംഘം

ആറ്റിങ്ങൽ: കേരള യുക്തിവാദി സംഘം ചിറയിൻകീഴ്- വർക്കല താലൂക്ക് യോഗം ആറ്റിങ്ങലിൽ നടന്നു. താലൂക്ക് സമ്മേളനം ഒക്ടോബർ 10ന് ആറ്റിങ്ങലിൽ നടത്താൻ യോഗം തീരുമാനിച്ചു. സർക്കാർ ഭൂമിയിലുള്ള അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ പൊളിച്ചുമാറ്റണമെന്ന സുപ്രീംകോടതി വിധി പാലിച്ച നഗരസഭയ്ക്കെതിരേ ചിലർ നടത്തുന്ന സമരം നിയമവിരുദ്ധമാണെന്നും നഗരസഭയുടെ ധീരമായ പ്രവർത്തനത്തിന് എല്ലാ പിൻതുണയും നൽകുമെന്നും താലൂക്ക് സെക്രട്ടറി ജേക്കബ് പി.മാത്യു പറഞ്ഞു.

# പ്രളയബാധിതർക്ക് സഹായവുമായി കുന്നിൽക്കട ചാരിറ്റബിൾ ട്രസ്റ്റ്



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ചിറയിൻകീഴ് കുന്നിൽക്കട ചാരിറ്റബിൾ ട്രസ്റ്റ് സമാഹരിച്ച ഒരു ലക്ഷം രൂപ, ചെക്ക് ആയി ഡെപ്യൂട്ടി സ്പീക്കർ വി.ശശിക്ക് കൈമാറുന്നു

മുടപുരം : ഒരാഴ്ചകൊണ്ട് ഒരു ലക്ഷം രൂപ സമാഹരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകി ചിറയിൻകീഴ് കിഴുവിലം കുന്നിൽക്കട ചാരിറ്റബിൾ ട്രസ്റ്റ് മാതൃകയായി.

പ്രളയബാധിതർക്ക് സഹായം എത്തിക്കണമെന്ന ഒരു കൂട്ടം സുഹൃത്തുക്കളുടെ ആലോചനയിലാണ് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി കുന്നിൽക്കട ചാരിറ്റബിൾ ട്രസ്റ്റ് രൂപീകരിച്ചത്.

ട്രസ്റ്റ് ഓഫീസ് ഡെപ്യൂട്ടി സ്പീക്കർ വി ശശി ഉദ്ഘാടനം ചെയ്തു. പ്രളയബാധിതർക്കായി സമാഹരിച്ച പണം അദ്ദേഹത്തിന് കൈമാറി. കിഴുവിലം പഞ്ചായത്ത് പ്രസിഡന്റ് എ. അൻസാർ, ഗോപൻ വലിയഏലാ, ട്രസ്റ്റ് ചെയർമാൻ നിഷാദ്, വൈസ് ചെയർമാൻ ഷാജി സിതാര, പ്രസിഡന്റ് ഷമ്മി, വൈസ് പ്രസിഡന്റ് മനു, സെക്രട്ടറി താഹ സിതാര, ജോയിന്റ് സെക്രട്ടറി ബിനോജ്, കൺവീനർ പ്രേമൻ എന്നിവർ സംസാരിച്ചു.

# ബസ് കാത്തിരിപ്പ് കേന്ദ്രം ഉദ്ഘാടനം ചെയ്തു


തോന്നയ്ക്കൽ ആശാൻസ്മാരകം എ.ജെ.കോളേജ് ജംഗ്ഷനിൽ പുതുതായി നിർമ്മിച്ച ബസ്സ് കാത്തിരിപ്പ് കേന്ദ്രം ഡെപ്യൂട്ടി സ്പീക്കർ വി.ശശി ഉദ്ഘാടനം ചെയ്യുന്നു

മുടപുരം: തോന്നയ്ക്കൽ ആശാൻ സ്മാരകം എ.ജെ.കോളേജ് ജംഗ്ഷനിൽ പുതുതായി നിർമ്മിച്ച ബസ് കാത്തിരിപ്പ് കേന്ദ്രം ഡെപ്യൂട്ടി സ്പീക്കർ വി.ശശി ഉദ്ഘാടനം ചെയ്തു. എ.ജെ.കോളേജ് പ്രിൻസിപ്പൽ കെ. വൈ. മുഹമ്മദ്കുഞ്ഞ്, മംഗലപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പാങ്ങോട് മധു, ഗ്രാമ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ മംഗലപുരം ഷാഫി, സി. പി, എം. മംഗലപുരം ഏരിയാ സെക്രട്ടറി മുല്ലശ്ശേരി മധു, സി.പി.ഐ. ചിറയിൻകീഴ് മണ്ഡലം അസിസ്റ്റന്റ് സെക്രട്ടറി തോന്നയ്ക്കൽ രാജേന്ദ്രൻ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ എസ്.ജയ, ഉദയ, ലളിതാംബിക, സുധീർലാൽ, എ.ജെ. കോളേജ് മുൻ കൗൺസിലർ എ. അൻവർഷ, കോളേജ് മാഗസിൻ എഡിറ്റർ മുസമ്മിൽ മുഹമ്മദ്, ലേഡി റപ്രസെന്റേറ്റീവ് പാർവതി തുടങ്ങിയവർ പങ്കെടുത്തു. ഡെപ്യൂട്ടി സ്പീക്കർ വി.ശശിയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 383000 രൂപ ചെലവഴിച്ചാണ് പുതിയ കാത്തിരിപ്പ് കേന്ദ്രം നിർമ്മിച്ചത്.


എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഇടവിളാകം ശാഖയും ഗുരുമന്ദിരവും സംയുക്തമായി സമാഹരിച്ച തുക ചെമ്പഴന്തി ഗുരുകുലം യൂണിയൻ സെക്രട്ടറി രാജേഷ് ഇടവക്കോടിന് ഗുരുമന്ദിരം പ്രസിഡന്റ് പ്രദീപ് ദിവാകരനും ശാഖാ സെക്രട്ടറി പൊന്നാലയം പ്രദീപും ചേർന്ന് കൈമാറുന്നു. യോഗം ഡയറക്ടർ ബോർഡ് അംഗം വി.മധുസൂദനൻ, യൂണിയൻ കൗൺസിലർമാരായ ബിജു കരിയിൽ, ബാലകൃഷ്ണൻ, ഗുരുമന്ദിരം സെക്രട്ടറി ബ്രഹ്മാനന്ദൻ, ഷണ്മുഖദാസ്, ജയചന്ദ്രൻ എന്നിവർ സമീപം.

## കോടികൾ മുതൽമുടക്കുള്ള സ്റ്റീൽ ഫാക്ടറി നശിക്കുന്നു

# അനാസ്ഥ അനാഥമാക്കുന്ന കോടികൾ

▶വിജയൻ പാലാഴി

KAUMUDI ALERT

ആറ്റിങ്ങൽ: ഒരു കാലത്ത് വളരെ തന്ത്രപ്രധാനമായ ഐ.എസ്.ആർ.ഒ, പ്രതിരോധവകുപ്പ് എന്നീ മേഖലകളിലേയ്ക്ക് വിവിധ അവശ്യവസ്തുക്കൾ നിർമ്മിച്ച് നൽകിയിരുന്ന ഒരു കേന്ദ്ര സർക്കാർ സ്ഥാപനത്തിന്റെ ഇന്നത്തെ അവസ്ഥ വളരെ പരിതാപകരമാണ്.

ഇന്ന് പ്രവർത്തനം നിലച്ച് തെരുവ് നായ്ക്കളും കാട്ടുപടലങ്ങളും നിറഞ്ഞ് ഒരു പ്രേത ഭവനം പോലെ കിടക്കുകയാണ് ഈ സ്ഥാപനം. കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥയിലുള്ള ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ സെന്ററെന്ന ആറ്റിങ്ങൽ സ്റ്റീൽ ഫാക്ടറിയാണ് ഇത്തരത്തിൽ ദുരിതം പേറി കഴിയുന്നത്. കിഴക്കേനാലുമുക്കിനും മാമത്തിനും മദ്ധ്യേ മൂന്നുമുക്കിലാണ് ഫാക്ടറി സ്ഥിതി ചെയ്യുന്നത്.

ഇപ്പോൾ പൂർണമായും പ്രവർത്തനം നിലച്ച അവസ്ഥയിലാണ്. ദേശീയ പാതയ്ക്കരികിൽ കോടികൾ വിലവരുന്ന വസ്തുവാണ് കാട്ടുകയറി നശിക്കുന്നത്. ഫാക്ടറിക്കുള്ളിലെ യന്ത്ര സാമഗ്രികൾ തുരുമ്പിച്ച് നശിച്ചു കഴിഞ്ഞു. ഐ.എസ്.ആർ.ഒ, പ്രതിരോധവകുപ്പ്, ആരോഗ്യ വകുപ്പ്, മറ്റ് ശാസ്ത്ര ഗവേഷണ വകുപ്പുകൾ എന്നിവയ്ക്കും ഗാർഹിക ആവശ്യങ്ങൾക്കുമുള്ള സ്റ്റെയിൻലെസ് സ്റ്റീൽ, അലുമിനിയം പാത്രങ്ങൾ എന്നിവ നിർമ്മിച്ചിരുന്നത് ഇവിടെയായിരുന്നു. ഇവിടെ തൊഴിൽ പരിശീലനവും നടന്നിരുന്നു. ഇന്നീ പ്രദേശം കാട്ടുകയറി ഇഴജന്തുക്കളുടെയും തെരുവ് നായ്ക്കളുടെയും വാസസ്ഥലമായി തീർന്നു.


ആറ്റിങ്ങൽ സ്റ്റീൽ ഫാക്ടറിയുടെ കവാടം. ഗേറ്റും ബോർഡും തുരുമ്പിച്ച നിലയിൽ

### അടച്ചു പൂട്ടലിന്റെ കാരണങ്ങൾ



ആറ്റിങ്ങൽ സ്റ്റീൽ ഫാക്ടറിയിലെ ഉത്പന്നങ്ങൾ മാർക്കറ്റ് കൈയടക്കിയതോടെ ചില കുത്തക കമ്പനികൾ തകർച്ചയിലായി. ഇവർ സ്റ്റീൽ ഫാക്ടറിയിലെ ചിലരെ സ്വാധീനിച്ച് ഫാക്ടറിയെ തകർക്കുകയായിരുന്നു. തുടർന്ന് ഇവിടെ ഉണ്ടായിരുന്ന ഉദ്യോഗസ്ഥരെ മറ്റ് കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലേക്ക് മാറ്റി. ക്രമേണ പ്രവർത്തനം നിലച്ച് ഫാക്ടറിക്ക് താഴ് വീണു.

ഫാക്ടറി പഴയ പടി പുനഃരാരംഭിക്കണമെന്ന ആവശ്യവുമായി ഇടതു പാർട്ടികൾ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയെങ്കിലും ഫലമുണ്ടായില്ല. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ ഫാക്ടറിയും സ്ഥലവും വ്യവസായ വകുപ്പിന് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും ഇതും അംഗീകരിച്ചിട്ടില്ല.

**1963ൽ** ഫാക്ടറി സ്ഥാപിച്ചു

**1972ൽ** ഫാക്ടറിയുടെ പ്രവർത്തനം ചുരുങ്ങി

**1994ൽ** എന്നെന്നേക്കും സ്ഥാപനം അടച്ചുപൂട്ടി

> ആറ്റിങ്ങൽ സ്റ്റീൽ ഫാക്ടറിയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്.
> അഡ്വ. ബി. സത്യൻ. എം.എൽ.എ

## സൗജന്യ നേത്രക്യാമ്പും തിമിരശസ്ത്രക്രിയയും

മുരുക്കുംപുഴ : തിരുനെൽവേലി അരവിന്ദ് കണ്ണാശുപത്രിയുടെ നേതൃത്വത്തിൽ മുരുക്കുംപുഴ ലയൺസ് ക്ലബ് സംഘടിപ്പിക്കുന്ന സൗജന്യ നേത്രക്യാമ്പ് ശനിയാഴ്ച രാവിലെ 8 മുതൽ 1 വരെ വെയിലൂർ കോഴിമട വേലുത്തമ്പി മെമ്മോറിയൽ ഹാളിൽ നടക്കും. മംഗലപുരം ഗ്രാമപഞ്ചായത്തിന്റെയും വെയിലൂർ വേലുത്തമ്പി മെമ്മോറിയൽ സ്പോർട്സ് ആൻഡ് ആർട്സ് ക്ലബിന്റെയും മുരുക്കുംപുഴ കൾച്ചറൽ ഓർഗനൈസേഷൻ ലൈബ്രറിയുടെയും സഹകരണത്തോടെ നടത്തുന്ന ക്യാമ്പിൽ തിമിരശസ്ത്രക്രിയ ആവശ്യമുള്ളവരെ അരവിന്ദ് കണ്ണാശുപത്രിയിലെത്തിച്ച് ശസ്ത്രക്രിയ നടത്തി തിരിച്ചുവിടുന്നതാണ്. എല്ലാ ചെലവുകളും സൗജന്യമായിരിക്കും.

മുരുക്കുംപുഴ ലയൺസ് ക്ലബ് പ്രസിഡന്റ് ലയൺ എ.കെ ഷാനവാസിന്റെ അദ്ധ്യക്ഷതയിൽ ലയൺസ് ഇന്റർനാഷണൽ വൈസ് ഡിസ്ട്രിക് ഗവർണർ ലയൺ ഡോ. എ.ജി രാജേന്ദ്രൻ ക്യാമ്പ് ഉദ്ഘാടനം ചെയ്യും. മംഗലപുരം പഞ്ചായത്ത് പ്രസിഡന്റ് വേങ്ങാട് മധു മുഖ്യപ്രഭാഷണം നടത്തും.


ചെറുകുന്നം ശാസ്താ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബിന്റെ ദുരിതാശ്വാസ ഫണ്ട് 50000 എം.എൽ.എ. വി. ജോയിക്ക് ക്ലബിന്റെ സെക്രട്ടറി ശ്രീരാം കൈമാറുന്നു. ക്ലബ് അംഗങ്ങളായ ശ്രീരാജ്, ഹരിശങ്കർ, വിഷ്ണു വിജയൻ, സതീഷ്നാഥ്, സുധീഷ്ലാൽ എന്നിവർ സമീപം



ബി.ജെ.പി. നിയോജക മണ്ഡലം പ്രസിഡന്റ് ജി. സാബു ധർണ ഉദ്ഘാടനം ചെയ്യുന്നു

# ബി.ജെ.പി കടയ്ക്കാവൂർ പഞ്ചായത്ത് കമ്മിറ്റി ജനകീയ ധർണ സംഘടിപ്പിച്ചു

കടയ്ക്കാവൂർ: ആവശ്യമായ മുൻകരുതലുകളെടുക്കാതെ ഡാമുകൾ തുറന്ന് വിട്ടതിനാലാണ് സംസ്ഥാനത്ത് പ്രളയമുണ്ടായതെന്ന് ആരോപിച്ച് സംസ്ഥാന സർക്കാരിനെതിരെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് ഓഫീസിനു മുന്നിൽ ബി.ജെ.പി കടയ്ക്കാവൂർ പഞ്ചായത്ത് കമ്മിറ്റി ജനകീയ ധർണ സംഘടിപ്പിച്ചു. ദുരിതാശ്വാസത്തിലും വിവേചനം എന്ന മുദ്രാവാക്യം ഉയർത്തി സംസ്ഥാനത്തുടനീളം ബി.ജെ.പി ജനകീയ ധർണകൾ സംഘടിപ്പിക്കും.

രാവിലെ 10ന് ചെക്കാലവിളാകം ജംഗ്ഷനിൽ നിന്നും പ്രകടനമായി പ്രവർത്തകർ ധർണയിൽ പങ്കെടുക്കാനെത്തി. ദുരിതാശ്വാസത്തിലും വിവിധ ഭവന പദ്ധതികളിലും വിവേചനം നിലനിൽക്കുകയാണെന്നും ക്ഷേമ പെൻഷൻ ആനുകൂല്യം നിഷേധിക്കാൻ വേണ്ടി ജീവിച്ചിരിക്കുന്നവരെ മരിച്ചതായി രേഖകളിൽ തെറ്റായി രേഖപ്പെടുത്തുകയാണെന്നും ധർണ ഉദ്ഘാടനം ചെയ്ത ബി.ജെ.പി ചിറയിൻകീഴ് നിയോജക മണ്ഡലം പ്രസിഡന്റ് ജി.സാബു പറഞ്ഞു. ബി.ജെ.പി നേതാക്കളായ കീഴാറ്റിങ്ങൽ രാധാകൃഷ്ണൻ നായർ, അനൂപ്, വിലോചന കുറുപ്പ്, ഭുവനചന്ദ്രൻ, ആർ. രഞ്ജൻ, ലവകുമാർ, സുകുട്ടൻ എന്നിവർ സംസാരിച്ചു.

## ബ്യൂട്ടീഷ്യൻ കോഴ്സിന് ഇന്നുകൂടി അപേക്ഷിക്കാം

മുടപുരം : ആറ്റിങ്ങൽ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ സി.ഡി.ടി.പി. സെന്ററിന്റെ ആഭിമുഖ്യത്തിൽ മുടപുരം തെങ്ങുംവിള ഭഗവതിക്ഷേത്രം ട്രസ്റ്റ് നടത്തുന്ന 2 മാസത്തെ ബ്യൂട്ടീഷ്യൻ ആൻഡ് ഹെയർഡ്രെസിംഗ് കോഴ്സിലേക്ക് ഇന്നുകൂടി അപേക്ഷിക്കാം. കേന്ദ്ര സ്കിൽ ഡവലപ്മെന്റ് മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കോഴ്സിലേക്ക് 18 വയസ് പൂർത്തിയായ വനിതകൾക്ക് അപേക്ഷിക്കാം. ഇന്റർവ്യൂ ഒക്ടോബർ ഒന്നിന് രാവിലെ 11ന് നടക്കും. അപേക്ഷകൾ ആറ്റിങ്ങൽ ഗവ. പോളിടെക്നിക് കോളേജിലെ സി. ഡി. ടി. പി. സെന്ററിലും തെങ്ങുംവിള ഭഗവതിക്ഷേത്രം ഓഫീസിലും (രാവിലെ 5 മുതൽ 9 .30 വരെ, വൈകിട്ട് 5 മുതൽ 7.30 വരെ) ലഭിക്കും. ഫോൺ: 8547381578, 9400745858

## എ.ജെ കോളേജ് മാഗസിൻ പ്രകാശനം

മുടപുരം: തോന്നയ്ക്കൽ എ.ജെ കോളേജ് മാഗസിൻ മുഹമ്മദ് മുഹ്സിൻ എം. എൽ.എ പ്രകാശനം ചെയ്തു. പ്രിൻസിപ്പാൾ കെ. വൈ മുഹമ്മദ്കുഞ്ഞ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രിൻസിപ്പൽ അഹമ്മദ് റഹീം, സ്റ്റാഫ് അഡ്വൈസർ സുജ, എച്ച്.ഒ.ഡി ഉണ്ണിത്താൻ, കൃപജ, ബിജു.സി, മീരാൻ സാഹിബ്, ശ്രീദേവി എന്നിവർ സംസാരിച്ചു. മാഗസിൻ എഡിറ്റർ മുസമ്മിൽ മുഹമ്മദ് സ്വാഗതവും ലിസി നന്ദിയും പറഞ്ഞു.

## ഭജനമഠം പൊളിച്ചതിൽ പ്രതിഷേധം

# ഹിന്ദു ഐക്യവേദി മാർച്ചിൽ സംഘർഷം


ഭജനമഠം പൊളിച്ചതിൽ പ്രതിഷേധിച്ച് ഹിന്ദു ഐക്യവേദി നടത്തിയ പ്രതിഷേധ മാർച്ച് ട്രഷറിക്കു മുന്നിൽ പൊലീസ് തടഞ്ഞപ്പോൾ

ആറ്റിങ്ങൽ: കൊട്ടിയോട്ടെ ഭജനമഠം പൊളിച്ചതിൽ പ്രതിഷേധിച്ച് ഹിന്ദു ഐക്യവേദിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രകടനം പൊലീസ് തടഞ്ഞത് സംഘർഷത്തിൽ കലാശിച്ചു. ഇതോടെ ദേശീയപാതയിൽ ഗതാഗതം മണിക്കൂറുകളോളം സ്തംഭിച്ചു.

ഹിന്ദു ഐക്യവേദി സംസ്ഥാന ജനറൽ സെക്രട്ടറി കെ. പി. ഹരിദാസ് മാർച്ച് ഉദ്ഘാടനം ചെയ്തു. കൊട്ടിയോട്ട് നിന്നാരംഭിച്ച പ്രതിഷേധ മാർച്ചിൽ സ്ത്രീകളും കുട്ടികളുമുൾപ്പെടെ നൂറുകണക്കിനുപേർ പങ്കെടുത്തു. ദേശീയ പാതയിലെ ഗതാഗതം തടഞ്ഞ പൊലീസ് മുനിസിപ്പാലിറ്റി ഓഫീസിനു സമീപത്തേക്ക് സമരക്കാരെ കടത്തിവിടാതിരുന്നതാണ് സംഘർഷത്തിൽ കലാശിച്ചത്. ഹിന്ദു ഐക്യവേദി, വിശ്വഹിന്ദു പരിഷത്ത്, അയ്യപ്പസേവാസംഘം തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിൽ നടത്തിയ മാർച്ച് ട്രഷറി ജംഗ്ഷനിലാണ് പൊലീസ് തടഞ്ഞത്. മുനിസിപ്പാലിറ്റി ഓഫീസിന് മുന്നിൽ ഗതാഗത തടസമുണ്ടാക്കാതെ മാർച്ച് അവസാനിപ്പിക്കുമെന്ന് നേതാക്കൾ അറിയിച്ചെങ്കിലും പൊലീസ് ചെവിക്കൊണ്ടില്ല. തുടർന്ന് പൊലീസും പ്രവർത്തകരും തമ്മിൽ ഉന്തും തള്ളുമുണ്ടായി.

സമരക്കാരും പൊലീസും വാഹനം കടത്തിവിടാതിരുന്നത് ജനങ്ങളെയും ഏറെ വലച്ചു. ഇതുകാരണം ചിറയിൻകീഴ് ഭാഗത്തു നിന്നുള്ള ബസുകൾ ഗേൾസ് ഹൈസ്കൂൾ ജംഗ്ഷനിൽ സർവീസ് അവസാനിപ്പിച്ചു. കിളിമാനൂർ, വർക്കല ഭാഗങ്ങളിൽ നിന്നുള്ള ബസുകൾ കച്ചേരി ജംഗ്ഷനിൽ യാത്ര അവസാനിപ്പിച്ച് തിരിച്ചുപോയി. ആംബുലൻസുകളും ഏറെ നേരം ഗതാഗതക്കുരുക്കിൽപ്പെട്ടു. ആറ്റിങ്ങൽ ഡിവൈ.എസ്.പി അനിൽകുമാറിന്റെ നേതൃത്വത്തിൽ വലിയ പൊലീസ് സംഘം സ്ഥലത്തുണ്ടായിരുന്നു.

അയ്യപ്പവിഗ്രഹം തിരിച്ചു നൽകിയില്ലെങ്കിൽ സമരം ആരംഭിക്കുമെന്ന് ഹിന്ദു ഐക്യവേദി സംസ്ഥാന സെക്രട്ടറി കിളിമാനൂർ സുരേഷ് പറഞ്ഞു.

താലൂക്ക് പ്രസിഡന്റ് അഴൂർ ജയൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി എം.എസ്. രാജേന്ദ്രൻ, ഹിന്ദു ഐക്യവേദി സംസ്ഥന സെക്രട്ടറി കെ. പ്രഭാകരൻ, ആർ.എസ്.എസ് വിഭാഗ് കാര്യവാഹ് സന്തോഷ്, ജില്ലാ കാര്യവാഹ് വി.സി. അഖിലേഷ്, രാമചന്ദ്ര ആചാര്യ, വഴയില ഉണ്ണി, ബിജു . വി.എസ്, ശ്രീകുമാർ നെടുമങ്ങാട്, കോലിയക്കോട് മോഹൻ, അജിത്ത് പ്രസാദ്, രാജേഷ് മാധവൻ, ശിവൻപിള്ള, ഷക്കീല, കൗൺസിലർമാരായ പത്മനാഭൻ, സന്തോഷ്, ശ്രീലത, ശ്രീദേവി എന്നിവർ മാർച്ചിന് നേതൃത്വം നൽകി.

### പൊലീസ് സഹകരിക്കുന്നില്ലെന്ന് നഗരസഭ

ആറ്റിങ്ങൽ: നഗരസഭയുടെ കൊട്ടിയോടുള്ള സ്ഥലത്ത് അനധികൃതമായി വീണ്ടും ഭജനമഠം നിർമ്മിക്കുന്നത് തടയാൻ പൊലീസിന് സഹകരിക്കുന്നില്ലെന്ന് ചെയർമാൻ എം. പ്രദീപ് കുറ്റപ്പെടുത്തി. കൈയേറ്റക്കാരും പൊലീസും തമ്മിലുള്ള ഗൂഢാലോചനയാണ് ഇതിനു പിന്നിലെന്നും അദ്ദേഹം ആരോപിച്ചു. കോടതിയിൽ നിന്ന് കൈയേറ്റക്കാർക്ക് സ്റ്റേ സമ്പാദിക്കാനുള്ള അവസരമാണ് പൊലീസ് ഒരുക്കുന്നത്. ഇതു സംബന്ധിച്ച് ആവശ്യമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്നും എം. പ്രദീപ് അറിയിപ്പിൽ പറയുന്നു.

# നഗരൂരിൽ വയൽ നികത്തൽ സജീവമാകുന്നു


നഗരൂർ പള്ളിക്ക് സമീപം വയൽ മണ്ണിട്ട് നികത്തിയ നിലയിൽ

കിളിമാനൂർ: ഒരിടവേളയ്ക്ക് ശേഷം നഗരൂരിൽ വീണ്ടും നിലങ്ങൾ മണ്ണിട്ടു നികത്താൻ തുടങ്ങി. നഗരൂർ പൊലീസ് സ്റ്റേഷനും നഗരൂർ പള്ളിക്കും സമീപത്തായുള്ള വയലും, തേക്കിൻകാട് ജംഗ്ഷന് സമീപത്തെ വയലുമാണ് നികത്താൻ ശ്രമിച്ചത്. നാട്ടുകാരുടെ പ്രതിഷേധത്തെ തുടർന്ന് തത്കാലം നിലം നികത്തലിൽ നിന്നും ഭൂമാഫിയാസംഘം പിൻമാറിയിട്ടുണ്ട്. പുതുതായി ആരംഭിച്ച നഗരൂർ പൊലീസ് സ്റ്റേഷന്റെ 400 മീറ്റർ പരിധിയിലാണ് രണ്ട് സംഭവങ്ങളും എന്നത് നിലംനികത്തലിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. റവന്യൂ അധികൃതരുടെ ഒത്താശയോടെയാണ് നിലം നികത്തൽ നടന്നതെന്നാണ് നാട്ടുകാരുടെ ആരോപണം. വർഷങ്ങൾക്ക് മുമ്പ് ഭൂമാഫിയാസംഘം പ്രദേശത്ത് നിലം നികത്താനെത്തിയപ്പോൾ നാട്ടുകാർ ശക്തമായ പ്രതിഷേധവുമായി രംഗത്തുവന്നിരുന്നു. വീണ്ടും നിലം നികത്താനുള്ള മാഫിയാസംഘത്തിന്റെ ശ്രമം യാതൊരുകാരണവശാലും അനുവദിക്കില്ലെന്ന് സി. പി. എം. നഗരൂർ ലോക്കൽ സെക്രട്ടറി എം. ഷിബു അറിയിച്ചു. രണ്ടുവയലുകളിലും പാതിരാത്രിയാണ് മാഫിയാസംഘങ്ങൾ മണ്ണിട്ട് നികത്തിയത്. പൊലീസ് രാത്രികാല പരിശോധന ശക്തമാക്കി. മാഫിയാസംഘങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും എം. ഷിബു അറിയിച്ചു.

## രാമക്ഷേത്രം ഉടനെന്ന് പ്രതീക്ഷ: ബി.ജെ.പി

ന്യൂഡൽഹി: അയോദ്ധ്യ ഭൂമിതർക്ക കേസ് വിശാലബെഞ്ചിന വിടേണ്ടതില്ലെന്ന സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ, രാമക്ഷേത്രം ഉടൻ നിർമിക്കാൻ സാധിക്കുമെന്ന പ്രതീക്ഷിക്കുന്നതായി ബി.ജെ.പി നേതൃത്വം പ്രതികരിച്ചു. സുപ്രീംകോടതിവിധി പൂർണ സംതൃപ്തി നൽകുന്നതാണെന്ന് വി.എച്ച്.പി വർക്കിംഗ് പ്രസിഡന്റ് അലോക് കുമാർ പറഞ്ഞു. രാമജന്മഭൂമി വിഷയത്തിലെ എല്ലാ അപ്പീലുകളും കേൾക്കുന്നതിനുള്ള വഴി എളുപ്പമായതായും അദ്ദേഹം പറഞ്ഞു. ആർ.എസ്.എസും വിധിയോട് അനുകൂലമായാണ് പ്രതികരിച്ചത്. സുപ്രീംകോടതി വിധിയോടെ രാമജന്മ ഭൂമി- ബാബറി മസ്ജിദ് സ്ഥലത്തർക്കത്തിൽ അവസാന വിധിക്കായുള്ള വഴി തെളിഞ്ഞതായി ബി.ജെ.പി നേതാവ് സുബ്രഹ്മണ്യ സ്വാമി പറഞ്ഞു.

www.keralakaumudi.com www.facebook.com/keralakaumudi

## ചോക്സിയെ കൈമാറാൻ തയാറെന്ന് ആന്റിഗ്വ

ന്യൂയോർക്ക്: പഞ്ചാബ് നാഷണൽ ബാങ്കിൽനിന്ന് കോടികളുടെ വായ്പാ തട്ടിപ്പ് നടത്തി രാജ്യം വിട്ട വജ്രവ്യാപാരി മെഹുൽ ചോക്സിയെ കൈമാറുന്ന കാര്യത്തിൽ എല്ലാ സഹകരണവും ഉണ്ടാകുമെന്ന് ആന്റിഗ്വ സർക്കാർ അറിയിച്ചു. ഇന്ത്യൻ വിദേശകാര്യമന്ത്രി സുഷമാസ്വരാജും ആന്റിഗ്വ വിദേശകാര്യമന്ത്രി ഇ.പി ചെറ്റ് ഗ്രീനിയും നടത്തിയ കൂടിക്കാഴ്ചയിലാണ് ഇക്കാര്യം അറിയിച്ചത്. ന്യൂയോർക്കിൽ 73-ാമത് യു.എൻ പൊതുസഭയുടെ സമ്മേളനത്തിന് എത്തിയതാണ് ഇരുവരും. 13000 കോടിരൂപയുടെ വായ്പാ തട്ടിപ്പ് നടത്തി ഇക്കഴിഞ്ഞ ജനവരിയിൽ ഇന്ത്യ വിട്ട ചോക്സി ഇപ്പോൾ കരീബിയിൻ ദ്വീപിലാണ് ഉള്ളത്.

## കൂറ്റൻയന്ത്രത്തിൽ കുടുങ്ങി യുവാവിന് ദാരുണാന്ത്യം

നോയ്ഡ: പ്ലാസ്റ്റിക് ഫാക്ടറിയിലെ യന്ത്രം വൃത്തിയാക്കുന്നതിനിടെ യന്ത്രത്തിനുള്ളിൽ കുടുങ്ങിയ യുവാവിന് ദാരുണാന്ത്യം. ബീഹാർ സ്വദേശിയായ വാജിദ് (25) ആണ് കൊല്ലപ്പെട്ടത്. നോയ്ഡയിലെ സ്പെഷൽ ഇക്കണോമിക്ക് സോണിൽ സ്ഥിതി ചെയ്യുന്ന ഫാക്ടറിയിൽ ബുധനാഴ്ചയാണ് അപകടം നടന്നത്.

പ്ലാസ്റ്റിക് വസ്തുക്കൾ നിർമ്മിക്കുന്ന ഫാക്ടറിയിലെ ബ്ലേഡുകൾ നിറഞ്ഞ കൂറ്റൻ യന്ത്രം വാജിദ് വൃത്തിയാക്കുന്നത് ശ്രദ്ധയിൽപ്പെടാതിരുന്ന ഫാക്ടറിയിലെ ഏതോ ജോലിക്കാരൻ യന്ത്രം പ്രവർത്തിപ്പിച്ചതിനെ തുടർന്ന് വാജിദ് അതിനകത്ത് വീഴുകയായിരുന്നു. ഉടൻ തന്നെ യന്ത്രം ഓഫ് ചെയ്ത് ഇയാളെ പുറത്തെടുത്തെങ്കിലും മരിച്ചിരുന്നു. വാജിദിന്റെ സഹോദരന്റെ പരാതിയിൽ രണ്ട് പേരെ പൊലീസ് കസ്റ്റഡിയിൽ എടുത്തു.

## ലൈംഗികപീഡനം: ബിൽ കോസ്ബിക്ക് തടവുശിക്ഷ



പെൻസിൽവേനിയ: അമേരിക്കൻ ഹാസ്യ ചക്രവർത്തി ബിൽ കോസ്ബി (81) ക്ക് 10 വർഷത്തെ തടവുശിക്ഷ. 14 വർഷം മുമ്പ് ആൻഡ്രിയ കോൺസ്റ്റാഡ് എന്ന യുവതിയെ മയക്കമരുന്ന് നൽകി പീഡിപ്പിച്ചതുൾപ്പെടെയുള്ള കേസുകൾക്കാണ് താരത്തിന് ശിക്ഷ ലഭിച്ചത്. കറുത്ത വർഗക്കാരനായ ആദ്യ സെലിബ്രിറ്റികളിൽ ഒരാളായ കോസ്ബിയുടെ ടി.വി പരിപാടികൾക്ക് ലക്ഷക്കണക്കിന് ആരാധകരാണ് ഉണ്ടായിരുന്നത്. അമേരിക്കയിൽ ഹാസ്യപരിപാടികളുടെ പ്രധാന മുഖം കോസ്ബിയുടേതായിരുന്നു.

## എന്നെ പീഡിപ്പിച്ചത് നാന: തനുശ്രീ

ന്യൂഡൽഹി: സിനിമാസെറ്റിൽവച്ച് തന്നെ പീഡിപ്പിച്ചത് പ്രശസ്ത ബോളിവുഡ് നടൻ നാനാ പടേക്കറാണെന്ന വെളിപ്പെടുത്തലുമായി ബോളിവുഡ് നടി തനുശ്രീ ദത്ത രംഗത്തെത്തി. 10 വർഷങ്ങൾക്കുമുമ്പ് നടന്ന ദുരനുഭവത്തെക്കുറിച്ച് ഒരു ദേശീയമാദ്ധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് തനുശ്രീ വ്യക്തമാക്കിയത്. തന്നെ ബോളിവുഡിലെ പ്രശസ്തനായ താരം പീഡിപ്പിച്ചുവെന്ന് പലവട്ടം പറഞ്ഞിട്ടുണ്ടെങ്കിലും ആദ്യമായാണ് തനുശ്രീ നടന്റെ പേര് തുറന്നുപറയുന്നത്. 2009ൽ പുറത്തിറങ്ങിയ 'ഹോൺ ഒ.കെ' എന്ന ചിത്രത്തിന്റെ സെറ്റിൽ വച്ചാണ് അയാൾ എന്നോട് മോശമായി പെരുമാറിയത്. അതേസമയം, നിയമപരമായി നീങ്ങുമെന്നും മാദ്ധ്യമങ്ങളോട് സംസാരിച്ച് വെറുതെ സമയം കളയാനില്ലെന്നുമായിരുന്നു നാനാ പടേക്കറുടെ പ്രതികരണം.

## കേന്ദ്ര സർക്കാരിനെതിരെ പുതിയ വെളിപ്പെടുത്തൽ

# റാഫേൽ: വിലകൂട്ടിയത് എതിർപ്പ് മറികടന്ന്



സ്വന്തം ലേഖകൻ

ന്യൂഡൽഹി: ഉയർന്ന വിലയ്ക്ക് 36 റാഫേൽ വിമാനങ്ങൾ വാങ്ങുന്നതിലെ എതിർപ്പു മൂലം കരാർ ഒരു കൊല്ലം വൈകിയെന്ന പുതിയ വെളിപ്പെടുത്തൽ കേന്ദ്ര സർക്കാരിനെ പ്രതിരോധത്തിലാക്കുന്നു. യു.പി.എ സർക്കാർ നിശ്ചയിച്ചതിനെക്കാൾ ഉയർന്ന വിലയ്ക്കാണ് നരേന്ദ്ര മോദി സർക്കാർ 36 വിമാനങ്ങൾ വാങ്ങാൻ കരാർ ഒപ്പിട്ടതെന്ന കോൺഗ്രസിന്റെ ആരോപണം തെളിയിക്കുന്നതാണ് പുതിയ വെളിപ്പെടുത്തൽ.

യു.പി.എ സർക്കാരിന്റെ കാലത്ത് തയ്യാറാക്കിയ കരാർ ഉപേക്ഷിച്ച് 36 വിമാനങ്ങൾ വാങ്ങാൻ തീരുമാനിച്ചെന്ന് 2015 ഏപ്രിലിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഫ്രാൻസിൽ പ്രഖ്യാപിച്ചെങ്കിലും 2016 സെപ്തംബറിലാണ് അന്നത്തെ പ്രതിരോധ മന്ത്രി മനോഹർ പരീക്കറും ഫ്രഞ്ച് പ്രതിരോധ മന്ത്രി ജിയാൻ വസ് ജെ ഡ്രിയാനുമായി കരാർ ഒപ്പിട്ടത്. ഉദ്യോഗസ്ഥരുടെ എതിർപ്പുമൂലം ഒരു കൊല്ലം വൈകിയെന്നാണ് പുതിയ വിവരം.

ഉയർന്ന വിലയ്ക്ക് 36 വിമാനം വാങ്ങുന്നതിനെ വില നിശ്ചയിക്കേണ്ട കോൺട്രാക്ട് നെഗോസിയേഷൻ കമ്മിറ്റി (സി.എൻ.സി) അംഗവും വ്യോമസേനയിൽ ജോയിന്റ് സെക്രട്ടറി ആന്റ് അക്വിസിഷൻ മാനേജരുമായ രാജീവ് വർമ്മ എതിർത്തതായി പുതിയ വിവരം പുറത്തുവന്നു. കരാറിന് മന്ത്രിസഭാ അനുമതി ലഭിക്കാനുള്ള കുറിപ്പ് തയ്യാറാക്കേണ്ടതും ഈ ഉദ്യോഗസ്ഥനായിരുന്നു.

വില എതിർത്ത് രാജീവ് വർമ്മ തയ്യാറാക്കിയ കുറിപ്പ് ഇപ്പോൾ ഓഡിറ്റ് വിഭാഗത്തിന്റെ കൈവശമുണ്ട്. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ സമർപ്പിക്കാനിടയുള്ള റാഫേൽ ഇടപാടു സംബന്ധിച്ച റിപ്പോർട്ടിൽ കുറിപ്പിനെക്കുറിച്ച് പരാമർശമുണ്ടായേക്കും.

മികച്ചതെന്ന് വ്യോമസേന കണ്ടെത്തിയ ജർമ്മൻ നിർമ്മിത യൂറോഫൈറ്റർ വിമാനങ്ങൾക്ക് 20 ശതമാനം വിലക്കുറവുണ്ടെന്നും റാഫേലിന് കരാർ നൽകാൻ അത്രയും വില കുറയ്ക്കണമെന്നും രാജീവ് ശർമ്മ ചൂണ്ടിക്കാട്ടിയിരുന്നു. റാഫേൽ ഇടപാടിനെക്കാൾ ലാഭത്തിൽ പൊതുമേഖലാ കമ്പനിയായ എച്ച്.എ.എല്ലിൽ നിന്ന് റഷ്യൻ യുദ്ധവിമാനമായ സുഖോയ്-30 നിർമ്മിച്ചു വാങ്ങാമെന്നും കുറിപ്പിൽ പറയുന്നുണ്ട്.

റാഫേൽ ഇടപാടിന് അന്തിമരൂപം നൽകാൻ 2016 ആഗസ്റ്റിൽ ചേർന്ന മനോഹർ പരീക്കർ അദ്ധ്യക്ഷനായ ഡിഫൻസ് അക്വിസിഷൻ കമ്മിറ്റിയിൽ (ഡി.എ.സി) ഈ കുറിപ്പ് കരടായി മാറി. ഡി.എ.സി യോഗത്തിനു ശേഷം മന്ത്രിസഭാ അനുമതി തേടാനും സെപ്തംബറിൽ എത്തുന്ന ഫ്രഞ്ച് മന്ത്രിക്കൊപ്പം കരാറിൽ ഒപ്പിടാനുമായിരുന്നു ആലോചന. തീരുമാനം വൈകിയതോടെ ഫ്രഞ്ച് മന്ത്രിയുടെ വരവ് മാറ്റിവയ്ക്കുകയായിരുന്നു.

സമ്മർദ്ദത്തെ തുടർന്ന് പിന്നീട് രാജീവ് വർമ്മയ്ക്ക് ഒരു മാസത്തെ അവധിയിൽ പ്രവേശിക്കേണ്ടി വന്നു. പകരം പ്രധാനമന്ത്രിയുടെ ഓഫീസ് ഇടപെട്ട് അതേ തസ്തികയിൽ നിയമിച്ച സ്മിതാ നാഗരാജ് ഇടപാടിന് അനുകൂലമായി കുറിപ്പ് തയ്യാറാക്കി.

ഡി.എ.സിയും മന്ത്രിസഭയും 59,262 കോടി രൂപയുടെ ഇടപാടിന് അംഗീകാരവും നൽകി. 2016 സെപ്തംബർ 23ന് പരീക്കറും ലെ ഡ്രിയാനും റാഫേൽ കരാറിൽ ഒപ്പിട്ടു.

### കൂടുതൽ തെളിവുകളെന്ന് കോൺഗ്രസ്



റാഫേൽ ഇടപാടിൽ പ്രധാനമന്ത്രിയെ കുരുക്കിലാക്കി കൂടുതൽ തെളിവുകൾ പുറത്തു വരികയാണ്. 2015ൽ പ്രധാനമന്ത്രി ഫ്രാൻസിൽ ഇടപാടിനെക്കുറിച്ച് പ്രഖ്യാപനം നടത്തി ഒരു വർഷം കഴിഞ്ഞാണ് പ്രതിരോധ മന്ത്രി കരാർ ഒപ്പിടുന്നത്. ഇതിനു പിന്നിലെ ദുരൂഹതകൾ പുറത്തു വരേണ്ടതുണ്ട്. റിലയൻസിനെ പങ്കാളിയാക്കാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചെന്ന മുൻ ഫ്രഞ്ച് പ്രസിഡന്റ് ഫ്രാൻസ്വ ഓലോന്ദിന്റെ ആരോപണത്തിന് മറുപടി പറയാൻ നരേന്ദ്രമോദിക്ക് പ്രതിബദ്ധതയുണ്ട്.

*ജയ്പാൽ റെഡ്ഡി*
*കോൺഗ്രസ് നേതാവ്*

## വിവാഹേതര ലൈംഗികബന്ധം ഈ രാജ്യങ്ങളിലെങ്ങനെ ?



### ഫിലിപ്പൈൻസ്

■ വിവാഹേതര ബന്ധവും ഭാര്യയല്ലാത്ത സ്ത്രീകളെക്കൂടെ താമസിപ്പിച്ചുള്ള ലൈംഗികബന്ധവും ചാരിത്ര്യത്തിന് എതിരായ കുറ്റം.
■ അന്യപുരുഷനുമായി ഭാര്യയ്ക്ക് ബന്ധമുണ്ടെന്ന് ഭർത്താവിന് തെളിയിക്കാൻ കഴിഞ്ഞാൽ, സ്ത്രീക്കും പുരുഷനും ആറുവർഷം വരെ തടവു ശിക്ഷ.
■ ഭർത്താവ് കുറ്റക്കാരനെന്ന് ഭാര്യയ്ക്ക് തെളിയിക്കാനായാൽ, പുരുഷന് നാലുവർഷം വരെ തടവ്. എന്നാൽ, ഭർത്താവിന് ബന്ധമുണ്ടായിരുന്ന സ്ത്രീക്ക് ശിക്ഷയില്ല

### ചൈന

■ വിവാഹേതര ബന്ധം കുറ്റമല്ല.
■ വിവാഹമോചനത്തിനു കാരണമായി പരിഗണിക്കും.
■ ഭർത്താവിന് വിവാഹേതര ബന്ധമുണ്ടെങ്കിൽ വിവാഹമോചന ഹർജി നൽകുമ്പോൾ ഭാര്യയ്ക്ക് നഷ്ടപരിഹാരം അവകാശപ്പെടാം

### സൗദി, സൊമാലിയ

പിഴ, തടവിൽവയ്ക്കൽ, ജയിൽ, ചാട്ടവാറടി, മരണശിക്ഷ എന്നിവ കിട്ടാവുന്ന ഗുരുതരമായ കുറ്റം

### പാകിസ്ഥാൻ

■ കുറ്റകരം
■ താൻ പീഡിപ്പിക്കപ്പെട്ടുവെന്ന് പരാതിപ്പെടുന്ന സ്ത്രീ കുറ്റം തെളിയിക്കാൻ നാലു മാതൃകാ പുരുഷന്മാരെ ദൃക്സാക്ഷികളായി ഹാജരാക്കണം. ഇതിൽ പരാജയപ്പെട്ടാൽ വിവാഹേതരബന്ധത്തിൽ പങ്കാളിയായതിനു സ്ത്രീക്കെതിരെ കേസെടുക്കും

### ദക്ഷിണ കൊറിയ

■ വിവാഹേതര ബന്ധം കുറ്റകരമല്ല.
■ 1953ലെ നിയമപ്രകാരം, പങ്കാളിയെ വഞ്ചിക്കുന്നതു മൂന്നുവർഷം വരെ തടവുശിക്ഷ കിട്ടാവുന്ന കുറ്റമായിരുന്നു. ഈ നിയമം 2015ൽ കോടതി എടുത്തുകളഞ്ഞു.

### തയ്‌വാൻ

■ കുറ്റകരം. ഒരു വർഷം വരെ ജയിൽശിക്ഷ
■ സ്ത്രീയും പുരുഷനും പിഴയൊടുക്കണം.

### യു.എസ്, യുറോപ്പ്

■ യു.എസിലെ 20 സംസ്ഥാനങ്ങളിൽ വിവാഹേതര ബന്ധം കുറ്റകൃത്യം.

### യൂറോപ്യൻ രാഷ്ട്രങ്ങൾ, ഓസ്ട്രേലിയ

■ നിയമവിരുദ്ധമല്ല.

### കാനഡ

■ 1918 മുതൽ വിവാഹേതര ബന്ധം കുറ്റകരം.

### മലേഷ്യ

മുസ്ലിം നിയമപ്രകാരം കുറ്റകരം. എന്നാൽ മറ്റു മതവിഭാഗങ്ങൾക്ക് ഇത് ക്രിമിനൽ കുറ്റമല്ല. അതേസമയം വിവാഹമോചനം ആവശ്യപ്പെടാനുള്ള കാരണങ്ങളിലൊന്നാണിത്.

### ജപ്പാൻ

ജപ്പാനിൽ ഇന്ത്യൻ ശിക്ഷാനിയമം 497ന് സമാന നിയമമുണ്ടായിരുന്നു. എന്നാൽ പിന്നീട് ഇത് എടുത്തുകളഞ്ഞു. സിവിൽ കേസ് മാത്രമായി തുടരുകയാണ്.

### ദക്ഷിണാഫ്രിക്ക

വിവാഹേതര ബന്ധം ക്രിമിനൽ കുറ്റമല്ല.

### തുർക്കി

തുല്യതയ്ക്കുള്ള അവകാശം നിഷേധിക്കുന്നതിനാൽ തുർക്കിയിലും ഈ നിയമം റദ്ദാക്കി.

### കുറ്റകരമല്ലാത്ത മറ്റ് രാജ്യങ്ങൾ

ബ്രസീൽ, ന്യൂസിലാൻഡ്, സ്കോട്ട്ലൻഡ്, നെതർലൻഡ്, ഡെൻമാർക്ക്, ഫ്രാൻസ്, ജർമ്മനി, ഓസ്ട്രിയ, അയർലൻഡ്, ബാർബഡോസ്, ബെർമുഡ, ജമൈക്ക, ട്രിനിഡാഡ് ആൻഡ് ടുബാഗോ, സീഷെൽസ്, ഗോട്ടിമാല

### കുറ്റകരമായ മറ്റ് രാജ്യങ്ങൾ

അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, ഇന്തോനേഷ്യ, ഇറാൻ, മാലിദ്വീപ്, നേപ്പാൾ, അൽജീരിയ, കോംഗോ, ഈജിപ്ത്, മോറോക്കോ, നൈജീരിയിലെ ചില ഭാഗങ്ങൾ

## വനിതാ സെനറ്റർമാരുടെ കത്ത്

# എച്ച് - 4 വിസ നിറുത്തരുത്



■ കത്തുനൽകിയവരിൽ ഇന്ത്യൻവംശജ കമല ഹാരിസും
■ ജോലി നഷ്ടപ്പെടുന്നത് ഒരു ലക്ഷത്തോളം വനിതകൾക്ക്

വാഷിംഗ്ടൺ: എച്ച്- 4 വിസ നിറുത്തലാക്കാനുള്ള ട്രംപ് ഭരണകൂടത്തിന്റെ തീരുമാനം പുനഃപരിശോധിക്കണം എന്നാവശ്യപ്പെട്ട് രണ്ട് വനിതാ സെനറ്റർമാർ കത്തുനൽകി.

ഡെമോക്രാറ്റിക് പാർട്ടിയുടെ കാലിഫോർണിയ സെനറ്റർ കമല ഹാരിസ്, ന്യൂയോർക്കിലെ ക്രിസ്റ്റൻ ഗില്ലിബ്രാൻഡ് എന്നിവരാണ് യു.എസ് സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസ് അതോറിട്ടിക്ക് കത്തു നൽകിയത്.

എച്ച് 4 വിസ നിറുത്തലാക്കാനുള്ള തീരുമാനം മൂന്നുമാസത്തിനുള്ളിൽ നിലവിൽ വരുമെന്ന് കഴിഞ്ഞ ദിവസം സർക്കാർ കോടതിയെ അറിയിച്ചിരുന്നു. ഇത് അമേരിക്കയിൽ താമസിക്കുന്ന പതിനായിരക്കണക്കിന് ഇന്ത്യക്കാരെ നേരിട്ട് ബാധിക്കും. ഒരു ലക്ഷത്തോളം സ്ത്രീകൾക്ക് ജോലി നഷ്ടപ്പെടുമെന്ന് ചൂണ്ടിക്കാട്ടിയാണ് സെനറ്റർമാർ കത്തുനൽകിയത്.

2015 മുതലാണ് എച്ച് 1 ബി വിസക്കാരുടെ ജീവിതപങ്കാളികൾക്ക് എച്ച്-4 വിസയിൽ തൊഴിൽ ചെയ്യാൻ അവസരം നൽകിയത്. 70,000ലേറെ പേർ എച്ച്-4 വിസയിൽ തൊഴിൽ ചെയ്യുന്നുണ്ട്.

ഇതിൽ 94 ശതമാനവും സ്ത്രീകളാണ്. അതിൽ ഭൂരിഭാഗം ഇന്ത്യൻ സ്ത്രീകളാണ്. ശേഷിക്കുന്നവരിൽ ചൈനക്കാരാണ് കൂടുതൽ.

### എന്താണ് എച്ച്-4 ?



എച്ച് 1 ബി വിസക്കാരുടെ ജീവിതപങ്കാളികൾക്കും 21 വയസിൽ താഴെയുള്ള മക്കൾക്കും യു.എസിൽ തൊഴിൽ ചെയ്യാൻ അനുമതി നൽകുന്ന വിസയാണ് എച്ച്- 4. എച്ച് 1 ബി വിസക്കാരുടെയും ഗ്രീൻകാർഡിനായി കാത്തിരിക്കുന്നവരുടെയും ജീവിതപങ്കാളികൾക്ക് എച്ച് 4 ആശ്രിതവിസയിൽ ജോലി ചെയ്യാമെന്ന നിയമം ഒബാമ സർക്കാരാണ് കൊണ്ടുവന്നത്.



"എച്ച്- 4 വിസ നിറുത്തലാക്കിയാൽ, സ്ത്രീകൾക്ക് അവരുടെ കരിയർ അവസാനിപ്പിക്കേണ്ടി വരും. ഇത് അവരെ മാനസികമായി തളർത്തുകയും കുടുംബത്തിന്റെ താളം തെറ്റുകയും ചെയ്യും"

*- കത്തിലെ പരാമർശം*

*കമല*

## "16-ാം വയസിൽ ഞാൻ മാനഭംഗത്തിനിരയായി"

### തുറന്നുപറഞ്ഞ് എഴുത്തുകാരിയും മോഡലുമായ പദ്മ ലക്ഷ്മി



*പദ്മ ലക്ഷ്മി*

വാഷിംഗ്ടൺ: 16-ാം വയസിൽ തന്റെ കാമുകൻ തന്നെ മാനഭംഗത്തിനിരയാക്കിയെന്ന് 32 വർഷത്തിന് ശേഷം ഇന്ത്യൻ വംശജയായ അമേരിക്കൻ നടിയും മോഡലും എഴുത്തുകാരിയുമായ പദ്മ ലക്ഷ്മിയുടെ വെളിപ്പെടുത്തൽ. 7-ാം വയസിൽ താൻ ലൈംഗിക അതിക്രമത്തിനിരയായെന്നും ന്യൂയോർക്ക് ടൈംസിൽ എഴുതിയ ലേഖനത്തിൽ പദ്മ പറയുന്നുണ്ട്. സാഹിത്യകാരൻ സൽമാൻ റുഷ്ദിയുടെ മുൻ ഭാര്യയാണ് പദ്മ.

സുപ്രീംകോടതി ജഡ്ജിയായി അമേരിക്കൻ പ്രസിഡന്റ് നാമനിർദേശം ചെയ്ത ബ്രെറ്റ് കവനോയ്ക്കെതിരെ ലൈംഗികാരോപണവുമായി പഴയ വനിതാ സഹപാഠികൾ രംഗത്തെത്തിയതിൽനിന്നു പ്രചോദനം ഉൾക്കൊണ്ടാണ് സ്വന്തം ദുരനുഭവം പദ്മ വെളിപ്പെടുത്തിയത്.

7-ാം വയസിൽ ഒരു ബന്ധുവാണ് ലൈംഗികമായി ദുരുപയോഗം ചെയ്തത്. പിന്നീട് 16-ാം വയസിൽ കോളേജ് വിദ്യാർഥിയായിരുന്ന 23കാരനായ കാമുകൻ ഉറങ്ങിക്കിടക്കുന്നിനിടെ അയാളുടെ അപ്പാർട്ട്മെന്റിൽവച്ചാണ് മാനഭംഗത്തിനിരയാക്കിയത്. അന്ന് എനിക്ക് എന്താണ് സംഭവിച്ചതെന്ന് അറിയില്ലായിരുന്നു.

സ്വയം വരുത്തിവച്ച വിനയെന്ന പഴി കേൾക്കേണ്ടിവരുമല്ലോയെന്ന ഭയന്നാണ് ഇത്രയും കാലം നിശബ്ദത പാലിച്ചതെന്നും അത്തരം അതിക്രമങ്ങൾ തുറന്ന പറയാൻ മടിക്കരുതെന്നും അല്ലാത്തപക്ഷം സ്ത്രീകളെ അടിമകളായി കാണുന്ന പുരുഷ കാഴ്ചപ്പാട് മാറില്ലെന്നും പദ്മ പറഞ്ഞു.

## കാലാവധിക്ക് മുമ്പ് സഭ പിരിച്ചുവിട്ടാലുടൻ പെരുമാറ്റച്ചട്ടം ബാധകം

ന്യൂഡൽഹി: കാലാവധി തീരും മുൻപ് നിയമസഭ പിരിച്ചുവിട്ടാൽ ആ സംസ്ഥാനത്ത് അന്നു മുതൽ അടുത്ത തിരഞ്ഞെടുപ്പ് നടന്ന് പുതിയ നിയമസഭ നിലവിൽ വരുന്നതുവരെ പെരുമാറ്റച്ചട്ടം പ്രാബല്യത്തിലുണ്ടാകുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ വ്യക്തമാക്കി.

ആ സംസ്ഥാനത്തെ കാവൽ സർക്കാരിനും കേന്ദ്ര സർക്കാരിനും പെരുമാറ്റച്ചട്ടം ബാധകമായിരിക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മിഷന്റെ സർക്കുലറിൽ പറയുന്നു.

കാലാവധി തീരും മുൻപ് നിയമസഭ പിരിച്ചുവിട്ട് തിരഞ്ഞെടുപ്പിന് ഒരുങ്ങുന്ന തെലുങ്കാനയിൽ ഈ ഉത്തരവ് ബാധകമാകും.

നിയമസഭകൾ കാലാവധിക്കു മുൻപ് പിരിച്ചു വിടുമ്പോൾ കാവൽ സർക്കാരുകൾ പതിവു ഭരണ നടപടികളല്ലാതെ നയപരമായ കാര്യങ്ങൾ നടപ്പാക്കരുതെന്ന 1994ലെ എസ്. ആർ ബൊമ്മൈ കേസിലെ സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിലാണ് ഉത്തരവ്.

പെരുമാറ്റച്ചട്ടം നിലവിലുള്ള കാലയളവിൽ സംസ്ഥാനത്തെ കാവൽ മന്ത്രിസഭയ്ക്കും കേന്ദ്ര സർക്കാരിനും ആ സംസ്ഥാനത്തിനായി പുതിയ പദ്ധതികളോ ആനുകൂല്യങ്ങളോ നയങ്ങളോ പ്രഖ്യാപിക്കാനാവില്ല. മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കും അനൗദ്യോഗിക ആവശ്യങ്ങൾക്ക് ഔദ്യോഗിക സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനും നിയന്ത്രണമുണ്ടാകും. പെരുമാറ്റച്ചട്ട പ്രകാരമുള്ള മറ്റെല്ലാ നിയന്ത്രണങ്ങളും ബാധകമായിരിക്കും.








## ചാച്ചായെക്കണ്ട് ധോണിയും രോഹിതും

ദുബായ്: ഏഷ്യാകപ്പ് ക്രിക്കറ്റിനിടെ പാകിസ്ഥാൻ ടീമിന്റെ സൂപ്പർ ഫാനായ ബാഷീർ ചാച്ചയെ കണ്ട് ഒപ്പം ഫോട്ടോയെടുത്ത് ഇന്ത്യൻ ക്രിക്കറ്റ് താരങ്ങളായ ധോണിയും രോഹിത് ശർമ്മയും. ഇന്ത്യൻ സൂപ്പർ ഫാനായ സുധീറും ചാച്ചയ്ക്കൊപ്പമുണ്ടായിരുന്നു.



*ഏകദിനത്തിലെ ഒന്നാംനമ്പർ ടീമായ ഇന്ത്യയ്ക്കെതിരെ ഫൈനലിനിറങ്ങുമ്പോൾ ബാറ്റിംഗിലും ബൗളിംഗിലും ഞങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.*

- മഷ്റഫെ മൊർത്താസ

*(ബംഗ്ലാദേശ് ക്യാപ്ടൻ)*



പാകിസ്ഥാനെതിരെ ക്യാച്ചെടുത്ത ശേഷം ബംഗ്ലാദേശ് ക്യാപ്ടൻ മൊർത്താസ

**ബംഗ്ലാ ടീം**

മൊർത്താസ (ക്യാപ്ടൻ), മുഹമ്മദ് മിഥുൻ, ലിട്ടൺദാസ്, മുഷ്ഫിഖുർ, ആരിഫുൽ ഹഖ്, മഹ്മൂദുള്ള, മൊസാദെക്ക്, നസ്മൽ ഹൊസൈൻ, മെഹ്ദി ഹസൻ, നസ്മുൽ ഇസ്ലാം, റുബൽ ഹൊസൈൻ, മുസ്താഫിസുർ, അബു ഹൈദർ.

# ഏഷ്യയ്ക്ക് ഇന്ന് ഫൈനൽ

## ■ ഏഷ്യാകപ്പ് ഫൈനലിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും

ദുബായ്: ഏഷ്യാകപ്പ് ക്രിക്കറ്റ് ടൂർണമെന്റിന്റെ ഫൈനലിൽ നിലവിലെ ചാമ്പ്യൻമാരായ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടുന്നു. ടൂർണമെന്റിൽ ഒറ്റക്കളിപോലും തോൽക്കാതെ ഫൈനലിലെത്തിയ ഇന്ത്യ ചിരവൈരികളായ പാകിസ്ഥാനെയാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും സൂപ്പർ ഫോർ റൗണ്ടിലെ അവസാന മത്സരത്തിൽ പാകിസ്ഥാനെ അട്ടിമറിച്ച് ബംഗ്ലാ കടുവകൾ കലാശക്കളിക്ക് ടിക്കറ്റെടുക്കുകയായിരുന്നു.

ഗ്രൂപ്പ് റൗണ്ടിലെ ആദ്യമത്സരത്തിൽ കഷ്ടിച്ച് ഹോംഗ്കോംഗിനെതിരെ വിജയം നേടിയ ഇന്ത്യ പിന്നീട് തകർപ്പൻ പ്രകടനമാണ് കാഴ്ചവച്ചത്. എന്നാൽ അഫ്ഗാനിസ്ഥാനെതിരായ മത്സരത്തിൽ മുൻനിര താരങ്ങൾക്ക് വിശ്രമം നൽകിയിറങ്ങിയപ്പോൾ സമനില വഴങ്ങേണ്ടിവന്നു. ഇതുവരെ നടന്ന അഞ്ചുമത്സരത്തിൽ മൂന്നെണ്ണത്തിൽ ജയിച്ചാണ് ബംഗ്ലാദേശ് ഫൈനലിലെത്തിയിരിക്കുന്നത്. ഇന്ത്യയെ കൂടാതെ അഫ്ഗാനിസ്ഥാനാണ് ബംഗ്ലാദേശിനെ തോൽപ്പിച്ചിരുന്നത്.

മികച്ച ഫോമിലുള്ള ഇന്ത്യൻ ടീം കിരീട പ്രതീക്ഷയിലാണ്. ഓപ്പണിംഗിലേക്ക് നായകൻ രോഹിത് ശർമ്മയും ശിഖർധവാനും മടങ്ങിയെത്തുന്നത് ഇന്ത്യൻ ബാറ്റിംഗിന് കരുത്തേകും. കഴിഞ്ഞ മത്സരത്തിൽ വിശ്രമത്തിലായിരുന്ന ഭുവനേശ്വറും ബുംറയും ചഹലും ഫൈനലിന് തിരിച്ചെത്തും. ടൂർണമെന്റിൽ നാലുമത്സരങ്ങളിൽ നിന്ന് രണ്ട് സെഞ്ച്വറികളടക്കം 327 റൺസ് നേടി ടോപ്സ്കോററാണ് ശിഖർധവാൻ. രോഹിത് ശർമ്മ ഒരു സെഞ്ച്വറിയും രണ്ട് അർദ്ധ സെഞ്ച്വറികളുമടക്കം 269 റൺസ് നേടിയിട്ടുണ്ട്.

സൂപ്പർ ഫോറിലെ അവസാന മത്സരത്തിൽ ബംഗ്ലാദേശ് 37 റൺസിനാണ് പാകിസ്ഥാനെ തോൽപ്പിച്ചത്. ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശ് 48.5 ഓവറിൽ 239 ൽ ആൾ ഔട്ടായപ്പോൾ പാകിസ്ഥാന് 202/9 എന്ന സ്കോറിലേ എത്താനായുള്ളൂ. 99 റൺസ് നേടിയ മുഷ്ഫിഖുർ റഹിം, 60 റൺസടിച്ച മുഹമ്മദ് മിഥുൻ എന്നിവരുടെ ബാറ്റിംഗാണ് ബംഗ്ലാദേശിന് മികച്ച സ്കോർ നൽകിയത്.

### ഫൈനലിലേക്കുള്ള വഴി

**■ ഇന്ത്യ**

- ആദ്യമത്സരത്തിൽ ഹോംഗ്കോംഗിനെ 26 റൺസിന് തോൽപ്പിച്ചു.
- രണ്ടാം മത്സരത്തിൽ പാകിസ്ഥാനെതിരെ എട്ട് വിക്കറ്റ് ജയം.
- സൂപ്പർ ഫോറിൽ ബംഗ്ലാദേശിനെ ഏഴ് വിക്കറ്റിന് തോൽപ്പിച്ചു.
- പാകിസ്ഥാനെ രണ്ടാംവട്ടം കീഴടക്കിയത് ഒൻപത് വിക്കറ്റിന്
- അഫ്ഗാനിസ്ഥാനുമായി ടൈയിൽ കുരുങ്ങി.

**■ ബംഗ്ലാദേശ്**

- ആദ്യ മത്സരത്തിൽ ശ്രീലങ്കയെ 137 റൺസിന് തോൽപ്പിച്ചു.
- രണ്ടാം മത്സരത്തിൽ അഫ്ഗാനിസ്ഥാനോട് 136 റൺസിന് തോറ്റു
- സൂപ്പർ ഫോറിൽ ഇന്ത്യയോട് ഏഴ് വിക്കറ്റിന് തോറ്റു
- അഫ്ഗാനെ മൂന്ന് റൺസിന് തോൽപ്പിച്ച് പകരംവീട്ടി.
- പാകിസ്ഥാനെ 37 റൺസിന് കീഴടക്കി ഫൈനലിൽ.

- **ബംഗ്ലാദേശിനെതിരായ കഴിഞ്ഞ അഞ്ച് മത്സരങ്ങളിലും ജയിച്ചത് ഇന്ത്യയാണ്.**
- **ഇതിന് മുമ്പ് ഇന്ത്യയും ബംഗ്ലാദേശും ഫൈനലിൽ ഏറ്റുമുട്ടിയത് ഈ വർഷത്തെ നിദാഹാസ് ട്രോഫിയിലാണ്. ഇതിലും വിജയം ഇന്ത്യയ്ക്ക്**
- **6 തവണ ഏഷ്യാകപ്പ് നേടിയിട്ടുള്ള ടീമാണ് ഇന്ത്യ.**
- **കഴിഞ്ഞ ഏഷ്യാകപ്പിൽ ബംഗ്ലാദേശിനെയാണ് ഇന്ത്യ ഫൈനലിൽ തോൽപ്പിച്ചത്.**

### ഇന്ത്യ Vs ബംഗ്ലാദേശ് ലാസ്റ്റ് 5 മാച്ചസ്

1 ഈ ഏഷ്യാകപ്പ് സൂപ്പർ ഫോറിൽ ഇന്ത്യ ജയിച്ചത് ഏഴ് വിക്കറ്റിന്

2. നിദാഹാസ് ട്രോഫി ഫൈനലിൽ ദിനേഷ് കാർത്തിക്കിന്റെ ലാസ്റ്റ് ഓവർ ഹീറോയിസത്തിലൂടെ ഇന്ത്യയ്ക്ക് ജയം

3. നിദാഹാസ് ട്രോഫി പ്രാഥമിക റൗണ്ടിൽ 17 റൺസിന് ഇന്ത്യൻ ജയം

4. നിദാഹാസ് ട്രോഫി പ്രാഥമിക റൗണ്ടിലെ രണ്ടാം മത്സരത്തിൽ ഇന്ത്യൻ വിജയം ആറ് വിക്കറ്റിന്.

5. 2017 ലെ ഐ.സി.സി ചാമ്പ്യൻസ് ട്രോഫിയിൽ ഇന്ത്യ ഒൻപത് വിക്കറ്റിന് ജയിച്ചു

**ടി.വി ലൈവ്: വൈകിട്ട് 5 മുതൽ സ്റ്റാർ സ്പോർട്സിൽ**



രോഹിത് ശർമ്മയും ശിഖർ ധവാനും

**ഇന്ത്യൻ ടീം**

രോഹിത് ശർമ്മ (ക്യാപ്ടൻ), ധവാൻ, അമ്പാട്ടി, കാർത്തിക്, ധോണി, കേദാർ, ജഡേജ, ചഹൽ, കുൽദീപ്, ഭുവനേശ്വർ, ബുംറ, മനീഷ് പാണ്ഡെ, കൗൾ, ലോകേഷ് രാഹുൽ, ദീപക് ചഹർ, ഖലീൽ അഹമ്മദ്.



## സൈന ക്വാർട്ടറിൽ

സോൾ: കൊറിയ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിന്റെ വനിതാ സിംഗിൾസിൽ ഇന്ത്യൻ താരം സൈന നെഹ്‌വാൾ ക്വാർട്ടർ ഫൈനലിലെത്തി. പ്രീക്വാർട്ടറിൽ കൊറിയൻ താരം കിം ഗാ യെവുതെ 21-18, 21-18 നാണ് സൈന കീഴടക്കിയത്. ക്വാർട്ടർ ഫൈനലിൽ 2017 ലെ ലോക ചാമ്പ്യനായ ജാപ്പനീസ് താരം നോസോമി ഒക്കുഹാരയാണ് സൈനയുടെ എതിരാളി.

## കേരള ബ്ലാസ്റ്റേഴ്സ് കൊൽക്കത്തയിലെത്തി

കൊൽക്കത്ത: ഐ.എസ്.എൽ അഞ്ചാം സീസണിലെ ആദ്യ മത്സരത്തിൽ എ.ടി.കെയെ നേരിടുന്നതിനായി കേരള ബ്ലാസ്റ്റേഴ്സ് ടീം കൊൽക്കത്തയിലെത്തി. ശനിയാഴ്ച രാത്രി 7.30 നാണ് ബ്ലാസ്റ്റേഴ്സും എ.ടി.കെയും തമ്മിലുള്ള ഉദ്ഘാടനമത്സരം. കഴിഞ്ഞ ദിവസം ടീമിന്റെ പുതിയ ഗുഡ് വിൽ അംബാസഡറായ മോഹൻലാൽ ബ്ലാസ്റ്റേഴ്സിന്റെ ജഴ്സി പുറത്തിറക്കിയിരുന്നു. ഇതിനുശേഷമാണ് ടീം കൊൽക്കത്തയ്ക്ക് തിരിച്ചത്.

## ഏഷ്യൻ ഗെയിംസ് ജേതാക്കൾക്ക് 20 ലക്ഷവും ജോലിയും

തിരുവനന്തപുരം: ജക്കാർത്തയിൽ നടന്ന ഏഷ്യൻ ഗെയിംസിൽ മെഡൽ നേടിയ മലയാളി താരങ്ങൾക്ക് ജോലിയും കാഷ് അവാർഡും നൽകാൻ തീരുമാനിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

സ്വർണം നേടിയവർക്ക് 20 ലക്ഷവും വെള്ളി നേടിയവർക്ക് 15 ലക്ഷവും വെങ്കലത്തിന് 10 ലക്ഷം രൂപയുമാണ് പാരിതോഷികം. സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർക്കാർ ജോലി നൽകാനും ഇന്നലെ ചേർന്ന മന്ത്രിസഭായോഗം അനുമതി നൽകി. ഏഷ്യൻ ഗെയിംസിൽ പത്ത് മലയാളി താരങ്ങളാണ് മെഡൽ നേടിയത്.

## ചാമ്പ്യൻസ് ലീഗിൽ വീഡിയോ റഫറി

സൂറിച്ച്: ലോകകപ്പിൽ പരീക്ഷിച്ച് വിജയം കണ്ട വീഡിയോ അസിസ്റ്റന്റ് റഫറി സിസ്റ്റം (വി.എ.ആർ) അടുത്ത സീസൺ മുതൽ ചാമ്പ്യൻസ് ലീഗ് ടൂർണമെന്റിലും 2020 ലെ യൂറോകപ്പിലും ഉപയോഗിക്കുമെന്ന് യൂറോപ്യൻ ഫുട്ബാൾ അസോസിയേഷൻ അറിയിച്ചു.

## സ്പോർട്സ് കൗൺസിലിൽ വാക്ക് ഇൻ ഇന്റർവ്യൂ

തിരുവനന്തപുരം: സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ഹാൻഡ്ബാൾ, ബാസ്കറ്റ് ബാൾ, ഗുസ്തി, കനോയിംഗ് കയാക്കിംഗ്, കബഡി, സൈക്ലിംഗ്, വോളിബാൾ, ഫുട്ബാൾ പരിശീലകർക്കായും ഹോസ്റ്റൽ വാർഡൻമാർക്കായും വാക്ക് ഇൻ ഇന്റർവ്യൂ ഒക്ടോബർ മൂന്നിന് നടക്കും. കൂടുതൽ വിവരങ്ങൾക്ക് www.sportscouncil.kerala.gov.in, ഫോൺ: 0471 2330167.



**8.20 മീറ്റർ**

**ശ്രീശങ്കർ കുറിച്ച ദേശീയ റെക്കാഡ്**

**ടി.സി. യോഹന്നാന് ശേഷം എട്ടു മീറ്റർ മറികടക്കുന്ന ആദ്യ മലയാളി**

■ ദേശീയ ഓപ്പൺ അത്‌ലറ്റിക്സ്

# റെക്കാഡിന്റെ ശ്രീ

## ■ ശ്രീശങ്കറിന് ലോംഗ്ജമ്പിൽ ദേശീയ റെക്കാഡ്

ഭുവനേശ്വർ: നാഷണൽ ഓപ്പൺ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ലോംഗ് ജമ്പിൽ ദേശീയ റെക്കാഡോടെ സ്വർണം നേടിയ മലയാളിതാരം എം. ശ്രീശങ്കർ.

ഇന്നലെ 8.20 മീറ്റർ ചാടിയ ശ്രീശങ്കർ 2016 ൽ അങ്കിത് ശർമ്മ അൽമാട്ടിയിൽ സ്ഥാപിച്ചിരുന്ന 8.19 മീറ്ററിന്റെ റെക്കാഡാണ് മറികടന്നത്. 19-ാം വയസ്സിലാണ് ശ്രീശങ്കർ ഇന്ത്യൻ അത്‌ലറ്റിക്സിലെ ഏറ്റവും പ്രധാനപ്പെട്ട റെക്കാഡുകളിലൊന്ന് സ്വന്തം പേരിലെഴുതിയിരിക്കുന്നത്.

ഈയിനത്തിലെ മീറ്റ് റെക്കാഡും അങ്കിതിന്റെ പേരിലായിരുന്നു. 2014 ൽ കുറിച്ച 7.87 മീറ്റർ. ഇന്നലെ തന്റെ ആദ്യചാട്ടത്തിൽത്തന്നെ ശ്രീശങ്കർ മീറ്റ് റെക്കാഡ് മറികടന്നു. രണ്ടാമത്തെ ചാട്ടം ഫൗളായി. മൂന്നാമത്തെ ചാട്ടത്തിന് കരിയറിലാദ്യമായി എട്ട് മീറ്ററും ശ്രീശങ്കർ മറികടന്നു. 8.11 മീറ്ററായിരുന്നു ഈ ചാട്ടം. നാലാമത്തെ ശ്രമം ഫൗളായി അഞ്ചാം ശ്രമത്തിലായിരുന്നു ചരിത്ര മുഹൂർത്തം പിറന്നത് 8.20 മീറ്റർ എന്ന റെക്കാഡിലേക്ക് ശ്രീ പറന്നിറങ്ങുകയായിരുന്നു. അവസാന ശ്രമവും ഫൗളായി. സർവീസസിനായി മത്സരിച്ച് വെള്ളി നേടിയ വി.ഒ. ജിനീഷ് 7.95 മീറ്റർ ചാടി മീറ്റ് റെക്കാഡ് മെച്ചപ്പെടുത്തി.

> 8 മീറ്റർ മറികടക്കണമെന്ന ദൃഢ നിശ്ചയത്തോടെയാണ് ഞാൻ ഭുവനേശ്വറിലേക്ക് എത്തിയത്. 2020 ഒളിമ്പിക്സിലെ മെഡലാണ് എന്റെ ഏറ്റവും വലിയ ലക്ഷ്യം.
>
> *-ശ്രീശങ്കർ റെക്കാഡ് നേട്ടത്തിനു ശേഷം പറഞ്ഞത്.*

ടി.സി. യോഹന്നാന് ശേഷം ലോംഗ് ജമ്പിൽ എട്ടുമീറ്റർ മാർക്ക് മറികടക്കുന്ന ആദ്യ മലയാളിയാണ് ശ്രീശങ്കർ. 1974 ലെ ടെഹ്റാൻ ഏഷ്യൻ ഗെയിംസിൽ ടി.സി യോഹന്നാൻ 8.07 മീറ്ററാണ് ചാടിയിരുന്നത്.

ഇന്നലെ നടന്ന പുരുഷ 5000 മീറ്ററിൽ മുരളി കുമാർ ഗവിറ്റും വനിതാ 5000 മീറ്ററിൽ എൽ. സൂര്യയും സ്വർണം നേടി. ഇരുവരുടെയും രണ്ടാം സ്വർണമാണിത്. നേരത്തെ 10000 മീറ്ററിലും ഇവർ സ്വർണം നേടിയിരുന്നു.

പുരുഷൻമാരുടെ ഷോട്ട്പുട്ടിൽ സർവീസസിന്റെ പ്രവീൺ 18.76 മീറ്റർ എറിഞ്ഞ് സ്വർണം നേടി. വനിതകളുടെ 20 കി.മീ നടത്തയിൽ ഹരിയാനയുടെ രവീണയ്ക്കാണ് സ്വർണം. വനിതകളുടെ ഡിസ്കസ് ത്രോയിൽ റെയിൽവേയ്സിന്റെ കമൽ പ്രീത് കൗർ 56.11 മീറ്റർ എറിഞ്ഞ് ഒന്നാമതെത്തി. പോൾവാട്ടിൽ നാല് മീറ്റർ ചാടിയ കർണാടകയുടെ ഖ്യാതി വക്കാരിയയ്ക്കാണ് സ്വർണം.

വനിതകളുടെ 4 x 100 മീറ്റർ റിലേയിൽ ധനലക്ഷ്മി, ചന്ദ്രലേഖ, കനിമൊഴി, അർച്ചന എന്നിവരടങ്ങിയ തമിഴ്നാട് ടീം ഒന്നാം സ്ഥാനം നേടി. പുരുഷൻമാരുടെ 4 x 100 മീറ്റർ റിലേയിൽ റെയിൽവേയ്സിനാണ് സ്വർണം. രണ്ട് റിലേകളിലും കേരളം ഫൈനലിലുണ്ടായിരുന്നില്ല.

## കായിക കുടുംബത്തിൽ നിന്ന് ചാടിയുയർന്ന ശങ്കു

▸ സ്പോർട്സ് ലേഖകൻ

അന്താരാഷ്ട്ര അത്‌ലറ്റിക്സിൽ ഇന്ത്യയ്ക്കായി ഒട്ടേറെ നേട്ടങ്ങൾ വെട്ടിപ്പിടിച്ച അത്‌ലറ്റിക്സ് താരങ്ങളുടെ മകനാണ് ശങ്കുവെന്ന് വിളിപ്പേരുള്ള ശ്രീശങ്കർ. മുൻ ട്രിപ്പിൾ ജമ്പ് താരം മുരളിയാണ് ശ്രീയുടെ അച്ഛൻ. അമ്മ 800 മീറ്ററിലെ ഏഷ്യൻ ജൂനിയർ വെള്ളിമെഡൽ ജേതാവ് കെ.എസ്. ബിജിമോളും. ഇരുവരുടെയും പാരമ്പര്യം പിൻബലമാക്കിയാണ് സ്കൂൾ തലംമുതൽ ശ്രീശങ്കറിന്റെ കുതിപ്പ്.

പാലക്കാട് സ്വദേശിയാണ് മുരളി. ബിജിമോൾ ഇടുക്കി സ്വദേശിയും. പാലക്കാട് രണ്ടാം വർഷ എൻജിനിയറിംഗ് വിദ്യാർത്ഥിയാണ്. മാതാപിതാക്കളാണ് കായികരംഗത്ത് പ്രാഥമിക പാഠങ്ങൾ പകർന്നു നൽകിയത്.

കേന്ദ്രീയ വിദ്യാലയത്തിൽ പഠിച്ച ശ്രീശങ്കർ ചെറുപ്പംമുതലേ കായിക രംഗത്ത് വിജയങ്ങൾ നേടിത്തുടങ്ങിയിരുന്നു. സി.ബി.എസ്.ഇ മീറ്റുകളിൽ മിന്നുന്ന പ്രകടനം കാഴ്ചവച്ച ശ്രീശങ്കർ വൈകാതെതന്നെ ഇന്ത്യൻ ക്യാമ്പിലേക്കുമെത്തി.

ഈവർഷം പട്യാലയിൽ നടന്ന ഫെഡറേഷൻ കപ്പിൽ 7.99 മീറ്റർ ചാടിയെങ്കിലും കോമൺ വെൽത്ത് ഗെയിംസിന്റെ യോഗ്യതാ മാർക്ക് കടന്നിരുന്നില്ല.

ജക്കാർത്തയിൽ നടന്ന ഏഷ്യൻ ഗെയിംസിൽ മത്സരിച്ചിരുന്നുവെങ്കിലും അഞ്ചാമതായാണ് ഫിനിഷ് ചെയ്തത്.

■ സ്പാനിഷ് ലാ ലിഗ

## വമ്പന്മാരുടെ കൊമ്പൊടിഞ്ഞു

### 2-1ന് ബാഴ്സലോണയെ ലെഗാനെസ് തോൽപ്പിച്ചു

### 3-0ത്തിന് റയൽ മാഡ്രിഡിനെ സെവിയ്യ കീഴടക്കി

മാഡ്രിഡ്: സ്പാനിഷ് ലാലിഗ ഫുട്ബാളിൽ വമ്പന്മാരായ ബാഴ്സലോണയ്ക്കും റയൽ മാഡ്രിഡിനും മണിക്കൂറുകളുടെ വ്യത്യാസത്തിൽ തോൽ.

നിലവിലെ ചാമ്പ്യന്മാരായ ബാഴ്സലോണയെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് ലെഗാനെസ് തോൽപ്പിച്ചപ്പോൾ റയൽമാഡ്രിഡ് സെവിയ്യയോട് എതിരില്ലാത്ത മൂന്ന് ഗോളുകളുടെ തോൽവി ഏറ്റുവാങ്ങുകയായിരുന്നു.

ലെഗാനെസിന്റെ തട്ടകത്തിലേക്ക് വിരുന്ന് ചെന്ന ബാഴ്സലോണ 12-ാം മിനിട്ടിൽ ഫിലിപ്പെ കുടീഞ്ഞോയിലൂടെ ആദ്യഗോൾ നേടിയിരുന്നുവെങ്കിലും രണ്ടാം പകുതിയിൽ 68 സെക്കൻഡുകളുടെ വ്യത്യാസത്തിൽ രണ്ട് ഗോളുകൾ വഴങ്ങി വീഴുകയായിരുന്നു. 52-ാം മിനിട്ടിൽ നബീൽ എൽഷാറും 53-ാം മിനിട്ടിൽ റയലിൽ നിന്ന് ലോൺ വ്യവസ്ഥയിലെത്തിയ ഓസ്കാർ റോഡ്രിഗസുമാണ് ലെഗാനെസിനുവേണ്ടി സ്കോർ ചെയ്തത്. ഡിഫൻഡർ പിക്വെയുടെ പിഴവിൽ നിന്നാണ് ലെഗാനെസ് വിജയ ഗോൾ നേടിയത്. ഈ സീസൺ ലാ ലിഗയിലെ ബാഴ്സയുടെ ആദ്യ തോൽവിയാണിത്.



റയൽ ക്യാപ്ടൻ റാമോസ്



പിക്വെ

സെവിയ്യയുടെ ഹോം ഗ്രൗണ്ടിലിറങ്ങിയ റയൽ മാഡ്രിഡ് 40 മിനിട്ടിനുള്ളിൽ തന്നെ മൂന്ന് ഗോളുകളും വഴങ്ങുകയായിരുന്നു. ആന്ദ്രേ സിൽവയാണ് ആദ്യ രണ്ട് ഗോളുകളും നേടിയത്. 17, 21 മിനിട്ടുകളിലായിരുന്നു സിൽവയുടെ സ്കോറിംഗ്. 39-ാം മിനിട്ടിൽ കൊളംബിയൻ താരം ബെൻ യെഡറും സ്കോർ ചെയ്തു. ഈ സീസൺ ലാ ലിഗയിൽ റയലും ആദ്യമായാണ് തോൽക്കുന്നത്.

ഈ തോൽവികളിലും യഥാക്രമം ബാഴ്സയും റയലും തന്നെയാണ് പോയിന്റ് ടേബിളിൽ ഒന്നാമത്. ഇരുവർക്കും ആറ് മത്സരങ്ങളിൽ നിന്ന് 13 പോയിന്റ് വീതമാണുള്ളത്

## ഏഷ്യൻ യോഗ ചാമ്പ്യൻഷിപ്പിന് തുടക്കം

തിരുവനന്തപുരം: ശരീരത്തിന്റെയും മനസിന്റെയും താളം കാത്തുസൂക്ഷിക്കാനാകുന്ന ജീവിതചര്യയാണ് യോഗയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. എട്ടാമത് ഏഷ്യൻ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പ് ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

യോഗ വെറും വ്യായാമമല്ല. ആരോഗ്യസംരക്ഷണത്തിനൊപ്പം ശരീരത്തിന്റെയും മനസിന്റെയും സുസ്ഥിതിക്ക് യോഗ ഫലപ്രദമാണ്. യോഗയുടെ പ്രാധാന്യം വർദ്ധിച്ചു വരികയാണ്. ഇന്ത്യയിലെ എല്ലാ വിഭാഗം ജനങ്ങളും യോഗ പരിശീലിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ ഏകാഗ്രതയും പഠനവും മെച്ചപ്പെടുത്താൻ യോഗ പരിശീലിപ്പിക്കുന്നുണ്ട്. സ്കൂളുകളിൽ വിദ്യാർത്ഥികളുടെ ശാരീരികക്ഷമതയ്ക്കുംകോർപറേറ്റുകൾ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും യോഗ പരിശീലിപ്പിക്കുന്നുണ്ട്. യോഗയുടെ പ്രചാരം വർദ്ധിപ്പിക്കുന്ന നടപടികളാണ് സർക്കാർ കൈക്കൊള്ളുന്നതെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച കായികമന്ത്രി ഇ.പി. ജയരാജൻ പറഞ്ഞു.

യോഗ വെറും ആചാരമല്ല, ആരോഗ്യകരമായ ജീവിതക്രമമാണെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. റവന്യൂമന്ത്രി ഇ. ചന്ദ്രശേഖരൻ, ഏഷ്യൻ യോഗ ഫെഡറേഷൻ പ്രസിഡന്റ് അശോക് കുമാർ അഗർവാൾ, കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ടി.പി. ദാസൻ, കെ.ടി.ഡി.സി ചെയർമാൻ എം. വിജയകുമാർ തുടങ്ങിയവർ സംബന്ധിച്ചു. ഓർഗനൈസിംഗ് സെക്രട്ടറി അഡ്വ. ബി. ബാലചന്ദ്രൻ സ്വാഗതം പറഞ്ഞു.

നൗഫ് മാർവായ് (ദുബായ്), ഡോ. ഡി.എസ്. ലിംഗം പിള്ള (മലേഷ്യ), സിയങ് ഹ്വാന് ലീ (സൗത്ത് കൊറിയ), ശ്രീനിവാസ് സുരേഷ് കമൽ (തായ്ലന്റ്), പ്രബീർ കർമാക്കർ (ഹോങ്കോംഗ്), കുമരേശൻ സുബ്രഹ്മണ്യൻ (സിംഗപൂർ), ന്യൂയെൻ തിഗാ (വിയറ്റ്നാം), ഇന്ദു അഗർവാൾ (ഇന്ത്യ), ബി. ബാലചന്ദ്രൻ (ഇന്ത്യ) എന്നിവർക്ക് യോഗ രത്ന പുരസ്കാരം ചടങ്ങിൽ സമ്മാനിച്ചു. ഏഷ്യൻ യോഗാസന വിഭാഗത്തിൽ സബ്ജൂനിയർ ഗ്രൂപ്പ് എ, ഗ്രൂപ്പ് ബി ആർട്ടിസ്റ്റിക് യോഗ വിഭാഗത്തിലെ മത്സരങ്ങൾ ഇന്നലെ നടന്നു.



*ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന യോഗ ചാമ്പ്യൻഷിപ്പിൽ നിന്ന്*

ഫോട്ടോ: മനു മംഗലശ്ശേരി

**എൻ.ശശിധരൻ**
തിരുവനന്തപുരം: ചാക്ക ഐ.ടി.ഐ ഗാലക്സി ലെയ്ൻ വൈഷ്ണവത്തിൽ എൻ. ശശിധരൻ (79) നിര്യാതനായി. ഭാര്യ: പരേതയായ എൽ. സരസ്വതി. മക്കൾ: ജയകൃഷ്ണൻ, സുനിൽ കുമാർ. മരുമക്കൾ: പവിത്ര, ദീപ. സഞ്ചയനം തിങ്കളാഴ്ച രാവിലെ 9.10ന്. ഫോൺ: 9847565256.

**സരസ്വതി അമ്മ**
കൊട്ടങ്ങാനൂർ: പന്തുകുളം ലക്ഷ്മി നിവാസിൽ എഫ്. കെ.ആർ.എ 170 ൽ സരസ്വതിഅമ്മ (74) നിര്യാതയായി. മക്കൾ: സുരേഷ് കുമാർ, രമേശ് കുമാർ, സതീഷ് കുമാർ, സന്തോഷ് കുമാർ. മരുമക്കൾ: രമണി, സിന്ധു, സുപ്രിയ. സഞ്ചയനം: ചൊവ്വാഴ്ച രാവിലെ 8.30ന്.

**ഭാരതി**
കല്ലമ്പലം: വടശ്ശേരിക്കോണം നെല്ലിക്കോട് മൂഷക്കടിയിൽ വീട്ടിൽ പരേതനായ ഭാസ്കരന്റെ ഭാര്യ ഭാരതി(90) നിര്യാതയായി. മക്കൾ; ശശിധരൻ, ശ്യാമള, ശിശുപാലൻ, ശകുന്തള, ശശികല, പരേതനായ ശശാങ്കൻ. മരുമക്കൾ: രമണി, ഗിരിജ, ശശീന്ദ്രൻ, സുധാകരൻ, ഷീജ, പരേതയായ കാന്തി. സഞ്ചയനം തിങ്കളാഴ്ച രാവിലെ 8.30 ന്.

**ബെനറ്റ് ആന്റണി**
വിഴിഞ്ഞം: കോട്ടപ്പുറം ബെൻസി ഭവനിൽ ബെനറ്റ് ആന്റണി (58) നിര്യാതനായി. ഭാര്യ മെറ്റിൽഡ. മക്കൾ: ഡോൺബോസ്കോ, മെറിന, ബെൻസി. മരുമക്കൾ: ബിജു, ഫ്രാൻസിസ്, ഡയാന. സംസ്കാരം ഇന്ന് രാവിലെ 10ന് വിഴിഞ്ഞം സെന്റ് മേരീസ് ചർച്ചിൽ.

**ഡോ. നേഹ അനിയൻ തോമസ്**
തിരുവഞ്ചൂർ: ചോറാറ്റിൽ അനിയൻ തോമസിന്റെ മകൾ ഡോ. നേഹ അനിയൻ തോമസ് (25) നിര്യാതയായി. മാതാവ്: സൂസി കായംകുളം ചോളാണ്ടത്ത് കുടുംബാംഗം. സഹോദരങ്ങൾ: ഡോ. നിതിൻ, നീതു. സംസ്കാരം ഇന്ന് 2ന് തിരുവഞ്ചൂർ സെന്റ് മേരീസ് യാക്കോബായ പള്ളിസെമിത്തേരിയിൽ.

**കുഞ്ഞുകുട്ടി**
രാമങ്കരി: പുതുപ്പറമ്പിൽ വീട്ടിൽ കുഞ്ഞുകുട്ടി (93) നിര്യാതയായി. മകൾ: രത്നമ്മ. മരുമകൻ: തങ്കപ്പൻ. സഞ്ചയനം ഒക്ടോബർ മൂന്നിന് രാവിലെ 8.30 ന്.

**സരോജിനിയമ്മ**
പെരുനാട്: താമരശേരിൽ പരേതനായ കെ. കരുണാകരന്റെ ഭാര്യ സരോജിനിയമ്മ (84) നിര്യാതയായി. പേഴംപാറ എസ്. എൻ. ഡി. പി സ്കൂൾ റിട്ട. അദ്ധ്യാപികയും പെരുനാട് മുൻ പഞ്ചായത്തംഗവുമാണ്. മക്കൾ: കെ. പ്രദീപ് (റിട്ട. അസി. കമ്മീഷണർ കൊമേഴ്സ്യൽ ടാക്സ്), കെ. പ്രസാദ്, കെ. പ്രമോദ് (അബുദാബി). മരുമക്കൾ: പ്രേമലത (റിട്ട. അദ്ധ്യാപിക മണിയാർ ഹൈസ്കൂൾ), ലേഖ (അദ്ധ്യാപിക), വി. എസ്. ബിന്ദു (അസി. എക്സിക്യൂട്ടിവ് എൻജിനിയർ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്).

**ഷൈനു**
കടയ്ക്കാവൂർ: നെടുങ്ങണ്ട കോട്ടയ്ക്കുഴികത്ത് പരേതനായ സോമൻ-രത്നമ്മ ദമ്പതികളുടെ മകൾ ഷൈനു (55, അമ്പിളി) നിര്യാതയായി. സഞ്ചയനം തിങ്കൾ രാവിലെ 9 30ന്.

**ലതിക**
പൂന്തുറ: കൊച്ചുനടക്കാവ് വീട്ടിൽ പരേതയായ ഡി. ഗോമതിയുടെ മകൾ ലതിക ജി. (45) നിര്യാതയായി. സഹോദരങ്ങൾ: ശിവദാസൻ, ഷൈല, കുമാർ. സഞ്ചയനം 1ന് രാവിലെ 9ന്. ഫോൺ 9746819607.

**കൃഷ്ണമ്മാൾ**
നെയ്യാറ്റിൻകര: മണലൂർ വൈഷ്ണവത്തിൽ പരേതനായ കോലപ്പനാശാരിയുടെ ഭാര്യ കൃഷ്ണമ്മാൾ (72) നിര്യാതയായി. മക്കൾ: പരേതനായ രാജൻ, അയ്യപ്പനാശാരി, ബിജുകുമാർ. മരണാനന്തര ചടങ്ങ് ഞായറാഴ്ച രാവിലെ 8.30ന്.

**തങ്കമ്മ**
വെഞ്ഞാറമൂട്; പിരപ്പൻകോട് തെന്നൂർ ഗൗരിഭവനിൽ ജനാർദ്ദനൻ നായരുടെ ഭാര്യ തങ്കമ്മ(80) നിര്യാതയായി. മകൾ ജയശ്രീ. മരുമകൻ ജി.എസ്. രാജേന്ദ്രൻ. സഞ്ചയനം തിങ്കൾ രാവിലെ 9 ന്.

**ഇന്ദിരാദേവി**
നാലാഞ്ചിറ: മാവറത്തലക്കോണം തട്ടിനകം തുളവർത്തുമൂല വീട് താരകയിൽ ശശിധരൻ നായരുടെ ഭാര്യ ഇന്ദിരാദേവി (63) നിര്യാതയായി. മക്കൾ: ഹരികുമാർ. എസ് (എൻ.എസ്.എസ്. സ്കൂൾ, പെരുന്താന്നി), രേഖ ഐ. എസ്. മരുമകൻ: മനോജ് കുമാർ എം. എസ് (ആർമി). സംസ്കാരം ഇന്ന് രാവിലെ 10ന് ശാന്തികവാടത്തിൽ. സഞ്ചയനം ഒക്ടോബർ 4ന് രാവിലെ 8.30ന്.

**കെ.ഓമന**
കാട്ടാക്കട: തലയ്ക്കോണം കിഴക്കുംകര പുത്തൻ വീട്ടിൽ കെ. ഓമന(62) നിര്യാതയായി. ഭർത്താവ് എം. രാജേന്ദ്രൻ. സഞ്ചയനം: ഞായറാഴ്ച രാവിലെ 9ന്. ഫോൺ :8547588054.

**പൊന്നമ്മ**
അമ്പലമുക്ക്: സർവേ സ്കൂൾ റോഡ് ചന്ദ്രിക വിലാസത്തിൽ എം.പി. ശങ്കരനാരായണൻ നായരുടെ ഭാര്യ എ.പി. പൊന്നമ്മ (77) നിര്യാതയായി. മകൻ: എം. എസ്. വിദ്യാനന്ദൻ (പ്രിൻസിപ്പൽ കറസ്പോൺണ്ടന്റ്, ഇന്ത്യൻ എക്സ്പ്രസ്). സംസ്കാരം തൈക്കാട് ശാന്തികവാടത്തിൽ നടന്നു. സഞ്ചയനം ചൊവ്വാഴ്ച രാവിലെ 9ന്.

**ആൻസി ജോൺ**
പാമ്പാടി: കോത്തല ചക്കാലയ്ക്കൽ കുടുംബയോഗം സെക്രട്ടറിയും ചക്കാലയ്ക്കൽ മിൽസ് ഉടമയുമായ സി.കെ. ജോണിന്റെ (തങ്കച്ചൻ) ഭാര്യ ആൻസി ജോൺ നിര്യാതയായി. മക്കൾ: ജിലു ജോൺ, അന്ന ജോൺ. മരുമകൻ: സോന. സംസ്കാരം നാളെ രാവിലെ 10ന് കോത്തല സെഹിയോൺ ഓർത്തഡോക്സ് പള്ളിസെമിത്തേരിയിൽ.

**ഡോ. കെ. ഹരികൃഷ്ണൻ നായർ**
നെയ്യാറ്റിൻകര: വഴുതൂർ ആമ്പാടിയിൽ ഡോ. കെ. ഹരികൃഷ്ണൻ നായർ (മുൻ ഡീൻ, കാർഷിക സർവ്വകലാശാല, 68) നിര്യാതനായി. ഭാര്യ: എസ്. ആർ. ജയകുമാരി (റിട്ട. എസ്.ബി.ഐ നെയ്യാറ്റിൻകര), മക്കൾ: ഡോ. അഞ്ജന (ബാംഗ്ലൂർ), ഡോ. അന്ന (പൂനൈ). മരുമക്കൾ: പ്രവീൺകുമാർ. ജി (എൻജി. ബാംഗ്ലൂർ), ഡോക്ടർ ഫയസ് അലി മുഹമ്മദ് (പൂനൈ), സഞ്ചയനം ഒക്ടോബർ 4 വ്യാഴാഴ്ച രാവിലെ 8.30ന്.

**രേഷ്മ**
തിരുവനന്തപുരം: മലയം മച്ചേൽ പാറവിളമേലെ രമ്യഭവനിൽ രവീന്ദ്രന്റെയും മഞ്ജുവിന്റെയും മകൾ: രേഷ്മ (22) നിര്യാതയായി. സഹോദരങ്ങൾ: രമ്യ, രേഷ് കുമാർ. പ്രാർത്ഥന ഞായറാഴ്ച 5 മണിക്ക്.

**കെ.സത്യഭാമ**
വർക്കല: മൂങ്ങോട് പേരേറ്റിൽ ഭാസ്കർ നിവാസിൽ പരേതനായ ഭാസ്കരന്റെ ഭാര്യ കെ. സത്യഭാമ (86) നിര്യാതയായി. മകൻ: സൈമഭാസ്കർ (ഡെപ്യൂട്ടി തഹശീൽദാർ, വർക്കല). മരുമകൾ: ദീപ. സംസ്കാരം: ഇന്ന് രാവിലെ 9.30 ന്. ഫോൺ: 9846581805

**ശ്രീമതി**
വെണ്ണിയൂർ: കല്ലുകുത്തിവിള വീട്ടിൽ പരേതനായ പുഷ്പാംഗദപ്പണിക്കരുടെ ഭാര്യ ശ്രീമതി (75) നിര്യാതയായി. മക്കൾ: അശോകൻ, സുധ, പ്രദീപ്. മരുമക്കൾ: പരേതനായ സുബാഷിതൻ, ബിന്ദു, സുധ. മരണാനന്തര ചടങ്ങ് ഞായറാഴ്ച രാവിലെ 8ന്.

**ദേവദാസ്**
പാറശാല: അയിരവാഴവിള വീട്ടിൽ ദേവദാസ് (72) നിര്യാതനായി. ഭാര്യ: പ്രസന്നകുമാരി. മക്കൾ: മിഥിലേഷ്നമൈക്കിൾ, പരേതനായ മിഥുൻ മൈക്കിൾ. പ്രാർത്ഥന വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് നരിക്കുഴി എസ്. എം. നഗർ സെൻറ് മേരിസ് ചർച്ചിൽ.

**തെങ്ങിൽ നിന്ന് വീണുമരിച്ചു**
മണ്ണക്കല്ല്: നെല്ലിമൂട് ചാമവിള പുത്തൻവീട്ടിൽ വി. ക്രിസ്തുദാസ് (60) തെങ്ങിൽ നിന്ന് വീണുമരിച്ചു. ഭാര്യ: സുമംഗല. മക്കൾ: ബീന, ബിന്ദു. മരുമകൻ ബിജു.

## വീടുകളിലേക്ക് സ്വകാര്യബസ് ഇടിച്ചുകയറി: 10 പേർക്ക് പരിക്ക്

### ◗ ആരുടെയും പരിക്ക് ഗുരുതരമല്ല

കല്ലമ്പലം: നിർമ്മാണത്തിലിരിക്കുന്ന വീടുകളിലേക്ക് സ്വകാര്യ ബസ് ഇടിച്ചുകയറി 10 യാത്രക്കാർക്ക് പരിക്കേറ്റു. ബസിൽ യാത്രക്കാർ കുറവായിരുന്നതിനാലും വീടുകൾക്കു മുന്നിൽ തൊഴിലാളികളില്ലാതിരുന്നതിനാലും ദുരന്തം ഒഴിവായി. ഞെക്കാട് വാറുവിള വീട്ടിൽ വിനോദിന്റെയും രാജീവിന്റെയും വീടുകൾ ഭാഗികമായി തകർന്നു. അപകടം നടന്നയുടൻ ഡ്രൈവർ ഓടിരക്ഷപ്പെട്ടു.

മാവിൻമൂട് സ്വദേശിയായ രാജേന്ദ്രക്കുറുപ്പ് (64), കോവൂർ സ്വദേശിനി ലൈല (58), ചാവർകോട് സ്വദേശിനി പത്മിനി (62), വർക്കല സ്വദേശികളായ അനിൽ, വിജയ, നളിനി, പാളയംകുന്ന് സ്വദേശികളായ, രാമു, വിപിൻ, ഗാന, രഞ്ജിത്ത് എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ ചാത്തൻപാറ കെ.ടി.സി.ടി ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഇന്നലെ ഉച്ചയ്ക്ക് 12ന് ഞെക്കാട്ടായിരുന്നു അപകടം. മുത്താന നിന്ന് കല്ലമ്പലത്തേക്ക് പോകുകയായിരുന്ന ബസ് എതിർ ദിശയിൽ നിന്നുള്ള ആട്ടോറിക്ഷയിൽ ഇടിക്കാതിരിക്കാൻ വെട്ടിയൊഴിച്ചപ്പോഴാണ് അപകടം. അപകടശബ്ദവും യാത്രക്കാരുടെ നിലവിളിയും കേട്ട് ഓടിയെത്തിയ നാട്ടുകാരാണ് രക്ഷാപ്രവർത്തനം നടത്തിയത്.

**സത്യശീലൻ**
കല്ലമ്പലം: പഴയകാല കോൺഗ്രസ് പ്രവർത്തകനും കേരള കശുവണ്ടി തൊഴിലാളി കോൺഗ്രസ് സംസ്ഥാന ജോയിന്റ് സെക്രട്ടറിയുമായിരുന്ന നാവായിക്കുളം ഐരമൺനില പുത്തൻ വീട്ടിൽ സത്യശീലൻ. ജി (78) നിര്യാതനായി. ഭാര്യ: സുധാമണി. മക്കൾ: സുനിൽ കുമാർ, സുരേഷ്കുമാർ, സാജു, ഡിലി, ഷീബ. മരുമക്കൾ: സിസിലി, അശ്വതി, നിഷ, ഷാജി, സുനിൽകുമാർ. സഞ്ചയനം തിങ്കളാഴ്ച രാവിലെ 8ന്.

**രാജ്മോഹൻ**
നെടുമങ്ങാട്: വേങ്കോട് ചെന്തുപ്പൂര് പെരുനെല്ലിവിള വീട്ടിൽ പരേതനായ രവീന്ദ്രന്റെ മകൻ രാജ്മോഹൻ (അനി- 45) നിര്യാതനായി. എസ്.എൻ.ഡി.പി യോഗം ചെന്തുപ്പൂര് ശാഖ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവും പേരൂർക്കട കെ.എസ്.ആർ.ടി.സി ഡിപ്പോയിലെ എം-പാനൽ കണ്ടക്ടറുമായിരുന്നു. മകൻ: അഖിൽ രാജ്. സഞ്ചയനം: തിങ്കളാഴ്ച രാവിലെ 9ന്. ഫോൺ; 9500000158.

**ജി. സുകുമാരൻ നായർ**
തിരുവനന്തപുരം: ഊരൂട്ടമ്പലം പ്ലാവിള കൃഷ്ണവിലാസത്തിൽ ജി. സുകുമാരൻ നായർ(63, റിട്ട. സെക്രട്ടേറിയറ്റ്) നിര്യാതനായി. ഭാര്യ: ജി. രാധമ്മ. മക്കൾ: നാഗേശ്വരി അമ്മ, പരേതനായ നാഗേന്ദ്രൻ നായർ, ജയകുമാർ, കുമാരി തങ്കം, പരേതനായ ഗോപകുമാർ, ശ്രീലത. മരുമക്കൾ: ശ്രീകുമാർ, പി.എം. സതി, രാധികാ ബി.എൽ, ജയകുമാർ, പരേതനായ ബി. ചന്ദ്രമോഹനൻ നായർ. സഞ്ചയനം 4ന് രാവിലെ 8.30ന്.

**ജി. കൃഷ്ണൻ നായർ**
തിരുവനന്തപുരം: വാമനപുരം തോട്ടത്തിൽ വീട്ടിൽ ജി. കൃഷ്ണൻ നായർ (90, റിട്ട. ആഡിയോവിഷൻ ഓപ്പറേറ്റർ, ഹെൽത്ത്) നിര്യാതനായി. ഭാര്യ: സരസ്വതി അമ്മ. മക്കൾ: പത്മകുമാർ, അജയകുമാർ (ബിച്ചു), രാജി. മരുമക്കൾ: പ്രസന്നകുമാർ, സരിത. സഞ്ചയനം ഒക്ടോബർ 1ന് രാവിലെ 9ന്.

**എം. ജോർജ്**
ബാലരാമപുരം: ആർ. സി. സ്ട്രീറ്റിൽ ശ്യാം ഭവനിൽ എം. ജോർജ്(80) നിര്യാതനായി. ഭാര്യ: കൊച്ചുരാജം. മക്കൾ: തങ്കമണി, മണിരാജ് (റിട്ട. ഗവ. പ്രസ്), വത്സല, വസന്ത, ഷാജി (എ. പി. ആർ. ഹോട്ടൽ), ബിജു, ശോഭന. മരുമക്കൾ: പരേതനായ സ. പാറശാല സെൽവൻ, സെലിൻ, ലോറൻസ്, അമലദാസ്, അനിത, സെൽവരാജ്. സംസ്കാരം വെള്ളിയാഴ്ച വൈകുന്നേരം 3ന് ബാലരാമപുരം വിശുദ്ധ സെബസ്ത്യാനോസ് ഫെറോന ദേവാലയത്തിൽ.

**ജി. മാധവൻ നായർ**
കാര്യവട്ടം: കല്ലറവിളാകത്ത് വീട്ടിൽ ജി. മാധവൻ നായർ (77, റിട്ട. സ്റ്റോർ സൂപ്രണ്ട്, ആരോഗ്യവകുപ്പ്) നിര്യാതനായി. മക്കൾ: മായ.യു (കെ.എസ്.എഫ്.ഇ), മഞ്ജു. യു (കെ.ടി.ഡി.സി), മനോജ്. എം (ശ്രീചിത്രാമെഡിക്കൽ സെന്റർ). മരുമക്കൾ: എം. ആർ. ശ്രീകുമാർ (ഹയർസെക്കൻഡറി വകുപ്പ്), സുനിൽ കുമാർ (വിദേശം), പ്രതിഭ രവി (കാർഷിക കോളേജ്). സംസ്കാരം ഇന്ന് രാവിലെ 9ന് സ്വവസതിയിൽ.

**വി.വിക്രമൻ**
വർക്കല: അയന്തി കുന്നിൽ വീട്ടിൽ വി. വിക്രമൻ (78) നിര്യാതനായി. ഭാര്യ കെ. സുഭാഷിണി. മക്കൾ: അജിത, സുനിത. മരുമക്കൾ: ടി. ദിലീപ്, എസ്. സുഗതൻ. മരണാനന്തരചടങ്ങ് ഒക്ടോബർ 12 രാവിലെ 11ന്.

**നാരായണൻ നായർ**
തിരുവനന്തപുരം: ഭഗവതിനട മോഹനവിലാസത്തിൽ എ. നാരായണൻ നായർ (97) നിര്യാതനായി. ഭാര്യ: ജി. ശ്രീമതിഅമ്മ. മക്കൾ: മോഹനകുമാരി, ശ്രീകല, രാമചന്ദ്രൻ നായർ. മരുമക്കൾ: പരേതനായ പത്മകുമാർ, മോഹനൻ നായർ, ആശാചന്ദ്രൻ. സഞ്ചയനം ചൊവ്വാഴ്ച 8 മണിക്ക്.

**ഗോപിനാഥ പിള്ള**
പോത്തൻകോട്: കുന്നത്ത് കെ.എസ് നിവാസിൽ ഗോപിനാഥ പിള്ള (76) നിര്യാതനായി. ഭാര്യ ഓമനയമ്മ. മക്കൾ: ശ്രീകല, ശ്രീഹരി, ശ്രീകുമാർ, ശ്രീരാമൻ. മരുമക്കൾ: കൃഷ്ണകുമാർ, സ്മിത, രമ്യ. സഞ്ചയനം ചെവ്വാഴ്ച 8.45ന്.

**പി.രാഘവൻ**
തിരുവനന്തപുരം: കഴക്കൂട്ടം കരിയിൽ കളിവിളാകത്തു വീട്ടിൽ പി. രാഘവൻ (76) നിര്യാതനായി. മക്കൾ: കുട്ടപ്പൻ, ഷീജ, ഷീന. മരുമക്കൾ: എസ്. ബിന്ദു, എസ്. വിജയൻ, വി.പി. മോഹനൻ. സഞ്ചയനം തിങ്കളാഴ്ച രാവിലെ 9ന്.

**ബഷീർകുട്ടി**
കോയിവിള: നജാദ് മൻസിലിൽ ബഷീർകുട്ടി (68) നിര്യാതനായി. ഭാര്യ: ഐഷാകുഞ്ഞ്. മക്കൾ: ജമാൽ, നവാസ്, നസീമ, ഷാജിദ. മരുമക്കൾ: മാജിദ, ജാസ്മിൻ, സിയാദ്, തോമസ്. ഫോൺ: 9605262112

**മഞ്ജു**
ആലപ്പുഴ: മാരാരിക്കുളം വടക്ക് പഞ്ചായത്ത് 13-ാം വാർഡിൽ വടക്കേ നല്ലവീട്ടിൽ രാധാകൃഷ്ണന്റെ ഭാര്യ മഞ്ജു (40) നിര്യാതയായി. മക്കൾ: ആര്യ കൃഷ്ണൻ, അനന്ത കൃഷ്ണൻ. സഞ്ചയനം: ഞായർ രാവിലെ 7ന്.

**ശങ്കരി**
ഉമയനല്ലൂർ: പേരയം വലിയവിള വീട്ടിൽ പരേതനായ സദാശിവന്റെ ഭാര്യ ശങ്കരി (75) നിര്യാതയായി. മക്കൾ: പ്രസാദ്, ഗീത, പ്രസന്ന, ഗിരിജ. മരുമക്കൾ: സീത, വിജയൻ, മോഹനൻ, ജയപ്രകാശ്. സഞ്ചയനം ഒക്ടോബർ 1ന് രാവിലെ 6ന്.

**രാജേന്ദ്രൻ**
പൂന്തുറ: ആലുകാട് റ്റി. സി. 47/1460(2) ആറ്റരികത്ത് വീട്ടിൽ കുട്ടന്റെ മകൻ രാജേന്ദ്രൻ (63) നിര്യാതനായി. ഭാര്യ വിജയമ്മ. മക്കൾ: ഷിബു, സരിത, കവിത. മരുമക്കൾ: ജിജി, ജയൻ, ഉപേന്ദ്രൻ. സഞ്ചയനം ഞായറാഴ്ച രാവിലെ 8.30 ന്.

**സി.രമേശൻ**
വർക്കല: ഞെക്കാട് റിജിഭവനിൽ സി. രമേശൻ (72, രവി ഓയിൽമിൽ) നിര്യാതനായി. ഭാര്യ: അംബിക. മക്കൾ: വിജി, റിജി. മരുമക്കൾ: രാജേഷ്, പ്രദീപ് കുമാർ. സഞ്ചയനം ഇന്ന് രാവിലെ 9ന്.

**രാമൻകുറുപ്പ്**
പാലോട്: പാണ്ഡ്യൻപാറ പൊന്നംകോണത്തു വീട്ടിൽ കെ രാമൻകുറുപ്പ്(84) നിര്യാതനായി. ഭാര്യ: ബി. ദേവകിയമ്മ. മക്കൾ: ജയകുമാരി (ദർശന ഇംഗ്ലീഷ് മീഡിയം സ്കൂൾ), ജയകുമാർ, ജയചന്ദ്രൻ. മരുമക്കൾ: ഡി ഹരീന്ദ്രനാഥ് (റിട്ട. വില്ലേജ് ഓഫീസർ), ശ്രീജ. സഞ്ചയനം: ബുധനാഴ്ച രാവിലെ 9 ന്.

**വാസുദേവൻ നായർ**
അവണാകുഴി: വെൺപകൽ വട്ടവിള പുത്തൻവീട്ടിൽ വാസുദേവൻ നായർ (89) നിര്യാതനായി. മക്കൾ: മുരളീധരൻ, പരേതയായ സുശീല, രാജശേഖരൻ നായർ. മരുമക്കൾ: ശോഭ, രാജി. സഞ്ചയനം 30ന് രാവിലെ 8.30ന്.

**പുരുഷോത്തമൻ**
നെട്ടവത്തൂർ: പാലാന്നാല താഴതിൽ പുരുഷോത്തമൻ (68) നിര്യാതനായി. ഭാര്യ: ശോഭന. മക്കൾ: സുഭാഷ്, സുധീഷ്, സുനീഷ്. മരുമക്കൾ: ലേഖ, രതി, ആതിര. സഞ്ചയനം ഒക്ടോബർ 2 ന് രാവിലെ 8 ന്. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 12.30 ന് വീട്ടുവളപ്പിൽ.

**എൻ.കെ. ശശിധരൻ**
മണ്ണയ്ക്കനാട്: കുന്നങ്കിൽ ഞാറക്കാട്ട് എൻ. കെ. ശശിധരൻ (70) നിര്യാതനായി. ഭാര്യ: സരസമ്മ കടുത്തുരുത്തി മങ്ങാട് ആനക്കുഴി കുടുംബാംഗം. മക്കൾ: ആശ (മുംബായ്), അനൂപ് (നൈസ് ബേക്കറി കുറിച്ചിത്താനം). മരുമകൻ: ചന്ദ്രശേഖരൻ (തലയോലപ്പറമ്പ്). സംസ്കാരം ഇന്ന് 11ന് വീട്ടുവളപ്പിൽ.

**ഡി. ശിവാനന്ദൻ**
കരിക്കോട്: ടി.കെ.എം.സി. പി.ഒ തൊടിയിൽ പുത്തൻ വീട്ടിൽ ഡി. ശിവാനന്ദൻ (74) നിര്യാതനായി. സംസ്കാരം ഇന്ന് രാവിലെ 9ന് പോളയത്തോട് ശ്മശാനത്തിൽ. ഭാര്യ: ആർ. വത്സല. മക്കൾ: സുഗേഷ്, സുധീഷ്. മരുമകൾ: ശരണ്യ. ഫോൺ: 9605914088

## യുവാവ് ടാങ്കർലോറി കയറി മരിച്ചു

കല്ലടിക്കോട്: ദേശീയപാതയിൽ കാഞ്ഞിക്കുളത്ത് ടാങ്കർ ലോറി കയറി യുവാവ് മരിച്ചു. ബൈക്ക് യാത്രികനായ കരിമ്പ പൂപ്പള്ളി ചാവടിയിൽ തമ്പി തോമസിന്റെ മകൻ നിഖിലാണ് (26) മരിച്ചത്. കാറിടിച്ചുവീണ നിഖിലിന്റെ ശരീരത്തുകൂടി ടാങ്കർ ലോറി കയറുകയായിരുന്നു. കഴിഞ്ഞ ദിവസം രാത്രി പാലക്കാട് നിന്ന് വീട്ടിലേക്ക് വരുമ്പോഴാണ് അപകടം. ഹൈവേ പൊലീസെത്തി മണ്ണാർക്കാട്ടെയും തുടർന്ന്


*നിഖിൽ*

പെരിന്തൽമണ്ണയിലെയും സ്വകാര്യാശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. അമ്മ: മിനി.

**സി. ജോൺസി**
മാനന്തവാടി: വിശുദ്ധ കുർബാനയുടെ ആരാധന സന്യാസിനി സഭ മാനന്തവാടി പ്രോവിൻസ് കണിയാരം മഠാംഗമായ സി. ജോൺസി കൊട്ടുകാപ്പള്ളി എസ്.എ.ബി.എസ് (74) നിര്യാതയായി. സംസ്കാര ശുശ്രൂഷകൾ ഇന്ന് ഉച്ചയ്ക്ക് ഒന്നരയ്ക്ക് മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടത്തിന്റെ കാർമ്മികത്വത്തിൽ കണിയാരം സെന്റ് ജോസഫ് കത്തിഡ്രലിൽ നടക്കും. പാലാ രൂപത കാപ്പുംതല കൊട്ടുകാപ്പള്ളി പരേതരായ ജോസഫ് മറിയം ദമ്പതികളുടെ മകളാണ്. സഹോദരങ്ങൾ: കൊച്ചുത്രേസ്യ ഡേവീസ് (മുട്ടുചിറ), പരേതരായ ഫാ. ഫിലിപ്പ് കൊട്ടുകാപ്പള്ളി (പാലാ രൂപത), ജോൺസൺ ജോസഫ്, ഏലിക്കുട്ടി തോമസ്, മറിയക്കുട്ടി ജോസഫ്, അന്നമ്മ മാത്യു.

**അജിത് കുമാർ**
കരിശുമൂട്ടം: തകിടിയിൽ ഗോപാലകൃഷ്ണ ഭവനിൽ അജിത് കുമാർ (50) നിര്യാതനായി. ഭാര്യ ഗീതാറാണി. മക്കൾ: മാളവിക അജിത്, ദേവിക അജിത്. സഞ്ചയനം ഞായറാഴ്ച രാവിലെ 8ന്.

**അഹമ്മദാലി**
വെഞ്ഞാറമൂട്: പേരുമല മുട്ടുകോണത്തു വീട്ടിൽ അഹമ്മദാലി(77) നിര്യാതനായി. ഭാര്യ സാറാ ബീവി. മക്കൾ: അബ്ദുൽ ബഷീർ, അബ്ദുൽസലിം (തിരുവനന്തപുരം മെഡിക്കൽ കോളേജ് ലാബ്), ഷാജി, ശോഭിത, സോപിതാ ബീവി, സുൽഫത്ത് ബീവി. മരുമക്കൾ: സജീനാ ബീവി, സബീനാ ബീവി, റംലാബീവി, കബീർ, അബ്ദുൽ റഷീദ് (നെല്ലിക്കാട് ഖാദിരിയ്യാ അറബിക് കോളേജ്), യൂസുഫ് (ബിസിനസ്സ്).

**കെ. അനിരുദ്ധൻ**
ചങ്ങനാശേരി: എസ്.എൻ.ഡി.പി. യോഗം 325-ാം ശാഖാ പ്രസിഡന്റ് പായിപ്പാട് കളത്തിൽ കെ. അനിരുദ്ധൻ (ബാബു-53) നിര്യാതനായി. ഭാര്യ: ഷീജ രാമക്കൽമേട് മംഗലശേരിൽ കുടുംബാംഗമാണ്. മക്കൾ: അനൂപ്, അർച്ചന, അഞ്ജലി. മരുമക്കൾ: അഞ്ജു അനൂപ്, രതീഷ്കുമാർ. സംസ്കാരം ഇന്ന് 1ന് വീട്ടുവളപ്പിൽ.

**സി.ബേബി**
ഇടമുളയ്ക്കൽ: തൊള്ളൂർ റോഡ് വിള വീട്ടിൽ സി. ബേബി (62) നിര്യാതനായി. ഭാര്യ: പരേതയായ മേരി. മക്കൾ: ബോബിത, പരേതനായ ബോബസ്. മരുമകൻ: സന്തോഷ്. സംസ്കാരം ഇന്ന് വൈകിട്ട് 3 ന് കരിക്കം സെവൻത്ഡേ അഡ്വന്റിസ്റ്റ് പള്ളിസെമിത്തേരിയിൽ.

**കരുണാകരൻ നായർ**
കൊല്ലം: താമരക്കുടി മുഴങ്ങോടി പുത്തൻ വീട്ടിൽ എം. എൻ. കരുണാകരൻ നായർ (92, താമരക്കുടി സർവീസ് സഹകരണ ബാങ്ക് മുൻ പ്രസിഡന്റ്) നിര്യാതനായി. സംസ്കാരം ഇന്ന് രാവിലെ 11 ന് വീട്ടുവളപ്പിൽ. ഭാര്യ: ഭാരതിഅമ്മ. മക്കൾ: ലീലാദേവി (റിട്ട. പ്രിൻസിപ്പൽ, എസ്.വി.വി.എച്ച്.എസ്.എസ്), ലളിതകുമാരി (റിട്ട. അദ്ധ്യാപിക, എസ്.വി.വി.എച്ച്.എസ്.എസ്), പ്രദീപ്കുമാർ (റിട്ട. തഹസിൽദാർ, എൻ.ജി.ഒ അസോ. മുൻ സംസ്ഥാന സെക്രട്ടറി), വസന്തകുമാരി (അദ്ധ്യാപിക, ജി.എം.എൽ.പി.എസ്, മുകുന്ദപുരം). മരുമക്കൾ: കെ.എൻ. ഗോപാലകൃഷ്ണൻ നായർ (റിട്ട. അസി. ഡയറക്ടർ, ഇന്റലിജൻസ് ബ്യൂറോ), എ.കെ. ശശി (റിട്ട. ഡിസ്ട്രിക്റ്റ് രജിസ്ട്രാർ), ശോഭകുമാരി, ഹരിക്കുട്ടൻ പിള്ള (റിട്ട. അദ്ധ്യാപകൻ, ഗവ. എച്ച്.എസ്.എസ്, അയ്യൻകോയിക്കൽ).

**മാത്യു അഗസ്റ്റിൻ**
പൂച്ചാക്കൽ: തൈക്കാട്ടുശ്ശേരി മാക്കേകടവ് തുടിയനാതറ വീട്ടിൽ മാത്യു അഗസ്റ്റിൻ (ആധാരം എഴുത്ത് അപ്പച്ചൻ -70) നിര്യാതനായി. ഭാര്യ: ഫിലോമിന (ചേർത്തല വന്യംപറമ്പിൽ). മക്കൾ: ടി.എ. സോണി (ആധാരം എഴുത്ത് പാണാവള്ളി), സോളി ജോമോൻ, സോജി ജോമോൻ. മരുമക്കൾ: സിന, ജോമോൻ, ജോമോൻ. സംസ്കാരം ഇന്ന് ഉച്ചക്ക് 3ന് മണപ്പുറം ചെറുപുഷ്പാശ്രമം ദേവാലയ സെമിത്തേരിയിൽ.

**പി. വിശ്വനാഥൻ**
തിരുവനന്തപുരം: അവണാകുഴി സജീവ് ഭവനിൽ പി. വിശ്വനാഥൻ (79, അപ്പു) നിര്യാതനായി. ഭാര്യ: കോമളവല്ലി. മക്കൾ: വി.കെ. സജീവ് (കെ.എസ്.ആർ.ടി.സി, നെയ്യാറ്റിൻകര), കെ.വി. ലിനി (എച്ച്.എസ്.എ. എൻ.എച്ച്.എസ്.എസ്, നെല്ലിമൂട്), കെ.വി. സന്ധ്യ (യു.പി.എസ്.എ, പട്ടാമ്പി). മരുമക്കൾ: ആർ. ഷാജില (നഴ്സ്, ഗവ. ഹോസ്പിറ്റൽ, നെയ്യാറ്റിൻകര), ആർ.പി. അലക്സാണ്ടർ, എസ്. അനിൽകുമാർ (കെ.എസ്.എഫ്.ഇ. പ്രാവച്ചമ്പലം).

**കെ.കെ. ഉതുപ്പ്**
മൂവാറ്റുപുഴ: പുളിക്കീൽ കെ.കെ. ഉതുപ്പ് (82 - റിട്ട. എൽ.ഐ.സി. ഓഫീസർ) നിര്യാതനായി. ഭാര്യ നീന. മക്കൾ: സിബിയ (എം.ഇ.എസ്. കോളേജ് മമ്പാട്), ആൻ (പ്രൈമാർക്, ബംഗളൂരു), ടോബിൻ (മൈക്രോഫോക്കസ്, ബംഗളൂരു), ടിന (യു.എസ്.എ.). മരുമക്കൾ: പി.എസ്. ജോർജ് (ദേവഗിരി കോളേജ്, കോഴിക്കോട്), സുനിൽ ജേക്കബ് (വാൾമാർട്ട്, ബംഗളൂരു), അനു ജിസ്മോൻ (യു.എസ്.എ.)

**ലീലാമ്മ**
മണലാടി: കോക്കാട്ട് പരേതനായ പ്രതാപൻ പിള്ളയുടെ ഭാര്യ ലീലാമ്മ (70) നിര്യാതയായി. സംസ്കാരം ഇന്ന് രാവിലെ 10 മണിക്ക്. മക്കൾ: ശ്രീദേവി, ശ്രീകുമാർ, ശ്രീജിത്ത്. മരുമക്കൾ: ഗോപകുമാർ, ബിബിത, ജയലക്ഷ്മി.

## ഒറ്റയ്ക്ക് താമസിച്ചിരുന്നയാൾ കൊല്ലപ്പെട്ടു; ഒരാൾ അറസ്റ്റിൽ

ഇലന്തൂർ: ഒറ്റയ്ക്ക് താമസിച്ചിരുന്നയാളെ വീട്ടിൽ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തി. കൊല്ലൻപാറ ലക്ഷം വീട് കോളനിയിൽ പ്രസാദ് ഭവനിൽ പ്രസാദാണ് (45) മരിച്ചത്. കോളനിയിലെ താമസക്കാരനായ സുജിത്ത് എന്നയാളെ ആറൻമുള പൊലീസ് അറസ്റ്റ് ചെയ്തു.

കഴുത്തിലേറ്റ മുറിവിൽ നിന്ന് രക്തം വാർന്ന നിലയിൽ വീടിന്റെ തറയിലാണ് പ്രസാദിന്റെ മൃതദേഹം കിടന്നത്. മൃതദേഹത്തിന് സമീപം മുളക് പൊടി വിതറിയിരുന്നു. തൊണ്ട് കൂട്ടിയിട്ട് കത്തിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇന്നലെ രാവിലെ എട്ടുമണിയോടെ സമീപവാസികളാണ് മൃതദേഹം കണ്ടത്. കഴിഞ്ഞ രാത്രി കോളനിയിലെ താമസക്കാരായ സുജിത്ത് (സത്താർ), ജിജോ എന്നിവർ പ്രസാദുമായി വാക്കേറ്റമുണ്ടായിരുന്നതായി പറയുന്നു. പ്രസാദിന് മർദ്ദനമേറ്റതായും സംശയമുണ്ട്. സത്താറും ജി


*പ്രസാദ്*

ജോയും നേരത്തെ നിരവധി ക്രിമിനൽ കേസുകളിൽ പെട്ടവരാണ്. ഡോഗ് സ്ക്വാഡിന്റെ പരിശോധനയിൽ സുജിത്തിന്റെ വീട്ടിൽ നിന്ന് രക്തം പുരണ്ട ജിജോയുടെ വസ്ത്രങ്ങൾ കണ്ടെടുത്തു. ജിജോയെ പൊലീസ് തെരയുന്നു. ഇയാൾ പോക്സോ കേസിൽ ജാമ്യത്തിൽ കഴിയുന്നയാളാണ്.

കൂലിപ്പണിക്കാരനായ പ്രസാദ് ഭാര്യയുമായി പിണങ്ങി ഏഴ് വർഷമായി കൊല്ലൻപാറ ലക്ഷം വീട് കോളനിയിലെ വീട്ടിൽ ഒറ്റക്കായിരുന്നു താമസം.

## എറണാകുളത്ത് ലോറി ഇടിച്ച് കടയ്ക്കാവൂർ സ്വദേശി മരിച്ചു

കടയ്ക്കാവൂർ: കടയ്ക്കാവൂർ സ്വദേശി എറണാകുളത്ത് ലോറി ഇടിച്ച് മരിച്ചു. കടയ്ക്കാവൂർ കീഴാറ്റിങ്ങൽ മുള്ളിയൻകാവ് ജംഗ്ഷന സമീപം കുന്നബംഗ്ലാവ് വീട്ടിൽ രാജൻപിള്ള (63) ആണ് മരിച്ചത്. വ്യാഴാഴ്ച രാവിലെ അഞ്ചിനാണ് സംഭവം. എറണാകുളം ചെറിയ പാപ്പാലശേരിയിൽ വച്ചാണ് വാഹന അപകടം. നഴ്സറിയ്ക്ക് ധാന്യപൊടിയും കൊണ്ട് പാലക്കാട്ട് പോയി തിരിച്ചു വരുമ്പോൾ രാജൻപിള്ള ഓടിച്ച മിനിലോറിയ്ക്ക് യന്ത്ര തകരാർ ഉണ്ടായി. രാജൻപിള്ളയും ക്ലീനറും ലോറിയിൽ ഉറങ്ങുകയായിരുന്നു. ഈ സമയം നിയന്ത്രണം തെറ്റി വന്ന മദ്ധ്യപ്രദേശ് രജിസ്ട്രേഷനുള്ള ലോറി രാ


*രാജൻപിള്ള*

ജൻ പിള്ളയുടെ മിനിലോറിയുടെ പിറകിൽ ഇടിക്കുകയായിരുന്നു. രാജൻപിള്ള തൽക്ഷണം മരിച്ചു. ക്ലീനർ മുരളി നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു. ഭാര്യ: സുനിത. മക്കൾ: രാജി, രാഹുൽ. മരുമകൻ: ദിനി.

സംസ്കാരം ഇന്ന് 12 മണിക്ക് നടക്കും.

## ഡോ. എ.എസ്. ഫൈസൽ സലിം

കഴക്കൂട്ടം: കണിയാപുരം ക്രസന്റിൽ എം. അബ്ദുൽ സലാമിന്റെയും (റിട്ട. ഡി.ഇ.ഒ) പി. സുബൈദ ബീവിയുടെയും (റിട്ട. അദ്ധ്യാപിക കണിയാപുരം മുസ്ലിം ഹൈസ്കൂൾ) മകൻ ഡോ. എ.എസ്. ഫൈസൽ സലിം (46) നിര്യാതനായി. 14 വർഷമായി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോക്ടറാണ്. ഇതിനിടയിൽ 2 വർഷം കോട്ടയം മെഡിക്കൽ കോളേജിലും സേവനമനുഷ്ഠിച്ചു. സഹോദരൻ ഫൈസൽ അസീം നെടുമങ്ങാട് ഗവ. ആശുപത്രിയിലെ ഡോക്ടറാണ്. ആറുമാസുമായി നട്ടെല്ലിൽ രോഗബാധിച്ചതിനെ തുടർന്ന് തിരുവനന്തപുരം ആർ.സി.സിയിൽ




ചികിത്സിലായിരിക്കവെ ബുധനാഴ്ച രാത്രിയോടെ അന്ത്യം. കബറടക്കം ഇന്നലെ രാവിലെ 9 ഓടെ ആലുംമൂട് പരിയാരത്തുകര പുത്തൻ പള്ളിയിൽ നടന്നു. ഭാര്യ ഫൗസിയ (അനന്തപുരി ആശുപത്രി). മകൾ: അബിദ (കഴക്കൂട്ടം ജ്യോതിസ് സെൻട്രൽ സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിനി.)

## അഡ്വ. കെ.വി. സജൻ

കുന്നത്തൂർ: പോരുവഴി പനപ്പെട്ടി ഹസീനയിൽ അഡ്വ. കെ.വി. സജൻ (78) നിര്യാതനായി. ഭാര്യ: ലീല. മകൾ: രേവതി. മരുമകൻ: ദീപുമോഹൻ. മൃതദേഹം ഇന്ന് രാവിലെ 10ന് എസ്.എൻ.ഡി.പി യോഗം കുന്നത്തൂർ യൂണിയൻ ഓഫീസിൽ പൊതുദർശനത്തിന് വച്ച ശേഷം ഉച്ചയ്ക്ക് രണ്ടിന് വീട്ടുവളപ്പിൽ സംസ്കരിക്കും.

കൊല്ലം ജില്ല വിഭജിച്ച് പത്തനംതിട്ട ജില്ല രൂപീകരിച്ചതിന് ശേഷം 1990ൽ എസ്.എൻ.ഡി.പി യോഗം കുന്നത്തൂർ യൂണിയൻ രൂപീകരിച്ചത് ഇദ്ദേഹത്തിന്റെ ശ്രമഫലമായാണ്. അതുവരെ കുന്നത്തൂർ അടൂർ യൂണിയന്റെ പരിധിയിലായിരുന്നു. തുടർന്ന് 12 വർഷം തുടർച്ചയായി കുന്നത്തൂർ യൂണിയൻ സെക്രട്ടറിയായും 4 വർഷം യൂണിയൻ പ്രസിഡന്റായും



2 വർഷം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനറായും കെ.വി. സജൻ പ്രവർത്തിച്ചിട്ടുണ്ട്.

യോഗം ഡയറക്ടർ ബോർഡ് മെമ്പർ, ഇൻസ്പെക്ടിംഗ് ഓഫീസർ, അസിസ്റ്റന്റ് സെക്രട്ടറി എന്നീ പദവികൾ വഹിച്ച അദ്ദേഹം 18 വർഷം എസ്.എൻ ട്രസ്റ്റ് ബോർഡ് മെമ്പറായും മെഡിക്കൽ മിഷൻ ഗവേർണിംഗ് ബോഡി അംഗമായും പ്രവർത്തിച്ചു.

ചരമ വാർത്തകൾ 9946108673 എന്ന നമ്പരിൽ വിളിച്ച് അറിയിക്കാം. കൂടാതെ obit@kaumudi.com എന്ന ഇമെയിലിലും അയക്കാം ബന്ധപ്പെടേണ്ട ഫോൺ നമ്പർ ഇമെയിലിൽ ചേർത്തിരിക്കണം.

**10-ാം ചരമവാർഷികം**
**(28.09.2018)**



**മേജർ പി. ഹരിമോഹൻ**
B.Sc. (Engg.)
- സന്തപ്തകുടുംബാംഗങ്ങൾ.

**സഞ്ചയനം**
**(28.09.2018)**



**ഡി. സഹായദാസ്**
(റിട്ട. പ്രൊഫസർ, ക്രിസ്ത്യൻ കോളേജ്, കാട്ടാക്കട)
'രോഹിണി', വലിയവിള, കാഞ്ഞിരംകുളം.
ഭാര്യ: വസന്തകുമാരി (Retd. Chief Radio Grapher),
മകൻ: പ്രഭുൽദേവ്.

**സഞ്ചയനം വെള്ളിയാഴ്ച രാവിലെ 9 മണിക്ക് സ്വഭവനത്തിൽ.** ഈ പുണ്യകർമ്മത്തിൽ എല്ലാവരും പങ്കുകൊള്ളുവാൻ അഭ്യർത്ഥിക്കുന്നു.

കേരളകൗമുദി
Established by **C.V. Kunjuraman** as a periodical in 1911



*മാതാ അമൃതാനന്ദമയിയുടെ 65-ാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി അമൃതപുരിയിൽ എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ, ഭാര്യ പ്രീതി നടേശൻ എന്നിവർ അമ്മയ്ക്ക് പുഷ്പഹാരം അണിയിക്കുന്നു*

# ഗോവിന്ദൻ ജഡ്ജിയും എൻ. കുമാരനും യോഗത്തിന്റെ പോർമുഖം തുറന്നവർ

**സജീവ് ഗോപാലൻ**



*ശിവഗിരിയിലെ ആചാര്യസ്മൃതി സമ്മേളനത്തിൽ ലതീഷ് അടിമാലി എം.ഗോവിന്ദൻ - എൻ.കുമാരൻ ദിന പ്രഭാഷണം നടത്തുന്നു. സ്വാമി ഗുരുപ്രകാശം സമീപം*

ശിവഗിരി: എസ്.എൻ.ഡി.പി യോഗത്തിന്റെ ശക്തരായ തേരാളികളായിരുന്നു എം. ഗോവിന്ദൻ ജഡ്ജിയും എൻ. കുമാരനുമെന്ന് യോഗം രാജാക്കാട് യൂണിയൻ സെക്രട്ടറി കെ.എസ്. ലതീഷ് കുമാർ പറഞ്ഞു. എക്കാലവും ഓർമ്മിക്കപ്പെടുന്നതാണ് ഇരുവരുടെയും സാമൂഹ്യ പ്രവർത്തനങ്ങൾ. ഡോ. പല്പുവിന്റെയും മഹാകവി കുമാരനാശാന്റെയും സമുദായോദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്താനുള്ള പ്രധാന ചുമതല വഹിച്ചവരാണ് ഗോവിന്ദൻ ജഡ്ജിയും എൻ. കുമാരനും. യോഗത്തിന്റെ ആദ്യകാല നേതാക്കളുടെ ആഹ്വാനങ്ങളും ആലോചനകളും നിവേദനങ്ങളിലൂടെ സർക്കാരിലും പ്രജാസഭയിലും എത്തിച്ചത് ഇവരാണ്. 1924ൽ വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട പ്രമേയം പ്രജാസഭയിൽ അവതരിപ്പിച്ചുകൊണ്ട് പിന്നാക്കക്കാരന്റെ സഞ്ചാര സ്വാതന്ത്ര്യത്തിനുവേണ്ടി എൻ. കുമാരൻ നടത്തിയ അത്യുജ്ജ്വല ശ്രമത്തെ എതിർത്ത് വോട്ട് ചെയ്ത് പരാജയപ്പെടുത്തിയത് സമുദായാംഗവും പ്രജാസഭാ മെമ്പറുമായിരുന്ന പി. പരമേശ്വരനാണ്. ഇത്തരം പരമേശ്വരന്മാർ ശ്രീനാരായണീയരുടെ കൂട്ടായ്മയ്ക്ക് ഇപ്പോഴും തടസം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണെന്നും ലതീഷ് കുമാർ പറഞ്ഞു. ശ്രീനാരായണ ഗുരുദേവ മഹാസമാധി നവതി ആചരണത്തിന്റെ ഭാഗമായി ശിവഗിരിയിലെ ആചാര്യസ്മൃതി സമ്മേളനത്തിൽ എം. ഗോവിന്ദൻ - എൻ. കുമാരൻ ദിന പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

സമകാലീനരായ രണ്ട് യോഗം നേതാക്കളാണ് എം. ഗോവിന്ദൻ ജഡ്ജിയും എൻ. കുമാരനുമെന്ന് സമ്മേളനത്തിൽ സംസാരിച്ച കുമിളി ശ്രീനാരായണ ധർമ്മാശ്രമം സെക്രട്ടറി സ്വാമി ഗുരുപ്രകാശം പറഞ്ഞു. തിരുവിതാംകൂറിലെ ഈഴവസമുദായാംഗമായ ആദ്യ നിയമബിരുദധാരിയാണ് എം. ഗോവിന്ദൻ. നീതിപീഠത്തിൽ സമുന്നത പദവി വഹിക്കാൻ അദ്ദേഹത്തിന് ഇടവന്നത് ഗുരുദേവന്റെ കൃപാകടാക്ഷംകൊണ്ടുകൂടിയാണെന്ന് അദ്ദേഹം പറഞ്ഞു. എൻ. കുമാരന്റെ ജീവിതവും സമാന വഴികളിലൂടെയായിരുന്നു എന്നും സ്വാമി ഗുരുപ്രകാശം പറഞ്ഞു. ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, നവതി ആചരണ കമ്മിറ്റി സെക്രട്ടറി സ്വാമി ശിവസ്വരൂപാനന്ദ, സ്വാമി വിശാലാനന്ദ, എസ്.എൻ.ഡി.പി യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി, അസി. സെക്രട്ടറി സദാനന്ദൻ, ശിവഗിരി യൂണിയൻ സെക്രട്ടറി അജി.എസ്.ആർ.എം, പന്തളം യൂണിയൻ സെക്രട്ടറി അഡ്വ. സിനിൽ മുണ്ടപ്പള്ളി, പത്രാധിപർ കെ. സുകുമാരൻ സ്മാരക യൂണിയൻ സെക്രട്ടറി ആലുവിള അജിത്ത്, യോഗം ഇൻസ്പെക്ടർ രാജേഷ് നെടുമങ്ങാട്, അടിമാലി യൂണിയൻ പ്രസിഡന്റ് അനിൽ തറനിലം, ചെങ്ങന്നൂർ യൂണിയൻ കൺവീനർ സുനിൽ വള്ളിയിൽ, വിജീഷ് മേടയിൽ, ഗീതാമധു, മണി എന്നിവർ സംബന്ധിച്ചു. സ്വാമി ഗുരുപ്രകാശം ലതീഷ് അടിമാലിയെ മഞ്ഞഷാൾ അണിയിച്ചു.

പയ്യോളി യൂണിയൻ പ്രസിഡന്റ് കുഞ്ഞിക്കണ്ണൻ, സെക്രട്ടറി പി.കെ. മുരളി, ബാലുശേരി യൂണിയൻ പ്രസിഡന്റ് എ.പി. ശ്രീധരൻ, സെക്രട്ടറി എം.പി. ശ്രീനി, പേരാമ്പ്ര യൂണിയൻ പ്രസിഡന്റ് പി.എം. കുഞ്ഞിക്കണ്ണൻ, സെക്രട്ടറി പി.കെ. ഹരിദാസ്, മാവൂർ യൂണിയൻ പ്രസിഡന്റ് അശോകൻ, സെക്രട്ടറി മുകുന്ദൻ എന്നിവരുടെ നേതൃത്വത്തിൽ ശാഖാപ്രവർത്തകർ അടക്കമുള്ള ഭക്തജനങ്ങൾ ഇന്നലെ ശിവഗിരിയിൽ എത്തി വിശ്വശാന്തി ഹവനത്തിലും ജപയജ്ഞത്തിലും പങ്കെടുത്തു.

## യന്ത്രങ്ങൾക്ക് നൽകുന്ന ശ്രദ്ധയുടെ ഒരംശമെങ്കിലും മനുഷ്യന് നൽകണം: അമ്മ

കൊല്ലം: ശാസ്ത്രവും സാങ്കേതിക വിദ്യയും എത്ര പ്രധാനമാണെങ്കിലും അവ മനുഷ്യത്വത്തിന് പകരം വയ്ക്കാനാവില്ല എന്ന പാഠമാണ് കാലവർഷക്കെടുതി നമ്മെ പഠിപ്പിച്ചതെന്ന് മാതാ അമൃതാനന്ദമയി പറഞ്ഞു. അമൃതപുരിയിൽ 65-ാം പിറന്നാൾദിനത്തിൽ ജന്മദിന സന്ദേശം നൽകുകയായിരുന്നു അമ്മ.

യഥാർത്ഥ സുരക്ഷ നമ്മുടെ ഉള്ളിൽതന്നെ കണ്ടെത്തണം. സാങ്കേതിക വിദ്യ നല്ലൊരു സേവകനാണ്. അപകടകാരിയായ യജമാനനും. യന്ത്രങ്ങൾക്ക് നൽകുന്ന ശ്രദ്ധയുടെ ഒരംശമെങ്കിലും മനുഷ്യന് നൽകിയില്ലെങ്കിൽ കുടുംബ ബന്ധങ്ങൾക്ക് അർത്ഥമില്ല.

മനുഷ്യരെ ഉപയോഗിക്കുകയും ഉപകരണങ്ങളെ സ്നേഹിക്കുകയും ചെയ്യുക എന്നത് സമൂഹത്തിന്റെ മുഖമുദ്രയാകരുത്.

സഹാനുഭൂതിയും കാരുണ്യവും ഉറവ വറ്റാതെ എല്ലാവരുടെയും ഉള്ളിൽ ഉണ്ടെന്നതിന്റെ തെളിവാണ് പ്രളയദുരന്ത വേളയിൽ ജനങ്ങൾ ഒന്നിച്ചത്.

സഹജീവികളോട് തോന്നുന്ന നിസ്വാർത്ഥ സ്നേഹത്തിന്റെ ശക്തിയിലാണ് രക്ഷാപ്രവർത്തനം വിജയിച്ചതും മറ്റുള്ളവർക്ക് പ്രചോദനമായതും. നല്ലത് ചിന്തിച്ചും നല്ല കർമ്മങ്ങൾ ചെയ്തും മറ്റുള്ളവരെ സ്നേഹിച്ചും സേവിച്ചും ഭൂമിയെ സ്വർഗമാക്കാൻ ശ്രമിക്കണം.

മനുഷ്യർ നിർമ്മിച്ച നിയമങ്ങൾ പോലെ പ്രകൃതിക്കും ഒരു നിയമമുണ്ട്. അത് പാലിക്കുകയും അറിയുകയും വേണം. ഓരോ പ്രകൃതി ക്ഷോഭവും മനുഷ്യന് പഠിക്കാനുള്ള അനവധി പാഠങ്ങളുമായാണ് വരുന്നത്. പ്രകൃതി മഹാശക്തിയാണെന്ന ബോധം എപ്പോഴുമുണ്ടാകണം. പ്രകൃതിയെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുമ്പോൾ പ്രകൃതി മനുഷ്യനെതിരല്ല, നന്മ മാത്രം കാംക്ഷിക്കുന്ന ഉത്തമ സുഹൃത്താണെന്ന ബോദ്ധ്യമുണ്ടാകും.

മനുഷ്യർ നിർമ്മിച്ച നിയമങ്ങൾ പോലെ പ്രപഞ്ചം നടപ്പാക്കിയ നിയമമാണ് ധർമ്മം. അതാണ് ജീവിതത്തിന്റെ താളം നിലനിറുത്തുന്നത്. ആ നിയമം ലോകത്തിലെ എല്ലാവർക്കും ബാധകമാണെന്ന് അമ്മ പറഞ്ഞു.

## വിശ്വശാന്തി ഹവനത്തിനും ജപയജ്ഞത്തിനും ഭക്തജനത്തിരക്ക്

ശിവഗിരി: ഗുരുദേവ മഹാസമാധിയുടെ നവതി ആചരണത്തിന്റെ ഭാഗമായി ശിവഗിരിയിൽ നടക്കുന്ന വിശ്വശാന്തി ഹവനത്തിലും ജപയജ്ഞത്തിലും പങ്കെടുക്കാൻ വിവിധ യൂണിയനുകളുടെ നേതൃത്വത്തിൽ ശാഖാ ഭാരവാഹികളും അംഗങ്ങളും അടങ്ങുന്ന ഭക്തജനങ്ങളുടെ വൻ പ്രവാഹം. മലബാർ മേഖലയിൽ നിന്നുള്ള യൂണിയനുകളുടെ നേതൃത്വത്തിലാണ് കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി ഭക്തജനങ്ങൾ എത്തിക്കൊണ്ടിരിക്കുന്നത്. പയ്യോളി, ബാലുശേരി, പേരാമ്പ്ര, മാവൂർ യൂണിയനുകളിൽ നിന്നുള്ള ശാഖാപ്രവർത്തകരും ഭക്തജനങ്ങളുമാണ് ഇന്നലെ എത്തിയത്. ഇന്ന് കോഴിക്കോട്, ബേപ്പൂർ യൂണിയനുകളിൽ നിന്നുള്ള സംഘങ്ങൾ എത്തിച്ചേരും. ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ, ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, നവതി ആചരണ കമ്മിറ്റി സെക്രട്ടറി സ്വാമി ശിവസ്വരൂപാനന്ദ, ആചാര്യസ്മൃതി സമ്മേളന കമ്മിറ്റി ചെയർമാൻ സ്വാമി സച്ചിദാനന്ദ, സ്വാമി വിശാലാനന്ദ, യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി, ശിവഗിരി യൂണിയൻ സെക്രട്ടറി അജി.എസ്.ആർ.എം, പന്തളം യൂണിയൻ പ്രസിഡന്റ് അഡ്വ. സിനിൽ മുണ്ടപ്പള്ളി, പത്രാധിപർ കെ. സുകുമാരൻ സ്മാരക യൂണിയൻ പ്രസിഡന്റ് ഡി. പ്രേംരാജ്, സെക്രട്ടറി ആലുവിള അജിത്ത്, യോഗം ഇൻസ്പെക്ടിംഗ് ഓഫീസർ രാജേഷ് നെടുമങ്ങാട്, യോഗം അസി. സെക്രട്ടറി സന്ദീപ് പച്ചയിൽ, ഫിനാൻസ് കമ്മിറ്റി കൺവീനർ സുന്ദരൻ, കാവേരി രാമചന്ദ്രൻ, നാരായണ പ്രസാദ്, പി.എൻ. രവീന്ദ്രൻ, എ. സോമരാജൻ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് ശിവഗിരിയിലെ ക്രമീകരണങ്ങൾ നടന്നുവരുന്നത്.

### ശിവഗിരിയിൽ ഇന്ന്

രാവിലെ 4.30ന് പർണശാലയിൽ ശാന്തിഹവനം, 5ന് ശാരദാമഠത്തിൽ വിശേഷാൽപൂജ, 5.30ന് മഹാസമാധിയിൽ വിശേഷാൽ ഗുരുപൂജ, 5.45ന് ബ്രഹ്മവിദ്യാലയത്തിൽ ഗുരുദേവകൃതികളുടെ പാരായണം, 9ന് അഖണ്ഡനാമജപയജ്ഞം, വിശ്വശാന്തിഹവനം, വൈകിട്ട് 3ന് ആചാര്യസ്മൃതി പ്രഭാഷണം (നിശ്ചലദാസ് സ്വാമി ദിനം) പ്രഭാഷണം: ബ്രഹ്മചാരി അസംഗചൈതന്യ, ബിപിൻഷാൻ കോട്ടയം.



*എസ്.എൻ.ഡി.പി യോഗം ചെങ്ങന്നൂർ യൂണിയനിലെ പ്രളയബാധിതർക്കായി യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി നൽകുന്ന സാമ്പത്തിക സഹായം യൂണിയൻ കൺവീനർ സുനിൽ വള്ളിയിൽ ഏറ്റുവാങ്ങുന്നു. സൂരജ് ദുബായ്, രാജേഷ് നെടുമങ്ങാട്, അജി.എസ്.ആർ.എം, വിജീഷ് മേടയിൽ, സിനിൽ മുണ്ടപ്പള്ളി, പി.ടി. മന്മഥൻ, രാജീവ് തുടങ്ങിയവർ സമീപം*

ADMISSION - 2018 -19
MBBS (INDIA)
BAMS
Package 7 Lks (175000 x 4 years)
DJ AYURVEDA MEDICAL COLLEGE
MBBS • BDS
RUSSIA Package 12 Lakh (2 Lks x 6 years)
CHINA Package 10 Lakh (2 Lks x 5 years)
PHILIPPINES Package 8.25 Lakh (1.5 Lks x 5.5 years)
GEORGIA Package 12 Lakh (2 Lks x 6 years)
UKRANE Package 12 Lakh (2 Lks x 6 years)
MBBS
USA • CANADA • UK • NEWZEALAND
ITALY • POLAND • MALAYSIA
AUSTRIA • SINGAPORE • LITHUANIA
IRELAND • SCOTLAND • NETHERLAND
ARMENIA • SWEDEN • GERMANY
NO NEET
HARVEST ABROAD CAREER GUIDANCE
HOSPITAL JUNCTION · KUNDARA · Ph: 8547792120, 9496532507



*കേരള സർവകലാശാലയുടെ ബി.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ പി. ആദ്യ. കാട്ടാക്കട നെല്ലിക്കാട് മദർ തെരേസ കോളേജിലെ വിദ്യാർത്ഥിയും മലയിൻകീഴ് കരിപ്പൂർ ഗോകുലത്തിൽ ആർ. ജയമോഹന്റെയും എസ്. പ്രമീളയുടെയും മകളുമാണ്*



*അമരവിള എക്സൈസ് അധികൃതർ പിടികൂടിയ വജ്രം പതിച്ച സ്വർണാഭരണങ്ങളും ബ്രാസ് (പിത്തള) ആഭരണങ്ങളും*

## ബസിൽ കടത്തിയ വജ്രം പതിച്ച സ്വർണാഭരണങ്ങളുമായി 2 പേർ പിടിയിൽ

പാറശാല: രേഖകളില്ലാതെ തമിഴ്നാട്ടിൽ നിന്ന് 638 ഗ്രാം വജ്രം പതിച്ച സ്വർണാഭരണങ്ങളും ബ്രാസ് (പിത്തള) ആഭരണങ്ങളും കടത്തിയ മഹാരാഷ്ട്ര സ്വദേശികളായ പ്രമോദ് ബെഹറ (37), ഗൗരവ് കിച്ച് (26) എന്നിവർ അമരവിള എക്സൈസ് ചെക്ക്പോസ്റ്റിൽ പിടിയിലായി.

വാഹനപരിശോധനയ്ക്കിടെ ബാംഗ്ലൂരിൽ നിന്ന് തിരുവനന്തപുരത്തേക്ക് വന്ന വോൾവോ ബസിൽ നിന്നാണ് ആഭരണങ്ങൾ പിടിച്ചെടുത്തത്. മൂന്ന് സ്യൂട്ട്കേസുകളിലായിട്ടാണ് ആഭരണങ്ങൾ കൊണ്ട് വന്നത്. രത്നം പതിച്ച സ്വർണാഭരണങ്ങളിൽ മാല, കമ്മൽ എന്നിവ ഉൾപ്പെടെ 638.73 ഗ്രാമും, പിത്തള ആഭരണങ്ങളിൽ നെക്‌ലസ് (233 എണ്ണം), വള (303) ബ്രേയ്സ്ലെറ്റ് (6), മോതിരം, കമ്മൽ (1141), താലി (45) എന്നിവയും ഉൾപ്പെടുന്നു. ഇരു വിഭാഗങ്ങളിലുമായി 6301 ഗ്രാം ആഭരണങ്ങളുള്ളതായി കണ്ടെത്തി. തിരുവനന്തപുരത്തെ കടകളിൽ നൽകുന്നതിന് മഹാരാഷ്ട്രയിൽ നിന്ന് കൊണ്ടുവന്നതാണെന്ന് പ്രതികൾ സമ്മതിച്ചു. ആഭരണങ്ങൾ ജി.എസ്.ടി. അധികൃതർക്ക് കൈമാറി. അമരവിള എക്സൈസ് ചെക്ക്പോസ്റ്റിലെ സി.ഐ എ.ജെ. ബെഞ്ചമിന്റെ നേതൃത്വത്തിൽ നടന്ന റെയ്ഡിൽ എക്സൈസ് ഇൻസ്പെക്ടർ എ. വിജയൻ, പ്രിവന്റീവ് ഓഫീസർമാരായ സന്തോഷ്, മോനി രാജേഷ്, സി.ഇ.ഒ.മാരായ രാജേഷ് ഖന്ന, മണികണ്ഠൻ നായർ, വി.വി. വിനോദ് എന്നിവർ പങ്കെടുത്തു.



## കല്ലറ മോഹൻദാസ് നിര്യാതനായി

ആറ്റിങ്ങൽ: സീരിയൽ, സിനിമാ, നാടക പ്രവർത്തകനായ കല്ലറ മോഹന മന്ദിരത്തിൽ കല്ലറ മോഹൻ ദാസ് (64) നിര്യാതനായി. കെ.എസ്.ആർ.ടി.സി ജീവനക്കാരനായിരുന്ന ഇദ്ദേഹം വിരമിച്ചശേഷം കല്ലമ്പലത്ത് ഗൗരീഭവനിലായിരുന്നു താമസം.

ദൂരദർശൻ സംപ്രേഷണം ചെയ്ത ഒരിക്കൽ ഒരു വേനൽക്കാല രാത്രിയിൽ എന്ന സീരിയലിലൂടെയാണ് ശ്രദ്ധേയനായത്. തുടർന്ന് കഥകളധി സാദരം, മറുപുറം തുടങ്ങി നിരവധി സീരിയലുകളിൽ ശക്തമായ വേഷം കൈകാര്യം ചെയ്തു. കെ.പി കുമാരൻ, ഷാജി.എൻ.കരുൺ എന്നിവരുടെ സിനിമകളിലും അഭിനയിച്ചു.


ചെറുപ്പംമുതൽ നാടകത്തിൽ ആകൃഷ്ടനായ മോഹൻദാസ് മരണംവരെ നാടകത്തെ നെഞ്ചേറ്റിയിരുന്നു. അക്കാലത്ത് കേരളകൗമുദി ഫിലിം മാഗസിനിലും വാരാന്ത്യ കൗമുദിയിലും നാടക സംബന്ധിയായ നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു.

ബുധനാഴ്ച രാത്രി ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെ തുടർന്ന് വർക്കല ശ്രീനാരായണ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

ഭാര്യ: സതികുമാരി അമ്മ. മക്കൾ: ശരണ്യ മോഹൻ, ശരത് മോഹൻ. മരുമകൻ: രാകേഷ് കൃഷ്ണ. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 2ന് കല്ലമ്പലത്തെ വീട്ടുവളപ്പിൽ.

ലാഭകരം, മാന്യം ബിസിനസ്സ് വീടിനടുത്ത്
വേഗത്തിൽ ആരംഭിക്കുക
75 ൽ പരം വർഷങ്ങളായി പ്രശസ്ത പാരമ്പര്യമുള്ള SD ഫാർമസിയുടെ ഒരു ആയുർവ്വേദ ഏജൻസി വീടിനടുത്ത് നടന്നെത്താവുന്ന ദൂരത്തിൽ ആരംഭിക്കുക.
വേഗത്തിൽ തുടങ്ങാൻ താൽപ്പര്യമുള്ളവർക്ക് 15 മുതൽ 60 ദിവസത്തിനകം ആരംഭിക്കാൻ കഴിയും. സ്വന്തം കടമുറി ഉള്ളവർക്ക് പ്രത്യേക പരിഗണന. വലിയ കടമുറി ഉപയോഗിച്ച് ബിസിനസ്സ് നടത്തുന്നവർക്ക് അതിന്റെ ഒരു ഭാഗത്ത് ഏജൻസി നടത്താവുന്നതാണ്. കടമുറി ഫർണിച്ചറിന് മിതമായ തുക മുടക്കിയാൽ മതിയാകും.
15 ദിവസം ഇടവിട്ട് രണ്ടു തവണ വാനിൽ ഔഷധങ്ങൾ ഏജൻസിയിൽ സപ്ലൈ ചെയ്യുന്നതാണ്. SD ഫാർമസിക്ക് 250 ൽ പരം ചെറുതും, വലുതുമായ ഏജൻസികൾ നിലവിലുണ്ട്. താങ്കൾക്ക് ഏജൻസി ആരംഭിക്കുന്നത് സംബന്ധിച്ച വിവരങ്ങളും, സഹായസഹകരണങ്ങളും, പരിശീലനങ്ങളും നൽകുന്നതിന് ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്.
SD ഫാർമസി Pvt. Ltd., ആലപ്പുഴ
E-mail:mail@sdpharmacy.com
website www.sdpharmacy.com
പുരുഷന്മാർക്കും, സ്ത്രീകൾക്കും ഒരു പോലെ ഏജൻസി നടത്താവുന്നതാണ്. ദയവായി രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെ ഫോൺ/വാട്ട്സ് അപ് ബന്ധപ്പെടുക.
6282587580, 8547258034

വേർപാടിന്റെ ഒന്നാം വാർഷികം
(28-09-2018)



എൻ.പി.വിശ്വനാഥൻ
വിശ്വകമലം, H. No. 28, ശ്രീശാന്തി ഗാർഡൻസ്, മണക്കാട്, തിരുവനന്തപുരം
ദുഃഖ സ്മരണകളോടെ ഭാര്യ : കമലമ്മ. പി
മക്കൾ : കൃത്തിക, അജീഷ്കുമാർ | മരുമക്കൾ : ടോണി, സൗമ്യ
ചെറുമക്കൾ : ശബരീഷ്, കബനി | സഹോദരങ്ങൾ

സ്മരണാഞ്ജലി



പി. ദിവാകരൻ
മരണം : 07.02.1996



എം. രാജമ്മ
മരണം : 28.09.2015
ദീപ്തസ്മരണകളോടെ, കുടുംബാംഗങ്ങൾ.
അമൃത ഹോമിയോസ്, തിരുവനന്തപുരം







Vol. No. 108 Issue No. 261 R.No.3052/57 (R.No. KL/TV(N) 72/2018-20 ) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 3941050, Fax: 3078979** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .